പുസ്തകം 7 ലക്കം 3
ഫെബ്രുവരി 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

Eka Thathwa

മാസിക



## ലോകാ സമസ്താ സുഖിനോ ഭവന്തു




# ഏക തത്ത്വ പബ്ലിക്കേഷന്റെ പുസ്തകങ്ങൾ

For Designing, Printing and Publishing
Call:- +91 9446443321 +91 9387118131

**ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ** - ഇ. ടി. മുരളീധരൻ
(പുനർജ്ജന്മ ചിന്തകളിലൂടെ നമ്മെ നന്മയിലേയ്ക്ക് നയിക്കുന്ന കൃതി)
രണ്ടു ഭാഷകളിൽ വായിക്കാം - ഇംഗ്ലീഷിലും മലയാളത്തിലും. പേജുകൾ - 98, വില - 60 രൂപ




**സൗമിത്രേയം - കെ. കേരളദാസനുണ്ണി**
(രാമായണം ലക്ഷ്മണനിലൂടെ). പേജുകൾ - 130, വില - 130 രൂപ

**ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ - ടി. വി. നാരായണൻകുട്ടി**
(പഴയ കാലഘട്ടത്തിലൂടെ ഒരു സഞ്ചാരം)പേജുകൾ - 66, വില - 60 രൂപ




**അക്ഷരച്ചെല്ലം - കെ. പി. നൂർജിഹാൻ**
(ബാലസാഹിത്യം - മലയാള ഭാഷാ പഠനസഹായി) പേജുകൾ - 52, വില - 50 രൂപ








₹ 15

# ഏക തത്ത്വ
## മാസിക

പുസ്തകം 7 ലക്കം 3
ഫെബ്രുവരി 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali
**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ഗുരു**
7 – കുയിലിന്റെ മതമേത് ?

**ലേഖനം**
8 – ഇന്നും പ്രസക്തം, ബാധകം ഈ പഴഞ്ചൊല്ലുകൾ
– എം. എം. മേനോൻ
11 – പുതുവർഷവും സംഘർഷവും – പി. രാധാകൃഷ്ണൻ നായർ
12 – ആ പ്രതിഭയുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയ്ക്കായി
13 – ഐ. ടി. നഗരത്തിലെ – സ്റ്റീൽ ഫ്ളൈ ഓവർ
– ക്ഷുഭിതരായി പൊതുജനം – വിനോദ് കുമാർ ദാമോദർ
14 – ക്ഷമയുടെ വെളിച്ചം, പ്രതീക്ഷയുടേയും – സുമൻ വയറത്ത്
15 – ചുമടെടുക്കുന്ന വിദ്യാർത്ഥികൾ – പരിഹാരമില്ലേ ?
– ടി. വി. നാരായണൻകുട്ടി
16 – എണ്ണമറ്റ അവാർഡുകൾ – അരവിന്ദൻ
35 – സുരേഷ് തെക്കീട്ടിലിന്റെ കഥകളുടെ കവിൾത്തുടുപ്പ്
– ഇന്ദുജൻ ഇന്ദീവരം

**കഥ**
22 – പുത്തൻപെണ്ണ് – മംഗളൻ തൈയ്ക്കൽ
26 – സന്താപനാശകരായ – പ്രമോദ് മഞ്ചേരി
27 – പ്രണയം – ടി. കെ. ഉണ്ണികൃഷ്ണൻ
28 – മറുപുറം – ദേവീപ്രസാദ് പീടിയ്ക്കൽ
29 – ഭാവി അറിയാൻ – കെ. കേരളദാസനുണ്ണി
33 – താന്തോന്നി – തുളസി കേരളശ്ശേരി
34 – മറഞ്ഞുപോകുന്ന പുഴ – കടാതി ഷാജി
34 – മഴ പെയ്ത് തീർന്ന ആകാശം – സിബിൻ ഹരിദാസ് . പി
35 – മൂന്നു കഥകൾ – സുരേഷ് തെക്കീട്ടിൽ

**ലേഖഥ**
24 – പാലം പണിയുന്നവർ – ചൂലനൂർ രാമചന്ദ്രൻ

**കവിത**
10 – മാനവ സ്നേഹം – ശില്പി സുകുമാരൻ നെല്ലാനിക്കാട്
11 – വിരോധാഭാസം – ഡി. തോമസ്
14 – ഒറ്റയും കൂട്ടവും – സീന തച്ചങ്ങാട്
15 – കോപിഷ്ഠ – ശശി എൻ. എ
17 – ചായുറങ്ങാത്ത വാവകൾ – കൃഷ്ണ എം. മേനോൻ
19 – പാലകരാകും പ്രിയ പാലിയേറ്റീവ് കെയർ – അജയ് ബാലചന്ദ്രൻ
20 – കാലികം – ഷാനവാസ് കുലുക്കല്ലൂർ
21 – കരിന്തണ്ടൻ തറ – ടി. എ. മടക്കൽ
21 – വരി നിൽക്കുന്നവർ – വിജയൻ കല്ലട
21 – മകളെ, സ്വസ്തി – സത്യൻ പി. പനഞ്ചിക്കൽ
23 – ഷഷ്ടിപൂർത്തി – വിനോദ്കുമാർ . എസ്
25 – കാഴ്ചയും കേൾവിയും – റഷീദ് കുമരംപുത്തൂർ
27 – കുരുടൻ – അൻസാർ കൊളത്തൂർ
28 – നഷ്ടം – കെ. പി. സായിപ്രഭ
32 – ധനാഢ്യന്റെ വിവാഹസദ്യ – ജോസ് ചാലക്കൽ
32 – അഹോ ! കഷ്ടം, ലജ്ജാകരം – വാസന്തി മോഹൻ
**സ്മരണ**
18 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി
**പാചകം**
22 – കപ്പ ഹൽവ – ജയ ബാലചന്ദ്രൻ
**അനുഭവം**
41 – പിടി അരി – ടി. ജെ. നായർ
42 – സ്വപ്നഭൂമിയിലൂടെ – ജലജ മേനോൻ
**ആരോഗ്യം**
19 – മോർവാൻസ് ഡിസീസ് – ഡോ. സി. രാമകൃഷ്ണൻ
**പുസ്തകപരിചയം**
20 – നെഞ്ചിന്റെ ചൂടിൽ ചുട്ടെടുത്തത് – മുരളീധർ കൊല്ലത്ത്
**നോവൽ**
30 – ഇത് അനസൂയയുടെ കഥ നിന്റേയും – കൃഷ്ണ എഴക്കാട്
**ദൈവനാമത്തിൽ**
40 – സ്ത്രീ ശാക്തീകരണം – മുഹമ്മദ് കനി



# ലോകാ സമസ്താ സുഖിനോ ഭവന്തു

ഇ. ടി. മുരളീധരൻ

“ദേശസ്നേഹം വല്ലാതെ
തോന്നുമ്പോൾ
ഓരോ രാഷ്ട്രത്തിലും
പോയി മാറി മാറി
പിറക്കുന്നതിനെക്കുറിച്ചോ
ന്നോർത്തു നോക്കൂ.
അതുപോലെ വർഗ്ഗീയത,
വിഭാഗീയത മനസ്സിൽ
തോന്നുമ്പോൾ ഓരോ
മതത്തിലും
വിശ്വാസത്തിലും
മാറി മാറി പിറക്കുന്നതായി,
ജീവിക്കുന്നതായി
സങ്കൽപ്പിക്കൂ.
നമ്മൾ
മാറാത്തിടത്തോളം കാലം
നമ്മളെവിടെയാണെങ്കിലും
ഇതുപോലെ വർഗ്ഗീയമായി
ചിന്തിക്കും, തർക്കിക്കും,
കലഹിക്കും, വകവരുത്തും,
പണത്തിനായി ജീവിക്കും.
മാറ്റം വരേണ്ടത്
ചിന്തകളിലാണ്.
ഈ ലോകത്തുള്ള
എല്ലാവരേയും
ഒരേ കുടുംബത്തിലെ
അംഗത്തിനെ പോലെകാണൂ
വർഗ്ഗീയ ചിന്തകൾ
നിങ്ങളിൽ
മൊട്ടിടാതിരിക്കട്ടെ.”

**പ**റയുന്നതുപോലെ കേട്ടില്ലെങ്കിൽ ഞങ്ങൾ അദ്ധ്യാപകരേയും തല്ലും. തല്ലിയാൽ ഞങ്ങളത് കൊള്ളും അല്ലാതെ പ്രതികരിക്കില്ല, കൈ നിറയെ ഇതുപോലെ പണം വേറെ എവിടുന്ന് കിട്ടും എന്ന് സ്വാശ്രയ സ്കൂൾ/കോളേജുകളിലെ ചില അദ്ധ്യാപകർ കരുതുന്നു. മറ്റു ചിലരോ പണിയുപേക്ഷിച്ച് സ്ഥലം വിടുന്നു. വിദ്യാർത്ഥികളിൽ ചിലർ നിവൃത്തിയില്ലാതെ പ്രതികരിക്കും. ഞങ്ങൾ പറയുന്നതെന്തും നിങ്ങൾ അനുസരിക്കണം ഇല്ലെങ്കിൽ നിങ്ങളുടെ സെമസ്റ്റർ മുടക്കും. നിരവധി വിദ്യാർത്ഥിനികളുടെ ചാരിത്ര്യം വരെ ഇത്തരം ഭീഷണിപ്പെടുത്തലുകൾ മൂലം നഷ്ടപ്പെടുന്നുണ്ട്. പഠിക്കാൻ പോകുന്ന ഓരോ കുട്ടികളും പലവിധത്തിലും പീഡിപ്പിക്കപ്പെടുന്നു, ചിലരോ ആത്മഹത്യ ചെയ്യുന്നു, മറ്റു ചിലരെ കൊല്ലുന്നു, കൊലയ്ക്ക് കൊടുക്കുന്നു. അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും തല്ലാൻ ‘ഇടിമുറി’കൾ ഉണ്ടത്രെ. അതൊന്നും വാർത്തയാകാതിരിക്കാൻ വേണ്ടപ്പെട്ടവർ പത്ര-ദൃശ്യ- മാധ്യമങ്ങൾക്ക് പണം നൽകുന്നുമുണ്ട്. ഏതെങ്കിലും ഒരു സംഭവം പുറത്തുവരുമ്പോൾ കുറച്ചുനേരം കുറച്ചുപേർക്ക് ചർച്ചയ്ക്ക് വക നൽകുന്നു എന്നല്ലാതെ പിന്നെ എല്ലാം പൂർവ്വസ്ഥിതിയിലേക്കാവും. എല്ലാം എല്ലാവരും മറക്കും.

ഇല്ലാത്ത പണം ബന്ധുക്കളുടെ കൈയിൽ നിന്നും കടം മേടിച്ചും ബാങ്കിൽ നിന്നും ലോണെടുത്തും കുട്ടികളെ നാം പഠിക്കാൻ വിടുന്നു. പക്ഷെ എല്ലാ കഴിവുകളേയും അടിച്ചമർത്തി സ്കൂളിനും കോളേജിനും നൂറു ശതമാനം വിജയം നേടാനുള്ള മത്സരം ഒരുഭാഗത്ത്. പലവിധത്തിലുള്ള പീഡനങ്ങളും ചൂഷണങ്ങളും മറുഭാഗത്ത്. ഗുണ്ടകളാണെല്ലാം നിയന്ത്രിക്കുന്നത്. റിയൽ എസ്റ്റേറ്റ് ബിസിനസ്സിപ്പോൾ ഒരു പരിധി വരെ നിയന്ത്രണവിധേയമായി. അതിനേക്കാൾ ലാഭകരമായ ബിസിനസ്സ് സ്ഥാപനങ്ങളാണ് മൾട്ടി സ്പെഷാലിറ്റി ഹോസ്പിറ്റലുകളും, സ്കൂളുകളും, കോളേജുകളും. അതുകൊണ്ടുതന്നെ സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലുകളും, സ്വാശ്രയ വിദ്യാഭ്യാസവും പലവിധത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഓരോ മതത്തിനും, ജാതിക്കും രാഷ്ട്രീയ പാർട്ടികൾക്കും വരെ സ്വന്തമായി സ്കൂളുകളും കോളേജുകളും ഉണ്ട്. വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാറ്റിയതിനു പുറമെ കുട്ടികളിലെ സ്വതന്ത്ര ചിന്താഗതിയെ, കഴിവുകളെ നശിപ്പിക്കുകയും വർഗ്ഗീയമായി ചിന്തിപ്പിക്കുകയും ചെയ്യുന്നു.

കുട്ടികളെ ജാതിമത രാഷ്ട്രീയ ഭേദമില്ലാത്ത സ്കൂളുകളിലും കോളേജുകളിലും ചേർത്ത് പഠിപ്പിക്കുക. അവർ സ്വതന്ത്ര ചിന്തയുള്ളവരായി വളരട്ടെ. അവരുടെ അഭിപ്രായങ്ങൾക്ക് വില നൽകൂ. ആടുകളെ പശുക്കളെ മേയ്ക്കാൻ ഏല്പ്പിച്ചതുപോലെ ആരുടെയെങ്കിലും കൈകളിൽ ഏല്പ്പിക്കരുതേ... അവർ അവരെ ഉപദ്രവിക്കും തീർച്ച. മദ്യവും മയക്കുമരുന്നും മറ്റ് സുഖഭോഗങ്ങളും നല്കി കുറച്ചുകുട്ടികളെ വില്ലന്മാരാക്കി വളർത്തിയെടുത്ത് മാനേജുമെന്റിന്റെ കാവൽക്കാരാക്കി നിർത്തുന്നു. താപ്പാനകളെയുപയോഗിച്ച് മറ്റ് ആനകളെ പിടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതുപോലെ. അവർ മറ്റു കുട്ടികളെ നിയന്ത്രിക്കുന്നു.

ഇത്തരം സാഹചര്യത്തിൽ വളർന്നുവരുന്ന ഒരു യുവതലമുറയ്ക്ക് ഈ നാട്ടിനും വീട്ടിനും ഒന്നും നല്ലതു സംഭാവന ചെയ്യാനാവില്ല. പൊതുനന്മയ്ക്കായ് ഒന്നും അവർ ചെയ്യില്ല. അവരുടെ പക്ഷത്തിന്, കുടുംബത്തിന് മാത്രം ഗുണമുള്ളവയെ ചെയ്യൂ. ഈയിടെയായി എല്ലാവരും സ്വാർത്ഥരായി തീരുന്നത് നിങ്ങൾ കാണുന്നില്ലേ ? സ്വന്തം സുഖസൗകര്യങ്ങൾക്കായി പണം ചിലവഴിക്കും. എന്തും പണം കൊണ്ട് നേടാമെന്നും തെറ്റുകളെ മൂടിമറയ്ക്കാമെന്നും അവർ കരുതുന്നു. ഈയിടെയായി പണം കോടതികളേയും വിലയ്ക്കു വാങ്ങിത്തുടങ്ങി. ഇങ്ങനെയൊക്കെയാണെങ്കിലും വേവലാതികൾ വേണ്ട. രക്ഷപ്പെട്ടു എന്ന് കരുതുന്നവരുടെ ജീവിതം പരിശോധിക്കുക. അവ

ർക്കെല്ലാം നരകതുല്യമായ ജീവിതമാകും ഉണ്ടാവുക. കോടികൾ പറ്റിച്ച ഇയാളെ നോക്കു, കൊലക്കുറ്റത്തിൽ നിന്ന് കാശ് കൊടുത്ത് കേസൊതുക്കി രക്ഷപ്പെട്ട ആ കൊലയാളിയെ നോക്കൂ, കൈക്കൂലിമന്നൻമാരെ നോക്കൂ എല്ലാവരും സുഖമായി ഇവിടെ ജീവിക്കുന്നില്ലേ എന്ന് ചോദിക്കാം. പക്ഷെ അവരുടെ മാനസിക വ്യവഹാരങ്ങൾ നിങ്ങൾ അറിയുന്നില്ല. അത് എത്തരത്തിലായിരിക്കുമെന്ന് അറിയാൻ ശ്രമിക്കുക. ഒരു ചെറിയ കളവ്, നിവൃത്തിയില്ലാതെ പറഞ്ഞുപോയ ഒരു നുണ നിങ്ങളെ ഇപ്പോഴും വേട്ടയാടുന്നില്ലേ ? ഏതൊക്കെ വിധത്തിൽ അതിനെ ന്യായീകരിക്കാൻ ശ്രമിച്ചാലും ഉള്ളിന്റെ ഉള്ളിൽ അത് ശരിയായില്ല എന്ന ചിന്ത ഇപ്പോഴും നീറിനീറിക്കൊണ്ടിരിക്കുന്നില്ലേ ? അപ്പോൾ വലിയ വലിയ കള്ളത്തരവും കൊലപാതകവും ചെയ്തവരുടെ മനസ്സിലുള്ള ചിന്തകളെങ്ങിനെയിരിക്കും ? അവർക്കൊന്നും കിടന്നാൽ ഉറക്കം വരില്ല. അതിൽപ്പരം ശിക്ഷ വേറെയെന്തിന് ?

ദൈവം സൃഷ്ടിച്ചതിൽ ഏറ്റവും മഹത്തായ സൃഷ്ടിയാണ് മനുഷ്യൻ എന്ന് പലരും പറഞ്ഞ് പരത്തുന്നു. വിശേഷബുദ്ധി മനുഷ്യന് മാത്രമേ ഉള്ളൂ എന്നും സ്ഥാപിക്കുന്നു. മറ്റു ജീവജാലങ്ങളെ നോക്കൂ അവർ ചിരിക്കുന്നില്ല, ചിന്തിക്കുന്നില്ല. ഭക്ഷണത്തിനും ഇണ ചേരാനും മാത്രമായി ജീവിക്കുന്നു തുടങ്ങി പലതും മതപണ്ഡിതർ പറഞ്ഞ് ധരിപ്പിക്കാൻ ശ്രമിക്കുന്നു. മനുഷ്യജന്മത്തെ മഹത്വവൽക്കരിച്ച്, വെറുതെ പൊക്കിപ്പറഞ്ഞാലെങ്കിലും നന്നാവുകയാണെങ്കിൽ നന്നാവട്ടെ എന്നു കരുതിയാവും ഇതെല്ലാം. ഇങ്ങനെയെല്ലാം പറയാൻ മനുഷ്യനുമാത്രമേ കഴിയൂ, മറ്റുള്ളവർ പറയില്ല. അല്ല പറഞ്ഞാലും നമുക്ക് മനസ്സിലാവുന്ന ഭാഷയുമല്ല അത്, നമ്മളൊട്ടു സമ്മതിച്ചുകൊടുക്കുകയുമില്ല. ചിരിക്കാൻ ചിന്തിക്കണം. ചിന്തിക്കാൻ ഇന്നതരം ബ്രെയിൻ സെല്ല് തന്നെ വേണം എന്നെല്ലാം കണ്ടുപിടിച്ചത് നീ നിന്റെ ലാബിൽ. നീയെപ്പോഴെങ്കിലും എന്റെ ലാബിൽ വന്നിട്ടുണ്ടോ എന്ന് ഉറുമ്പ് ചോദിച്ചാൽ എന്താവും സ്ഥിതി ? വെറുതെ ഒന്ന് ആലോചിച്ചു നോക്കൂ.

മനുഷ്യൻ ഈ ഭൂമുഖത്തുണ്ടായിരുന്നില്ലെങ്കിൽ ഇന്നത്തെ ഇവിടുത്തെ സ്ഥിതിയെക്കുറിച്ച് ഒന്ന് ചിന്തിക്കൂ. കാടും മേടും മലകളും പിന്നെ എല്ലാ കാലത്തും നിറഞ്ഞുകവിഞ്ഞൊഴുകുന്ന പുഴ, നല്ല മഴ, പിന്നെ പക്ഷിമൃഗാദികളും അവയുടെ ശബ്ദങ്ങളും... നല്ല വെള്ളവും നല്ല വായുവും നല്ല ഭൂമിയും. ശരിക്ക് മനുഷ്യനെല്ലാം നശിപ്പിക്കാനായി വന്നതാണോ എന്ന് തോന്നിപ്പോകുന്നില്ലേ ? നമ്മൾ തന്നെ ഈ ചുരുങ്ങിയ കാലം കൊണ്ട് നശിപ്പിച്ച വസ്തുക്കളെക്കുറിച്ച് ഒന്ന് ഓർത്തുനോക്കൂ. വീടുവെയ്ക്കാനും റോഡിനു വീതി കൂട്ടാനും വേണ്ടി മരങ്ങൾ മുറിച്ചു. പുഴയിലെ മണൽ അപഹരിച്ചു. പാറക്കെട്ടുകളെ തല്ലിപ്പൊളിച്ചു. ഒരു മരം പോലും സ്വന്തം കൈ കൊണ്ട് നട്ട് പിടിപ്പിക്കാത്തവരില്ലേ ? പത്ത് ലോഡ് മണൽ, നാല് ലോഡ് മെറ്റൽ, ഇരുപത് ലോഡ് ഇഷ്ടിക എല്ലാം വീടു വെയ്ക്കാനായി ഓർഡർ ചെയ്യും. എന്നിട്ട് പ്രകൃതിചൂഷണത്തിനെതിരായി വാതോരാതെ പ്രസംഗിച്ച് ജീവിക്കും. ഇവിടെ ശരി തെറ്റുകളെ കുറിച്ച് നാം വേർതിരിക്കുന്നതെങ്ങിനെ ? നന്മയും തിന്മയും കള്ളത്തരങ്ങളും സത്യസന്ധതയുമെല്ലാം ബാലൻസായി നിൽക്കുമ്പോഴാണ് കള്ളപ്പണം പിടിക്കാൻ ഒരു ശ്രമം നടത്തിയത്. വെളുക്കാൻ തേച്ചത് പാണ്ടായോ എന്നൊരു സംശയം. ഒരുഭാഗത്ത് കള്ളക്കൂട്ടങ്ങളും മറുഭാഗത്ത് പാവപ്പെട്ട സത്യസന്ധതയുള്ള ജനങ്ങളും ഇരിക്കുന്ന ഒരു സീസോയെ മനസ്സിൽ ഒന്ന് സങ്കൽപ്പിക്കൂ. ഇനി കള്ളക്കൂട്ടങ്ങളെ അവിടെനിന്ന് പെട്ടെന്നുമാറ്റിയാൽ എന്താവും സ്ഥിതി ? നടുവും കുത്തി വീഴും മറുപുറം. സാമ്പത്തിക വ്യവസ്ഥ ആകെപ്പാടെ തെറ്റി. ഒന്നിലും നിയന്ത്രണമില്ലാത്ത അവസ്ഥയായി. നിരവധി തൊഴിൽ ശാലകൾ പൂട്ടി. പലർക്കും തൊഴിൽ നഷ്ടപ്പെട്ടു. ബിസിനസ്സുകാർക്ക് മുപ്പതുശതമാനം പോലും കച്ചവടമില്ലാതായി. പല സ്ഥാപനങ്ങളിലും ഒന്നരാടമേ പണിയുള്ളൂ എന്ന സ്ഥിതിയിലായി. ചില സ്ഥാപനങ്ങൾ ശമ്പളവ്യവസ്ഥ മാറ്റി ദിവസവേതനമാക്കി. വരുമാനം നേരെ പകുതിയായി. പലരുടേയും ജീവിതം കഷ്ടത്തിലുമായി. ഡിസംബർ 31 വരെ സഹിക്കാൻ പറഞ്ഞു. ഇപ്പോൾ ഏപ്രിൽ വരെ നീട്ടിയിരിക്കുകയാണ്. പിന്നെ എല്ലാവർക്കും അതങ്ങ് ശീലമായിക്കൊള്ളും എന്നല്ലാതെ എന്തുണ്ടാകാൻ ? പറ്റിയതു പറ്റി എല്ലാവർക്കും പണി കിട്ടി. ഇനി സഹിക്കുക തന്നെ. അല്ലാതെന്തുചെയ്യാൻ ? എല്ലാറ്റിനും എല്ലാവരും ഉത്തരവാദികളല്ലേ ? രസം വെക്കാൻ പുറപ്പെട്ടു. വെച്ചു വന്നപ്പോൾ സാമ്പാറായി. കുറച്ചു കഴിഞ്ഞാൽ അത് അവിയലുമാവും. വെപ്പുകാരന് കൈപ്പുണ്യമില്ലെങ്കിലും നല്ല വാക്സാമർത്ഥ്യമുണ്ട്. ജീവിച്ചുപോകും. എന്തായാലും സംഭവിക്കുന്നതിനനുസരിച്ച് പേര് മാറ്റി മാറ്റി പറയുന്നുണ്ട് (നോട്ട് നിരോധനം, പുതിയ നോട്ടിറക്കൽ, കള്ള നോട്ട് പിടിക്കൽ, ക്യാഷ് ലെസ് ട്രാൻസാക്ഷൻ, കറൻസിലെസ്സ് ഇന്ത്യ, ഇ-ട്രാൻസ്ഫർ, ഇ-ബിസിനസ്സ് തുടങ്ങി പലതും വെപ്പുപണി കഴിഞ്ഞിട്ടില്ല) ആർക്കുമൊന്നും വ്യക്തമായി മനസ്സിലാകുന്നില്ല. എങ്കിലും എന്തുപറഞ്ഞാലും തലകുലുക്കി സമ്മതിക്കുന്ന കാര്യം നമ്മളേറ്റു. ഇനി വേറെ മാർഗ്ഗമില്ലാഞ്ഞിട്ടാണോ എന്തോ ?

ചിത്രം വരയ്ക്കാൻ സഹായിക്കുന്ന ഒരു കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടറിൽ മേശ വരയ്ക്കാൻ പഠിപ്പിച്ചു. എന്നിട്ട് ഒരു സ്റ്റൂൾ വരയ്ക്കാൻ പറഞ്ഞു. ആർക്കും അത് വരയ്ക്കാൻ ആയില്ല. അവർ പറഞ്ഞു മേശ വരയ്ക്കാം പക്ഷെ സ്റ്റൂൾ വരയ്ക്കാൻ പഠിപ്പിച്ചിട്ടില്ലല്ലോ എന്ന്. ഉയരം കുറച്ചും വീതിയും നീളവും ഇല്ലാത്ത സമചതുരമായ ഒരു കുഞ്ഞുമേശ വരച്ചാൽ സ്റ്റൂളായില്ലേ എന്ന് ചോദിച്ചപ്പോഴാണ് പലരും ചിന്തിച്ചത്. ഇതുപോലെയാണ് നമ്മളോരോരുത്തരും ഇതുവരെ നേടിയ അറിവുകൾ. അതിന്റെ അർത്ഥവ്യാപ്തി കൂട്ടിയും കാഠിന്യം കുറച്ചും വിശകലനം ചെയ്യുന്നില്ല. ചെയ്യാൻ മെനക്കെടുന്നില്ല. അങ്ങിനെ വിശാലമായ അറിവ് ഇല്ലാത്തവർ പരിമിതമായ അറിവുവെച്ച് ജീവിക്കുന്നു. അവരെങ്ങാനും ഭരണാധികാരികളായാലോ. എടുത്തുചാടി തീരുമാനമെടുക്കും. പലർക്കുമത് ബുദ്ധിമുട്ടാവും.

ഹിന്ദുവായ ഒരാൾ മരിച്ച് മുസ്ലീമായി പുനർജ്ജനിക്കുമ്പോൾ ഹിന്ദുവിനോട് വിരോധം. നേരെമറിച്ചാവുമ്പോൾ മുസ്ലീമിനോടായി വിരോധവും വെറുപ്പും വിദ്വേഷവും പകയും കാരണം നമ്മൾ ഏതുമതത്തിലായാലും ആത്മീയമായി വളരുന്നില്ലല്ലോ. പുനർജ്ജന്മം മാറ്റിനിർത്തി ചിന്തിച്ചാലും മതം മാറുന്നവരുടെ മനസ്ഥിതിയും മതത്തോടൊപ്പം മാറുന്നതായി കാണാം. പിന്നീടവർ അതിന്റെ വക്താക്കളായി മാറുന്നു. അപ്പോഴും വിവരക്കേട് തുടരുന്നു. പിറന്നുവീഴുമ്പോൾ എത്തിപ്പെട്ട വീട്ടുകാരുടെ ജാതിയും മതവും പിന്നെ മുതിരുമ്പോൾ ഒരു ഭാഷയും ദേശവും നമുക്ക് സ്വന്തമാകുന്നു. ഇതിന്റെയൊക്കെ വക്താവായി ഇത് മാത്രമാണ് ശരിയെന്ന് വാദിക്കുമ്പോൾ, വാളെടുക്കുമ്പോൾ ഒന്ന് ചിന്തിക്കുക അപ്പുറത്തെ വ്യക്തിയും ഇതുപോലെ അറിയാതെ വന്ന് മറ്റൊരു മതത്തിലും ജാതിയിലും രാഷ്ട്രത്തിലും പിറന്നുപോയതാവില്ലെയെ

ന്ന്. കലഹം മാറ്റിവെച്ച് സ്നേഹം പങ്കുവെച്ച് ജീവിക്കുക. ഓരോ മതത്തിലേയും ആത്മീയതയുടെ വക്താക്കളായി ഇവിടെ വിലസുന്നവർ പോലും വർഗ്ഗീയമായേ ചിന്തിക്കൂ, പ്രവർത്തിക്കൂ, ആളും തരവും നോക്കി അതെല്ലാം പറഞ്ഞുഫലിപ്പിക്കാൻ ശ്രമിക്കും. അതവരുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ജീവിതമാർഗ്ഗമാണ്. പക്ഷെ മുൻധാരണകളില്ലാതെ എല്ലാം മാറ്റിനിർത്തി പരിശോധിച്ചാൽ നിങ്ങളാണ് ഹിന്ദു, നിങ്ങൾ തന്നെയാണ് മുസ്ലീമും ക്രിസ്ത്യാനിയും. അതുപോലെത്തന്നെ കോൺഗ്രസ്സുകാരനും കമ്മ്യൂണിസ്റ്റുകാരനും എല്ലാമെല്ലാം നിങ്ങൾ തന്നെ. തരം കിട്ടിയാൽ ഒന്നിൽ നിന്ന് മറ്റൊന്നായി മാറും (പുനർജ്ജന്മം). പിന്നെ അതിനുവേണ്ടി വാദിക്കും. ഇങ്ങിനെയൊക്കെ ജീവിക്കേണ്ടതുണ്ടോ ? ഇങ്ങിനെയാണോ ജീവിക്കേണ്ടത് ? ഏറിവന്നാൽ നൂറു വർഷമേ നാം ഇവിടെ ജീവിക്കുകയുള്ളൂ. പലതും നേടാനും നില നിർത്താനും വേണ്ടി കലഹിച്ചും സമരം ചെയ്തും സമയം തീരാറായി. ഒന്നും കൊണ്ടുപോവാനാവില്ല. ഈ ശരീരം പോലും. എല്ലാം ഇവിടെ ഉപേക്ഷിക്കേണ്ടതാണ്. ഇനിയെങ്കിലും എല്ലാവരേയും സ്നേഹിക്കാൻ പഠിക്കൂ. ആരും ഒന്നുകൊണ്ടും മുന്നിലുമല്ല, പുറകിലുമല്ല. മേലേയുമല്ല, കീഴേയുമല്ല. നാമെല്ലാവരും സമന്മാരാണ്. എല്ലാ ഭൂപ്രദേശവും നമ്മുടേതാണ് എന്ന ചിന്തയിലേയ്ക്ക് ഉയരുവാനാണ് ശ്രമിക്കേണ്ടത്. അതാണ് പറഞ്ഞ് പഠിപ്പിക്കേണ്ടത്. അപ്പോൾ മാത്രമേ ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന് പ്രാർത്ഥനയ്ക്ക് അർത്ഥമുള്ളൂ. ജാതി- മത- വർണ്ണ-രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും ഒന്നാണ്, ഒറ്റ ദൈവത്തിൽ നിന്ന് ഈ സുന്ദരമായ ഭൂമിയെ ദൈവത്തിന്റെ സൃഷ്ടി വൈഭവങ്ങളെ കാണാനും പഠിക്കാനുമായി വന്നവരാണ് എന്ന് മനസ്സിലാക്കൂ.

ദേശസ്നേഹം വല്ലാതെ തോന്നുമ്പോൾ ഓരോ രാഷ്ട്രത്തിലും പോയി മാറി മാറി പിറക്കുന്നതിനെക്കുറിച്ചൊന്നോർത്തുനോക്കൂ. അതുപോലെ വർഗ്ഗീയത, വിഭാഗീയത മനസ്സിൽ തോന്നുമ്പോൾ ഓരോ മതത്തിലും വിശ്വാസത്തിലും മാറി മാറി പിറക്കുന്നതായി ജീവിക്കുന്നതായി സങ്കൽപ്പിക്കൂ. നമ്മൾ മാറാത്തിടത്തോളം കാലം നമ്മളെവിടെയാണെങ്കിലും ഇതുപോലെ വർഗ്ഗീയമായി ചിന്തിക്കും, തർക്കിക്കും, കലഹിക്കും, വകവരുത്തും, പണത്തിനായി ജീവിക്കും. മാറ്റം വരേണ്ടത് ചിന്തകളിലാണ്. ഈ ലോകത്തുള്ള എല്ലാവരേയും ഒരേ കുടുംബത്തിലെ അംഗത്തിനെ പോലെ കാണൂ. വർഗ്ഗീയ ചിന്തകൾ നിങ്ങളിൽ മൊട്ടിടാതിരിക്കട്ടെ.

ജിമ്മിൽ പോയാൽ എക്സൈസുകൾ ചെയ്യണം. യോഗ ക്ലാസ്സിൽ പോയാൽ യോഗാഭ്യാസം ചെയ്യണം. മ്യൂസിക് ക്ലാസ്സിൽ പോയാൽ പാട്ട് പാടണം. ഡാൻസ് ക്ലാസ്സിൽ പോയാൽ ഡാൻസ് ചെയ്യണം. പക്ഷെ നിങ്ങൾക്ക് തീരുമാനിക്കാം ഏതിന് പോകണം പോകണ്ടാ എന്ന്. പക്ഷെ ചില വീടുകളിൽ (കുടുംബത്തിനകത്ത്, രാഷ്ട്രത്തിനകത്ത്, മതത്തിനകത്ത്, ജാതിക്കകത്ത്) അതിന് സ്വാതന്ത്ര്യമില്ല. അവർ അച്ഛനമ്മമാരുടെ (പുരോഹിതന്മാരുടെ, നേതാക്കളുടെ) വാക്ക് വിശ്വസിച്ച് അവരുടെ വിശ്വാസത്തിൽ ജീവിക്കുന്നു. പിന്നെ പിന്നെ അത് മാത്രമേ അവർക്ക് ഉൾക്കൊള്ളാനാകൂ. ഇത് മാത്രമാണ് ശരിയെന്ന് അവർ പറയും. ഇതുപോലെയാണ് നാമോരോരുത്തരും ഓരോ ചട്ടക്കൂടിലായത്. മതത്തിന്റെ, ജാതിയുടെ, രാഷ്ട്രത്തിന്റെ, രാഷ്ട്രീയ പാർട്ടികളുടെ ചട്ടക്കൂടിൽ. വർഗ്ഗീയതയും ഗ്രൂപ്പുകളിയുമെല്ലാം വെറുതെയാകുമെന്ന് നേരത്തേ മനസ്സിലാക്കാൻ സാധിച്ചാൽ ശിഷ്ടജീവിതമെങ്കിലും സന്തോഷപ്രദമാകും. അത് മറ്റുള്ളവരിലും നല്ല മാറ്റത്തെ കൊണ്ടുവരും.

ആറ് വയസ്സുമാത്രമുള്ള ഒരു പെൺകുട്ടി ഉമ്മറത്തെ തിണ്ണയിലിരുന്ന് ഉച്ചത്തിൽ കരയുകയാണ്. എന്താ കുട്ടി കരയുന്നത് ? എന്ന് ചോദിച്ചതിനുമറുപടി ഇതായിരുന്നു. ആ കാണുന്ന കിണറിന്റെ ചുറ്റുമതിൽ ഇനിയും കെട്ടിയിട്ടില്ല. അതിനെന്താ മോള് വലുതായില്ലേ. കിണറിന്റടുത്ത് പോവാതിരുന്നാൽ പോരെ ? അതിനുള്ള മറുപടിയാണ് രസകരം. അത് പിന്നെ എന്റെ കുട്ടിക്കറിയില്ലല്ലോ. അത് ചെന്ന് ആ കിണറ്റിലെങ്ങാനും വീണാലോ ? അതോർത്താണ് ഞാൻ കരയുന്നത്. എങ്ങനെയുണ്ട് ആറ് വയസ്സുള്ള കുട്ടിയുടെ പേടി ? ഇതുപോലെയാണ് എന്റെ മതം, എന്റെ രാജ്യം നശിക്കുമോ എന്ന ചിന്തയും! ഇവയെല്ലാം സംരക്ഷിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ് എന്ന് കരുതി വാളെടുത്ത് നടക്കുകയാണ് പലരും. അങ്ങനെയിറങ്ങിത്തിരിക്കുന്നവർക്ക് ദൈവം ചെയ്യുന്ന എല്ലാ പണിയും ഏറ്റെടുക്കാനാകുമോ എന്ന് ചിന്തിക്കുക. ദൈവത്തിന്റെ പണി ദൈവം ചെയ്തോളും. മതം, രാജ്യം ഒന്നും സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമല്ല. സ്വന്തം ജീവൻ പോലും നമുക്ക് നില നിർത്താനാവില്ല. വംശനാശം വരുമെന്ന് വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഡിനോസറിന് വേവലാതിയുണ്ടായിരുന്നിരിക്കുമോ ? ഇന്നും വംശനാശഭീഷണി നേരിടുന്ന ഒരു പാട് വൃക്ഷലതാദികളും ജീവജാലങ്ങളുമുണ്ട്. പക്ഷെ വിശേഷബുദ്ധിയുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യന് തുടക്കം തൊട്ടേ ഒരാധിയുണ്ട്. നമ്മുടെ മതം, ജാതി, രാജ്യം ന്യൂനപക്ഷമാകുമോ എന്നോ, ന്യൂനപക്ഷമല്ലേ ഇനിയെന്ത് ചെയ്യും എന്നോ ഉള്ള വേവലാതി. മതം വളർത്താനായി പലതരം പ്രചാരണങ്ങൾ പണ്ടു കാലം തൊട്ടേ നടത്തിവരുന്നുണ്ട്. രാജ്യം വലുതാക്കാനായി യുദ്ധവും. രണ്ടും മനുഷ്യരുടെ സ്വൈര്യജീവിതത്തെ കെടുത്തുന്നുമുണ്ട്. എന്നിട്ടും എന്തുകൊണ്ടോ എല്ലാറ്റിനേയും (മതത്തേയും രാഷ്ട്രത്തേയും തുടങ്ങി പലതിനേയും) സംരക്ഷിക്കേണ്ടത് നമ്മളാണെന്നാണ് വിചാരം. ആവശ്യമില്ലാത്തതിനു വേണ്ടി സമയത്തേയും പരിശ്രമത്തേയും പാഴാക്കിക്കളയുകയാണ് മനുഷ്യർ. ജിമ്മിൽ പോയി ബോഡി എക്സസൈസ് ചെയ്ത് പുറത്തിറങ്ങിയതും തനിക്കെത്ര സാമ്പത്തിക ബാധ്യതകളുണ്ടെന്നോ ഉത്തരവാദിത്വങ്ങളുണ്ടെന്നോ മനസ്സിലാക്കാതെ ഒരു പാണ്ടി ലോറി വന്നിടിച്ച് അയാൾ മരിച്ചു. ഇത്രയേയുള്ളൂ... അതുവരേയും മതത്തിനും രാജ്യത്തിനും കുടുംബത്തിനുമായി മറ്റു മതസ്ഥരേയും രാജ്യക്കാരേയും കുടുംബക്കാരേയും അറിഞ്ഞുകൊണ്ടോ അറിയാതേയോ ദ്രോഹിച്ച് ജീവിച്ചു. എന്തെങ്കിലും നമുക്ക് നില നിർത്താനാവുമോ, സംരക്ഷിക്കാനാവുമോ ? ഒരിക്കൽ കൂടി ചിന്തിക്കുക. ഇല്ല അല്ലേ. പക്ഷെ അറിഞ്ഞുകൊണ്ട് നശിപ്പിക്കാൻ ശ്രമിക്കാതിരിക്കുക എന്നതല്ലാതെ എല്ലാം സംരക്ഷിക്കാൻ വേണ്ടി ഒരു സംഘടന രൂപീകരിച്ചിട്ടും കാര്യമില്ല. സമയമാവുമ്പോൾ എല്ലാം നശിക്കുക തന്നെ ചെയ്യുമെന്ന് മനസ്സിലാക്കാത്തവർ വെറുതെ നടത്തുന്നു പാഴ്ശ്രമങ്ങൾ. ഒരേ മതസ്ഥർ ഒത്തു കൂടുമ്പോൾ മറ്റു മതസ്ഥരെ കുറ്റം പറയുന്നു. എല്ലാ രാജ്യത്തിലും രാഷ്ട്രീയ പാർട്ടിയിലും മതത്തിലുമില്ലേ നല്ല വ്യക്തികൾ. ഇതിൽ നിന്നെങ്കിലും മനസ്സിലാക്കിയെടുക്കേണ്ടേ കാര്യങ്ങൾ ? കാര്യം പിടികിട്ടിയവർ ദിനവും അർത്ഥം മനസ്സിലാക്കി പ്രാർത്ഥിക്കൂ, ലോകാ സമസ്താ സുഖിനോ ഭവന്തു... മനസ്സ് വിശാലമാകട്ടെ... ഏവർക്കും ശാന്തിയും സമാധാനവും ലഭിക്കട്ടെ... നിങ്ങളുടെ പ്രവൃത്തിയും അത്തരത്തിലാവട്ടെ... •

# കുയിലിന്റെ മതമേത് ?

ഭാരതീയ സങ്കല്പമനുസരിച്ച് ഒരു മനുഷ്യായുസ്സു നൂറ്റിയിരുപതുവർഷമാണ്. എന്നാൽ ഈ നൂറ്റിരുപതു വർഷം ആയുസ്സു ലഭിക്കുന്നവർ ഒരു കോടിയിൽ ഒന്നോ രണ്ടോ പേർ മാത്രം. എന്തായിരിക്കാം ഇതിനു കാരണമെന്ന് അന്വേഷിക്കുമ്പോളാണ് മനുഷ്യ ശരീരത്തിന്റേയും മനസ്സിന്റേയും ഭക്ഷണത്തിന്റേയും ശ്വസിക്കുന്ന വായുവിന്റേയും കുടിക്കുന്ന വെള്ളത്തിന്റേയും എല്ലാം പ്രാധാന്യം നമുക്ക് മനസ്സിലാവുക. ഇവയിൽ ആദ്യത്തെ രണ്ടും പിന്നീടുള്ളവയുമായി ബന്ധപ്പെട്ടാണിരിക്കുന്നതും. എന്നാൽ പിന്നീടുള്ളവ വീണ്ടും പ്രകൃതിയും മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. അതായത് ഓരോ മനുഷ്യന്റേയും ആയുസ്സിന്റെ കുറവിന് പോലും നമ്മൾ ഓരോരുത്തരും പരോക്ഷമായി കാരണക്കാരാണെന്നർത്ഥം. നമ്മൾ മലിനമാക്കുന്ന മണ്ണ്, വായു, വെള്ളം മുതലായവയും നമ്മുടെ ആർത്തിയും ദുഷ്ടമനസ്സും സ്വാർത്ഥതയും എല്ലാം ഇതിനു കാരണമാണ്. ഒരു വ്യക്തിയേയും പ്രത്യേകിച്ച് പറയാൻ പറ്റില്ലെങ്കിലും...! ഭാരതത്തിൽ ഒരു പക്ഷെ ഇന്ന് ഏറ്റവും ദുരുപയോഗം ചെയ്യുന്ന ഒരുപദം ഹിന്ദു എന്ന പദമാണ്. എന്തിലും ഏതിലും ആവശ്യത്തിനും അനാവശ്യത്തിനും വാദിയും പ്രതിയും ഈ പദം ഉപയോഗിക്കുന്നു. ഈ പദത്തിനു ഒരു മതവുമായും സത്യത്തിൽ ബന്ധമില്ലെന്നും ഇത് മനുഷ്യജീവിതത്തിന് വഴികാട്ടിയാവുന്ന ഒരു ചിന്താപദ്ധതിയാണെന്നും ഇവരാരും ഓർമ്മിക്കുന്നേയില്ല. ഇത് ശരിയെന്നു തോന്നുന്നവനെ ഇത് പിന്തുടരേണ്ടൂ. അല്ലാത്തവർക്ക് വിശ്വസിക്കാതിരിക്കാം. അവരെ ആരും ഒന്നും ചെയ്യില്ല. അഥവാ ആരെങ്കിലും എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് തെറ്റാണ്. അതായത് എല്ലാവർക്കും ഇടമുള്ള ഒരു സംസ്കാരമാണത്. അതായത് തികച്ചും വിഭാഗീയതയിൽ മുക്തമായ ഒരു സംസ്കാരം. ഇന്നത്തെ സാഹചര്യത്തിൽ അത് ആരെങ്കിലും ചൂഷണം ചെയ്യുന്നുവെങ്കിൽ അത് തെറ്റാണ്. ഇനി കാര്യത്തിലേക്കുവരാം. വിഷയം യോഗയാണ്. ഈയിടെയായി അനാവശ്യമായി പ്രമുഖർ പോലും ഇതിനെയൊരു ചർച്ചാവിഷയമാക്കി പരസ്പര വാഗ്വാദങ്ങൾ നടത്തുന്നതായി കാണുന്നു. യോഗ സാമാന്യമായി പറയുമ്പോൾ ശാരീരികവും മാനസികവുമായ വ്യായാമമാണ്. അതായത് ശരീരത്തിനെയും മനസ്സിനെയും ജീവിക്കാൻ പ്രാപ്തമാക്കുക. ജീവിക്കാൻ പ്രാപ്തമാകുന്ന ഓരോ മനസ്സും ആ മനസ്സുൾക്കൊള്ളുന്ന ശരീരവും പിന്നീട് ഓരോ സാഹചര്യത്തിനും അവസ്ഥക്കും അനുസരിച്ച് സ്വയം പാകപ്പെടുകയും മുന്നോട്ടുപോവുകയും ചെയ്യും. ഇത്തരത്തിലുള്ള യോഗയെ ഏതെങ്കിലും ഒരു മതത്തിന്റെ ചട്ടക്കൂടിനകത്ത് നിർത്തുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ആരെങ്കിലും യോഗയെ ഒരു മതചിഹ്നമായി കാണുന്നുവെങ്കിൽ അത് തെറ്റാണ്. ഫിസിയോതെറാപ്പിയോ മനഃശാസ്ത്രമോ ആരെങ്കിലും ഏതെങ്കിലും മതത്തിന്റെ വേലിക്കകത്തു നിർത്താറില്ലല്ലോ. ശരീരം ഒരു യന്ത്രമാണ്. യന്ത്രത്തിന് എണ്ണയിടലും നിരന്തര ഉപയോഗവും, നന്നാക്കലും ഒക്കെ ആവശ്യമാണ്. രാവിലെ എണീറ്റ ഉടനെ കുളിക്കുന്ന സമയം ശിരസ്സിൽ വീഴുന്ന നാലു തുള്ളി വെള്ളം നിങ്ങളുടെ കണങ്കാൽ വരെയുള്ള സെല്ലുകളെ ഉത്തേജിപ്പിക്കുന്നു. അതുപോലെ ഓരോ വ്യായാമ മുറകളും നിങ്ങളുടെ ഓരോ ശരീരഭാഗത്തെ ഉത്തേജിപ്പിക്കും. ശ്വാസന വ്യായാമം നിങ്ങളുടെ ശ്വാസകോശത്തെയും രക്തത്തിലെ ഓക്സിജനെയും, ഇവയെല്ലാം ചേരുമ്പോൾ മനസ്സിനെയും, ഇവ രണ്ടും കഴിയുമ്പോൾ ചിന്തയേയും ചിന്ത കൂടി കഴിയുമ്പോൾ ധിഷണയെയും ശക്തമാക്കുന്നു, പക്വമാക്കുന്നു, നിങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് നയിക്കാൻ കഴിയുന്നു. ഇത്തരത്തിലുള്ള പൂർണ്ണ യോഗ ഒരു പൂർണ്ണ യോഗിയെ സൃഷ്ടിക്കുന്നു. ആ യോഗി ഒരു പൂർണ്ണ യോഗിയാണെങ്കിൽ അദ്ദേഹം നൂറ്റിയിരുപതുവർഷം ജീവിക്കും. അത് ഏത് മതക്കാരനായാലും അല്ലെങ്കിലും. അങ്ങിനത്തെ ഒരാൾക്ക് പ്രഷർ, ഷുഗർ, ടെൻഷൻ, സ്ട്രെയിൻ, ആസക്തി, മോഹം, വ്യാമോഹം തുടങ്ങി ഇന്നുനമ്മൾ പറയുന്ന, കാണുന്ന ഒന്നും ഉണ്ടാവില്ല. പക്ഷെ അങ്ങിനത്തെ ഒരവസ്ഥ ഇന്ന് സാധ്യമല്ല. കാരണം വിഷമയമായ ഭക്ഷണവും വായുവും വെള്ളവും മണ്ണും കൊണ്ട് പ്രകൃതി ദൂഷിതമാണ്. പിന്നെ നമ്മൾ ഓർമ്മിക്കേണ്ട ഒരു കാര്യം യോഗ ഇന്ന് കാണുന്ന തിരക്കുപിടിച്ച ജീവിതം മുന്നിൽ കണ്ടുകൊണ്ടുണ്ടാക്കിയതല്ല.

മനുഷ്യനും, മണ്ണും, മരങ്ങളും, മൃഗങ്ങളും, വെള്ളവും, വായുവും, സൂര്യനും, അഗ്നിയും മാത്രമുണ്ടായിരുന്ന ഒരുകാലത്താണ് ഇത്രയും ബൃഹത്തായ യോഗാസൂക്തങ്ങൾ ഉണ്ടാക്കപ്പെട്ടത്. ഇന്നും അടിസ്ഥാനം ഇവയൊക്കെത്തന്നെയല്ലേ. ഊർജ്ജത്തിനുവേണ്ടി സോളാർ എന്ന് നമ്മൾ കൗതുകത്തോടെ - ആശ്ചര്യത്തോടെ - കാണുന്ന പോംവഴി എന്താണ്. ഇതുതന്നെയല്ലേ ഗായത്രി മന്ത്രത്തിലും പറയുന്നത്. ഗായത്രി ഉണ്ടാക്കിയ കാലത്തും മേൽപ്പറഞ്ഞ വസ്തുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സൂര്യനമസ്കാരവും അത്തരത്തിൽ വന്നതാണ്. പ്രകൃതിയുടെ ഊർജ്ജദാതാവിനെ നമസ്കരിക്കുന്നതുകൊണ്ട് അതിനെ ഒരു മതചിഹ്നമായി കാണേണ്ടതില്ല. സൂര്യൻ ഒരു ദേവൻ എന്നതിനേക്കാൾ പ്രപഞ്ചത്തിന്റെ നിലനില്പിനാധാരമായ കാരണക്കാരനാണ്. നമ്മൾ വൃഥാ ചർച്ച ചെയ്ത് ഇതുവരെ ആരും ചിന്തിക്കാത്ത കാര്യങ്ങൾ പോലും വിവാദമാക്കുകയാണ്. ഭാരതത്തിന്റെ മതേതരത്വം കാത്തുസൂക്ഷിക്കാനാണെന്ന ഭാവേന ഇത്തരം ചർച്ചകൾ കൂടുതൽ വിഭാഗീയത വളർത്തുകയാണെന്നു ചുരുക്കം. പുരാതന ഭാരതം ഇന്നത്തെ നമ്മുടെ അയൽ രാജ്യങ്ങൾ കൂടിച്ചേർന്നതായിരുന്നല്ലോ. അതുകൊണ്ടുതന്നെ ഈ പ്രദേശങ്ങളുടെ പൊതു സംസ്കാരമാണ് ഹിന്ദുസംസ്കാരം എന്ന് സാമാന്യേന കാണണം. ഭാഷകൾ എടുത്തുനോക്കൂ. അത് ആരുടേയും കുത്തകയായി കരുതുന്നതിലർത്ഥമില്ലല്ലോ. മലയാളഭാഷ തുഞ്ചത്തെഴുത്തച്ഛൻ സൃഷ്ടിച്ചതാണെന്ന കാരണത്താൽ അതിനെ ആരും ഒരു ഹിന്ദു ഭാഷയായി കാണുന്നില്ലല്ലോ. അറബി മുസ്ലിം ഭാഷാ മാത്രമാണെന്നു പറയുന്നത് എത്ര വലിയ തെറ്റാണ്. അതൊരു ജനതയുടെ ഭാഷയാണ്. അല്ലാതെ അതൊരു മതഭാഷയാണെന്നു പറയുന്നതിലെന്തർത്ഥം. സംസ്കൃതം അതിപുരാതനമാണ്. അതിന് ഹിന്ദു സംസ്കാരവുമായി പ്രധാന ബന്ധവുമുണ്ട്. അതുകൊണ്ട് അതിനെ എതിർക്കാൻ പറ്റുമോ? നമുക്കിന്നുള്ള എല്ലാം ഏതാണ്ട് കിട്ടിയത് സംസ്കൃതത്തിൽ നിന്നാണ്. അതിന്റെ അർത്ഥം പോലും സംസ്കരിച്ചത്, സംസ്കാരമുള്ളവനാക്കുന്നത്, ശുദ്ധീകരിക്കുന്നത് എന്നൊക്കെയാണ്. അതിപുരാതനമാകയാ

ൽ അത് ഹിന്ദു ഭാഷയാണെന്നുമാത്രം പറയാമോ. സംഗീതം പ്രത്യേകിച്ചും 'സരിഗമപധനിസ' ആരും ഹിന്ദുവിന്റെ മാത്രമാണെന്ന് വാദിക്കുന്നതിലർത്ഥമില്ല. കാരണം അവയുടെ ഉത്ഭവം പ്രകൃതിയിൽ നിന്നാണ്, കാട്ടിൽ നിന്നാണ് കാട്ടുമുളന്തണ്ടിൽ നിന്നാണ്. മുളന്തണ്ട് ഹിന്ദുവിന്റേതാണോ..., കുയിൽ ഹിന്ദുവിന്റേതാണോ...! അതുകൊണ്ട് കുയിലിനെ സംരക്ഷിക്കണം എന്ന് പറഞ്ഞാൽ അത് മതേതരവിരുദ്ധമാകുന്നതെങ്ങിനെ, കർണ്ണാടകസംഗീതം പ്രോത്സാഹിപ്പിക്കണം എന്ന് പറഞ്ഞാൽ അത് ഹിന്ദുവിനെ പോഷിപ്പിക്കലാണെന്നു എങ്ങിനെ പറയും..., മലയാള ഭാഷയെ പരിപോഷിപ്പിക്കണം എന്ന് പറഞ്ഞാൽ അത് എങ്ങിനെ ഹിന്ദു പ്രോത്സാഹനമാവും? പുരാതനമായുണ്ടായതെല്ലാം ഈ നല്ല സംസ്കാരത്തിൽ നിന്നുണ്ടായതാണെന്നും അന്ന് മറ്റൊരു സംസ്കാരം - ഏറ്റവും കുറഞ്ഞത് ഈ രാജ്യത്തെങ്കിലും ഉരിത്തിരിഞ്ഞിട്ടില്ലായിരുന്നു എന്നും വേണ്ടേ അനുമാനിക്കാൻ. അതുകൊണ്ട് അതിനെ എതിർക്കേണ്ടതുണ്ടോ. അതുകൊണ്ട് യോഗയെക്കുറിച്ച് വാദവിവാദങ്ങൾക്കൊന്നും വലിയ പ്രസക്തിയില്ല. •


നിങ്ങളുടെ പുസ്തകങ്ങൾ

ഏറ്റവും
കുറഞ്ഞ ചിലവിൽ

ഉന്നത നിലവാരത്തിൽ
പ്രസിദ്ധീകരിക്കുവാൻ

ഏക തത്ത്വ
പബ്ലിക്കേഷൻ
പാലക്കാട് -1

മൊബൈൽ : 9446443321,
9387118131

തവണകളായും പണമടയ്ക്കാം.





എം. എം. മേനോൻ
0491 6451469


# ഇന്നും പ്രസക്തം, ബാധകം ഈ പഴഞ്ചൊല്ലുകൾ

1) **അ**ങ്ങാടിയിൽ തോറ്റാൽ അമ്മയോട്...

ഇന്നത്തെ പോലെ Tele shopping/Amazon/Flipkart (ടെലി ഷോപ്പിംഗ്) സൗകര്യങ്ങൾ ഉണ്ടാകുന്നതിനുമുമ്പ്, വീട്ടമ്മമാർ അടിയന്തിര ആവശ്യത്തിനായി ആൺമക്കളോട് കടയിൽ നിന്ന് ചില സാധനങ്ങൾ വാങ്ങിക്കൊണ്ടുവരുവാൻ പറയുമായിരുന്നു. കുട്ടിക്ക് കൂട്ടുകാരുമായി ക്രിക്കറ്റ്/മരഞ്ചാടി/കുരങ്ങാ ഇറങ്ങ് മുതലായവക്കുള്ള തിരക്കിന്നിടയിൽ മനസ്സില്ലാമനസ്സോടെ, ശ്രദ്ധ കുറഞ്ഞ് അബദ്ധങ്ങൾ ചെയ്യുന്നതും പതിവായിരുന്നു. വീട്ടിൽ തിരിച്ചെത്തിയ ശേഷം, സൂക്ഷ്മക്കുറവിനാൽ കണക്കിലോ തരത്തിലോ തെറ്റിച്ച കുറ്റബോധത്തോടെ (ഉച്ച വെയിലത്തു കളിക്കാൻ മടിയില്ലാത്ത കുട്ടി!) അമ്മയോട് കയർക്കുന്നതും തർക്കിക്കുന്നതും സാധാരണമായിരുന്നു ! "അമ്മക്കു സുഖമായി വീട്ടിലിരുന്നു കല്പിക്കാം. ചുട്ട വെയിലത്തു ഓടി കടക്കാരനോടു പൊരുതി പല പൊതികളേയും തൂക്കി വരുന്നത് ഞാനാണ്..." എന്നും മറ്റും പിറുപിറുക്കുന്നതും കാണാം...!

ഈ നിലയാണ് ശീർഷകത്തിലെ പ്രസ്താവന തെളിയിക്കുന്നത്. മേൽ പറഞ്ഞ അവസരങ്ങൾ കുറഞ്ഞുവരുന്ന ഇന്ന് ഈ ചൊല്ല് അർത്ഥമറ്റതെന്നു കരുതരുത് ! ഇന്നും പ്രസക്തമാണ്.

അനാവശ്യ ആവശ്യങ്ങളുടെ അനിയന്ത്രിത വർദ്ധന കാരണം വിട്ടുവീഴ്ചകൾ എത്ര അധികരിച്ചിരിക്കുന്നുവോ അതിലേറെ ക്ഷമക്കുറവും സമയക്കുറവും എന്ന തോന്നലും പടർന്നു പിടിച്ചിരിക്കുകയല്ലെ ഇന്ന് ? "എടുത്തുചാട്ടം" കുറയുന്നില്ലെന്നു മാത്രമല്ല നടുക്കുന്നത് ഏറ്റവും അടുപ്പമുള്ളവരോടോ അടുത്തുള്ളവരോടോ ആയാണ് കാണുന്നതും. ഇത്തരം പെരുകിവരുന്ന അഭിമുഖീകരണങ്ങൾ/കലഹങ്ങൾ (Confrontations) എന്നിവക്ക് ഏറ്റവും ഉചിത രോഗനിർണ്ണയം (diagnosis) ശ്രീ ഈശ്വരൻ തന്റെ കൃതികളിൽ കുറിക്കുന്നുണ്ട്. "ഇവക്ക് കാരണം സ്നേഹമില്ലായ്മ, വ്യക്തിസാമീപ്യം (തൊട്ടടുത്തുള്ളതുകൊണ്ടോ) അടുപ്പം കൊണ്ടോ ആണ് !" നല്ല പോലെ ചിന്തിച്ചറിയുക !! അതിനാൽ ഇത്തരം എടുത്തുചാട്ടത്തിന് അധികം പ്രാധാന്യം കഴിയുന്നത്ര കൊടുക്കാതിരിക്കുക... എന്നിരുന്നാലും... ഇതുപോലെയുള്ള അവസരങ്ങൾ കുറക്കുകയാണ് പൊതുവേ ശാന്തിവർദ്ധകം.

ജീവിതരീതി കഴിയുന്നത്ര സരളമാക്കിയതിനുപുറമെ, തീർപ്പുകളെ അവസാനം വരെക്കായി നീട്ടിവെക്കാതെ മുൻകൂട്ടി ആലോചിച്ചു തീരുമാനിക്കുന്നതു സഹായകരമാണ്. ഇതിലും മുഖ്യമാണ് മൗലിക മാനവ മൂല്യങ്ങളിൽ ഊന്നൽ കൊടുത്തു, കുബേരാരാധനയിൽ ശ്രദ്ധ കുറയ്ക്കുക. ഇന്നത്തെ high pressure sales നായി (ആധുനിക വില്പന രീതി) പലതരം വിചിത്ര, ആകർഷക പരസ്യമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു, മറ്റുള്ളവരെ കബളിപ്പിച്ചു, വാസ്തവ ആവശ്യം ഇല്ലാത്ത സുവിധാ സാമഗ്രികളെ സ്വീകരിപ്പിക്കാൻ പുതു പുതു വഴികൾ നാം (അതെ നാം; ബഹിരാകാശ വാസികളല്ല !) സൃഷ്ടിച്ചുവരുന്നു. സ്വന്തം കാര്യലാഭത്തിന് അന്യരെ കുടുക്കുന്നതു പോലെയാണ്, നമ്മളും അന്യരാൽ കുടുങ്ങി വലയുന്നത് എന്ന് നാം അറിയുന്നില്ല !

സീമിത പ്രകൃതി സ്വത്തു

ള്ള നമ്മുടെ ഈ ഭൂമിയിൽ നിയന്ത്രണമില്ലാത്ത ആധുനിക ഭൗതികതയാൽ പ്രവൃദ്ധമായി വരുന്ന നമ്മുടെ 'ആവശ്യങ്ങൾ' നിലനിന്നുപോകുന്നത് അസാധ്യം എന്നു മുമ്പ് തന്നെ എടുത്തുകാട്ടിയ Dr. Schumacher ന്റെ കാഴ്ചപ്പാട് എത്രയും വേഗം സ്വീകരിച്ചു, അതനുസരിച്ച് ജീവിക്കാതെ വേറെ രക്ഷാമാർഗ്ഗം ഇല്ല, എന്ന് തീർച്ച തന്നെ. പക്ഷെ, ലോകം പരിഹാരമില്ലാത്ത വിനാശത്തിലേക്ക് കുതിച്ചുപായുന്നു എന്നു അറിഞ്ഞു തീരുമാനിച്ചു, നമ്മളാൽ കഴിയുന്ന മാർഗ്ഗദർശനം/സഹായം/സാന്ത്വനം നൽകുന്നതിനു പകരം, നകാരാത്മക ചിന്തകളാൽ നൈരാശ്യത്തെ അടുത്ത പരിസരത്തിൽ പകർത്തി, നമ്മുടെ ഒഴിച്ചുകൂടാവുന്ന ചെറുവിസ്ഫോടനങ്ങളാൽ സ്ഥിതിയെ കൂടുതൽ മോശമാക്കുന്നത് ചുരുക്കുകയല്ലെ ഭേദം? അല്ലെങ്കിൽ ഇതും ശീർഷകത്തിൽ കൊടുത്ത നിലയെയല്ലെ കാട്ടുന്നത് ?

ഇന്ന് അധികരിച്ചുവരുന്ന പ്രശ്നങ്ങൾക്കു സമാധാനം, 'ഒഴുക്കിനൊത്തു ചെല്ലുക !' എന്നല്ല. മറിച്ച് ബുദ്ധന്റെ 'പതിസോതഗാമി' (പ്രതിശോധ ഗാമി - എതിരെ ചെല്ലുവാനുള്ള ധൈര്യം) ആണ് ആവശ്യം. അതിനാൽ ജീവിതരീതി എത്രയും സരളമാക്കാൻ ശ്രമിച്ചു, തീർപ്പുകളെ നീട്ടിവെക്കാതെ, അന്യരെ പരസ്യങ്ങളാൽ കബളിപ്പിക്കാതെ, (നമ്മളും വിളമ്പരങ്ങളാൽ കുടുങ്ങിവലയാതെ) വേറെ പോംവഴിയില്ല. ഇതൊരു ഭാഗം. എന്നാൽ ലോകമാസകലം പരിഹാരമില്ലാത്ത ദുരന്തം/ അത്യാപത്ത് എന്നതിലേക്ക് കുതിച്ചു പായുകയാണ് എന്നു തീരുമാനിച്ചു, നമ്മളാൽ കഴിയുന്നത് (ചിന്തനം, ബോധവൽക്കരണം, മാർഗ്ഗദർശനം, ആചരണം മുതലായവയാൽ) ചെയ്തുകൊണ്ടിരുന്നും, സകാരാത്മക (positive, constructive) വഴികളാൽ വിനാശത്തെ ഇല്ലാതാക്കാനോ ചുരുക്കാനോ ശ്രമിക്കേണ്ടതും 'വിവേക ജീവി' യായ നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്. "God help those who help themselves" എന്ന ചൊല്ലിന് വാസ്തവ/ഗുണകര വ്യാഖ്യാനം കൊടുത്തു മുന്നേറേണ്ടത് അത്യാവശ്യമാണ്. ചിന്തിക്കുക...

2. ഇരുട്ടിലെ ചൂളംവിളി
(Whistling in the dark)

ഇന്ന് നഗരവാസികളായ മധ്യവർഗ്ഗത്തിനും, യുവാക്കൾക്കും ഇരുട്ടിന്റെ അനുഭവം സിനിമാ തിയേറ്ററിലോ മൾട്ടിപ്ലെക്സിലോ, എല്ലാ വിളക്കും അണച്ചു പരിപാടി തുടങ്ങുന്നതിനു മുമ്പു മാത്രമെ ഉണ്ടാവുന്നുള്ളൂ. മുറ്റത്തും പാതകളിലും ട്യൂബ് ലൈറ്റ്/സി. എഫ്. എൽ ഉണ്ട്. 24 മണിക്കൂറും പ്രകാശം ഉള്ളതിനാൽ ഇരുട്ട് എന്നത് കട്ടിലിൽ പുതച്ചു മൂടി 'ബെഡ് സ്വിച്ച്' കെടുത്തിയ ശേഷമേ നാം അനുഭവിക്കുന്നുള്ളൂ ! വീടുകളിൽ വിദ്യുച്ഛക്തി ഇല്ലാത്ത കാലമുണ്ടായിരുന്നു, എന്നു നഗരവാസികൾ വളരെ കുറച്ചുപേർക്കേ ബോധം/ഓർമ്മ ഉണ്ടായിരിക്കുകയുള്ളു, അന്നുകാലത്തു സന്ധ്യക്കു ശേഷം അത്യാവശ്യം 2-3 മുറികളിൽ മാത്രമെ വിളക്കുകൾ (നിലവിളക്ക്, കോഴിമുട്ട വിളക്ക്, റാന്തൽ, പെട്രോമാക്സ് മുതലായവ) ഉണ്ടാവുന്നത് കാണാവൂ! അടുത്തമുറിയിൽ നിന്നോ, തൊട്ടടുത്തു പുറത്തുനിന്നോ അത്യാവശ്യം ചില സാധനങ്ങൾ (മറന്നുവെച്ചതോ മറ്റോ!) എടുത്തുകൊണ്ടുവരുന്ന 'ചില്ലറ' പണികൾ ആൺ കുട്ടികളുടേതായി തീരുമാനിക്കപ്പെട്ടിരുന്നതിനാൽ അവർ അത് ചെയ്യുമായിരുന്നു. അന്നുകാലത്ത് ഭൂതം, പ്രേതം അതുപോലെ പാമ്പു, തേൾ എന്നിവയുടെ കഥകളും സാധാരണയായി പറഞ്ഞുകേൾപ്പിക്കുന്നതുണ്ടായിരുന്നതിനാൽ കുട്ടികളുടെ മനസ്സിൽ പേടിയുണ്ടായിരുന്നെങ്കിലും, പുറത്തുകാട്ടാൻ മടികൊണ്ടു, അവർ ഇത്തരം 'സാഹസ'ത്തിനു ഒരുങ്ങിയിരുന്നു ! എന്നാൽ ഉള്ളിലെ ഭയത്തിൽ നിന്നു അകന്ന്, ശ്രദ്ധയെ മാറ്റിക്കിട്ടാൻ കുട്ടികൾ ഒന്നുകിൽ ഉറക്കെ ചൂളം വിളിച്ചും അല്ലെങ്കിൽ ഏതെങ്കിലും പാട്ടോ മറ്റോ ഉച്ചത്തിൽ പാടിയും ഇരുട്ടുള്ള സ്ഥലത്തിൽ കൂടെ കടന്നുചെല്ലാറുണ്ടായിരുന്നുള്ളൂ ! ഇതിനെയാണ് ശീർഷകത്തിലെ പ്രസ്താവന എടുത്തുകാട്ടുന്നത്...

ഇതിൽ മൂന്നുഭാഗങ്ങൾ ഉണ്ട്. 1) അറിയാത്തതിനെക്കുറിച്ച് പേടി 2) ചില കാര്യങ്ങൾ ചെയ്യേണ്ട നിർബന്ധം 3) ഉള്ളിലെ ഭയത്തെ പുറത്തു കാട്ടാതിരിക്കേണ്ട ആവശ്യം !

സാങ്കേതിക വിജ്ഞാന പ്രഗതി (Technological advances) മൂലം, ഇരുട്ടിനെ ഭയപ്പെടേണ്ട ആവശ്യങ്ങൾ തീരെ കുറഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ ഭൂതപ്രേതാദികളെപ്പറ്റി മുത്തശ്ശിക്കഥകൾ കുറഞ്ഞ ഇന്ന് ഈ കാരണത്താൽ നഗരവാസികളിൽ പേടി ഇല്ലാതായി. പക്ഷെ ആധുനിക ഭൗതികത (modern materialism), ഉപഭോക്താസംസ്കാരം (consumer culture), ആവിഷ്കാരങ്ങൾ, കണ്ടുപിടിത്തങ്ങൾ (discoveries and inventions) എന്നിവ വർദ്ധിച്ചു വന്നിട്ടുണ്ട്. പുറമെ, ഇന്നത്തെ പരസ്യകലയും high pressure sales ഉം നമ്മുടെ അനാവശ്യ ആവശ്യങ്ങളെ, ഒരിക്കലും പൂരിപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ വളരെയധികം പെരുക്കിയിട്ടുണ്ട്. TV, Internet, Smart Phone (ടിവി, ഇന്റർനെറ്റ്, സ്മാർട്ട് ഫോൺ) മുതലായവയിൽ പുതുപുതു ആവിഷ്കാരങ്ങളെക്കുറിച്ചും സുവിധാസാമഗ്രികളെക്കുറിച്ചും, പല ദിശയിൽ നിന്നും, വിവിധ തരത്തിലും, എല്ലാ സമയത്തും, നമ്മളെല്ലാവരേയും ആകർഷിച്ചു മുഗ്ദ്ധരാക്കി കുടുക്കാൻ, തോരാത്ത ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. കുബേര/മന്മഥ ആരാധന ഇന്നത്തെ അളവിൽ വളർന്നുകൊണ്ടുവരുന്നതിനുമുമ്പ്, ഇല്ലായ്മ/വല്ലായ്മ ഒരുപക്ഷെ ഇത്രയധികം ഉണ്ടായിരുന്നില്ല. മേനി അഴകിനും യുവത്വത്തിനും ഇന്നത്തെപ്പോലെ പ്രാധാന്യം/ഊന്നൽ കൊടുത്തിരുന്നില്ല. നവീനമുറകൾ ഒന്നിനുമേൽ ഒന്നായി നമ്മളെ നാനാഭാഗത്തിൽ നിന്നും കബളിപ്പിച്ചു വന്നു, കഷ്ടിച്ചു എല്ലാവരുടേയും ഉള്ളിൽ ഇല്ലായ്മ/പോരായ്മ എന്ന തോന്നലാൽ പലവിധത്തിലും അരക്ഷിതത്വം സൃഷ്ടിച്ചുവരുന്നു. മധ്യവർഗ്ഗം/യുവാക്കൾ ഒരുതരം ഓട്ടപ്പന്തയത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഇന്ന്! ചിന്തിക്കാനോ - എന്തിനു, ശ്വസിക്കാൻ തന്നെ ഒന്നുനിന്നാൽപ്പോലും, പിന്നിട്ടുപോകുമോ എന്ന ഭയം പരക്കെ ബാധിച്ചിരിക്കുകയാണ്.

ആത്മവിശ്വാസത്തേയും മാനസികപക്വത - (mental equanimity) യെയും വളർത്തി പോഷിപ്പിക്കാൻ വിട്ടുപോകുന്ന ഇന്ന്, പല ദിക്കിൽ നിന്നുമുള്ള ആക്രമണത്താൽ, പൊതുവേ അരക്ഷിതത്വം അധികരിച്ചുകൊണ്ടുവരുന്നുണ്ട്. ആത്മീയ പഥത്തിലോട്ടു ശ്രദ്ധയാൽ, ഇത്തരം ഭയത്തെ എന്നന്നേക്കുമായി അകറ്റി മനശ്ശാന്തി അടയുവാൻ ശ്രമിക്കുന്നതിനു പകരം, വിവിധ ഭൗതിക നേട്ടങ്ങൾ മൂലം തൽക്കാല മനസ്സമാധാനത്തെത്തേടി/ നാം ചെറു ചെറു അസത്യങ്ങൾ പറഞ്ഞ്, പൊങ്ങച്ചപ്രദർശനം കാട്ടിവരുന്നു. ഇത്തരം അസത്യങ്ങൾ/അർദ്ധസത്യങ്ങൾ നമ്മുടെ അരക്ഷിതത്വത്തെ അധികരിക്കുകയല്ലാതെ കുറയ്ക്കുന്നില്ല. മനസ്സിലെ ആധിയാൽ ഹതാശരായി (രക്ഷയില്ലാത്ത സ്ഥിതിയിൽ) ക്ഷമകെട്ടു, ക്രമേണ, വലിയ തെറ്റുകൾ ചെയ്യുവാൻ നിർബന്ധിതരായി വരുന്നത് നാം അറിയുന്നില്ല.

കുട്ടികളുടെ ഇരുട്ടിലെ ചൂളംവിളി, തൽക്കാല ആവശ്യത്തിനു

# ലേഖനം

ള്ളതും ഭാവിയിൽ ദോഷം ചെയ്യാത്തതുമായ കാര്യമാണ്. എന്നാൽ ഇന്നത്തെ മുതിർന്നവരുടേത്, അകത്തു തുരുമ്പുപിടിപ്പിച്ചു (internal currosion), വളരെയധികം ദോഷം ചെയ്യുന്നതാണ് ! കണ്ണ് ചിമ്മിയാൽ മാത്രം അപകടം ഒഴിഞ്ഞുപോകുമോ ? ചിന്തിക്കുക... സത്യത്തെ കൈവെടിഞ്ഞാൽ ക്രമേണ മനഃശ്ശാന്തി തീരെ നഷ്ടപ്പെടുകയല്ലെ ചെയ്യുക ? ചിന്തിക്കുക.

ചില പേരെ കുറെ കാലത്തേക്കും, കുറേ പേരെ ചില കാലത്തേക്കും വഞ്ചിക്കാം. പക്ഷെ എല്ലാവരേയും ചിരകാലത്തേക്ക് വഞ്ചിക്കുന്നത് അസാധ്യമല്ലെ ? അഥവാ സാധിച്ചാലും, സ്വന്തം മനസ്സാക്ഷിയെ കബളിപ്പിക്കാൻ കഴിയുമോ ? തൽക്കാല തുച്ഛവിജയത്തെത്തേടി നമ്മൾ ജീവിതത്തിലെ അതിപ്രധാന യുദ്ധത്തിൽ തോൽക്കുകയില്ലെ ? നിസ്സംഗതയോടെ ചിന്തിക്കുക !!

3. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട...

നമ്മൾ കണ്ണാടി നോക്കുന്നത് മുഖത്തിലെ അഴുക്ക്/കറ മുതലായവയെ പരിഹാരത്തിനായി നമുക്ക് തെളിയിച്ച് കാട്ടിത്തരുന്നതിനാണ്. ഉചിത പ്രതിവിധികൾ എടുത്തശേഷമേ നാം നമ്മുടെ "മിനുപ്പിച്ച" രൂപത്തെ അന്യർക്ക് കാട്ടുന്നുണ്ടാവുകയുള്ളൂ. പുറത്തുകാണാൻ കഴിയുന്നതും, അധിക ശ്രമമില്ലാതെ പരിഹരിക്കാനാവുന്നതുമായ കോട്ടങ്ങളെ മറി കടക്കാൻ, നമ്മെ കണ്ണാടി സഹായിക്കുന്നു. ഇതിന്നാവശ്യമാണ് പൊടി/അഴുക്ക് ഇല്ലാത്തതും വേറെ കോട്ടങ്ങളില്ലാത്തതുമായ കണ്ണാടി. ബാഹ്യമായ/പുറത്തുള്ള കുറവുകളെ തിരുത്താൻ ഉപകരിക്കുന്ന കണ്ണാടിയെപ്പോലെത്തന്നെ നമ്മുടെ സ്വഭാവം/പെരുമാറ്റം എന്നിവയിലെ കോട്ടങ്ങളെ ഉചിതവിധത്തിൽ പരിഷ്കരിക്കുവാനായി എടുത്തുകാട്ടാൻ കഴിവുള്ളവരും, അതിനായി കടപ്പെട്ടവരുമായ വ്യക്തികളാണ് ഉറ്റ സുഹൃത്തുക്കൾ. അതുകൊണ്ട് കളങ്കമില്ലാത്ത, വാസ്തവ സ്നേഹമുള്ള ചങ്ങാതികളും ബന്ധുക്കളും, പുറത്തെ കുറവുകളെ തെളിച്ചുകാട്ടുന്ന കണ്ണാടിയെപ്പോലെ, എന്നു കണക്കാക്കുന്നത് ഉചിതമാണ്.

ഭയമോ സങ്കോചമോ ഇല്ലാതെ നിസ്വാർത്ഥമായി ഉറ്റ സുഹൃത്തുക്കൾ/ബന്ധുക്കൾ എന്നിവരോട് അവരുടെ സ്വഭാവം/പെരുമാറ്റത്താൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് തുറന്നുപറയുവാനുള്ള ആത്മവിശ്വാസം ആദർശപരവും (Ideal) അപൂർവ്വവുമാണ്. പക്ഷെ വളരെ ആവശ്യവും ഗുണകരവുമായ ഇതിനെ വളർത്തിയെടുക്കേണ്ടത് നമ്മളെവരുടേയും ധർമ്മമാണ്.

ജീവിതത്തിൽ മാനസിക പക്വത (mental maturity) രൂപീകരിച്ചെടുക്കുന്നതിനുമുമ്പ് പല സംശയങ്ങളും നമ്മളെ നിരുത്സാഹപ്പെടുത്താറുണ്ട്. 1) പ്രിയമല്ലാത്ത വിഷയങ്ങളെ എടുത്തുകാട്ടി എന്തിന് മുഷിച്ചിൽ ഉണ്ടാക്കണം, എന്തിനു "പുലിവാൽ പിടിക്കാൻ" പോകണം ? 2) ഞാൻ പറയാതെത്തന്നെ ഇത് എല്ലാവർക്കും അറിയില്ലേ ? വഴിയെ തെളിഞ്ഞുകൊള്ളും 3) ഞാൻ പറഞ്ഞതിൽ കോപിച്ചു സ്ഥിതി അധികം വഷളായാലോ ?

ആത്മാർത്ഥ സ്നേഹമുണ്ടെങ്കിൽ പരിഹരിക്കേണ്ട/പരിഹരിക്കാവുന്ന ചെറു തെറ്റുകളെ എടുത്തുകാട്ടാൻ ശ്രമിക്കാതെ ഒഴിഞ്ഞുമാറുന്നത് 'വിവേക ജീവി'യായ നമുക്ക് ഉചിതമല്ല.

ഉറ്റ സ്നേഹിതർക്കും ബന്ധുക്കൾക്കും ശ്രദ്ധ വെക്കേണ്ട ചില നിബന്ധനകൾ ഉണ്ട്. "സത്യം ബ്രൂയാത്, പ്രിയം ബ്രൂയാത് മാ ബ്രൂയാത് സത്യമപ്രിയം" (സത്യം പറയുക, പ്രിയമായതു പറയുക. പക്ഷെ സത്യത്തെ പ്രിയമല്ലാത്ത വിധത്തിൽ പറയാതിരിക്കുക) കരുണാമൂർത്തിയായ ബുദ്ധൻ ഇതിനെ (ഉപദേശത്തെ) കുറെക്കൂടെ സ്വീകാര്യമാക്കാനായി പറഞ്ഞതാണ്. "അന്യരെ ഉപദേശിക്കും മുമ്പ് അവർക്ക് സ്വീകാര്യ/ഉചിതമായ സമയം/ സൗകര്യം അറിഞ്ഞുചെയ്യുക." ഇത് അത്ര എളുപ്പമാണോ ?? പോരെങ്കിൽ ശ്രീ ഈശ്വരൻ, അറേബ്യയിൽ പ്രചാരമുള്ള 'മൂന്നു പാറാവുകാരന്മാരുടെ കഥ' എന്നതും കൊടുത്തിട്ടുണ്ട് ! 'നമ്മുടെ വാക്കുകൾ മൂന്നു പാറാവുകാരെ കടന്നിട്ടേ പുറത്തു വരാവൂ. ആദ്യത്തെ പാറാവുകാരൻ ചോദിക്കുന്നു, 'ഇത് സത്യമാണോ ?' രണ്ടാമന്റെ ചോദ്യമാണ് 'ഇത് ദയ/ അനുകമ്പ നിറഞ്ഞതാണോ ?' ഇതിനുശേഷം, മൂന്നാമത്തവന്റെ ചോദ്യമാണ് 'ഇത് തികച്ചും ആവശ്യമാണോ ?' ഇവർ മൂന്നുപേരുടേയും അനുമതിക്കു കാക്കുകയാണെങ്കിൽ ജനങ്ങൾ തമ്മിൽ വാർത്താലാപം/ വിചാരകൈമാറ്റം/സംസാരം തന്നെ ഒരുപക്ഷെ ഇല്ലാതാവും ! അതിനാൽ ചിലപ്പോൾ സുഹൃത് ബന്ധങ്ങൾ തുടർന്നു ചെല്ലാനായി മൂന്നാം പാറാവുകാരനെ പറ്റിച്ചു കടക്കുന്നതിൽ ദോഷമുണ്ടാവുകയില്ല !!

നമ്മളെല്ലാവരുടേയും ആത്മീയ/ആന്തരിക/മാനസിക മുന്നേറ്റത്തിനായി, നിസ്വാർത്ഥ സ്നേഹത്തോടെ, സങ്കോചമില്ലാതെ ഒരു വൃത്തിയുള്ള കണ്ണാടിപോലെ, പരിഹരിക്കേണ്ടതും പരിഹരിക്കാനാവുന്നതുമായ കോട്ടങ്ങളെ എടുത്തുകാട്ടാൻ വേണ്ട ധൈര്യവും സന്മനസ്സും എല്ലാവർക്കും ഉണ്ടാവുമാറാകട്ടെ ! അതേസമയം, ഇത്തരം സൂചനകളെ ശാന്തമായി സ്വീകരിക്കാനുള്ള മാനസിക പക്വത സൃഷ്ടിക്കുവാനുള്ള കഴിവും ഏവർക്കും ഉണ്ടാവട്ടെ !!

ഹാസ്യലേഖകൻ Wodehouse എഴുതിയതുപോലെ "Omelette" (മുട്ട വറുത്തത്) ഉണ്ടാക്കണമെങ്കിൽ മുട്ട ഉടച്ചേ തീരൂ !


## കവിത

# മാനവ സ്നേഹം

ശില്പി സുകുമാരൻ നെല്ലാനിക്കാട്
9495276965

ദാഹം... ദാഹം...
സ്നേഹത്തിൻ ദാഹം...
സ്നേഹമാം വെള്ളമിരന്നു
ഞാൻ കേണു
ദാഹിച്ചു ദാഹിച്ചു വീണു തളർന്നു
അധരം വരണ്ടു നാവു കുഴഞ്ഞു
മിഴികൾ നിറഞ്ഞു കരഞ്ഞു വിളിച്ചു
ദാഹം... ദാഹം...
സ്നേഹത്തിൻ ദാഹം...
ഇല്ലായെനിക്കായില്ലാ ജലം...
ദാഹം ശമിപ്പിക്കാൻ സ്നേഹാജലം...
സ്നേഹത്തിനായ് യെന്നും
ദാഹിച്ചുഞാൻ...
അന്നുമിന്നെന്നും
കൊതിയ്ക്കുന്നു ഞാൻ...
ദാഹം... ദാഹം...
സ്നേഹത്തിൻ ദാഹം...
അന്നം ലഭിച്ചു വിശന്നില്ലെനിയ്ക്ക്
ഹൃദയത്തിൻ ദാഹം ശമിച്ചില്ലെനിക്ക്...
മാനവ സ്നേഹം ലഭിച്ചില്ലെനിക്ക്
ദാഹം... ദാഹം...
സ്നേഹത്തിൻ ദാഹം...
സ്നേഹത്തിൻ നീരു ലഭിച്ചില്ലെനിക്ക്...
നഷ്ടമില്ലാതൊന്നു നൽകുവാകുന്ന
മർത്യനു
സ്നേഹമാണല്ലാതെ
മറ്റൊന്നുമില്ലൂഴിയിൽ
കണ്ണു മിഴിയ്ക്കാതിവർ
ഓടുന്നു മുന്നോട്ട്...
എന്തു തേടുന്നിവർ
അന്ത്യമാം യാത്രയിൽ.

ലേഖനം



പി. രാധാകൃഷ്ണൻ നായർ
9495367909

# പുതുവർഷവും സംഘർഷവും

**എ**ല്ലാ വർഷവും പുതുവത്സരാഘോഷം നമ്മൾ നടത്താറുണ്ട്. നല്ല കാര്യം തന്നെ. ഈ വർഷവും നടത്തി ആഘോഷം - എങ്ങിനെ ? മറ്റൊരു കുടുംബത്തിനെ കണ്ണീരണിയിച്ചുകൊണ്ട്. തീർന്നില്ല; നാം അറിയാത്ത പലരും കണ്ണീർ കുടിച്ചിട്ടുണ്ടാവും. കൂടാതെ പലർക്കും അവരുടെ അദ്ധ്വാനത്തിന്റെ മിച്ചം വരുന്ന സമ്പത്തുകളിൽ പലതും നഷ്ടപ്പെട്ടിട്ടുണ്ടാവും. പാലക്കാട് ജില്ലയിലെ എലവഞ്ചേരി എന്ന സ്ഥലത്ത് പുതുവർഷം വന്നത് ആ നാട്ടിലെ ഒരു ഓമനപുത്രന്റെ മരണവാർത്തയുമായാണ്.

പത്രവാർത്തയിലൂടെ എല്ലാവരും അറിഞ്ഞുകാണും. സുജിത്ത് എന്ന ആ ഓമനപുത്രനെ നഷ്ടപ്പെട്ട അവന്റെ മാതാപിതാക്കൾക്ക് അവരുടെ ജീവിതാന്ത്യം വരെ ഈ വേദന നിറഞ്ഞ പുതുവർഷം മറക്കാൻ കഴിയുമോ?

ഒന്നുചിന്തിച്ചുനോക്കൂ, യുവസഹോദരൻമാരെ! ഇനിയെത്ര പുതുവത്സരാഘോഷങ്ങൾ നമ്മൾ നടത്തിയാലും, എന്നും മനോദുഃഖം അനുഭവിക്കുന്ന ആ മാതാപിതാക്കൾക്ക് നഷ്ടമായ പുത്രനെ തിരിച്ചുനൽകാൻ നമുക്ക് കഴിയുമോ?

ഇങ്ങിനെയാണോ നമ്മൾ ഓരോ ആഘോഷങ്ങളും നടത്തേണ്ടത് ? ആഘോഷം എന്ന വാക്കിന്റെ അർത്ഥം പോലുമറിയാതെ കാട്ടിക്കൂട്ടുന്ന പേകൂത്തുകൾ മതിയാക്കാറായില്ലേ?

ആഘോഷം (ആഘോഷിക്കുക) എന്നെല്ലാം പറഞ്ഞാൽ എന്താണ് ആ വാക്കിന്റെ അർത്ഥം? അല്ലെങ്കിൽ എന്താണ് ആ വാക്കുചേരുന്ന പേരാണ് ആഘോഷം. അല്ലാതെ നമ്മളെക്കൊണ്ട് നമ്മുടെ ചുറ്റുപാടുമുള്ളവർക്ക് വേദന (ദുഃഖം) സമ്മാനിക്കുന്നതിനെ ആഘോഷമെന്നു പറയാറില്ല.

പുതുവർഷാരംഭത്തിൽ മാത്രമല്ല, വേല, വെടിക്കെട്ട്, പൂരം, പള്ളിപ്പെരുന്നാൾ, ആണ്ടുനേർച്ച, പിന്നെ ഓരോരു നാളും പേരും പറഞ്ഞ് നടത്തുന്ന ആഘോഷങ്ങൾ ഒരുപാട് വേറേയും ഉണ്ട്. ഇവയെല്ലാം തന്നെ സന്തോഷവും, ആനന്ദവും, നമുക്കും, നമ്മുടെ എല്ലാ സഹോദരീ സഹോദരൻമാർക്കും അനുഭവിച്ചറിയുവാൻ വേണ്ടിയായിരുന്നു; പൂർവ്വീകർ ഒരുകാലത്ത് ആരംഭിച്ചുവെച്ചത്. പക്ഷേ, ഇന്ന് അതെല്ലാം പരസ്പരവിരോധത്തിനും, കുടിപ്പക തീർക്കാനും ഉള്ള ഒരു വേദിയായി മാറിയോ എന്ന് ശങ്കിക്കേണ്ടിവരുന്നു ! എന്തിനേറെ പറയുന്നു. നമ്മെ നയിക്കുന്നത് നമ്മളല്ലല്ലോ ? മദ്യം, അസൂയ, വഴിവിട്ട ജീവിതരീതി, മയക്കുമരുന്നുകൾ, എന്തിനോടും ഏതിനോടും അടങ്ങാത്ത ആർത്തി, വേണ്ടത് പഠിപ്പിക്കാതെ, വേണ്ടാത്തതുമാത്രം പഠിപ്പിക്കുന്നവർ, ഇങ്ങിനെ പലപല കാരണങ്ങളാൽ വഞ്ചിതരായ നമ്മൾ ആഘോഷം എന്തെന്ന് മറന്നുപോയി.

സ്വയം ചിന്തിച്ചാൽ ഇനിയും വൈകിയിട്ടില്ലെന്ന് മനസ്സിലാകും. ഓരോ ആഘോഷത്തിന്റെയും (ഉത്സവത്തിന്റെ) പേരുപറഞ്ഞ് നാം കഷ്ടപ്പെട്ടുണ്ടാക്കുന്ന സമ്പത്ത് അനാവശ്യമായി ചിലവാക്കി, വിരോധവും, അനാഥത്വവും, സമ്പാദിക്കുന്നതിനേക്കാൾ നല്ലതല്ലേ, നമ്മുടെ കകൾ കൊണ്ട് ഉദ്ദേശിക്കുന്നത്? എന്നെങ്കിലും, വിദ്യാസമ്പന്നരായ മലയാളികൾ നാം അറിഞ്ഞിരിക്കേണ്ടതല്ലേ?

ആഘോഷമെന്നാൽ, ഉത്സവം, ആർപ്പുവിളി, ആഡംബരം, കോലാഹലം (ഭംഗിയോടെ) എന്നെല്ലാമാണ്. അല്ലാതെ കോലാഹലമെന്നാൽ കൊല്ലുക എന്നല്ല. അതുപോലെത്തന്നെ ആഘോഷിക്കുക എന്നാൽ, ആർപ്പുവിളിക്കുക, കൊണ്ടാടുക, ഭംഗിയായി നടത്തുക എന്നെല്ലാമാണ്. കൂടാതെ പരസ്പരം സ്നേഹിച്ച് ഒരുമിച്ചുനിന്നുകൊണ്ട് സമൂഹത്തിലെ എല്ലാവർക്കും സന്തോഷവും, സമാധാനവും, സ്നേഹവും, പങ്കുവെക്കുന്ന ഏതൊരു നല്ല കാര്യത്തിനും

ഷ്ടപ്പെട്ട സമ്പത്തുകൊണ്ട് ആർക്കെങ്കിലും (സമൂഹത്തിന്) ഒരുനേരത്തെ ഭക്ഷണത്തിനോ, മരുന്നിനോ, പാവങ്ങളുടെ വിദ്യാഭ്യാസത്തിനോ, ചിലവാക്കി അതിൽ ആനന്ദം കണ്ടെത്തുന്നത്. എത്ര വലിയ ആഘോഷമാണെന്ന് (മനസ്സിന്) ഓർത്തുനോക്കൂ. ഇത്രയും കുറിച്ചത് ഈ പഴമനസ്സിൽ (പഴയ മനസ്സ്) തോന്നിയതാണ്. ക്ഷമിക്കുമല്ലോ.

ഇനിയെങ്കിലും വരാൻ പോകുന്ന എല്ലാ പുതുവർഷവും എല്ലാംകൊണ്ടും എല്ലാവർക്കും സന്തോഷമാവട്ടെ എന്ന് ദൈവനാമത്തിൽ...

**കൊച്ചിക്കാലേ നാലേകാല് -ബാല്യം**
**അവിടം വിട്ടാൽ രണ്ടേകാല്- യൗവ്വനം**
**പത്താറെത്യാൽ മൂന്നേകാല് - വാർദ്ധക്യം**
**അവിടം വിട്ടാൽ പത്തേകാല് - മരണം.**

കവിത

# വിരോധാഭാസം

ഡി. തോമസ്, ആലപ്പുഴ
9495163186

അന്തിക്കു
വീട്ടിലെത്തേണമെന്നോതുന്ന
തന്തയെത്തീടുന്നു പാതിരാനേരത്ത്.
മദ്യം വിഷമാണ് പാനമരുതെന്ന്
മദ്യരാജാവ് പുലമ്പുന്നു വേദിയിൽ.
അക്ഷരത്തെറ്റിന് മാർക്ക് കുറക്കുന്നൊ
രക്ഷരാഭ്യാസി വരുത്തുന്നു തെറ്റുകൾ.
കള്ളം പറഞ്ഞുനീ കല്പന ലംഘിച്ചാ-
ലെള്ളോളമില്ലഹോ നാകം നിനക്കെന്ന്
തഞ്ചത്തിൽ
പിഞ്ചുകിടാങ്ങളോടോതുന്ന
കഞ്ചുകധാരിയും
ചൊല്ലുന്നസത്യങ്ങൾ.
മോഷണം ക്രൂരമാം
ദോഷമാണെന്നോതും
കാഷായധാരിയും മോഷാ നടത്തുന്നു.
പാംസുല പാതിവ്രത്യം പ്രചരിപ്പിക്കും
പാരാതെ കുറ്റം വിധിക്കുമപരയെ.
തഞ്ചത്തിലിഞ്ചിഞ്ചായ്
വഞ്ചന ചെയ്യുന്ന
കഞ്ചനും പഞ്ചാര
വാക്കുചൊല്ലും സഹേ
തുഞ്ചനും കുഞ്ചനും
വള്ളത്തോളും ജിയു-
മഞ്ചാതെ ചൊല്ലിയ
തത്ത്വജ്ഞാനങ്ങളെ
തള്ളിക്കളഞ്ഞതിൻ ശേഷം മദിക്കുന്ന
കള്ളപ്രവാചകർ തുള്ളുന്നു ചുറ്റിലും.

ലേഖനം

# ആ പ്രതിഭയുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയ്ക്കായി

എം. ജോൺസൺ റോച്ച്
9495520611

**ഹൈ**ദരാബാദ് കേന്ദ്ര സർവ കലാശാലയിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുല ജാതീയ പീഡനത്തെ തുടർന്ന് ആത്മഹത്യ ചെയ്തതിന്റെ ഒന്നാം വർഷമാണ് ജനുവരി 17. ഈ ആത്മഹത്യ രാജ്യത്തിന്റെ മനസാക്ഷിയെ ആകെ പിടിച്ചുകുലുക്കുകയുണ്ടായി. വിദ്യാർത്ഥി പ്രക്ഷോഭം അഖിലേന്ത്യാതലംവരെ വ്യാപിച്ചു. ദളിത് സംഘടനകളും വിദ്യാർത്ഥികളും ചേർന്ന് നടത്തിയ പ്രകടനത്തിൽ സംഘപരിവാർ ഗുണ്ടകൾ ആക്രമിച്ചതും സ്ഥലത്തുണ്ടായിരുന്ന പോലീസ് കാഴ്ചക്കാരായി നോക്കിനിന്നതും ഈ ആത്മഹത്യയോട് അനുബന്ധിച്ച് നടന്ന പ്രക്ഷോഭങ്ങളിൽ നാം കണ്ടതാണ്.

രോഹിതിന്റെ ആത്മഹത്യയിലേക്ക് നയിച്ച വിദ്യാഭ്യാസ മേഖലയിലെ കാവിവത്കരണമുൾപ്പെടെ സമസ്ത മേഖലകളിലും ജാതീയ പീഡനം പുത്തൻരീതിയിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഇത് തിരിച്ചറിഞ്ഞ് മനുസ്മൃതി വാദം കാമ്പസുകളിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി അംബേദ്കർ സ്റ്റുഡൻസ് അസോസിയേഷനിൽ (എ. എസ്. എ) രോഹിത് വെമുല ചേർന്ന്, ജാതി ഉന്മൂലന പോരാട്ടത്തിൽ പങ്കാളിയാകുകയായിരുന്നു. അതോടെ സവർണ്ണ ഫാസിസ്റ്റുകൾ പഠിക്കാൻ മിടുക്കനായ രോഹിതിനെ ബഹിഷ്കരിക്കുകയായിരുന്നു. ഈ ബഹിഷ്കരണ പരിപാടി രോഹിതിന്റെ സസ്പെൻഷനിൽ കൊണ്ടെത്തിച്ചപ്പോൾ അദ്ദേഹം രക്തസാക്ഷിത്വം കൈവരിക്കുകയായിരുന്നു. രോഹിത് ജീവിച്ചിരുന്നെങ്കിൽ ഒരു വലിയ എഴുത്തുകാരനായി തീരുമായിരുന്നുവെന്ന് അദ്ദേഹം എഴുതിയ കത്തിലൂടെയൊന്ന് കണ്ണോടിച്ചു നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. എന്റെ ഈ വാദം തെളിയിക്കാനായി ആത്മഹത്യ കുറിപ്പിലെ ചില വരികൾ ഞാനിവിടെ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്.

എന്റെ ആന്തരാത്മാവും ശരീരവും തമ്മിലുള്ള അകലം വർദ്ധിക്കുന്നതായി എനിക്ക് തോന്നുന്നു. ഒരു എഴുത്തുകാരനാകണമെന്നായിരുന്നു എന്റെ എല്ലായ്പ്പോഴത്തേയും ആഗ്രഹം. കാൾ സാഗനെപ്പോലെ ശാസ്ത്രീയകൃതികൾ എഴുതാൻ. ഒടുവിൽ എനിക്ക് എഴുതാൻ കഴിഞ്ഞത് ഈ കത്ത് മാത്രമാണ്.

ഞാൻ ശാസ്ത്രത്തേയും നക്ഷത്രങ്ങളേയും പ്രകൃതിയേയും സ്നേഹിച്ചു. മനുഷ്യൻ പ്രകൃതിയിൽ നിന്ന് അകന്ന് ജീവിക്കുവാൻ തുടങ്ങിയിട്ട് ഒരുപാട് നാളായെന്ന് അറിയാതെ ! നമ്മുടെ വികാരങ്ങൾ രണ്ടുതരമാണ്. നമ്മുടെ സ്നേഹം നിർമ്മിതമാണ്. നമ്മുടെ വിശ്വാസങ്ങളെല്ലാം നിറം പിടിച്ചവയാണ്. കൃത്രിമ കലകളിലൂടെയാണ് നമ്മുടെ മൗലികത സാധ്യമാക്കിയിരിക്കുന്നത്. വ്രണപ്പെടാതെ സ്നേഹിക്കാൻ കഴിയുകയെന്നത് തീർത്തും വിഷമമുള്ള കാര്യമായി കഴിഞ്ഞു.

പുറമെ കാണുന്ന വ്യക്തിത്വത്തിലേക്കും ഏറ്റവും അടുത്ത സാധ്യതകളിലേക്കുമായി ഒരു മനുഷ്യന്റെ മൂല്യം ചുരുങ്ങിക്കഴിഞ്ഞു. ഒരു വോട്ടിലേക്ക്, ഒരു അക്കത്തിലേക്ക്, ഒരു വസ്തുവിലേക്ക് എന്ന നിലയിലേക്ക് മാത്രമാണ് മനുഷ്യൻ എണ്ണുന്നത്. ഒരിക്കലും മനുഷ്യനെ ഒരു മനസ്സെന്ന നിലയിൽ അടയാളപ്പെടുത്തുന്നതേയില്ല. നക്ഷത്രങ്ങളിൽ നിന്നാണ് എല്ലാം സൃഷ്ടിക്കപ്പെടുന്നത്. എല്ലാ മേഖലകളിലും – പഠനത്തിലും തെരുവിലും രാഷ്ട്രീയത്തിലും ജീവനുള്ളതും അല്ലാത്തതുമായ എല്ലാ രംഗങ്ങളിലും.

ഒരുപക്ഷേ, എനിക്ക് തെറ്റു പറ്റിയിരിക്കാം. എപ്പോഴും ഈ ലോകത്ത് മനസ്സിലാക്കുന്നതിൽ സ്നേഹം, വേദന, ജീവിതം, മരണം എന്നിവ മനസ്സിലാക്കുന്നതിൽ തിടുക്കപ്പെടേണ്ട ഒരാവശ്യവും ഉണ്ടായിരുന്നില്ല. പക്ഷേ, ഞാൻ എപ്പോഴും തിടുക്കത്തിലായിരുന്നു. ഒരു ജീവിതം കെട്ടിപ്പടുക്കാൻ നെട്ടോട്ടത്തിലായിരുന്നു. എല്ലായ്പ്പോഴും ചിലയാളുകൾക്ക് ജീവിതമെന്നത് ഒരു ശാപമാണ്. എന്റെ ജനനമാണ് എനിക്ക് സംഭവിച്ച ഏറ്റവും വലിയ അപകടം. ഞാൻ പൊള്ളയായ ഒന്നാണ്. എന്നെക്കുറിച്ച് പോലും ചിന്തിക്കാനാവാത്ത വിധം ശൂന്യൻ. ഈ അവസ്ഥ പരിതാപകരമാണ്. അതുകൊണ്ടാണ് ഞാനിതു ചെയ്യുന്നത്.

ഞാൻ വിടവാങ്ങിയതിനു ശേഷം ആളുകളെന്നെ ഭീരുവെന്ന് വിളിച്ചേക്കാം. സ്വാർത്ഥനെന്നും, ഒരുപക്ഷേ വിഡ്ഢിയെന്നും വിളിച്ചേക്കാം. എന്ത് വിളിക്കപ്പെട്ടേക്കാമെന്ന് ഓർത്ത് ഞാൻ അസ്വസ്ഥനല്ല. മരണാനന്തര കഥകളിലും പ്രേതങ്ങളിലും ആത്മാക്കളിലും ഞാൻ വിശ്വസിക്കുന്നില്ല. ഇത്തരത്തിൽ എന്തെങ്കിലും എന്നെ ബാധിക്കുന്നുണ്ടെങ്കിൽ അത്, എനിക്ക് നക്ഷത്രങ്ങളിലേക്ക് സഞ്ചരിക്കാൻ കഴിയുമെന്നുള്ളതാണ്. മറ്റ് ലോകങ്ങളെ അടുത്തറിയാൻ കഴിയുമെന്നതും.

ഈ ഭാവുകത്വം നിറഞ്ഞ ചിന്തയെയാണ് മുസാഫിർ കലാപത്തെ സംബന്ധിച്ച് ഡോക്യുമെന്ററി ക്ലാസ്സിൽ പ്രദർശിപ്പിച്ചുവെന്ന കുറ്റവും യാക്കൂബ് മേമന്റെ വധശിക്ഷയെ എതിർത്തുവെന്ന് കുറ്റവും ആരോപിച്ച് സംഘപരിവാറിന്റെ വാലാട്ടിയായ വൈസ് ചാൻസലർ അപ്പ റാവു രോഹിത്തടക്കം 5 വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തത്. ഇതിനായി എ.ബി.വിപിയുടേയും കേന്ദ്ര മന്ത്രി സന്ദാരു ദത്താത്രയുടേയും ഇടപെടലും സ്മൃതി ഇറാനിയുടെ നിർദ്ദേശവും ഉണ്ടായിരുന്നു.


തുടർന്ന് 7 മാസമായി ലഭിക്കാനുള്ള യു. ജി. സി. ഫെലോഷിപ്പായ 1,75,000 രൂപ തടഞ്ഞുവെച്ചു. പിന്നെയങ്ങോട്ട് പാവപ്പെട്ട സാഹചര്യത്തിൽ നിന്നുവരുന്ന രോഹിതിനു പിടിച്ചുനിൽക്കാനായില്ല. ഈ സാഹചര്യത്തിൽ നിന്നുവരുന്നവരെ സ്വന്തം പരിധിക്കുള്ളിൽ ഒതുക്കി നിർത്താൻ കഴിഞ്ഞില്ലെങ്കിൽ അവരെ പീഡിപ്പിച്ചാൽ തകരുമെന്ന് സവർണ്ണ ഫാസിസ്റ്റുകൾക്കറിയാം. അങ്ങനെ രോഹിത് 40,000 രൂപയുടെ കടക്കാരനുമായി. ഈ കടം രാംജിയിൽ നിന്ന് വാങ്ങിയതാണെന്നും അദ്ദേഹത്തിന് ആ രൂപ തിരികെ കൊടുക്കണമെന്നും ആത്മഹത്യകുറിപ്പിൽ രോഹിത് അഭ്യർത്ഥിക്കുന്നുണ്ട്. ഹോസ്റ്റലിൽ

നിന്നും കാമ്പസിൽ നിന്നും പുറത്താക്കപ്പെട്ട് കിടപ്പാടവും ഭക്ഷണവും നിഷേധിക്കപ്പെട്ട് ജീവിതം വഴിമുട്ടിയാണ് രോഹിത് ആത്മഹത്യ ചെയ്തത്. ഇതൊരു ആത്മഹത്യയല്ല. ഇന്ത്യൻ ജാതിവ്യവസ്ഥിതിക്ക് എതിരായ പോരാട്ടത്തിലെ ഒരു രക്തസാക്ഷിത്വമാണ്. സ്വന്തം മുറി നഷ്ടപ്പെട്ടതുകൊണ്ടാണ് മറ്റൊരു മുറി ഈ കൃത്യത്തിനായി കണ്ടെത്തേണ്ടിവന്നതെന്ന് ആത്മഹത്യകത്തിൽ പറയുന്നു. "ഉമയണ്ണ, നിങ്ങളുടെ മുറി ഇതിനായി തെരഞ്ഞെടുത്തതിൽ ക്ഷമിക്കുക."

കപട ദേശസ്നേഹത്തിന്റെ വാഗ്ദോരണിയുയർത്തി ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളേയും കബളിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി വേണം രോഹിതിന്റെ മരണത്തെ കാണാൻ. ഇവർ കൊട്ടിഘോഷിക്കുന്ന ദേശസ്നേഹത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ കൊളോണിയൽ കാലത്തും സാമ്രാജ്യത്വ കോർപറേറ്റ് മൂലധന ശക്തികൾക്ക് രാജ്യത്തെ ഇവർ ഒറ്റിക്കൊടുത്തതും ഇപ്പോൾ ഒറ്റിക്കൊടുത്തുകൊണ്ടിരിക്കുന്നതുമായ കാഴ്ചയാണ് വീക്ഷിക്കാനാവുന്നത്. ഗോഡ്സെയുടെ നാമത്തിൽ ക്ഷേത്രം പണിയുന്നത്, മനുസ്മൃതി ഭരണഘടനയാക്കണമെന്ന് ചിന്തിക്കുന്നത്, കാവിക്കൊടി ദേശീയ പതാകയാക്കണമെന്ന് ഉള്ളിലിരിപ്പുള്ളതുമാണ് സംഘപരിവാറിന്റെ ദേശസ്നേഹം. വേദം കേൾക്കുന്നവന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുന്നതും, ഏകലവ്യന്റെ വിരലറുക്കുന്നതും ശംബുവിന്റെ കഴുത്തറുക്കുന്നതുമാണ് ഇവരുടെ പൂർവ്വസംസ്കാരം.

അംബേദ്കറുടെ ചിന്താധാരയേയും തത്വശാസ്ത്രത്തേയും എ.ബി.വി.പി. വികൃതവത്കരിച്ചതിനെതിരെയുള്ള പോരാട്ടത്തിന്റെ രക്തസാക്ഷിയാണ് രോഹിത് വെമുല. അദ്ദേഹത്തിന്റെ ഒന്നാം രക്തസാക്ഷിത്വ വാർഷികം ജാതി വ്യവസ്ഥയെ തച്ചുതകർക്കുന്നതിനുള്ള പോരാട്ടത്തിനും ദളിതർക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്കും നമുക്ക് പ്രചോദനമാകണം. രോഹിതിന്റെ രക്തസാക്ഷിത്വം അവശേഷിപ്പിച്ചിട്ടുപോയ അദ്ദേഹത്തിന്റെ ആശങ്കകൾ ദൂരീകരിക്കാനായി അനവരതം പ്രയത്നിക്കുകയും വേണം.

ദളിതർക്ക് മുന്നിൽ ഭരണകൂടം വച്ചുനീട്ടുന്ന നക്കാപ്പിച്ച ആനുകൂല്യങ്ങൾക്ക് വിലപേശുകയും സമരം ചെയ്യുന്നതിനുമപ്പുറം ജാതി ഉന്മൂലനം ചെയ്യുകയെന്ന അംബേദ്കറുടെ ലക്ഷ്യത്തിനുവേണ്ടിയുള്ള പോരാട്ടമാണ് വേണ്ടത്. പ്രത്യേകിച്ചും പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരേയുള്ള അക്രമം തടയാനുള്ള 1989 ലെ നിയമം നടപ്പിലാക്കാനുള്ള പ്രക്ഷോഭത്തിനായി മുന്നോട്ടിറങ്ങാനായി രോഹിത് വെമുലയുടെ ഒന്നാം രക്ഷസാക്ഷിത്വം ഊർജ്ജം നല്കണം. ഒപ്പം നമുക്ക് ഇന്ത്യൻ സാഹചര്യത്തിൽ ജാതി ഉന്മൂലനത്തിനായുള്ള പോരാട്ടം വർഗ്ഗസമരത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കാനുമാകണം. •



**വിനോദ് കുമാർ ദാമോദർ**
**9446352141**

# ഐ. ടി. നഗരത്തിലെ - സ്റ്റീൽ ഫ്ളൈ ഓവർ - ക്ഷുഭിതരായി പൊതുജനം.

**ബം**ഗളൂരു നഗരത്തിലേ പുതിയ വിവാദമാണ് 1800 കോടി രൂപ ചിലവുവരുന്ന ഏഴു കിലോമീറ്റർ നീളത്തിലെ സ്റ്റീൽ ഫ്ളൈ ഓവർ. പൊതുവേ പ്രതികരണശേഷി വളരെ ശക്തമായ നിലപാടുള്ള ബംഗ്ളൂരിലെ ജനങ്ങൾ ഈ ഫ്ളൈ ഓവർ നിർമ്മാണം ശക്തമായ രീതിയിൽ എതിർക്കുന്നുണ്ട്. കാരണം അവരുടെ അഭിപ്രായത്തിൽ ഇതൊരു വൈ. ഐ. പി. ഫ്ളൈ ഓവറാണ്. മാത്രവുമല്ല പരിസ്ഥിതി നാശത്തിന്റെ കാരണം തന്നെ ഈ ഫ്ളൈ ഓവറിനെ എതിർക്കാൻ ഒരു പ്രധാന ആയുധമായി ജനങ്ങൾ കാണുന്നു. എണ്ണൂറിലധികം മരങ്ങൾ മുറിച്ചുമാറ്റേണ്ടി വരുന്ന ഒരു പദ്ധതിയിലേ പകരം തൈ നടൽ വാഗ്ദാനമൊന്നും ജനങ്ങൾക്ക് സംതൃപ്തമായ പോംവഴിയില്ല. 2018ലെ ഇലക്ഷൻ മുൻപിൽ കണ്ടുള്ള ഒരു പദ്ധതി മാത്രമാണിതെന്നാണ് ജനങ്ങൾ പറയുന്നത്. കൂടാതെ സ്റ്റീൽ ഫ്ളൈ ഓവർ നിയമസഭാ മന്ദിരത്തിന്റെ അടുത്തുനിന്നും തുടങ്ങി എയർ പോർട്ട് വരെ നീളുന്നതിലും ചില പ്രത്യേക ലക്ഷ്യം കാണുന്നുണ്ട്. ഇതൊരു വി. ഐ. പി. ഫ്ളൈ ഓവറാണെന്നാണ് സാമൂഹിക സംഘടനകൾ ചൂണ്ടിക്കാണിക്കുന്നത്.

കാരണം ഈ സംരംഭം അധികവും ഗുണം ചെയ്യുന്നത് വൻകിടക്കാർക്കും ജനപ്രതിനിധികൾക്കുമാണ്. പല വിവാദങ്ങൾക്കും ശേഷം സംസ്ഥാന സർക്കാർ വീണ്ടും ഈയൊരു വിവാദത്തിൽ പെട്ടത് വളരെയധികം ജനങ്ങളെ രോഷാകുലരാക്കിയിരിക്കുകയാണ്.

പൂർണ്ണമായും സ്റ്റീൽ ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഈ ഫ്ളൈഓവറിന് പകരം മറ്റു ചിലവ് കുറഞ്ഞ നഗരത്തിലെ തിരക്കുകുറയ്ക്കുവാനുപയോഗിക്കാവുന്ന വഴികൾ ആരായണമെന്ന പൊതുജനത്തിന്റെ ആവശ്യം പൂർണ്ണമായും തള്ളിയ സർക്കാർ നടപടിയാണ് ജനങ്ങളെ ചൊടിപ്പിച്ചത്. അതുകൊണ്ടു തന്നെ നഗരത്തിലെ പ്രമുഖരായ രാഷ്ട്രീയക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങിയിരിക്കുകയാണ് സർക്കാർ എന്നാണ് കണക്കാക്കേണ്ടത്. എന്തുതന്നെയായാലും ഇപ്പോൾ നാഷണൽ ഹരിത ട്രിബ്യൂൺ പദ്ധതി സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും സ്റ്റേ താൽക്കാലികമാണെന്നത് ക്ഷീണമാണ്. •

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി - 15 രൂപ**
**ഒരു വർഷത്തേക്ക് - 170 രൂപ**
**രണ്ടു വർഷത്തേക്ക് - 330 രൂപ**
**മൂന്നു വർഷത്തേക്ക് - 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

## ലേഖനം



സുമൻ വയറത്ത്
9744621200

# ക്ഷമയുടെ വെളിച്ചം, പ്രതീക്ഷയുടേയും...

**പ**ണ്ട് മനുഷ്യൻ ഭയന്നിരുന്നത് മൃഗങ്ങളെയാണ്. എന്നാലിന്ന് മനുഷ്യൻ ഭയക്കുന്നത് മനുഷ്യനെത്തന്നെയാണ്. തുല്യതയുടെ കണക്കുകൾ തീർക്കാൻ കബന്ധങ്ങളുടെ എണ്ണം കൂട്ടുന്നു. ചുടുനിണഗന്ധം പരക്കുന്ന തെരുവുകളും വർദ്ധിക്കുന്നു. ദുഃഖം പോലെ തന്നെ ഭയവും മനസ്സിൽ നിന്ന് വിട്ടുമാറുന്നില്ല.

ഇവിടെ ഇടഞ്ഞു നില്ക്കുന്നവരുടെ മനസ്സുമാറ്റാൻ കഴിയുമെന്നു തോന്നുന്നില്ല. ഉപദേശത്തിന്റെ കാലം കഴിഞ്ഞുവെന്നു തോന്നുന്നു.

'അംഗുലിമാല'ന്റെ ഒരു കഥയുണ്ട്. വിരലുകൾ കൊണ്ട് മാലയണിയുന്നവൻ എന്നാണ് ആ പേരിനർത്ഥം. അയാൾക്ക് ഒരു പ്രതിജ്ഞയുണ്ടായിരുന്നു. ആയിരം പേരെ കൊന്ന് അവരുടെ വിരലുകൾ വെട്ടിയെടുത്ത് അതു കൊണ്ട് മാലയുണ്ടാക്കിയണിയുവാൻ. 999 പേരെയും കൊന്ന് അവരുടെ വിരലുകൾ കൊണ്ട് മാലയുണ്ടാക്കി. 1000 – മത്തെ ആളെത്തേടി നടക്കുകയായിരുന്നു. അപ്പോഴാണ് ശ്രീബുദ്ധൻ അയാളുടെ മുന്നിൽ ചെന്നുപെട്ടത്. അംഗുലിമാലന് സന്തോഷമായി. അയാൾ അട്ടഹസിച്ചു: "നില്ക്കവിടെ, ഞാനന്വേഷിക്കുന്ന ആയിരാമത്തെ ആളാണ് നീ. നിന്നെ കൊന്ന് നിന്റെ വിരലുകൾ വെട്ടിയെടുത്ത് മാലയിൽ കോർത്ത് എന്റെ പ്രതിജ്ഞ നിറവേറ്റണം."

ശ്രീബുദ്ധൻ ഒരു ഭാവവ്യത്യാസവും കൂടാതെ പറഞ്ഞു – "നോക്കൂ, ഈ ഭൂമിയിൽ ജനിച്ചവരെല്ലാവരും നീയും ഞാനുമടക്കം ഇന്നല്ലെങ്കിൽ നാളെ മരിയ്ക്കും. അതിനാൽ നിനക്ക് എന്നെ കൊല്ലാം. നിന്റെ കൈ കൊണ്ടാവുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ. ശ്രീബുദ്ധൻ ഒരു പുഞ്ചിരിയോടുകൂടി അംഗുലിമാലനെ നോക്കിനിന്നു. ആ കണ്ണുകളിൽ വല്ലാത്തൊരു ശാന്തത അലതല്ലിയിരുന്നു. അദ്ദേഹം കണ്ണുകളടച്ച് ക്ഷമയോടെ അംഗുലിമാലന്റെ മുന്നിൽ തലകുനിച്ചുനിന്നു.

ഒരു പ്രാണിയെപ്പോലും നോവിക്കാത്ത, പൂർണ്ണ ഭയരഹിതനായ, ഭൂമിയിലെ ഏറ്റവും സുന്ദരനായ, ഏറ്റവും ക്ഷമാശീലനായ, മനുഷ്യസ്നേഹിയായ ശ്രീ ബുദ്ധന്റെ സാമീപ്യം, അദ്ദേഹത്തിന്റെ ആത്മചൈതന്യത്തിന്റെ പ്രഭാവം അംഗുലിമാലനിൽ പ്രസരിക്കുകയായിരുന്നു. അയാളുടെ മനസ്സ് മാറുകയായിരുന്നു. അയാൾ മാറുക തന്നെ ചെയ്തു. അംഗുലിമാലൻ ശ്രീബുദ്ധന്റെ പാദങ്ങളിൽ വീണു. അംഗുലിമാലന് ശ്രീബുദ്ധനെ മാറ്റാൻ കഴിഞ്ഞില്ല. എന്നാൽ ശ്രീബുദ്ധന് അംഗുലിമാലനെ മാറ്റാൻ കഴിഞ്ഞു.

ഇതുപോലെയുള്ള ഒരവസ്ഥാവിശേഷം ഇനി ഉണ്ടാവുമോ? ആരെങ്കിലും ഒരു തെറ്റു ചെയ്യുമ്പോൾ അതൊരു തെറ്റാണെന്ന് മനസ്സിലാക്കുകയും മറ്റൊരാൾ തെറ്റു ചെയ്യുമ്പോൾ അതു പൊറുക്കാനുള്ള മനസ്സുണ്ടാവുകയും ചെയ്യുമോ ? ഇത് അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. നമ്മുടെ സംസ്കാരത്തെ ഒരു ക്യാൻസർ എന്ന പോലെ ഈ കൊടും പാതകങ്ങൾ വ്യാപിക്കുകയാണ്. ശരിയായ ലക്ഷ്യത്തിലെത്തിച്ചേരാൻ ശരിയായ മാർഗ്ഗത്തിനെ കഴിയുകയുള്ളൂ. സ്നേഹത്തിൽ പരസ്പരധാരണയിൽ ഉറച്ചുനില്ക്കുന്ന ഒരു മാനവികതയ്ക്കു മാത്രമെ ഇനിയുള്ള തലമുറകളെ രക്ഷിക്കാൻ കഴിയു. •

## കവിത



# ഒറ്റയും കൂട്ടവും

സീന തച്ചങ്ങാട്
8594052094

ഒറ്റ
അണികളില്ലാതെ കയ്യൂക്ക് കാണിച്ചത്
കുറിക്ക് കൊണ്ടില്ല
അത് ചത്തിടത്തുനിന്നും
ഒരായിരം കൂട്ടമുണ്ടായി.

കൂട്ടത്തെ ഭയക്കണം
ഒന്നിനു പിറകെ ഒന്നൊന്നായി
മുലകൾ നടന്നുപോവുമ്പോൾ
അവ കമന്റടിക്കും.

എത്രയോ ശരികളെ കൂട്ടം തെറ്റിച്ചു
തെറ്റുകളെ വഴി തിരിച്ചുവിട്ടു.
ധർമ്മവും അധർമ്മവും തറക്കല്ലുകളായി.
എന്നിട്ടും കൂട്ടമെല്ലാറ്റിനേയും ഭരിക്കുന്നു.

എഴുത്തുപുരയുടെ കാവൽക്കാരനെ
കല്ലെറിയാൻ പഠിപ്പിച്ചതും
മൂത്രപ്പുരയുടെ ചുവരിൽ
അസഭ്യമെഴുതിയതും
ഒറ്റയും കൂട്ടവും ചേർന്നായിരുന്നു.

എപ്പോൾ വേണമെങ്കിലും
ജീവിക്കുകയും മരിക്കുകയും ചെയ്യാവുന്ന
ഈ ഭൂമിയിൽ
മണ്ണിനു വിലയിട്ടതാരെന്നറിയില്ല.

ഒരു പൊങ്ങുതടി കണക്കെ
ഒഴുകിപ്പോകുമ്പോഴും
തലക്കനം സൃഷ്ടിച്ച്
മാംസം തുപ്പിയതാരെന്നറിയില്ല.


പെണ്ണുരുകുമ്പോൾ
ഉടൽച്ചൂട് തേടി വന്നവൻ 'മനുഷ്യനായി'
അവൻ കുത്തിയിളക്കിവിട്ട ചോരയിൽ
അരി വേവിച്ചു തിന്നതാരെന്നറിയില്ല.

ഇനിയറിയാനിരിക്കുന്നതിനെ
എത്രകണ്ട് ഭയപ്പെടുന്നുവോ
അത്രകണ്ട് ഭയമുണ്ട്
ഇതുവരെയറിഞ്ഞതിനോടെല്ലാം.

ബന്ധം വേർപിരിഞ്ഞെങ്കിലും
ചിലപ്പോഴൊക്കെ ആരും കാണാതെ
ഒറ്റയും കൂട്ടവും
അനാശാസ്യത്തിലേർപ്പെടാറുണ്ടായിരുന്നു.
നിർഭാഗ്യവശാൽ എല്ലാവരും
പിടിക്കപ്പെട്ടില്ല
അതെത്ര ദയനീയം !

# ലേഖനം

# ചുമടെടുക്കുന്ന വിദ്യാർത്ഥികൾ - പരിഹാരമില്ലേ ?




ടി. വി. നാരായണൻകുട്ടി

9446030344


തങ്ങൾക്കാവുന്നതിലധികം പുസ്തകങ്ങളും പേറി, മുതുക് വളഞ്ഞ് സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ ദുരവസ്ഥ നാം ഇന്നോ, ഇന്നലെയോ കാണാൻ തുടങ്ങിയതല്ല. ഇതിന്നൊരു പരിഹാരം കാണാൻ ശ്രമിക്കാത്തതെന്തേ ? എന്ന ചോദ്യം പലരും സ്വയം ചോദിച്ചിട്ടുമുണ്ടാകാം. പക്ഷെ പ്രശ്നം ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്നു. ഇത് പറയുമ്പോൾ ചിലർ പറയുന്നത് ഇങ്ങിനെ. "അതൊക്കെ സാധാരണം..." മറ്റുചിലർ "അവരൊക്കെ സ്കൂൾ ബസ്സിലല്ലെ പോകുന്നത് പിന്നെന്താ പ്രശ്നം ?" ഇങ്ങിനെ ലാഘവമായി തള്ളിക്കളയേണ്ട ഒന്നാണോ ഈ പ്രശ്നം ?


അമിതഭാരം മൂലം ശാരീരിക പ്രശ്നങ്ങളോടൊപ്പം, മാനസിക പ്രശ്നങ്ങളും അവർക്കനുഭവിക്കേണ്ടി വരുന്നുവെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. പക്ഷെ ഈ ചുമടെടുക്കൽ ഓരോ കുട്ടിയും തങ്ങളുടെ പഠിത്തത്തിന്റെ ഭാഗമാണെന്ന വിചാരത്തിലിരിക്കുന്നുവെന്നുമാത്രം. ഇക്കാര്യത്തിൽ എനിക്ക് തോന്നിയ ചില കാര്യങ്ങൾ നിർദ്ദേശിക്കാനാണ് ഞാനിവിടെ ശ്രമിക്കുന്നത്. ഇത് എത്രത്തോളം പ്രായോഗികമാക്കാൻ പറ്റുമെന്ന്, ഈ രംഗവുമായി ബന്ധപ്പെട്ട പ്രഗൽഭമതികളായ വ്യക്തികൾ തീരുമാനിക്കട്ടെ.

നിലവിൽ ദിവസേന ഏഴ് പീരിയഡുകളാണ് ക്ലാസ്സുകളെന്ന് തോന്നുന്നു. ഇതിന്നായി ആറ് വിഷയങ്ങളുടെ ടെക്സ്റ്റും, നോട്ട് ബുക്കും, മറ്റ് അനുബന്ധ പുസ്തകങ്ങളും ചുമക്കണം. ഏതാണ്ട് 40 – 45 മിനിട്ടാണ് ഓരോ പീരിയേഡ് - ടൈംടേബിളിൽ ദിവസവും ആറ് വിഷയം എന്നത് മൂന്ന് വിഷയമാക്കുകയും, ഓരോ വിഷയത്തിനും രണ്ട് പീരിയേഡുകൾ ഒരു ദിവസം അനുവദിക്കുകയും ചെയ്യുക. ഇങ്ങിനെ വരുമ്പോൾ പുസ്തകങ്ങളുടെ ഭാരം ഏതാണ്ട് 50 ശതമാനം കുറയും. ഇപ്പോൾ ഒരു വിഷയത്തിൽ ട്യൂഷനെടുക്കുന്ന ഒരദ്ധ്യാപകൻ, ഒന്നര, രണ്ട് മണിക്കൂറോളം ഒരു വിഷയത്തിൽ ക്ലാസ്സെടുക്കുന്നില്ലേ? മാത്രമല്ല ഒരു വിഷയത്തിൽ ഒരദ്ധ്യായം പഠിപ്പിക്കേണ്ട അദ്ധ്യാപകന് തുടർച്ചയായി ഇരട്ടിസമയം ലഭിക്കുമ്പോൾ മുൻപത്തെപോലെ അദ്ധ്യായങ്ങൾക്കിടയിലെ ഇടവേള കുറച്ച് പഠിപ്പിക്കാനും സാധിക്കും. സാധാരണ ഒരു പിരിയേഡിൽ ഒരദ്ധ്യായം പഠിപ്പിക്കാൻ കഴിയാതിരുന്നാൽ, അടുത്ത ദിവസം, നേരത്തെ നിർത്തിയതിൽ നിന്ന് അല്പം പുറകോട്ടുപോയി വീണ്ടും തുടരേണ്ട അവസ്ഥ ചിലർക്കെങ്കിലും വരാറുണ്ട്. ഇതൊഴിവാക്കി കുറച്ചുസമയം ലാഭിക്കാൻ ഇതിലൂടെ കഴിയും. മാത്രമല്ല മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി പല ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളായതും, പഠനസഹായികൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതും തുടർച്ചയായി രണ്ട് പീരിയഡ് ക്ലാസ്സെടുക്കുന്നത് മൂലം കുട്ടികൾക്കുണ്ടാവുന്ന മടുപ്പ് ഒഴിവാക്കാനും സാധിക്കും. തുടർച്ചയായി ഒരേവിഷയം പഠിക്കുമ്പോഴുള്ള മടുപ്പ് ഒഴിവാക്കാൻ ഇടക്ക് ഒരഞ്ചുമിനിട്ട് ഇടവേള നൽകി, അദ്ധ്യാപകന് കുട്ടികളുമായി, പാഠഭാഗവുമായി ബന്ധപ്പെടാത്ത, അതായത്, കുട്ടികൾ പണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ ? എന്ന കാര്യത്തിൽ ഒരു തുറന്ന സംവാദത്തിന്, സമയം കണ്ടെത്തുകയോ, അതല്ലെങ്കിൽ അന്നന്ന് സമൂഹത്തിൽ നടന്ന ഏതെങ്കിലും പ്രശ്നങ്ങൾ, ക്രിയാത്മകമായി ചർച്ച ചെയ്യുവാനുള്ള സമയം കണ്ടെത്തുകയോ ചെയ്യാവുന്നതാണ്. ഇക്കാര്യം അതത് അദ്ധ്യാപകരുടെ ഇഷ്ടത്തിന് വിടുന്നതാണ് നല്ലത്. ഇങ്ങിനെ വരുമ്പോൾ ഈ ഇടവേള കഴിയുമ്പോൾ കുട്ടികൾ കൂടുതൽ ഊർജ്ജസ്വലരാവുകയും തുടർന്ന് പാഠഭാഗങ്ങൾ തുടരുകയും ചെയ്യാം. ഈ ഇടവേള അഞ്ച് മിനിട്ടിന് പകരം പരമാവധി പത്ത് മിനിട്ട് ആയാലും അതൊരു നഷ്ടമാവില്ല.

ആറ് ദിവസം കൊണ്ട് പഠിക്കേണ്ട ഭാഗങ്ങൾ മൂന്നു ദിവസം കൊണ്ട് പഠിച്ച് കഴിയുമ്പോൾ, ദിവസവും, പുനർവായനയും എഴുതി പഠിക്കലും നടത്തുന്ന വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ അല്പം സമയം ലാഭിക്കാം. ഇത് പഠനത്തിന്റെ കാര്യത്തിൽ അവന് നേരിടേണ്ടിവരുന്ന സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കും. ദിവസവും ക്ലാസ്സിൽ കാണുന്ന അദ്ധ്യാപകനെ രണ്ടോ, മൂന്നോ ദിവസത്തെ ഇടവേളയ്ക്ക് ശേഷം കാണുമ്പോഴുള്ള സ്ഥിതിയൊന്നാലോചിച്ചുനോക്കൂ. ഈ സാഹചര്യവും കുട്ടികളിൽ അനുകൂലമായ മാനസിക സാഹചര്യം സൃഷ്ടിക്കും. ഓരോ വിഷയങ്ങൾ പഠിക്കുന്നതിലെ ഇടവേളകൾ കൂടുന്നതും ഇതേ അനുഭവമാണ് കുട്ടികൾക്ക് പ്രദാനം ചെയ്യുക.

വിദ്യാഭ്യാസരംഗത്ത് പലതരം പരീക്ഷണങ്ങൾ നടത്തുന്ന ഇക്കാലത്ത് ഇതൊന്ന് പരീക്ഷിച്ച് നോക്കുന്നതിൽ വിരോധമുണ്ടോ ? നോക്കുകൂലിയും, ചുമട്ടുകൂലിയും വാങ്ങാതെ ചുമടെടുക്കുന്ന ഇവർക്ക് എന്നാണിതിൽ നിന്നൊരു മോചനമുണ്ടാവുക.

# കവിത





ശശി എൻ. എ

9847103282


## കോപിഷ്ഠ

കോപമാണിന്നെന്റെ ഭാഷ്യം
കോപമാണിന്നെന്റെ ദോഷം.
കോപമില്ലാത്തൊരുനേരമില്ല
കോപിച്ചിട്ടിന്നൊരുകാര്യമില്ല.
ബാല്യ-കൗമാരങ്ങളിൽ ഞാനൊരു
കോപിഷ്ഠയായിരുന്നതില്ല
മാതാപിതാക്കൾക്ക് ഞാനൊരു
താങ്ങായ്, തണലായിമാറുംനേരം.
ജീവിതസാഹചര്യങ്ങളിലെപ്പോഴോ-
ഞാനൊരു കോപിഷ്ഠയായി മാറി.
എന്നിലെ കോപം
എത്രയാണെങ്കിലും
എന്നെയൊരാൾ മാത്രം
തിരിച്ചറിഞ്ഞു
എന്നിലൊരാശ്വാസം പകർന്നുതന്നു.

**ലേഖനം**



അരവിന്ദൻ
9745935385, 0494 - 2682899

# എണ്ണമറ്റ അവാർഡുകൾ

**അ**വാർഡു പ്രഖ്യാപനങ്ങളും അവാർഡു വിതരണങ്ങളും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത് എന്ന് ആരും സമ്മതിക്കും. എന്തെങ്കിലും ഏതെങ്കിലും അവാർഡു വാർത്തകളില്ലാതെ ദിനപത്രങ്ങൾ കാണാൻ കഴിയാതെയായിരിക്കുന്നുവെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. കൂൺ മുളച്ചു പൊന്തുന്നതുപോലെ വർദ്ധിച്ചുവരുന്ന പുതിയ പുതിയ അവാർഡു വാർത്തകൾ വായിക്കാനുള്ള ഔൽസുക്യം ഇന്ന് വായനക്കാർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. എണ്ണം കൂടുന്നതിനനുസരിച്ച് അവാർഡുകളുടെ പ്രാധാന്യത്തിനും മഹത്വത്തിനും മൂല്യത്തിനും മങ്ങലേറ്റിരിക്കുന്നു.

വർഷങ്ങൾക്കുമുമ്പ് വിരലിലെണ്ണാവുന്ന പുരസ്കാരങ്ങളെ മലയാള സാഹിത്യ രംഗത്തുണ്ടായിരുന്നുള്ളൂ. അവയിൽ മുഖ്യമായതു കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്. കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവയായിരുന്നു. അവാർഡ് ജേതാക്കളെ ജനം അന്ന് ആദരവോടെയാണ് നോക്കിയിരുന്നത്. അവരുടെ പുസ്തകങ്ങൾ വാങ്ങാനും വായിക്കാനും ജനം തല്പരരായിരുന്നു. അവരെ കാണാനും അവരുടെ പ്രഭാഷണങ്ങൾ കേൾക്കാനും ജനം കണ്ണും കാതും കൂർപ്പിച്ചുനിന്നു. അന്ന് അവാർഡുകൾ നല്ല സൃഷ്ടികളെ തിരഞ്ഞെടുക്കുകയായിരുന്നു. ഔദ്യോഗിക പദവി, രാഷ്ട്രീയം, മതം, ധനം എന്നിവയുടെ സ്വാധീനം അവാർഡു നിർണ്ണയത്തിൽ കാര്യമായി കടന്നുചെന്നിരുന്നില്ല. ഇന്നതല്ല സ്ഥിതി. അവാർഡുകൾക്ക് പിന്നിൽ പല കളികളും നടക്കുന്നു. (എല്ലാ അവാർഡുകളേയും ഉദ്ദേശിച്ചല്ല പറയുന്നത്. വളരെ നല്ല നിലയിൽ നിഷ്പക്ഷതയോടെ നടത്തപ്പെടുന്ന പല അവാർഡുകളും നിലനില്ക്കുന്നുവെന്ന താശ്വാസം തന്നെ).

മേല്പ്പറഞ്ഞ അവാർഡുകൾക്കുപുറമെ ജ്ഞാനപീഠം അവാർഡ്, ഗുർറാം ജോഷ്വാ ലിറ്ററി അവാർഡ്, സരസ്വതി സമ്മാൻ, കബീർ പുരസ്ക്കാരം തുടങ്ങിയ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള അവാർഡുകൾ സാഹിത്യപുരസ്ക്കാരങ്ങളുടെ കൂട്ടത്തിൽ ഉന്നത സ്ഥാനങ്ങൾ നേടി.

കേരള സാഹിത്യ അക്കാദമിയുടെ എൻഡോവ്മെന്റ് അവാർഡുകൾ, മാതൃഭൂമി അവാർഡ്, മാതാ അമൃതാനന്ദമയീ പുരസ്ക്കാരം എന്നിവ ജനം ഉറ്റുനോക്കുന്ന മറ്റ് അവാർഡുകളായി മാറി. പ്രശസ്ത സാഹിത്യകാരന്മാരുടെ സ്മരണയ്ക്കായി ഉടലെടുത്ത ഉള്ളൂർ, ആശാൻ, അന്തർജ്ജനം, വള്ളത്തോൾ, സഞ്ജയൻ, മുട്ടത്തുവർക്കി, മലയാറ്റൂർ അവാർഡുകളും പ്രാധാന്യമർഹിക്കുന്ന പുരസ്ക്കാരങ്ങളായി ഇന്ന് കണക്കാക്കപ്പെടുന്നു. കേട്ടറിഞ്ഞ മറ്റു പ്രധാന അവാർഡുകൾ ഓടക്കുഴൽ അവാർഡ്, പത്മപ്രഭാപുരസ്ക്കാരം, പട്ടത്താനം അവാർഡ്, ദല കൊച്ചുബാവ സാഹിത്യ പുരസ്ക്കാരം, പൂന്താനം അവാർഡ്, തകഴി സ്മാരക അവാർഡ്, പി. പുരസ്ക്കാരം, കുട്ടേട്ടൻ പുരസ്ക്കാരങ്ങൾ, വി. ടി. സ്മാരക അവാർഡ്, ഇടശ്ശേരി അവാർഡ്, പി. ഭാസ്ക്കരൻ പുരസ്ക്കാരം എന്നിവയാണ്. അവാർഡുകളുടെ പട്ടിക ഇനിയും നീളുന്നു. അവയിൽ ചിലതുമാത്രം താഴെ കാണിക്കുന്നു.

കൃഷ്ണഗീതി പുരസ്ക്കാരം, ബാലഗോകുലം കൃഷ്ണാഷ്ടമി അവാർഡ്, ദേവിപ്രസാദം അവാർഡ്, കെ. പി. നാരായണപ്പിഷാരടി പുരസ്ക്കാരം, ശിവപത്മം പുരസ്കാരം, സ്ത്രീശക്തി പുരസ്കാരം, എ. കെ. പി. അവാർഡ്, സി. വി. കുഞ്ഞുരാമൻ പുരസ്കാരം, പി. പി. ഗോപാലൻ പഠനകേന്ദ്രത്തിന്റെ സംസ്ഥാന കവിതാ പുരസ്കാരം, ഗോൾഡൻ ഫോക് പുരസ്കാരം, കെ. വി. ഡാനിയൽ പുരസ്കാരം, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡുകൾ, വി. സി. അവാർഡ്, പൂർണ്ണതയുടെ ഉറുബ് അവാർഡുകൾ, ഇ. വി. ജി. സാഹിത്യ പുരസ്കാരം, മെഹാബൂബമില്ലത്ത് അവാർഡ്, പെരുന്തച്ചൻ പുരസ്കാരം, മിത്രവേദി അവാർഡ്, അസീസ് സ്മാരക പുരസ്കാരം, ടി. എൻ. കുമാരൻ പുരസ്കാരം, സപര്യ സാഹിത്യ പുരസ്കാരം, ശാന്തകുമാരൻ തമ്പി പുരസ്കാരം, നവകം അവാർഡുകൾ, എ. എ. മലയാളി പുരസ്കാരം, ഓട്ടൂർ ഉണ്ണി നമ്പൂതിരി പുരസ്ക്കാരം, എൻ. എൻ. പിള്ള സ്മാരക പുരസ്കാരം, തായാട്ടു അവാർഡ്, അബുദാബി ശക്തി അവാർഡ്, ടി. കെ. രാമകൃഷ്ണൻ അവാർഡ്, പവനൻ സ്മാരക അവാർഡ്, കേശവദേവ് പുരസ്കാരം, വൈലോപ്പിള്ളി പുരസ്കാരം, മുള്ളൂർ സ്മാരക സമിതി അവാർഡ്, കോഴിശ്ശേരി ബാലരാമൻ സാഹിത്യ പുരസ്കാരം, കുസുമാഗ്രജ് പുരസ്കാരം, പാലാ പുരസ്കാരം, തനിമ പുരസ്കാരം, പാല കെ. എം. മാത്യു ഫൗണ്ടേഷൻ അവാർഡ്, ഗണേശ് സ്മാരക കഥാപുരസ്കാരം, എസ്. ഗുപ്തൻ നായർ പുരസ്കാരം, എസ്. എൽ. പുരം പുരസ്കാരം, ബഷീർ പുരസ്കാരം, ശ്രീ ശൈലം പുരസ്കാരം, തിക്കോടിയൻ അവാർഡ്, പ്രേംജി പുരസ്കാരം, ഒ. വി. വിജയൻ അവാർഡ്, ഭാരതീയ ഭാഷാ പരിഷത്ത് പുരസ്കാരം, മലയാറ്റൂർ അവാർഡ്, പുസ്തകമേള പുരസ്കാരങ്ങൾ, തോപ്പിൽ രവി അവാർഡ്, ഭീമ ബാലസാഹിത്യ പുരസ്കാരം, അങ്കണം ഇ. പി. സുഷമ എൻഡോവ്മെന്റ്, കേളികഥാപുരസ്കാരം, പ്രേംജി പുരസ്കാരം, പി. കെ. ബാലാമണിയമ്മ പുരസ്കാരം, കമലദളം അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, നമ്പീശൻ പുരസ്കാരം, വാഗ്ഭടാനന്ദ പുരസ്കാരം, പൈതൃകം ഗുരുവായൂരിന്റെ കർമ്മശ്രേഷ്ഠ പുരസ്കാരം, ഒ. കെ. ആർ. പുരസ്കാരം, ഡോ. കെ. എൻ. എഴുത്തച്ഛൻ പുരസ്കാരം, ചെറുകാട് അവാർഡ്, കമല സുരയ്യാ പുരസ്കാരം, ലൈബ്രറി കൗൺസിൽ പുരസ്കാരം, ടാഗോർ അവാർഡ്, നരേന്ദ്രപ്രസാദ് ഫൗണ്ടേഷന്റെ പുരസ്കാരങ്ങൾ, ഗീതാഹിരണ്യൻ അവാർഡ്, കെ. കെ. രാജ സ്മാരക പുരസ്കാരം, വിലാസിനി പുരസ്കാരം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം, പി. സ്മാരക പുരസ്കാരം, അദ്ധ്യാപിക കലാവേദിയുടെ പുരസ്കാരം, കാവ്യപഥം പുരസ്കാരം, ഡോ. കെ. ദാമോദരൻ സ്മാരക അവാർഡ്, പി. ബാലൻ പുരസ്കാരം, കലാക്ഷേത്ര പുരസ്കാരം, എൻ. വി. വിജ്ഞാന സാഹിത്യ

പുരസ്കാരം, പൂന്താനം കവിത അവാർഡ്, വള്ളത്തോൾ പുരസ്കാരം, സാഹിത്യ പരിഷത്ത് പുരസ്കാരം, കെ. ബാലകൃഷ്ണൻ പുരസ്കാരം, മനോലോകം പുരസ്കാരം, ടി. പി. സുകുമാരൻ പുരസ്കാരം, അവനീബാല പുരസ്കാരം, കാവ്യപഥം അവാർഡ്, ഇയ്യങ്കോട് ശ്രീധരൻ പുരസ്കാരം, ക്രിയേറ്റീവ് മൂവ്മെന്റ് പുരസ്കാരം, മുല്ലനേഴി പുരസ്കാരം, ബാലകൃഷ്ണൻ മാങ്ങാട് കഥാപുരസ്കാരം, അഴിക്കൽ കൃഷ്ണൻകുട്ടി പുരസ്കാരം, പാർവ്വതീ പത്മം പുരസ്കാരം,..... അന്ത്യമില്ലാത്ത വിധം പുതിയ പുതിയ അവാർഡുകൾ ജനിച്ചു കൊണ്ടേയിരിക്കുന്നു. അവാർഡ് ദാനക്കാരും പെരുകുന്നു. മൺ മറഞ്ഞ സാഹിത്യകാരന്മാരുടെ സ്മരണക്കായും വായനശാലകളുടേയും മറ്റു സംസ്ക്കാരിക സ്ഥാപനങ്ങളുടേയും സംഘടനകളുടേയും പേരിലും ജാതിമത രാഷ്ട്രീയാഭിരുചിക്കനുസൃതമായും അവാർഡുകൾ പിറന്നുകൊണ്ടിരിക്കുന്നു. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളും സമാന്തര പ്രസിദ്ധീകരണങ്ങളും അവാർഡുകൾ നൽകുന്നു. പക്ഷേ ഇതിൽ എത്ര അവാർഡുകൾ അർത്ഥവത്തും ഉൽകൃഷ്ടവുമാണെന്ന് ചുഴിഞ്ഞന്വേഷിക്കുമ്പോഴാണ് അവാർഡുകളിലെ കളികൾ കണ്ട് നാം അത്ഭുതസ്തബ്ധരാവുന്നത്. പണമുണ്ടെങ്കിൽ ഏതെങ്കിലുമൊരു അവാർഡ് കരസ്ഥമാക്കാൻ വിഷമമില്ലെന്ന് പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവാർഡ് തുകയും മറ്റു ഫലകങ്ങളും സ്വയം കൊടുത്തുകൊണ്ട് അവാർഡ് കൈപ്പറ്റുന്നവരുണ്ടത്രെ. അവാർഡുകൾ പ്രഖ്യാപിച്ച് കോപ്പികൾ സംഭരിച്ചു വിൽക്കുകയോ സ്വന്തം ലൈബ്രറി കൊഴുപ്പിക്കുകയോ ചെയ്യുന്നവരുമുണ്ടത്രെ. അവാർഡു തുക എത്രയാണെന്ന് പ്രഖ്യാപിക്കാതെ വളരെ തുച്ഛമായ ഒരു തുകയൊ, സമ്മാനമൊ കൊടുത്ത് എല്ലാം ഒരു മികച്ച നാടകമാക്കി മുതലെടുക്കുന്നവരുമുണ്ട്. അവാർഡ് വാങ്ങാനായി തീവണ്ടിയും, കാറും, ബസ്സും താണ്ടി വന്ന്, നൂറു നൂറ്റമ്പതു രൂപയും വാങ്ങി നെടുവീർപ്പിട്ടു മടങ്ങുന്ന അവാർഡു ജേതാക്കളുടെ കാര്യം കഷ്ടം തന്നെ.

പാർട്ടി വിലക്കുകൾ കണക്കാക്കാതെ സ്വന്തം അഭിപ്രായം തുറന്നടിച്ച ഒരു സാഹിത്യകാരനെ പാർട്ടിയുടെ വേദികളിലേക്ക് ക്ഷണിക്കരുതെന്ന് പാർട്ടി മേധാവിത്തം നിർദ്ദേശിച്ചതായി കേട്ടിട്ടുണ്ട്. അതുപോലെ ഒരു കലാസാംസ്കാരികവേദിയിൽ പങ്കെടുക്കാനായി ക്ഷണിക്കാൻ ചെന്ന അവസരത്തിൽ അതു മാത്രം പറയരുതെന്ന് കൈകൂപ്പി പറഞ്ഞ മറ്റൊരു സാഹിത്യകാരനെക്കുറിച്ചും കേട്ടിട്ടുണ്ട്. സമീപിച്ച കലാ സാംസ്കാരിക വേദിയുടെ സംഘാടകർ സാഹിത്യകാരൻ പ്രതിനിധീകരിക്കുന്ന വിഭാഗത്തിൽപ്പെട്ടവരല്ല എന്നതായിരുന്നു കാരണം. ആ നിലയിൽ പരിപാടിയിൽ പങ്കെടുത്താൽ ആ പ്രത്യേക വിഭാഗത്തിന്റെ തണലിൽ വളരുന്ന അയാൾക്ക് പിന്തുണ നഷ്ടപ്പെടുമോ എന്നായിരുന്നു ഭയം. ഒരു രാഷ്ട്രീയ പാർട്ടിയുടേയോ ശക്തമായ ഒരു സംഘടനയുടേയോ തണലുണ്ടായാൽ മാത്രമെ സാഹിത്യ രംഗത്ത് നിലനിൽക്കാൻ കഴിയൂ എന്ന് പലരും വിശ്വസിക്കുന്നു.

അവാർഡ് വിധി നിർണ്ണയിക്കുന്ന വ്യക്തികളെ തിരഞ്ഞെത്തി അവാർഡിനു കെഞ്ചുന്നവരെക്കുറിച്ചും വിധി നിർണ്ണയത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നവരെക്കുറിച്ചും എവിടെയോ വായിച്ചതായി ഓർക്കുന്നു. അവാർഡു തുകയും അവാർഡുദാനച്ചടങ്ങുകൾ കെങ്കേമമായി നടത്താനുള്ള ചെലവും കൊടുത്ത് അവാർഡ് വാങ്ങിക്കുന്നവർ ധാരാളമുണ്ടത്രെ. അവാർഡ് സ്പോൺസർ ചെയ്യിക്കാം പകുതി സംഖ്യ തന്നാലെന്നു പറയുന്ന സ്ഥാപനങ്ങളുമുണ്ടെന്നും കേട്ടിട്ടുണ്ട്. ഏറ്റവും രസകരമായ കാര്യം അവാർഡുകൾ നൽകിയതിനു ശേഷമാണ് ജനം അറിയുന്നത് എന്നതാണ്. സൃഷ്ടികൾ അയച്ചുകൊടുക്കുവാൻ പലപ്പോഴും എഴുത്തുകാർക്ക് അവസരം കിട്ടാറില്ല. അവാർഡുകൾക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പുകൾ മുഖ്യധാര പ്രസിദ്ധീകരണങ്ങളിൽ കൊടുക്കുകയാണെങ്കിൽ അവാർഡു വിതരണം കുറെക്കൂടെ സുതാര്യമാകും എന്നതുറപ്പാണ്.

ഇപ്പോഴത്തെ നില തുടരുകയാണെങ്കിൽ ചായക്കടക്കാരും കള്ളുഷാപ്പുകാരും കൊട്ടേഷൻ സംഘങ്ങളും അവാർഡുകൾ സ്പോൺസർ ചെയ്യുന്ന അവസ്ഥ വരും. പണമുണ്ടെങ്കിൽ അവാർഡുകൾ വിലയ്ക്കു വാങ്ങാമെന്ന നിലവരും. അവാർഡുകൾ വില്ക്കാനുണ്ട് എന്ന് പരസ്യം പോലും ഇനിയുള്ള നാളുകളിൽ വന്നുകൂടെന്നില്ല. ●

**EKA THATHWA**
**POST BOX NO 70**
**PALAKKAD - 678001**

# കവിത

## ചായുറങ്ങാത്ത വാവകൾ


കൃഷ്ണ എം. മേനോൻ
7559015257

ചൂടേറും മാറിലെയമ്മിഞ്ഞപ്പാലിന്റെ
മാധുര്യമറിയാത്തോർ ഞങ്ങൾ
ചേലെഴും താരാട്ടുപാട്ടിന്റെ
ശീലുകൾ കേട്ടുറങ്ങാത്തോർ
ഞങ്ങൾ
ചാലവെ കേട്ടിട്ടും പദനിസ്വനങ്ങളെ
പേടിച്ചുമിണ്ടാത്തോർ ഞങ്ങൾ
ഒരിക്കലുമാവോളം മതിയോളം
ചായുറങ്ങാത്തോർ ഞങ്ങൾ
ചെയ്തതെറ്റെന്തെന്നു
ചിന്തിച്ചുചിന്തിച്ചു
കണ്ണീരൊഴുക്കുന്നോർ ഞങ്ങൾ
ചാഞ്ഞും ചരിഞ്ഞും കിടന്നിട്ടും
കണ്ണിമ പൂട്ടാൻ
കഴിയാത്തോർ ഞങ്ങൾ
ആഞ്ഞിലിതൊട്ടിലിൽ
താരാട്ടുകേട്ടെന്നും മിഴിയിണ
പൂട്ടേണ്ടോർ ഞങ്ങൾ
ആർക്കും
വേണ്ടാതുപേക്ഷിച്ചതെന്തമ്മേ
ആവിശ്യമില്ലാഞ്ഞിട്ടാണോ ?
അമ്മ തരുന്നൊരു
സ്നിഗ്ദ്ധമാമുമ്മയെ എണ്ണാൻ
ശ്രമിക്കുന്ന ഞങ്ങൾ
അച്ഛൻ മുഖത്തിലെ ഘനമുള്ള
മീശതൻ കുത്തൽ
കൊതിക്കുന്നുഞങ്ങൾ
ആടുമീ തൊട്ടിലിലിട്ടേച്ചു
പോയതെന്തേയെന്നമ്മെ പറയൂ.
പെണ്ണായതാണോ ?
പെരുംപാടായിട്ടാണോ ?
ആരേലും ചൊല്ലിയിട്ടാണോ ?
കരുവിലെ തന്നെ കല്ലറ
തീർക്കാതെയെന്തെ
വളർത്തിയെന്നമ്മെ
കള്ളിപ്പാലിന്റെ തുള്ളികൾ
ചൊടികളിൽ വീഴ്ത്താതെ
എന്തിനായ് തന്നു ഈ ജന്മം ?
എന്നും ശപിക്കാനും,
പഴികൾ കേൾക്കാനും,
എന്നും കരയാനുമാണോ ?
എന്നുമുറങ്ങാതെ
പേടിച്ചുനാളുകളെണ്ണി
ക്കഴിക്കാനായാണോ ?
സാന്ത്വനമായ് വരുന്നൊരു
വിശിഷ്ടദിനങ്ങളെ
കാത്തിരിപ്പൂ ഈ ഞങ്ങൾ
ആരേലും
നൽകുമൊരല്പസുഖങ്ങളെ
ഓർത്തിനിയേലുമുറങ്ങട്ടെ ഞങ്ങൾ.

# എന്റെ അഭിനയ സ്മരണകൾ

## ഭാഗം - 1

മുക്കം ഭാസി
9846138693



# അഭിനയത്തിന്റെ ബീജാവാപം

**സാ**മൂതിരിയുടെ സാമന്തന്മാരായ മണ്ണിലിടം നായന്മാർ എന്ന സ്ഥാനപ്പേരുള്ള നായർ കുടുംബത്തിന്റെ അധീനതയിലായിരുന്നു ഞങ്ങളുടെ പ്രദേശം. പുലവായ് എന്നും പുഴവായ് എന്നും പുഴവായ് മുക്ക് എന്നുമൊക്കെ അറിയപ്പെട്ടിരുന്ന ഈ പ്രദേശം മുക്കം എന്ന പേരിലാണ് ഇന്നറിയപ്പെടുന്നത്. ചെറുപുഴയും ഇരുവഞ്ഞിപ്പുഴയും സന്ധിയ്ക്കുന്ന മുക്ക് മുക്കമായതാവാമെന്നും അഭ്യൂഹമുണ്ട്. മുക്കം കൂടാതെ പത്തോളം അംശങ്ങൾ മണ്ണിലിടം നായന്മാരുടെ അധീനതയിലായിരുന്നു. (മലബാർ മാമ്വൽ)

വിശാലമായ മൈതാനത്തിന്റെ കിഴക്കേ അറ്റത്ത് കുന്നിൻ ചെരുവിലായ് സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ഒരു ക്ഷേത്രമുണ്ടിവിടെ. വട്ടോളി ദേവീക്ഷേത്രം. എന്റെ കുഞ്ഞുന്നാളിൽ എട്ട് ദിവസത്തെ കളം പാട്ടുത്സവം അതിഗംഭീരമായി നടത്താറ് പതിവായിരുന്നു. ഒമ്പതോളം ഗജവീരന്മാർ നെറ്റിപ്പട്ടം കെട്ടി വെൺചാമരവും ആലവട്ടവുമായി നിരന്നു നിൽക്കുന്ന ചാരുതയാർന്ന ദൃശ്യം ഇന്നും തെളിമയോടെ എന്റെ മനസ്സിലുണ്ട്.

ഒരു മിനി തൃശ്ശൂർപൂരം കണക്കെ എന്റെ നാട്ടിലെ ഈ ഉത്സവം മുക്കത്തുകാരുടെ ഒരു അഹങ്കാരമായിരുന്നു. ഐതിഹ്യങ്ങളുറങ്ങുന്ന ഈ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ക്ഷേത്രമൈതാനിയിൽ പലവിധ കളികളും, കലാപരിപാടികളും അരങ്ങേറിയിരുന്നു.

അപ്പോഴാണറിയുന്നത് അവിടെ ഉത്സവപ്പറമ്പിൽ ഒരു നാടകമുണ്ടെന്ന്. ഒരുപുരാണ നാടകമാണ്. രാമായണകഥ. നാടകമെന്താണെന്നോ എങ്ങനെയാണെന്നോ ഒന്നും അറിയാത്ത കാലം. അന്നെനിയ്ക്ക് ആറോ ഏഴോ വയസ്സ് കാണും. നാടകം കാണാൻ എനിയ്ക്കും കൊതിതോന്നി. ജ്യേഷ്ഠന്റെ കൂടെ ഞാനും നാടകം കാണാൻ പോയി.

മൈതാനത്തിൽ ജനങ്ങൾ തടിച്ചുകൂടിയിരിക്കുന്നു. സ്ത്രീകളും കുട്ടികളുമൊക്കെ ചൂട്ടും പായയുമൊക്കെയായാണ് വരവ്. കരണ്ടില്ലാത്ത കാലം. അവിടവിടെ നാട്ടിയ ചില കാലുകളിൽ ഗ്യാസ് ലൈറ്റുകൾ (പെട്രോമാക്സ്) തൂക്കിയിട്ടിരിക്കുന്നു. സ്റ്റേജ് എന്ന ഉയർത്തിക്കെട്ടിയ വേദി ശീല കൊണ്ട് (കർട്ടൻ) മൂടിയിരിക്കുന്നു. സ്റ്റേജിന്റെ മുകളിൽ ഇരുവശത്തുമായി രണ്ട് പെട്രോമാക്സുകൾ പ്രകാശം ചൊരിഞ്ഞു കൊണ്ടിരിക്കുന്നു.

സ്റ്റേജ്, കർട്ടൻ എന്നീ പേരുകളൊക്കെ എനിയ്ക്ക് അജ്ഞാതം. പെട്ടെന്ന് സ്റ്റേജിനെ മറച്ച കർട്ടൻ (തിരശ്ശീല) അതാ ചുരുണ്ട് ചുരുണ്ട് ഉരുണ്ട് കൊണ്ട് മേലോട്ട് കേറിപ്പോകുന്നു. അന്തംവിട്ട്, വാ പൊളിച്ച് ഞാനത് നോക്കിനിൽക്കുമ്പോൾ അത് മുകളിൽ ഉരുണ്ട് ഉറച്ച് നിൽക്കുന്നു ! അവിശ്വസനീയമായ ആ കാഴ്ച കണ്ട് ഞാൻ കണ്ണ് ചിമ്മി തുറക്കുമ്പോഴേയ്ക്കും സ്റ്റേജിൽ അതാ ഒരു കൊട്ടാരം ! വിവരമുള്ളവർ ആരോ പിറുപിറുത്തു അയോദ്ധ്യാ രാജധാനി !

വേദിയുടെ ഒരു വശത്ത് തുന്നൽ മെഷീനെപ്പോലെ ഒരു സാധനം. അതിന്റെ പിന്നിൽ മുടിനീട്ടി വളർത്തി നെറ്റിയിൽ ഒരു വലിയ പൊട്ടും, ജുബ്ബയും ധരിച്ച ഒരാൾ - കൈവിരലുകളിൽ സ്വർണ്ണമോതിരങ്ങൾ. ആ ഉപകരണത്തിന്റെ പേര് ചവിട്ട് ഹാർമോണീയം. പിന്നിലിരിയ്ക്കുന്ന ആൾ ഭാഗവതർ. അയാൾ തല വെട്ടിച്ച് കൊണ്ട് ഹാർമോണിയം വായിക്കുകയും പാടുകയും ചെയ്യുന്നു.

"പാവനാ നിലയാ...
പാണ്ടിരാജതനയാ..."

ഇടങ്ങഴിപോലെയുള്ള ഒരു സാധനത്തിൽ താളം പിടിച്ചുകൊണ്ട് മറ്റൊരുത്തനും. ഭാഗവതർ കസർത്തുകയാണ്. ഒരു സുന്ദര വിഡ്ഢി! ചിലർ 'വൺസ് മോർ' വിളിയ് ക്കുന്നു. വീണ്ടും മൂപ്പരുടെ ശ്വാനോളി. ഇതിന്റെ മുഴുവൻ യജമാനൻ താനാണെന്നാണ് അയാളുടെ ഭാവം !

അൽപ്പം കഴിഞ്ഞപ്പോൾ ഒരു പ്രത്യേകതരം വേഷം ധരിച്ച ആൾ സദസ്യരെ വണങ്ങി രംഗത്തവതരിപ്പിയ്ക്കുന്ന കഥാഭാഗത്തെക്കുറിച്ച് വിവരിയ്ക്കുന്നു. അയാൾ സൂത്രധാരനാണത്രെ! പിന്നീടയാൾ കുഴിയാനയെപ്പോലെ പിന്നോട്ട് നീങ്ങി അപ്രത്യക്ഷനാകുന്നു.

രാമായണകഥയായത് കൊണ്ട് അതിന്റെ പൊട്ടും പൊളിയും എനിയ്ക്കറിയാം. രാമായണം വായിക്കുമ്പോൾ അച്ഛൻ കഥ പറഞ്ഞുതരും. ശ്രീരാമൻ, സീത, ലക്ഷ്മണൻ, രാവണൻ, ഹനുമാൻ എന്നിവരെ എനിയ്ക്ക് പരിചയമാണ്.

ആ കഥ കഥാപാത്രങ്ങളിലൂടെ ചുരുളഴിയുകയാണ്. രാവണന് പത്തു തലയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്നാൽ നാടകത്തിലെ രാവണന് ഒരു തലയെയുള്ളൂ... ഹനുമാൻ കൊള്ളാം... വാലും, രോമ കുപ്പായവും ഒരു പ്രത്യേകതരം കിരീടവും ഒക്കെയുണ്ട് ഹനുമാന്. മൈക്ക് കണികാണാത്ത കാലം. ഉച്ചത്തിൽ വിളിച്ചു പറയുകയാണ് എല്ലാവരും. രംഗങ്ങൾ കഴിയുമ്പോൾ ഒരാൾ വന്ന് ചില തമാശകൾ പറയും - അദ്ദേഹം വിദൂഷകനാണ്.

നാടകം കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ അതിലെ രംഗങ്ങളെല്ലാം എന്റെ മനസ്സിൽ കൊത്തിവയ്ക്കപ്പെട്ടിരുന്നു.

ഞാൻ കാണുന്ന ആദ്യത്തെ നാടകം. പിറ്റേന്ന് അയൽപക്കത്തുള്ള കൂട്ടുകാരെയെല്ലാം വിളിച്ചുവരുത്തി ഞങ്ങളൊരു പന്തലൊരുക്കി. ഈന്തിൻ പട്ട കൊണ്ട് മറച്ചു. പഴം തുണി ശേഖരിച്ച് കർട്ടനും.

ഈ കരുമാടിക്കുട്ടന്മാരുടെ ഇടയിൽ ഞാൻ മാത്രമാണ് നാടകം

കണ്ടവൻ. ഞാൻ പൊടിപ്പും തൊങ്ങലും വെച്ച് എനിയ്ക്കറിയാവുന്നത് പോലെ അവർക്ക് കഥ പറഞ്ഞുകൊടുത്തു. ഞാൻ തന്നെ ശ്രീരാമനായി; സംവിധായകനും. കാണികളില്ലെങ്കിലും ഞങ്ങൾ കസറുക തന്നെ ചെയ്തു !!

എന്റെ നിർദ്ദേശപ്രകാരം ഞങ്ങളെല്ലാവരും കൂടി സ്ഥിരമായി നാടകം കളിയ്ക്കാൻ തുടങ്ങി. എട്ടും പൊട്ടും തിരിയാത്ത ഞങ്ങളുടെ സ്ഥിരം നാടകവേദി !!


ഒരുപക്ഷെ, കേരളത്തിലെ ആദ്യ സ്ഥിരം നാടകവേദി ഞങ്ങളുടേതായിരിക്കുമോ ?! ഈ നാടകമായിരിക്കാം എന്റെ മനസ്സിൽ അഭിനയത്തിന്റെ ബീജാവാപം നടത്തിയത്.

(തുടരും)

## ആരോഗ്യം

ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521





# മോർവാൻസ് ഡിസീസ്


(Morvan's Disease)

**അ**പൂർവ്വമായ ഒരു ചർമ്മരോഗമാണ്. മോർവാൻ എന്ന വ്യക്തിയാണ് ഈ രോഗത്തെ പറ്റിയുള്ള വിവരണങ്ങൾ നൽകിയിട്ടുള്ളത്. സ്ത്രീകളെക്കാൾ പുരുഷന്മാർക്കാണ് കൂടുതൽ ഈ അസുഖം പിടിപെടുവാൻ സാദ്ധ്യതയുള്ളത്. ഇതിന്റെ ഉറവിടം എങ്ങിനെയെന്നോ, ഫലപ്രദമായ ചികിത്സയെ സംബന്ധിച്ചുള്ള വിവരങ്ങളോ ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ ഇടയാകുന്നത്. ശരീരഘടനാപരമായ (constitutional) ചികിത്സ എടുക്കുകയാണെങ്കിൽ ഈ അസുഖത്തിന് ഹേതുവായ വിഷാംശത്തെ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം രോഗവിമുക്തമാക്കുവാൻ സാധിക്കും എന്ന് അവകാശപ്പെടാം. ഇതിന്ന് ഹോമിയോപതി മുൻസ്ഥാനത്താണ്.

രോഗാരംഭത്തിൽ വിരലുകൾക്കും ഞരമ്പുകൾക്കും വേദനയും പിന്നീട് പേശികൾക്ക് തളർച്ചയും ഉണ്ടാവുന്നു. പിന്നീട് ഇത് കൈപ്പത്തിയിലേയ്ക്കും ക്രമേണ ശരീരത്തിലെ മറ്റുഭാഗങ്ങളിലേക്കും വ്യാപിക്കുന്നു. ആദ്യമായി വേദനയോടു കൂടിയും പിന്നീട് വേദന ഇല്ലാത്ത അവസ്ഥയിലേക്കും മാറുന്ന കുഴിനഖം പ്രത്യക്ഷപ്പെടുന്നതായിരിക്കും. നഖങ്ങൾക്ക് വൈകൃതം സംഭവിക്കുകയും ക്രമേണ അത് അറ്റുപോകുന്നതായും കാണപ്പെടുന്നു. വിരലുകൾ ചുവന്ന് വീർത്ത്, അതിൽ കുമിളകൾ പ്രത്യക്ഷപ്പെടുകയും അത് പൊട്ടി ഉണങ്ങുകയും പിന്നീട് ശോഷിച്ചുപോവുകയും ചെയ്യുന്നു. ചർമ്മങ്ങൾ മടങ്ങുന്ന ഭാഗത്ത് വിള്ളലുകളും ക്രമേണ വ്രണങ്ങളായി മാറുകയും ചെയ്യുന്നു. വ്രണങ്ങൾ കുഷ്ഠരോഗങ്ങൾക്കു സമാനമായിരിക്കും. കൈകളിലെ പേശികൾ ശോഷിച്ച് കുരങ്ങുകളുടേതു മാതിരി ആയിത്തീരുന്നതാണ്. കൈകൾ മുഴുവൻ കറുത്തതോ, കാരീയത്തിന്റെ നിറമോ ആയിത്തീരുന്നതാണ്. കൈകൾക്ക് ഭേദമാകാത്ത രീതിയിലുള്ള വൈകൃതം സംഭവിക്കുകയും, അംഗഭംഗം സംഭവിക്കുകയും ചെയ്യുന്ന ഈ രോഗത്തിന്നു സാമീപ്യമായ സ്ക്ലെറോഡെർമട്ടൈസ് (Sclerodermitis), സിറിങ്കോ മൈലിയ (Syringo Myelia) എന്നീ രോഗങ്ങൾ ഉണ്ടെങ്കിലും പ്രധാന രോഗലക്ഷണങ്ങളെ തിരിച്ചറിഞ്ഞ് ചികിത്സിക്കേണ്ടതാണ്. ●

## കവിത

അജയ് ബാലചന്ദ്രൻ
9895659050



# പാലകരാകും പ്രിയ പാലിയേറ്റീവ് കെയർ...

വേഗത്തിൽ പായുന്ന സോദരേ നിൽക്കണേ
വേഗം കുറഞ്ഞൊരീ വാക്കുകൾ കേൾക്കണേ
നിമിഷങ്ങൾ നിങ്ങൾക്ക് നാണയമെങ്കിലും
നാഴിക പാഴാക്കും ഞങ്ങൾതൻ വാക്കുകൾ
ഒട്ടൊന്നു കേൾക്കാൻ കനിഞ്ഞീടുക.
സാന്ത്വന ശുശ്രൂഷ സേവനമെന്നുള്ള
പദമൊരുപക്ഷേ നാം കേട്ടിരിക്കും
അതിന്നർത്ഥം അറിഞ്ഞവർ ഞങ്ങൾമാത്രം
ലോകത്തിന്നപ്പുറം വാഴുന്ന ഞങ്ങളെ
തേടിയെത്തീടുവാൻ വല്ലായ്മ തീർക്കുവാൻ
സർവ്വസന്നദ്ധമാണെന്നുമീ കൂട്ടായ്മ
ചുവരുകൾ നാലിന്നുംഅക്കരെ ലോകമുണ്ടെന്നതു
ഞങ്ങളോടോതിടും പ്രിയ പാലകർ,
ഇക്കൂട്ടരോടൊത്തു നാടിന്റെ മുറ്റത്തു
ഞങ്ങൾ ഇറങ്ങുന്ന നല്ല നാളിൽ
അന്യഗ്രഹത്തിലെ ജീവിയെ കാണുംപോൽ
കണ്ണിമ വെട്ടാതെ നോക്കിടല്ലേ
നഷ്ട ഭാവം നിങ്ങൾ കാട്ടിടല്ലേ
ഞങ്ങൾ തൻ ഉള്ളിലും ആനന്ദരൂപനാം
ഈശ്വര വാസമുണ്ടെന്നറിയൂ
ശേഷികൾ ഭിന്നമാണെങ്കിലും ഒട്ടുമേ
അല്പമല്ലെന്നതും ഓർത്തീടണേ.

(ജനുവരി 15 പാലിയേറ്റീവ് കെയർ ദിനം. ഭിന്നശേഷിക്കാർ എന്ന വിഭാഗത്തിൽ പെടുന്ന ഞങ്ങളുടെ ആരോഗ്യസ്ഥിതി ഉറപ്പുവരുത്തുവാൻ വീടുകളിൽ എത്തി പരിചരണം നൽകുന്ന പാലിയേറ്റീവ് കെയർ എന്ന സേവന സംരംഭത്തിന് അകമഴിഞ്ഞ നന്ദി അറിയിച്ചുകൊള്ളുന്നു.)

വില കൊടുക്കുകിൽ വാങ്ങാൻ കഴിയുമോ
വിവരമെന്ന വിലപ്പെട്ട സമ്പത്തിനെ...


# നെഞ്ചിന്റെ ചൂടിൽ ചുട്ടെടുത്തത്

മുരളീധർ കൊല്ലത്ത്
9387475851



മരണത്തെ മാധുര്യമാക്കിയ എഴുത്തുകാരി. ജീവിച്ചിരിക്കുമ്പോൾ കയ്പാണ് ജീവിതം എന്നുറക്കെ വിളിച്ചുപറഞ്ഞ സാഹിത്യകാരി. മരണത്തിന്റെ ശക്തിയാണ് ജീവിതത്തിന്റെ തെളിവ് എന്ന് നമ്മെ മനസ്സിലാക്കിത്തരുവാൻ കുറേയേറെ എഴുതേണ്ടി വന്നവൾക്ക് ഭാരമാർന്ന മാനവികതയുടെ തുലാസ്സുകാണിച്ച് മൂല്യബോധത്തിന്റെ തലക്കെട്ടിൽ തലയുയർത്തി നിന്ന് ഇന്നിൽ ജീവിക്കുന്നു. ഈ വനിതയ്ക്ക് മഞ്ഞുകട്ടയോട് അസൂയ തോന്നാതിരുന്നെങ്കിലേ അത്ഭുതമുള്ളൂ. വികസനത്തിന്റെ പേരുപറഞ്ഞ് കാലുകുത്തുന്നിടത്തെല്ലാം കാർന്നുതിന്നുന്നവരുടെ നേരെ വിരൽചൂണ്ടാൻ സുത പാടഞ്ചേരി എന്ന എഴുത്തുകാരിക്കേ ആർജ്ജവമുണ്ടായുള്ളൂ എന്നോർത്താൽ മലയാളി അഭിമാനിക്കാം. ചെറിയ വരികളിൽ വരഞ്ഞുവെക്കുന്നത് സമകാലികപ്രശ്നങ്ങൾ. മരണത്തിന്റെ കാരണങ്ങൾ കണ്ട് പൊട്ടിച്ചിരിക്കാൻ കാലന് കഴിഞ്ഞില്ല. അതൊരു കൊലച്ചിരിതന്നെയെന്ന് ശാഠ്യം പിടിക്കുന്നു പാടഞ്ചേരി. ജനിമൃതിതേടിയുള്ള സത്യാന്വേഷണത്തിന്റെ നേർക്ക് ഒഴുകിയെത്തുന്നത് വൃണിതരക്തം. നെഞ്ചിന്റെ ചൂടിൽ ചുട്ടെടുത്ത അക്ഷരങ്ങളെ ചൂടോടെ വിളമ്പി പ്രകൃതിയുടെ നഗ്നതയിലേക്ക് കൈചൂണ്ടി ഇവൾ ചോദിക്കുകയാണ് ഏതിരുണ്ടകോണിലിരുന്നാണ് നീ എന്റെ രക്തമൂറ്റുന്നത് എന്ന്. ഒപ്പം പ്രകൃതിയോടുള്ള ഇഷ്ടം 'വ്യഥാ' എന്ന കവിതയിൽ സ്പന്ദിക്കുന്നു. ഭൂമീമാതാവിനെ നെൽക്കതിർ നമിച്ചപ്പോൾ കാർഷികവൃത്തി ഉടലെടുത്തത് നാമറിഞ്ഞു. വിലപ്പെട്ട പലതിനേയും നഷ്ടപ്പെടുത്താൻ മദ്യത്തിനു കഴിയുമെന്ന് പറഞ്ഞ് നെഞ്ചിൽ കോരിയിട്ട കനലിനെ അണയ്ക്കാൻ ഈ കാവ്യതേജസിനി പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഏതക്ഷരത്തെ റ്റും തിരുത്തുന്ന ഒരു സൂത്രപട്ടികയുണ്ടത്രെ. അതറിയണമെങ്കിൽ സുത പാടഞ്ചേരിയുടെ ഇലയനക്കം പോലെ എന്ന കവിതാസമാഹാരം വായിക്കണം. വേഗതയിൽ നിന്നെ വെല്ലാൻ ഒരുവനുണ്ടെന്നും പറയുന്നു. അത് മനസ്സിലാക്കണമെങ്കിലും ഈ പുസ്തകം വായിച്ചേ മതിയാവൂ. ചിത്രപ്പുരയിലെ ചായക്കൂട്ടിൽ നീന്തി തിമിർക്കാൻ ഇവളെ അവർ ക്ഷണിക്കാറുണ്ട്. എല്ലാ നിറങ്ങളെയും പ്രണയിച്ചുകൊതിതീരാതെ ഇവൾ നിൽക്കുകയാണ്. അതുകൊണ്ടുതന്നെയാണ് കവിതയ്ക്ക് ജന്മം കൊടുത്ത് ഓർമ്മകളെ തഴുകിയതും. വകതിരിവില്ലാത്ത പ്രണയത്തിന് വകഭേദവുമില്ലെന്നും കണ്ടെത്തിയിരിക്കുന്നു. വേണ്ടത്രതിന്നും, കുടിച്ചും, ഉറങ്ങിയും മരണം മദിച്ചുനടക്കുകയാണത്രെ. മഴയാവാൻ കഴിയാത്തതിന്റെ ദുഃഖം ഈ എഴുത്തുകാരിക്ക് വേണ്ടുവോളമുണ്ട്. കഥയാകാനാവാതെ കവിത വിരിയിച്ചപ്പോൾ മണ്ണിരയ്ക്ക് പകരം പെണ്ണിരയെ ചൂണ്ടയിൽ കോർത്തവരോട് അൽപം കോപിഷ്ഠയായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജീവനില്ലാത്ത പൊരുളിനോട് ജീവിച്ചു തെളിയിക്കാനും എഴുതിത്തീരുമ്പോഴത്തെ മരണം ആസ്വദിക്കാനും ഉരുകിത്തീരുന്ന ജീവിതത്തോട് മരണത്തിന്റെ പ്രസക്തിയെക്കുറിച്ച് ചോദിക്കാനും, ജീവൻ കൂടെയുണ്ടെന്നാശ്വസിക്കാനല്ലാതെ അവകാശപ്പെടാൻ പറ്റില്ലെന്ന് പറയുന്നതിലെ സയൻസും എല്ലാം ഈ കാവ്യപുസ്തകത്തിൽ നമുക്ക് ദർശിക്കാം. അതുകൊണ്ടുതന്നെയാണ് ഇലയനക്കത്തിൽ സുത ഇങ്ങനെ പ്രതിപാദിച്ചതും സ്നേഹത്തിന്റെ ഭാഷയോളം വരില്ല മറ്റൊരു ഭാഷയും എന്ന്. ഇലയനക്കം പോലെ എന്ന സുത പാടഞ്ചേരിയുടെ കവിതാ സമാഹാരം വായിക്കാതെ പോയാൽ അതൊരു വലിയ തെറ്റാവും എന്ന പ്രസ്താവന കാലം തെളിയിക്കും തീർച്ച.

●



**ഇലയനക്കം പോലെ**
(കവിതാ സമാഹാരം)

**രചന – സുത പാടഞ്ചേരി**
**മൊബൈൽ – 9447676348**

**ലിപി പബ്ലിക്കേഷൻസ്**
**വില – 75 രൂപ**

**കവിത**

## കാലികം
### ഷാനവാസ് കുലുക്കല്ലൂർ

പിഞ്ചുപാദത്തെ പിച്ചവെപ്പിച്ചും
അമ്പിളിക്കൊമ്പിലാട്ടിയുറക്കിയും
പാൽപുഞ്ചിരിക്കവിളിലുമ്മ വെച്ചും
സ്കൂൾ വരാന്തയിൽ അക്ഷമനായി കാത്തുനിന്നും
രക്ഷകവേഷം കെട്ടിയവൻ തന്നെയല്ലെ
കറിക്കത്തിക്കരിഞ്ഞ് രക്തം രുചിച്ചതും
ആശക്കു മേലായിരം പൊന്നാശകൊണ്ടൊരുവൻ
ആർത്തികൊണ്ടെത്രയോ പെൺശരീരങ്ങളിൽ
ആർത്തനാദത്തിൻ മുദ്രചാർത്തിച്ചതും,
പിടിവള്ളിപൊട്ടി
മനസ്സിന്റെ കൂടുതകരുമ്പോൾ
പ്രിയസഖി തന്നുടെ
നെഞ്ചിൽ നിറയുതിർത്ത്
ഇവൻ തന്നെയല്ലെ മാംസം ഭുജിച്ചതും.
മാതൃത്വം മാറിൽ നിന്നായ്
നുകർന്ന് വളർന്നവനെത്ര
മാറുപിളർത്തി
രുചിക്കുവാൻ സ്ത്രീത്വത്തെ ?
കണ്ണുകളിലഗ്നി പടർന്നുപൊങ്ങി
മിഴികളിലനവധി മാംസതുണ്ടം
കൺകുളിർപ്പിച്ച മാത്രയിൽ
കാടത്തം നിന്നിൽ മുദ്രകുത്തി...
നിന്റെ കാഴ്ചയാണു മണ്ണിൽ
നിനക്കു വിനയായത്.

# കരിന്തണ്ടൻ തറ

ടി. എ. മടക്കൽ
9846091387

(ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ സാങ്കേതിക വിദഗ്ദ്ധർക്ക് അസാധ്യമായിരുന്ന വയനാട് ചുരം നിർമ്മിക്കുന്നതിനുള്ള പാത 1700 - 1750 കാലഘട്ടത്തിൽ ലളിതമായി കാണിച്ചുകൊടുത്ത കരിന്തണ്ടൻ എന്ന ആദിവാസി മൂപ്പനെ അന്ന് വെടിവെച്ചുകൊല്ലുകയും അദ്ദേഹത്തിന്റെ ദുരന്താത്മാവിനെ ചുരത്തിന് മുകളിൽ ലക്കിടിക്ക് സമീപം ചങ്ങലയിൽ ആവാഹിച്ച് ആൽമരത്തിൽ തറക്കുകയും ചെയ്തു. ചുരം കയറിച്ചെല്ലുമ്പോൾ കരിന്തണ്ടൻ തറ ഇന്നും കാണാം)

കരിന്തണ്ടൻ തറയൊന്ന് കണ്ടുവോ നിങ്ങളീ-
കറവീണ ചങ്ങല തേങ്ങലും കേട്ടുവോ...?
കരിവണ്ടിനഴകൊത്ത കരിന്തണ്ടനെ അന്ന്
കരുനീക്കി വെടിതീർത്ത ചരിതങ്ങൾ കേട്ടുവോ...
കരിവീട്ടി വടിവൊത്ത കരിന്തണ്ടനെ കൂട്ടി...
കാനനപാതയും തീർത്തതറിഞ്ഞുവോ -
വയനാട്ടിലെ നാണ്യവിളകളന്നൊക്കെയും
കയ്യിലാക്കാൻ ത്വര ഏറെയുണ്ടെങ്കിലും
വൈദേശി വേതാള കൂട്ടം തുരത്തുവാൻ
പടവാളുമായ് കാട്ടിൽ, പൊരുതുന്ന രാജനെ
വരുതിയിൽ തീർക്കുവാനാവാതെ നിശ്ചലം
നെടുവീർപ്പു തീർത്തവർ താഴ്‌വാരം നിൽക്കവേ;
കാരിരുമ്പിൽ തീർത്ത കരിമേനിയഴകുള്ള
കരിന്തണ്ടനെ കൂട്ടുചേർക്കാനുറച്ചവർ
അജകൂട്ടമത്രയും ആട്ടിത്തെളിച്ചെന്ന്
ചെരിവുള്ള പ്രതലത്തിലൂടെ ഗമിച്ചവർ
ക്ഷിപ്ര പ്രയാണത്തിലെത്തി അജങ്ങളും
പിറകിലായ് പാഞ്ഞെത്തി വെള്ളപരിഷയും,
ലളിതമായ് പാതക്ക് വഴികാട്ടിയായ് നിന്ന
കരിന്തണ്ടൻചരിതമായ് വാഴ്ത്താതിരിക്കുവാൻ
പലവട്ടം നെഞ്ചിലേക്കുണ്ടകൾ പായിച്ച്
കുറുനരി കൂട്ടത്തിൽ ചരിതമായ് വാഴ്ത്തി നാം
മലവെട്ടി വഴിവെട്ടി കൊടുവളവുകൾ തീർത്ത്
ചുരം റോഡ് വയനാട്ടിൽ തിലകമായ് നെറുകെയിൽ
ശകടങ്ങളത്രയും താഴ്ച്ചയിൽ പതിച്ചതും
മരണങ്ങളെത്രയോ തുടർക്കാഴ്ച്ച വെച്ചതും
മാന്ത്രിക പലകയിൽ കവടികൾ നിരത്തിയും
മന്ത്രങ്ങളെത്രയോ ചൊല്ലിപ്പറഞ്ഞവർ
ധീരനാം കരിന്തണ്ടൻ ആത്മാവ് പാതയിൽ
ദുരന്തങ്ങൾ തീർത്തെന്നുറപ്പാക്കിയന്നവർ
മഹാമാന്ത്രികർ വന്ന് കരിന്തണ്ടനെ പിന്നെ
ചങ്ങല കണ്ണിയിൽ ബന്ധിച്ചു നിർഭയം
കരിന്തണ്ടൻ ആത്മാവ് കുടികൊള്ളും തറയിത്
കരിന്തണ്ടൻ തറ ഇന്ന് നേർക്കാഴ്ച്ചകാണവേ
മറുദേശ കഴുകന്റെ ചതിയിൽ പൊലിഞ്ഞൊരു
ഗദ്ഗദതേങ്ങലും നോവുന്നൊരാത്മാവും
എഴുതാചരിതത്തിൽ ശേഷിപ്പു മാത്രമായ്
ചങ്ങല കണ്ണിയിൽ നിൽപ്പുണ്ടതോർക്കുക.

# വരി നിൽക്കുന്നവർ

വിജയൻ കല്ലട
9605407260

കേരളമെന്നുടെ നാടിതുകാണാൻ
ഒരു നാൾ മെല്ലെ നടന്നിതു ഞാനും.
കുന്നിൻ ചെരിവിൽ മണ്ണുകയറ്റാൻ
വരിയിൽ നിൽക്കും ലോറികൾ കണ്ടു
തോടും വയലും തണ്ണീർത്തടവും
തട്ടിനിരത്തണ കാഴ്ചകൾ കണ്ടു.
വറ്റിവരണ്ടൊരു തോടിന്നരികിൽ
കൊറ്റികൾ പറ്റിയിരിപ്പതു കണ്ടു.
വെള്ളം വറ്റിയ പുഴകളിലൊക്കെ
തവളക്കൂട്ടം കേഴണ കണ്ടു.
കടലിന്നരികിലെ മേടകളെല്ലാം
അംബര ചുംബികളായതു കണ്ടു.
ഉയരുംതോറും ഗുണവും കൂടും
എന്നൊരു പഴമൊഴിയോർത്തുനടന്നു
വെള്ളത്തിന്നായ് നാരീമണികൾ
വരിയിൽ കുടവും പേറി നിരന്നു.
മദ്യം കിട്ടാൻ പുരുഷ പ്രജകൾ
വെയിലും കൊണ്ടിഹ വരി നിൽക്കുന്നു.
മറ്റൊരു കൂട്ടർ ബാങ്കിനു മുന്നിൽ
ടോക്കണുമായിട്ടണിചേരുന്നു.
ഇനിയൊരു കൂട്ടർ മുൻഗണനയ്ക്കായ്
റേഷൻ ഷാപ്പിനുമുന്നിൽ നിരന്നു.
മാനുഷരെല്ലാമിങ്ങനെ പല പല
വരിയിൽ നിന്നു വിയർത്തീടുന്നു.
അല്ലും പകലും വരി നിന്നീടാൻ
തെല്ലും പരിഭവമില്ലിനിയാർക്കും.

# മകളേ, സ്വസ്തി

സത്യൻ പി. പനഞ്ചിക്കൽ
9495477533

എത്രയോ സ്വപ്നങ്ങൾ നെഞ്ചോടുചേർത്തമ്മ
ഇത്രയും നിന്നെ വളർത്തീ, പഠിപ്പിച്ചു ?
ഉള്ളുതുറന്നൊന്നു ചിരിക്കാൻ കഴിഞ്ഞില്ലവർ-
ക്കെള്ളോളം പോലുമിളവേൽക്കാനുമായില്ല.
പാർശ്വവൽകൃതരുടെ നീതിക്കുകാവലായ്
നീയെന്നുമുണ്ടാകാനാശിച്ച മാതാവിനി-
ന്നെന്തേകിയാലും പകരമാവില്ലീ ചാരിൽ
നീയില്ലാ ജീവിതം നിഷ്ഫലം, നിശ്ചയം !
ഘനീഭൂതദുഃഖത്തിനാൾരൂപമായ് സ്വയം
അന്തർമുഖിയായി വർത്തിച്ചോരനുജത്തീ !
കടലോളമാർന്ന നിൻ നൊമ്പരമെല്ലാം നീ
എങ്ങനെയുള്ളിലൊതുക്കിയിതേവരെ ?
പ്രണയനിരാസമോ, പ്രതികാരമോ, അതോ
കാമവെറിയോ നിൻ ദുരന്തത്തിൻ കാരണം ?
നിർദയം, നിഷ്ഠൂരം !! - വിലപിപ്പൂ നാടൊന്നായ്
പ്രിയ സോദരീ മാപ്പ്, ശാന്തി നേരുന്നു, നമോവാകം !

## കഥ



മംഗളൻ തൈക്കൽ
9895503427

# പുത്തൻപെണ്ണ്

"ഇതുപോലൊരു പെണ്ണ് കേട്ടാ...?"

ഈ പ്രദേശത്തെങ്ങും ആരും കൊണ്ടോന്നിട്ടില്ല. നമ്മടെ വടക്കേലെ എളേ ചെക്കന്റെ പെണ്ണിന്റെ കാര്യാണ് പറേണതേ...

"എന്തൊരു വിനയാണെന്നറിയായാ...? മൂത്തോരെ കണ്ടാമതി ഇരുന്ന പാട്ടീന്നവ ചാടിയെണീക്കും... അവരുടെ സിതി വച്ചു നോക്യാ നമ്മളെ കാണുമ്പം എണീക്കേണ്ട വല്ല കാര്യോണ്ടാ...? കല്യാണം കഴിഞ്ഞ് കൊറച്ച് ദെവസം കഴിഞ്ഞ് ഞാനൊന്നവിടെച്ചെന്നെ അപ്പം അവനാ പറഞ്ഞേ...

ദേ ഇത് നമ്മടെ അപ്പറത്തെ വല്ല്യമ്മച്ചിയാ... ഞങ്ങടെ സ്വന്തം വല്ല്യമ്മച്ചി. ഞങ്ങളെയൊക്കെ എടുത്തോണ്ട് നടന്നിട്ടുള്ളതാ. ഈ വല്യമ്മച്ചിയായിരുന്നു ഞങ്ങൾക്കെല്ലാം. കുഞ്ഞുനാളിലെ ഞങ്ങളവിടാർന്ന്. നീയൊരു ചായയിട്ട് വല്ല്യമ്മച്ചിക്ക് കൊട്. പറേണ്ട താമസം ചായ എത്തി. എന്റെ പെണ്ണേ... എന്നാ കൈപുണ്യാന്നാ...! എന്താ ഒരു സ്വാദ് ! എന്റെ കൈയ്യേ പിടിച്ചിരുത്തി കേട്ടാ... ഒരു പാവോം കാണിച്ചില്ല. ഇതൊക്കെ കാണിക്കാനെന്നാ... എന്നെ ഇതിനുമുമ്പ് കണ്ടിട്ടൊണ്ടൊ ? നല്ല പിടിപ്പും പത്രാസൊക്കെയുള്ള കൊച്ചാന്നാ പറഞ്ഞേ. നല്ല സ്ത്രീധനോം കൊണ്ടോന്നു. കാണാൻ തന്നെ എന്തൊരു ചേലാ എന്റെ പെണ്ണേ... പക്ഷേ അതിന്റെ ഒരാങ്കാരോം ഇല്ല കേട്ടാ... എന്തെല്ലാം പണിയെടുക്കോന്നറിയായാ? അതിരാവിലെ കുളിക്കാതവ അടുക്കളേൽകേറില്ല കേട്ടാ... എത്ര മേലേലും രാവിലെ അതിനു മുടക്കം വരുത്തേല... പിന്നേ ആ

അവ ഇരുന്ന പാട്ടീരിക്കും കല്ലിനു കാറ്റു പിടിച്ച പോലെ...

അപ്പ ആ ചെക്കനില്ലെ അവിടെ ? നിങ്ങടെ മോൻ ?

ങാ... അവന്റെ കാര്യം പറയാണ്ടിരിക്ക്യാ ഭേദം. പെങ്കോന്തൻ. അവ മുള്ളണ്ടാന്ന് പറഞ്ഞാ പിന്നെ അവൻ മുള്ളുകേല കേട്ടാ...

അത്രേം പറഞ്ഞാ മതീല്ലാ...

പെണ്ണ് കെട്ടണ വരെ അമ്മേന്ന് പറഞ്ഞാ അവന് ജീവനാർന്ന് കേട്ടാ... ഇപ്പം എന്നെ കാണണ തന്നെ അവന് വെറുപ്പാ... എന്താ ? അവടെ തലേണി മന്ത്രം... എങ്ങനെയും നന്നായി ജീവിക്കട്ടെ മക്കളെ... എല്ലാരും വയസ്സാകും. അവരുമൊക്കെ വയസ്സാകും ഞാൻ ചത്തുപോകും. എന്നാലും നിങ്ങൾക്ക് കാണാം കേട്ടാ...

ഞാൻ പോണെടി പെണ്ണേ... നേരം കൊറേയായി ചെല്ലുമ്പം അവടെ ഒരു നോട്ടം കാണണം. ഞാൻ ചുറ്റി നടന്ന് അവടെ കുറ്റോം കൊറവും പറേണന്നാ അവള് പറേണതേയ്. ചെല്ലട്ടെ പെണ്ണേ...

രണ്ടാഴ്ചയ്ക്ക് ശേഷമാണ് തള്ള വീണ്ടും അയൽപ്പക്ക സന്ദർശനത്തിനിറങ്ങിയത്. എടി കൊച്ചേ... വടക്കേലെ ഏതാണ്ട് കൊഴപ്പമാണന്നൊക്കെ പറേണത് കേട്ടല്ലാ... ഒള്ളതാ...?

ആ പുത്തൻ പെണ്ണില്ലെ വല്ല്യമ്മച്ചി... വല്ല്യമ്മച്ചി അല്ലെ ഇവിടെനിന്ന് പറഞ്ഞത് ഇത് പോലൊരെണ്ണം ഈ അടുത്തെങ്ങും വന്നിട്ടില്ലെന്ന്... അത് ശരിയാ... ഹോ! എന്തൊരു പുകഴ്ത്തലായിരുന്നു.

അതിനെന്നാ പറ്റിയെടീ കൊച്ചേ...?

ഒന്നും പറ്റിയില്ല. അവളേ...

അടുക്കളപ്പേരേലേയ്ക്ക് ആരും ചെല്ലേണ്ട കേട്ടാ... മരുമക്കളെ കിട്ടണോങ്കി ഇത്തരം കിട്ടണം. അവ പാഗ്യം ചെയ്തവളാ... അവന്റെ തള്ളേയ്...

ദേ വിട്ടിലോലണ്ണത്തിനെ കൊണ്ടാന്നിട്ടിണ്ട്... എന്റെ പുന്നാര മോൻ

ഭൂ... മൂതേവീ...

പനിച്ചു കിടന്നാ ഒരു മൊത്ത് വെള്ളം തരികേല. വേണ്ട തരണ്ടാ... ചോതിക്കാലോ നിങ്ങ വല്ലം കഴിച്ചാ...എന്തേലും വേണാ ങേഹേ...!

കഴിഞ്ഞ ദിവസം ഒരുത്തന്റെ കൂടെ ഒളിച്ചോടിപ്പോയി. ങേ!! നേരത്തെ അവനുമായിട്ട് ചങ്ങാത്തമുണ്ടാരുന്നെന്നാ പറേണത്... അവന് ഭാര്യേം കുട്ടിയും ഉള്ളതാണ്. എന്നിട്ടും അവന്റെ കൂടെ ഇറങ്ങിപ്പോയി... കൊണ്ടുവന്ന സ്വർണ്ണോം കൊണ്ടുപോയീന്നാ കേക്കണത്.

ഹോ...! എന്തായിരുന്നു ഒരു വർണ്ണന...?

എടി കൊച്ചേ കാര്യം ഞാൻ പറഞ്ഞതാണേലും അവളെ കണ്ടപ്പഴേ എനിക്ക് തോന്നീതാ ഒരു കള്ള ലക്ഷണം ഇത്തിരി എളക്കം കൂടുതലാരുന്നേ... അല്ലേലും ഈ പുത്തനച്ചി പെരപ്പുറം തൂക്കുമെന്നാണല്ലോ പ്രമാണം...

## പാചകം



ജയ ബാലചന്ദ്രൻ
09895659050

### കപ്പ ഹൽവ

**ആവശ്യമുള്ള സാധനങ്ങൾ**

1. കപ്പ നല്ലപോലെ വേവുന്നത് - 2 എണ്ണം
2. പഞ്ചസാര - ഒന്നര ഗ്ലാസ്സ്
3. ഏലക്കായ് - 10 എണ്ണം (പഞ്ചസാര ചേർത്ത് ഏലക്കായ് പൊടിക്കുക)
4. നാളികേരം - 1 എണ്ണം ചെറുത്.

**തയ്യാറാക്കുന്ന വിധം**

കപ്പ തോരന് ചീകുന്നതുപോലെ ചീകിയെടുക്കുക. അതിലേയ്ക്ക് ചിരകിയ തേങ്ങ, പഞ്ചസാര, പൊടിച്ച ഏലക്കായ എന്നിവ ചേർത്ത് നന്നായി ഇളക്കി ഒന്നാക്കുക. ഈ കൂട്ടിനെ നെയ്യ് പുരട്ടിയ ഒരു പരന്ന പ്ലെയിറ്റിലേയ്ക്ക് മാറ്റുക. അതിനെ ഇഡ്ഡലി ചെമ്പിൽ വെച്ച് ഒരു 15 മിനിറ്റ് നന്നായി ആവിയിൽ വേവിക്കുക. ചൂട് ആറി തണുത്താൽ ചെറിയ കഷ്ണങ്ങളായി മുറിച്ച് കഴിക്കാം.

# ലക്ഷ്യം

**ഒരു താത്വിക അവലോകനം**

വിശ്വാസ് . എം
ഒന്നാം വർഷ സംസ്കൃതം
ഗവ. വിക്ടോറിയ കോളേജ്

അച്ഛൻ - എന്താണ് ലക്ഷ്യം ?
ഞാൻ - തികച്ചും ലക്ഷ്യമില്ലാത്തവനാവുകയാണെന്റെ ലക്ഷ്യം !
അച്ഛൻ - ഇതിലെവിടെ ലക്ഷ്യം !! കേവലം അലക്ഷ്യം !!
ഞാൻ - ഏതോ സമൂഹം എന്നിൽ കൊത്തിയെടുക്കുന്ന അർത്ഥശൂന്യങ്ങളായ - ലക്ഷ്യത്തെ തേടി 'നാളെകളിൽ' ജീവിക്കാതെ - തികച്ചും എന്റെ സ്വത്വത്തോട് കൂറുള്ളവനായി ഈ നിമിഷത്തിൽ ജീവിക്കയാണെന്റെ ലക്ഷ്യം !!

# മഴ

ഉണ്ണിമായ കെ. യു
ഒന്നാം വർഷ സംസ്കൃതം
ഗവ. വിക്ടോറിയ കോളേജ്

മഴ പെയ്തുതുടങ്ങുമ്പോൾ ആദ്യം മനസ്സിലൂടെ ഓടുന്നത് കുറേ മുൻകരുതലുകളാണ്. പൊട്ടിയ ഓടുകളുടെ ഇടയിലുള്ള ദ്വാരങ്ങളിലൂടെ ഊർന്നുവരുന്ന വെള്ളത്തിനെ നിലത്തിറക്കാനയക്കാതെ പാത്രങ്ങൾ വെയ്ക്കേണ്ടതാണ് ആദ്യത്തെ മുൻകരുതൽ. രണ്ടാമത്തേത്, മുറ്റത്ത് ഉണങ്ങാനിട്ടിരിക്കുന്ന തുണികളും മറ്റു സാധനങ്ങളും നനയ്ക്കാതെ എടുക്കുകയും പിന്നെ മഴയോടു കൂടെയെത്തുന്ന കരണ്ടുപോക്കിനെ നേരിടാനായി വൈദ്യുതി വെളിച്ചത്തിനു പകരമായി മണ്ണെണ്ണ വിളക്കുകൾ കത്തിക്കലും, വിളക്ക് കത്തിക്കുന്നതിനുമുൻപേ വിളക്കിൽ മണ്ണെണ്ണ നിറയ്ക്കുന്നതിനാവും വെപ്രാളം. അങ്ങനെ എല്ലാം കരുതുമ്പോഴേക്കും മഴ പെയ്തിട്ടുണ്ടാവും, കരണ്ടുപോയിട്ടുണ്ടാവും, അപ്പോഴും പലതും സംഭവിച്ചിട്ടുണ്ടാവും. ചിലയിടത്ത് പാത്രം വെക്കാൻ കഴിയാതെ നിലത്ത് വെള്ളം ഒലിച്ചിട്ടുണ്ടാവാം. കരണ്ടുപോകുന്നതിനുമുൻപ് മണ്ണെണ്ണ ഒഴിക്കാൻ കഴിയാതെ കാണാത്ത വിളക്കുമായി പരതുന്നുണ്ടാവാം. ചിലർക്ക് മഴ ആശ്വാസവും, ചിലർക്ക് ആസ്വാദ്യവും, ചിലർക്ക് പേടിസ്വപ്നവും ആയിത്തീരുന്ന ഈ മഴ യഥാർത്ഥത്തിൽ എന്താണ് ? കാൽപ്പനികതയുടെ താഴ്വരയിൽ വിഷാദം നിറഞ്ഞ താളത്തിൽ എന്നോട് സംവദിച്ചിരുന്ന മഴ, ഇന്ന് ഭൂമിയിലേക്ക് വേരോട്ടം നടത്തുവാനാവാതെ, നിസ്സഹായമായി മൗനത്തിന്റെ ഭാഷയിൽ പുനർനിർവചിക്കുന്നതെന്താവാം? അതോ ഇത്ര മാത്രമാണോ മഴ!

# ഷഷ്ടിപൂർത്തി

വിനോദ്കുമാർ എസ്.
8893298086

നാല്വരി പാത കടിച്ചുകൊന്ന
രണ്ട് വയസ്സ് മാത്രം പ്രായമുള്ള ഒരു
കുഞ്ഞുവീടിന്റെ മാംസത്തിന്റെ രുചിയായിരുന്നു
ഷഷ്ടിപൂർത്തിക്ക് മുറിച്ചൊരു കേക്കിൻ
കഷണത്തിന്.

പിന്നെ വ്യത്യസ്ത രുചികൾ
ഫാക്ടറി കുഴലിൽ നിന്നും കണ്ണീർവാതക
പ്രയോഗമേറ്റ് കലങ്ങിയ മേഘത്തിൻ കണ്ണുകൾ
പിന്നെയത് പുഴയുടെ വ്യണത്തിൽ
ആസിഡ് തുള്ളികളായ് മൊട്ടിട്ടു

അടച്ചുപൂട്ടിയ സ്കൂൾമുറ്റത്ത്
അണ്ണാന്റെ കടിയേറ്റ്,
അനാഥമാക്കപ്പെട്ട കല്ലിന്റെ നാവിൽ
വീണ മാമ്പഴ ചാറിന്റെ രുചി.

മാൻഹോളിൽ മനുഷ്യത്വം
തിരഞ്ഞവന്റെ മതം ചോദിച്ചു
മനസ്സുകളിൽ മാലിന്യത്തിന്റെ
കുമിള പൊട്ടുന്നു.

കൊന്ന് കുഴിച്ച് മൂടപ്പെട്ട
വയലുകളുടെ പ്രതികാരം
ധമനികൾ അർബുദകലകളാൽ
നികത്തപ്പെടുന്നു.

വധശിക്ഷക്കെതിരെയുള്ള
ലേഖനത്തിന്റെ വരികൾക്കിടയിൽ
സൂക്ഷിച്ച് നോക്കിയാൽ കാണാം
കേരള ഭൂപടത്തിന്റെ ത്രിമാനചിത്രം
ആ ചിത്രത്തിൽ ചോര കൊണ്ട്
മെഴുകിയൊരു റെയിൽപാളവും

അവധി കഴിഞ്ഞ് പോകുന്ന
പട്ടാളക്കാരൻ കുഞ്ഞോമനയുടെ
നെറ്റിയിൽ നല്കുന്ന ചുംബനത്തിന്റെ
രുചിയായിരുന്നു അവസാനത്തെ
കേക്കിൻ കഷ്ണത്തിന്.

## രണ്ടുകവിതകൾ

വി. ഭദ്ര
0487 2201350

(പതിനൊന്നുവയസ്സുള്ള വിദ്യാർത്ഥിനിയാണ്. അഞ്ചാം വയസ്സുമുതലേ കവിത എഴുതിത്തുടങ്ങി. ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.)


# കാട്

കാട് കാണാൻ പോയി ഞാൻ
കാടു കണ്ടിറങ്ങി വന്നപ്പോളാ-
കാട് എന്റെ കൂടെയായി
കണ്ണുരണ്ടും പൂക്കളായി
കൈ രണ്ടും വള്ളികളും
വിരലുകൾ ഇലകളായ് മാറി
മാനും, മുയലും, മയിലും,
കുയിലും, സിംഹവുമെല്ലാം
എന്റെ ഉള്ളിൽ താമസമായി
കാടുതപ്പി വരുന്നവർക്കെന്റെ
ഉള്ളിലേ കാടിനെ
കാട്ടിക്കൊടുക്കും ഞാൻ !

# തിരമാല

തിരമാലയായി ഞാൻ നടന്നനേരം
എണ്ണിയാൽ തീരാത്ത മണലുകണ്ടു
മണലിൽ വീണു കളിക്കുവാനായി
തീരത്തേക്കു ഞാൻ ഓടിവന്നു.
തീരത്തുഞാൻ വന്നുതൊട്ടനേരം.
തിരികെ പോകുവാൻ തോന്നിപ്പോയി.
ഇനി ഈ മണൽ എനിക്കുവേണ്ട
കടലിന്നടിയിൽ അമ്മയും ഞാനും
ചേർന്നിരിക്കാം, തീരത്തേക്കു വരാതിരിക്കാം
മോഹങ്ങൾ തീരാതെ തിരിച്ചുപോയാൽ
തീരത്തിനിയും വരേണമത്രേ
തീരം ഇനിയും കാണേണ്ട എങ്കിൽ
മോഹങ്ങളില്ലാതെ തിരിച്ചുപോകാം
എല്ലാ മോഹങ്ങളും തീർത്തുപോകാം.

## ലേഖനം



ചൂലനൂർ രാമചന്ദ്രൻ
9745675439

# പാലം പണിയുന്നവർ

‘...പാലം കുലുങ്ങ്യാലും കേളൻ കുലുങ്ങില്ലാ...‘

‘... ഒരു പാലം പണിതാൽ അങ്ങോട്ടും ഇങ്ങോട്ടും വഴിയൊപ്പം...‘

... എന്നീ ചൊല്ലുകൾ കേരളത്തിൽ സർവ്വസാധാരണമാണ്. മുൻകേരള ഗവർണർ രാമകൃഷ്ണ റാവു 1957 ൽ ഉദ്ഘാടനം നിർവ്വഹിച്ചിരുന്ന ധാത്രിപ്പുഴയിലെ പാലം ഇടിച്ചുപൊളിക്കുകയാണ്. പൊളിക്കുന്ന പാലത്തിന് അക്കാലത്ത് ഒരു ലക്ഷത്തിൽ താഴെ രൂപയാണ് ചില വായിട്ടുള്ളത്. ആ കാലയളവിൽ ഞങ്ങൾ കേരളക്കാർ മധുര മനോഹരമായൊരു സുന്ദര സ്വപ്നം കണികാണാറുണ്ടായിരുന്നു. എങ്ങും... എവിടെയും സമത്വസുന്ദരമായ നീലാകാശവും... പടർന്നുപന്തലിച്ചു നൃത്തം വെയ്ക്കുന്ന നെൽപ്പാടങ്ങളും സംതൃപ്തമാനസരായ കർഷകരും, തേജോമയമായ ചുവന്ന സൂര്യനും. ലോകത്ത് ആദ്യമായി ബാലറ്റ് പേപ്പറിലൂടെ... ഒരു വിപ്ലവപാർട്ടിയെ അധികാരത്തിന്റെ സിംഹാസനത്തിലിരുത്തിയതും ഞങ്ങളായിരുന്നുവല്ലോ...!!

എട്ടുകോടി രൂപ മുതൽ മുടക്കി പാലം പുനർനിർമ്മിക്കുന്ന ഇക്കാലത്തും വിപ്ലവസൂര്യൻ തന്നെയാണ് അധികാരം കയ്യാളുന്നത്. ഇന്നോളം നടന്നിട്ടുള്ള എല്ലാ തിരഞ്ഞെടുപ്പുകളിലും ഞങ്ങൾ വിപ്ലവ പടനായകരെയാണ് നിയമ സമാജികരായി വിജയിപ്പിക്കാറ്. 1957ലെ പാലം പണിതത്... തമിഴ്പേശും ജോലിക്കാരായിരുന്നു. 2016ലെ പാലം പണിയുന്നത് ബംഗാളികളും. ഞങ്ങൾ, ധാത്രിപ്പുഴയോരദേശക്കാർക്ക് വെറും കാഴ്ചക്കാരായി നിൽക്കാനാണ്... ധർമ്മയോഗം.

നിങ്ങൾക്ക് അറിയാമോ...? ഇന്ന് ഞങ്ങളുടെ നാട്ടിൽ... രാഷ്ട്രീയ ദൈവങ്ങളും... മുത്തപ്പന്മാരും... വല്ല്യേട്ടന്മാരും... മാത്രമാണുള്ളത്. പണ്ടുപണ്ട്... കൊടുങ്ങല്ലൂർ ഭരണിക്ക്, താണ്ഡവനൃത്തമാടി പോകുന്ന അമ്മ ദൈവങ്ങൾ കല്പിക്കും; വസൂരിമാലയുടെ ഭയത്താൽ... ഞങ്ങൾ സർവ്വതും ശിരസ്സാൽ വഹിക്കും. ഇക്കാലത്ത് രാഷ്ട്രീയ മേലാളർ വിധിക്കും. ഞങ്ങൾ അത് പൂർണ്ണമായി അനുസരിക്കും.

നമ്മുടെ വിപ്ലവഗാനങ്ങളിൽ വിശ്വസിക്കാത്ത ബന്ധുക്കളെയും അയൽക്കാരെയും, നാം ഒരിയ്ക്കലും തിരിഞ്ഞു നോക്കില്ലെന്നുള്ള സത്യപ്രതിജ്ഞ പാർട്ടി ശാഖകളിൽ ഏല്പ്പിക്കണം. എന്തിനേറെ... ചാത്തം...അടിയന്തിരം... തിരണ്ടു കുളി... തുടങ്ങിയ സാമൂഹ്യചടങ്ങുകളിൽ നാം പങ്കെടുക്കരുതെന്നുമാണ്... ഭാവഗാനം.

എന്നാൽ നമ്മുടെ നേതാക്കന്മാരെല്ലാം... അത്തരം ചടങ്ങുകളിൽ സ്ഥിരമായി ഓടിക്കൂടും. മിക്കവാറും... ഒരു കപ്പ് ചായയും ഒന്നുരണ്ടു പ്ലേറ്റ് ബിരിയാണിയും അവർ അകത്താക്കും. അത് എന്തിനാണെന്നോ...? രാഷ്ട്രീയ നേതാക്കന്മാർക്ക് സ്ഥിരം ശത്രുക്കളായി ആരുമില്ലെന്ന് തെളിയിക്കാൻ. ഏകലോകത്തിന്റെ ദേവതാരു മരങ്ങൾ നട്ടുപിടിപ്പിക്കുന്ന ചേല്... നിങ്ങൾക്കും ഇപ്പോൾ സഹജമായില്ലേ...?

ഇനി ഈ വഴിത്താരയിൽ... കഷായത്തിന് ചുക്കുപോലെ... മറ്റൊരു കൂട്ടരുണ്ട് - ത്രിവർണ്ണം. അവിടെ സ്ഥിരം കൊമ്പൻ -മോഴ സമ്പ്രദായമാണ്... നാട്ടുനടപ്പ്. അവരുടെ പാർട്ടി ജാതകത്തിൽ തെരഞ്ഞെടുപ്പ്... എന്ന അംശകം നിലവിലില്ല. ചാത്തൻ... കോരനെ മുകളിൽ നിന്ന് നിർദ്ദേശിക്കും. കോരൻ... മാക്കുവിനെ നേരിട്ട്... താഴെക്കിടയിലേക്ക് പ്രതിഷ്ഠിക്കും. ലിസ്റ്റിൽ പേരുപതിഞ്ഞവർ... രാവും പകലും നൂറ്റൊന്നു വീതം ഏത്തവുമിടണം. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാത്ത വിധത്തിലായി അവരുടെ സ്ഥിതി വിവരക്കണക്ക്. നൂറ്റാണ്ട് പിന്നിട്ടിട്ടും ജനാധിപത്യം ദഹിക്കാത്ത ഗോത്രം.

പിന്നെ... ഇപ്പം കണ്ട്... സംസ്കൃതം ചൊല്ലി മേനി നടിക്കുന്ന രാമരാജ്യക്കാരുടെ വിളയാട്ടമാണ്. അവർ ഏതുനിമിഷവും അഞ്ഞൂറും ആയിരവും പിൻവലിച്ച്... പാർലിമെന്റിൽ ചെല്ലാതെ ഭാരതത്തിന് ആരതി ഉഴിയും. എല്ലാം ബ്രഹ്മകല്പനയാണെന്ന പായസാന്നവും ആമോദത്തോടെ വിതരണം ചെയ്യും. ജനാധിപത്യം മുക്കോവിന്ദായ നമഃ

എല്ലാ വല്ല്യേട്ടന്മാരുടെ ദർശനങ്ങളിലും സൂക്ഷ്മമായ സമാനതകളുണ്ട്. ഇരിക്കാൻ ഒരു കസേര... പിന്നെ പുഴ മണൽ... കൽക്കരി... പഞ്ചാരകമ്പനി... മരം മുറി... പാലം... റോഡ്... വിമാനത്താവളം... കപ്പൽശാല... ഫോൺകമ്പനി... ശ്ശോ... നക്ഷത്രഹോട്ടൽ... സദാപി വിദേശ സഞ്ചാരം... സംഗതികൾ ഒത്തുവന്നാൽ... തൃമധുരം അല്ലെങ്കിൽ അഴിമതി. കുറുക്കൻ കഥകളുടെ കഥാ തന്തുക്കൾ ഇപ്പോഴും ഐസ്ക്രീം തിന്നുന്നു.

2016ലെ മൺസൂൺ കേരളത്തെ ചതിച്ചു. മഴയുടെ ലഭ്യത തീർത്തും കുറവ്. എന്നാലും വേണ്ടില്ല - ധാത്രിപ്പുഴയിലെ തടയണ സങ്കോചമില്ലാതെ തുറന്നുവിട്ടുകൊണ്ടാണ് വിപ്ലവനായകൻ ഗജകേസരി പാലം പണി തുടങ്ങിവെച്ചിരിക്കുന്നത്. പുഴയോരത്തെ കൃഷിക്കാരെ തീർത്തും അവഗണിച്ചുകൊണ്ടാണ് വിപ്ലവനായകന്റെ പരിഷ്കരണ വ്യായാമം ആരംഭിച്ചിരിക്കുന്നത്. കൊടിവെച്ച കാറിലെ ശക്തനാം മന്ത്രിക്ക് കുടിക്കാൻ കുപ്പിവെള്ളം... അങ്ങ്... അമേരിക്കയിൽ നിന്നും വരുത്താൻ ഭരണഘടനയിൽ സ്ഥിരം വകുപ്പുണ്ട്. വിപ്ലവത്തിന്റെ നിജസ്ഥിതി എങ്ങനെയുണ്ട്...? ഉഗ്രൻ... ഉഗ്രതേ... ഭവതു...!!

എന്തായാലും... പാലം പൊളിക്കൽ ചടങ്ങ്... ചുറ്റിക എടുത്ത് യഥാശക്തി നിർവ്വഹിച്ച നമ്മുടെ മന്ത്രി... പുത്തൻ പാലത്തിനായി തറക്കല്ലിടാനും. കൈ കൂപ്പി ചിരിച്ചു മയങ്ങി. ഇങ്ങ് വന്നെത്തും... ആ വർഗ്ഗ പ്രകടന സവിശേഷ ചടങ്ങിൽ അടിയനും പങ്കെടുക്കാൻ നിശ്ചയിച്ചിരിക്കുകയാണ്...

എന്തുകൊണ്ടെന്നാൽ... ?

കാര്യം... ഗൗരവം... പലതുണ്ട്... പാർത്ഥാ...!!

മന്ത്രിയുടെ പ്രസംഗം കേൾക്കാൻ പോകുന്നവർക്ക്... ഇറക്കുമതി ചെയ്ത കുപ്പിവെള്ളവും ചൈ

നനിർമ്മിതി ബിസ്ക്കറ്റും വിതരണം ചെയ്യും. ഈ രക്തത്തിലും ഉപ്പിലും പങ്കില്ലാത്തവരായി ഈ നാട്ടിൽ ആരുമില്ലെന്ന് ഉറപ്പുവരുത്താൻ.

അങ്ങനെ... മന്ത്രിയുടെ പ്രസംഗത്തിൽ ലയിച്ചുന്മത്തനായി... ഞാൻ... വെള്ളം... മിനുമിനാന്ന് കുടിച്ച്... ബിസ്ക്കറ്റ് കറുമുറുകടിച്ച്... ഒരു പുതുആവേശിതമായ ബോധത്തോടെ... കാലിക്കുപ്പിയുമായി... അങ്ങ്... ദൂരെ... അറബിക്കടലിൽ ചെന്ന്... ഒരു കുപ്പിവെള്ളവുമായി... ഇങ്ങോട്ടുതിരിച്ചുവന്ന്... കേഴുന്ന ധാത്രിപ്പുഴയുടെ ഹൃദയചെപ്പിലേക്ക്... ഇറ്റിച്ചുകൊടുക്കും. പിന്നീട്... പുഴയോടൊപ്പം... ഞാനും ഒരു പെരുമഴക്കാലത്തിനായി തപസിരിക്കും. പണ്ട് പണ്ട്... ഈ ഭൂഗോളം ഒരുപാട് തപസ്സിരുന്നതാണല്ലോ... പെരുമഴയ്ക്കായി.

പൊളിച്ചടുക്കിയ പാലം പണിയുന്ന കാലത്ത്... ഞാൻ, അഞ്ചാം വയസ്സിൽ പ്രവേശിച്ച ബാലൻ. പളങ്കുഗോട്ടി കളിച്ചും, പമ്പരം കറക്കിയും, പനം നൊങ്കുകൊണ്ട് ഉന്തുവണ്ടി ഉണ്ടാക്കി ഇടവഴികളിലൂടെ ഉരുട്ടിയും, വെളിപ്പറമ്പുകളിൽ പട്ടം പറപ്പിച്ചോടിയും രസിക്കുന്ന കുസൃതിക്കാരൻ. ആകാശത്തിലൂടെ വിമാനം പറന്നുപോകുന്ന ഒച്ച കേട്ടാൽ... മറ്റെല്ലാം മറന്ന്... മുറ്റത്തിറങ്ങി... ആകാശത്തേക്ക് ഉറ്റുനോക്കി... ഉയരങ്ങളിൽ പറക്കാൻ കൊതിക്കുന്ന കൃശഗാത്രൻ. (ഇന്നും ഈ വയസ്സുകാലത്തും വാനിലൂടെ പറക്കുന്ന വിമാനം കണ്ടാൽ... ചെറുപ്പത്തിന്റെ ഓർമ്മകൾ തുളുമ്പും.)

ഞങ്ങളുടെ ദേശക്കാരത്രയും ബഹുമാനിക്കുന്ന മാധവി ടീച്ചർ... എന്നെയും മറ്റുകൂട്ടുകാരെയും സ്കൂളിലേക്ക് കൂട്ടിക്കൊണ്ടുപോയി... ഒന്നാം ക്ലാസ്സിൽ പഠിപ്പിക്കാൻ ചേർത്തി. പക്ഷേ... സ്കൂൾ തുറന്നപ്പോൾ... ഞങ്ങളാരും തന്നെ സ്കൂളിലേക്ക് പോകാൻ കൂട്ടാക്കിയില്ല. കാരണം - പണിയുന്ന പാലത്തിന്റെ കാലുകൾ ഉറച്ചുകിട്ടാൻ... മനുഷ്യരക്തം വേണമെന്നൊരു കഥ അക്കാലത്ത് നാട്ടിൽ പരന്നു. അതും പിഞ്ചുകുഞ്ഞുങ്ങളുടെ രക്തമാണത്രെ അതിനൊക്കെ ഉത്തമം. ഞങ്ങളുടെ തട്ടകത്തിലെ കാളി മുത്തിക്ക്... പണ്ടുകാലത്ത് - അതായത് മീന മാസത്തിലെ പൂരം കഴിഞ്ഞുള്ള പുലർകാലവേളയിൽ... തട്ടാന്മാരുടെ ഗോത്രത്തിൽ നിന്നും ഒരു പിഞ്ചുകുഞ്ഞിനെ ബലി കൊടുക്കുന്ന ചടങ്ങ് ഉണ്ടായിരുന്നുവത്രെ. അങ്ങനെ ചടങ്ങു നടത്തി നടയടച്ചാൽ പിന്നെ ഏഴാം പക്കമാണ് നട തുറക്കാറുള്ളത്. അത്തരത്തിലൊരു തൃപ്പൂരനാളിൽ... അതിമനോഹരിയായ ഒരു എട്ടുവയസ്സുകാരി പെൺകുഞ്ഞ്... മക്കളും കുട്ടികളുമില്ലാതെ ദുഃഖപരവശനായി കഴിയുന്ന വെളിച്ചപ്പാടിനെ കെട്ടിപ്പിടിച്ചു... കരഞ്ഞുപോലും...

'മക്കളെ... കൊല്ലല്ലേ... തമ്പാട്ടി...!! വംശം മുടിക്കല്ലേ... തമ്പാട്ടി...' ആ നിലവിളി കേട്ട്...ഹൃദയം തകർന്ന ശങ്കരവെളിച്ചപ്പാട്... പൂരത്തിന്റെ ചടങ്ങിൽനിന്നും മനുഷ്യബലി... ഒഴിവാക്കിയത്രെ !! ആ വെളിച്ചപ്പാടിന്റെ ഓർമ്മയ്ക്കായി... ഒരു മാവ് നട്ടുപിടിപ്പിച്ചു... അതാണ്... ഇന്നത്തെ ശങ്കര മൂച്ചി ബസ്റ്റാന്റ്.

ഈ മുത്തശ്ശിക്കഥ കേട്ടുകേട്ട് തഴമ്പിച്ചിട്ടുള്ള ഞങ്ങളുടെ മനസ്സിലൂടെ... പാലത്തിന്റെ ഉറപ്പിനായി... കുഞ്ഞുങ്ങളെ തേടി നടക്കുന്ന ചാക്കുമാപ്പിളമാരുടെ നിഴൽ രൂപങ്ങൾ... വീണ്ടും വീണ്ടും മിന്നിമറഞ്ഞു. ഊണിലും ഉറക്കത്തിലും ഭീകര രൂപങ്ങൾ ഞങ്ങളെ വേട്ടയാടി.

മാധവി ടീച്ചറുണ്ടോ... വിടുന്നു ? അവർ വീടുവീടാന്തരം കയറിയിറങ്ങി. ഒരു രക്ഷകയുടെ വെൺചിറകുമായി ടീച്ചർ ഞങ്ങളെയൊക്കെ... വീണ്ടും സ്കൂളിലേക്ക് ആനയിച്ചു. ആ അക്ഷരം കുറിയ്ക്കലിന്റെ ശക്തമാം വെളിച്ചം ഇന്നും ഞങ്ങളെ മുന്നോട്ടുനയിക്കുന്നു.

പതിയെ... പതിയെ... പാലം പണി സൃഷ്ടിച്ച ചാക്കുമാപ്പിളമാരുടെ ഭീതിയിൽ നിന്നും ഞങ്ങൾ പറന്നകന്നു. പിന്നീട്... ആ... പാലം ഞങ്ങളുടെ അനിവാര്യതയായി. ആ പാലത്തിലൂടെ പി. സി. റ്റി. കമ്പനിക്കാരുടെ മൂക്കുള്ള രണ്ടു ബസ്സുകളാണ് ആദ്യം ഓടിത്തുടങ്ങിയത്. ഒന്ന് - പാലക്കാട് ടിപ്പു സുൽത്താൻ കോട്ടമൈതാനത്തേയ്ക്ക്. മറ്റൊന്ന് - മംഗലം ഡാമിലേക്ക്.

പാലക്കാട്ടിലേക്കുള്ള ബസ് കൊമ്പൻ മീശക്കാരൻ ബാലൻ നമ്പ്യാരും മംഗലം ഡാമിലേക്കുള്ളത്... റാന്തൽ എന്ന ഖാദർ മരയ്ക്കാരുമാണ് ഓടിച്ചിരുന്നത്. ഖാദറിന് - റാന്തൽ - എന്ന പേരുവരുവാൻ ഒരു സംഭവമുണ്ടായി. മംഗലം ഡാമിൽ നിന്നും രാത്രി ഒൻപതുമണിക്ക് തരൂരിൽ എത്തിച്ചേരുന്ന അവസാന ട്രിപ്പിൽ... ബസ്... പാലം സ്റ്റോപ്പിൽ എത്തിയതും, അതിന്റെ മുൻവശത്തുള്ള ലൈറ്റുകൾ കത്താതായി. ഡ്രൈവർ ഖാദർ... അടുത്തുള്ള കണാരൻ നമ്പ്യാരുടെ കടയിൽനിന്നും ഒരു റാന്തൽ വാങ്ങി, കത്തിച്ച്, ബസ്സിന്റെ മുൻവശത്ത് കെട്ടിത്തൂക്കി. നിർത്താതെ... ഹോൺ അടിച്ചു കൊണ്ട് ട്രിപ്പ് തരൂരിൽ എത്തിച്ചു. യാത്രക്കാർ അന്നുമുതൽ ഖാദറിനെ... റാന്തൽ... എന്ന ഓമനപ്പേരിലൂടെ സ്നേഹിച്ചു.

ഞങ്ങൾ... പിള്ളേർ... ഒഴിവുദിവസങ്ങളിൽ... പാലം കടന്ന് കണാരൻ നമ്പ്യാരുടെ കടയിൽ നിന്നും ഒരണയ്ക്കോ... രണ്ടു മുക്കാലിനോ... നാരങ്ങ മിഠായി വാങ്ങി... കടിച്ചുചവച്ച്... പാലത്തിലൂടെ... റാന്തലായും നമ്പ്യാരായും... വായ് മെഷിനാൽ ബസ് ഓടിച്ചുകൊണ്ടാണ്... പിന്നീട് വളർന്നത്. അക്കാലത്ത് പാലത്തിന്റെ കീഴിലൂടെ ഒരുപാട് നല്ല ഒഴുക്കുണ്ടായിരുന്നു.

ഇന്ന്... മൊബൈലിന്റെ ഉള്ളിൽ മാത്രം മുഖം നോക്കുന്ന നാർസിസ് തലമുറ... പൊളിച്ചടുക്കിയ പാലത്തിന്റെ ഫോട്ടോകൾ ഫേസ്ബുക്കിലൂടെ പങ്കുവെച്ച്... അസംഖ്യം ലൈക്കുകൾ സമ്പാദിക്കുന്നു. ഒരു പറ്റം ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ഒന്നരവർഷക്കാലത്തേയ്ക്ക്... ലംഘിക്കുന്ന പ്രക്രിയയെ... എന്തുമാത്രം നിസ്സംഗതയോടെയാണ് അവർ കാണുന്നത്. ജീവിതത്തിൽ നാം ഓരോരുത്തരും മനസ്സുകൊണ്ടും... ബുദ്ധികൊണ്ടും പുതിയ പാലം പണിയുന്നവരാണല്ലോ...!!

**കവിത**

# കാഴ്ചയും കേൾവിയും

റഷീദ് കുമരംപുത്തൂർ
9447840889

കുരുടനായ ചങ്ങാതിയൊത്ത്
പുഴ കടക്കുമ്പോൾ
അവൻ പറഞ്ഞു
പുഴയാകെ മാറിപ്പോയി.
ഒഴുക്കിന്റെ താളം
അഴുക്കിന്റെ ഗന്ധം.

മണലെടുത്ത കുഴികൾ
വഴിക്കണ്ണായ വടികൊണ്ടവൻ
തിരിച്ചറിഞ്ഞു.

പുൽമേടുകൾ
പുഴങ്കല്ലുകൾ
പൂഴിപ്പരപ്പ്...
ഒന്നുമില്ലല്ലേ... പുഴയിലിപ്പോൾ
കണ്ണു തുറന്ന്
ഞാൻ കാണാത്തതൊക്കെയും
അകക്കണ്ണിനാലവൻ അളന്നെടുത്തു.

വാഹനങ്ങളുടെ ഒച്ചയിൽ
ഒഴുക്കിന്റെ സിംഫണി കേൾക്കാതായി
അവൻ പറയുന്നതൊക്കെ
എനിക്കും കേൾക്കാതായി.

# കഥ



പ്രമോദ് മഞ്ചേരി
9495607393

# സന്താപനാശകരായ...

**ഉ**ണ്ണിക്കുട്ടനമ്മയെ കാണാനിറങ്ങിയ സമയത്ത് അമ്മയോടുള്ള സ്നേഹം 'ഒരമ്മദിവസ'ത്തിലേക്ക് ചുരുക്കിയിട്ടില്ലായിരുന്നു ലോകം ! മൊബൈലുകളും കമ്പ്യൂട്ടറുകളും മനുഷ്യജീവിതങ്ങളെ കീഴടക്കിയിട്ടില്ലായിരുന്നു. അതുകൊണ്ട് അവന്റെ മനസ്സിൽ ഒരുപാട് സ്നേഹവും അവന്റെ ചെറിയ ബാഗിൽ അവനമ്മയെ കാണിക്കാനെടുത്ത കുറെ രഹസ്യങ്ങളും മാത്രം ഭദ്രമായിരിക്കുന്നുണ്ടായിരുന്നു.

മധ്യവേനലവധിയാണ് പറഞ്ഞിട്ടെന്താ ?... അവന് ഭയങ്കരപണികളുണ്ട്. തൊടി നിറയെ പച്ചക്കറികളുണ്ട്. വിഷുവിന് കണിവെക്കാനുള്ള വെള്ളരികളടക്കം. അതൊക്കെ നനക്കണം, അതിന് അവനൊരു കുഞ്ഞു കുടമുണ്ട്, കണ്ണൻ മൂശാരി പ്രത്യേകമായി തന്ന പൊട്ടുകളുള്ള പിത്തളക്കുടം. മനുഷ്യൻ പ്രകൃതിയുടെ സംരക്ഷകൻ ആവണമെന്ന് അവന് അമ്മയാണ് പറഞ്ഞുകൊടുത്തത്. താഴേത്തൊടിയിലെ നെല്ലിയുടെ കവരയിൽ അവനൊരു പൊട്ടിയ കലം വെച്ചിട്ടുണ്ട്. അതിൽ രാവിലെ ത്തന്നെ വെള്ളം നിറച്ചുവെച്ചു തട്ടിൻ പുറത്തുനിന്ന് ജനാലയിലൂടെ നോക്കിയിരിക്കണം. കരിയിലക്കിളികളാണാദ്യം വരിക, പിന്നെ കാക്കത്തമ്പുരാട്ടി, മൈന, ഓലേഞ്ഞാലി, മണ്ണാത്തിപ്പുള്ളുകൾ, വിഷുവിന് ശേഷം കാണാതാവുന്ന വലിയ വാലുള്ള നാകമോഹൻ പക്ഷികൾ, കാക്കകൾ കൂട്ടത്തോടെ തന്നെയാണ് പറന്നെത്താറുള്ളത്, ഇടക്ക് അമ്പരപ്പു മാത്രം മുഖത്തുകാണിക്കുന്ന കുറെയണ്ണാരകൊട്ടന്മാരും. ഇക്കൊല്ലം അമ്മയറിയാതെ ചായ്പിലുണ്ടായിരുന്ന രണ്ടു പിഞ്ഞാണ പാത്രങ്ങളും കൂടി അവൻ തൊഴുത്തിന്റെ മൂലയിൽ മുല്ലവള്ളികൾക്കിടയിലും മുറ്റത്തുള്ള മണിപ്പൂ ചെടികൾക്കിടക്കും വെച്ചിട്ടുണ്ട്. അവിടെ ബുൾബുള്ളുകൾ വരും അമ്പലത്തിലെ മണിയൊച്ച പോലെ ശബ്ദമുള്ളവ. ഒരു കൂടുമുണ്ടവിടെ. അമ്മ തിരിച്ചുവരുമ്പോൾ കാണിക്കാനുള്ള വലിയ രഹസ്യമാണത്. ആറാം ക്ലാസ്സിലെ പരീക്ഷാ പഠനത്തിനിടക്കും അവന്റെ ഈ സ്വകാര്യങ്ങളവൻ വല്യമ്മയുടെ കണ്ണുവെട്ടിച്ച് നിവർത്തിച്ചുകൊണ്ടിരുന്നു.

ശങ്കരൻ നായരാണവനെ ബസ്സിൽ കയറ്റിയത്, പിന്നിൽ വല്യമ്മയും കൂടെ അയാളും, കഴിഞ്ഞ രണ്ട് വർഷമായി ചെറിയ വീട്ടിൽ വാടകയ്ക്ക് താമസിക്കുകയാണയാളുടെ കുടുംബം. വല്യമ്മക്കും അമ്മക്കും വല്യേ സഹായമാണെന്ന് ഇടക്കിടെ പറയും. കുട്ടികളില്ലാത്ത അവർക്ക് ഉണ്ണിക്കുട്ടനെ വലിയ കാര്യമാണ്. തിരിച്ചവനും. അവന്റെ അടുത്ത സീറ്റിൽ വല്യമ്മ, ജനാലക്കടുത്ത സീറ്റിലാണവൻ. സീറ്റിലമർന്നിരിക്കുമ്പോളവൻ ചുറ്റും നോക്കി. നല്ല സുഖം, കറുത്ത കണ്ണാടിയിട്ട ബസ്സ്. വലിയ സീറ്റുകൾ. അമ്മ സ്കൂളിൽ പോകുന്ന ബസ്സിൽ കണ്ണാടിയൊന്നുമില്ല. മഴയത്ത് നിവർത്തിയിടുന്ന ടാർപോളിൻ ഷീറ്റുകളുള്ള ബസ്സാണത്. ഇരിക്കുന്നവരേക്കാൾ കമ്പിയിൽ തൂങ്ങിപ്പിടിച്ചുനില്ക്കുന്നവരാണേറെ. ചന്ദനക്കുറിയിട്ട ഗോപി കണ്ടക്റ്ററാളുകളെ വകഞ്ഞുമാറ്റി, "ടിക്കറ്റ്" എന്ന് ഒച്ചവെച്ച് നടക്കും. അവനോടൊന്നും പറയാറില്ല, ഹെഡ് ടീച്ചറുടെ മകനല്ലേ ? അയാളെ കാണുമ്പോളവനില്ലാത്ത ഗൗരവം നടിച്ച് മുന്നോട്ടുനോക്കിയമ്മയുടെ അടുത്തിരിക്കും. ഈ ബസ്സിൽ കണ്ടക്ടറില്ല. ഇരിക്കുന്ന യാത്രക്കാർ മാത്രം. ഉള്ളിൽ പാട്ടുമുണ്ട്. എല്ലാവരും സീറ്റ് താഴ്ത്തി കിടക്കാൻ നോക്കുന്നു. അവനും വലതുഭാഗത്തുള്ള ചുവന്ന ബട്ടണമർത്തി സീറ്റ് താഴ്ത്തിനോക്കി. അവനുറക്കം വന്നില്ല. അവനടുത്ത സീറ്റിലെ വല്യമ്മയെ ശ്രദ്ധിച്ചു. അവർ കണ്ണടയൂരി കണ്ണുതുടക്കുന്നു. അവൻ മെല്ലെ ജനലിനു പുറത്തേക്കുനോക്കി. ചെമ്മരിയാടുകളുടെ ഒരു പറ്റം ബസ്സിനു മുന്നിൽ നിന്നുമോടിയകലുന്നു. നാട്ടിലിത്തരം ആടുകളില്ല. കട്ടിയിൽ കമ്പിളി രോമക്കുപ്പായമിട്ടപോലെ, ഈ രോമം മുറിച്ചെടുത്താണത്രെ മനുഷ്യൻ കമ്പിളിക്കുപ്പായം ഉണ്ടാക്കുന്നത്. ഇതൊക്കെ മുറിച്ചെടുത്താൽ അവറ്റകൾക്ക് തണുക്കില്ലേ ? അവനു സങ്കടം വന്നു.

അമ്മ മൂന്നാം തവണയാണ് ബാംഗ്ലൂർക്ക് പോയത്. ഓർത്തപ്പോളവന് ദേഷ്യം വന്നു. ഉറങ്ങുന്ന തന്നെയുണർത്താതെ തലയിൽ തടവി ഉമ്മവച്ചാണത്രേ അമ്മ പോയതെന്ന് വല്യമ്മ രാവിലെ പറഞ്ഞു. ഇത്തവണ വേഗം വരാനാവുമെന്നാണ് അമ്മ പറഞ്ഞിരുന്നത്. അസുഖം മാറാനായെന്നും പറഞ്ഞ് അമ്മ കുറേ ദിവസങ്ങളായി തയ്യാറെടുപ്പിലായിരുന്നു. ന്നാലും തന്നെ ഒന്നു വിളിക്കാമായിരുന്നു.

ചന്ദനതൈലത്തിന്റെ മണമാണമ്മയ്ക്ക്. അത് ശ്വസിച്ചുരുമ്മിയിരിക്കാനവനിഷ്ടമാണ്. മഞ്ചേരിക്കുപോയതങ്ങനെ ആയിരുന്നല്ലോ ? അവന് സങ്കടം വന്നു, അച്ഛനെ തേടിപ്പോയതാണ്. ഒരു പുസ്തകക്കടയുണ്ട് ആ നഗരത്തിലച്ഛന്. ഒന്നു രണ്ട് തവണയെ അവനച്ഛനെ കണ്ടിട്ടുള്ളൂ. ബസ്സിറങ്ങി കുറേ നടന്നുവെങ്കിലും കണ്ടുപിടിക്കാനായില്ല. അമ്മയോടൊപ്പം നടക്കാൻ തുടങ്ങിയാലുറുമ്പുകളുടെ വരി പോകുന്ന പോലെയാണ് ഇടക്കിടയ്ക്ക് നിന്നു മുന്നിൽ നിന്നുവരുന്ന ഉറുമ്പിനോട് സംസാരിക്കുന്ന പോലെ കുറച്ചു നടക്കുമ്പോഴേക്കും അമ്മ പഠിപ്പിച്ച ആരെങ്കിലും തലചൊറിഞ്ഞു തിരിഞ്ഞുനിന്നു കുശലമോതും.

"റ്റീച്ചറെങ്ങോട്ടാ ?" അവനതൊക്കെ ദേഷ്യമാണെങ്കിലും മനസ്സിലൊരു അഹങ്കാരം തോന്നാറുണ്ട്.

എന്താണെന്നറിയില്ല, ആ യാത്ര കഴിഞ്ഞുവന്നമ്മ കുറേ കരഞ്ഞു. അമ്മ വിഷമിക്കേണ്ട എന്നു പറഞ്ഞപ്പോൾ കെട്ടിപ്പിടിച്ചു തേങ്ങി. അല്ലെങ്കിലും ഈ വലിയവരുടെ ലോകം കുറേയധികം നിഗൂഢമാണ്. അന്നുവൈകുന്നേരം മച്ചിലിരുന്നാണ് അമ്മ 'ആദിത്യഹൃദയം' പറഞ്ഞു തന്നത്. ശ്രീരാമൻ രാവണനുമായുള്ള യുദ്ധത്തിൽ ക്ഷീണിച്ചപ്പോൾ വിജയിക്കാനായി ചൊല്ലിയ മന്ത്രം. ജീവിതത്തിലെന്തു പ്രതിസന്ധികളിലും ഇതോർക്കണമെന്നാണമ്മ പറഞ്ഞത്. മനസ്സിൽ ചൊല്ലി ഹൃദിസ്ഥമായ വരികൾ അവനോർത്തു...
"സന്താപനാശകരായ നമൊനമ..."

ബാംഗ്ലൂരെത്തിയത് രാവിലെയാണ് ഉണ്ണിമാമയുടെ ഡ്രൈവർ കാത്തുനില്ക്കുന്നു. ഉണ്ണിക്കുത്സാ

ഹം കൂടി, അമ്മയെക്കാണാം. വല്യമ്മ ഭയങ്കര ഗൗരവത്തിലാണ്. ശാസിച്ചും ഉപദേശിച്ചും അവരങ്ങിനെ... അവന്റെ കുഞ്ഞുബാഗ് അവൻ നെഞ്ചോടു ചേർത്തുപിടിച്ചു. കാറിൽ പിൻസീറ്റിൽ അവനും വല്യമ്മയും. മുന്നിൽ ശങ്കരൻ നായരും. രാവിലെ വാഹനത്തിരക്കധികമില്ല. വലിയ റോഡുകളും കെട്ടിടങ്ങളും പിന്നിലേക്കോടി മറയുന്നു. നല്ല തണുപ്പുണ്ട്. അമ്മയെക്കൂട്ടി ഈ സ്ഥലമൊക്കെ വന്നു കാണണം. ഉണ്ണിമാമയുടെ വീട്ടിൽ ശോച്ചിയുണ്ട്. ശോഭേച്ചിക്ക് അവനെ വല്യ ഇഷ്ടമാണ്. വീണ വായിക്കാനറിയുന്ന സുന്ദരിച്ചേച്ചി. അവൻ വായിക്കാറുള്ള കഥകളിലെ മാലാഖമാർ ചേച്ചിയെ പോലെയാണ്.

“ഇനി ഒരു വളവ് തിരിഞ്ഞാൽ വീടായി” ഡ്രൈവർ പറഞ്ഞു. അവനൊരു കുസൃതി തോന്നി. അവൻ ബാഗിലെ പോക്കറ്റിൽ നിന്നും രാധാകൃഷ്ണൻ മാഷ് തന്ന പേനയും ട്രോഫിയും പുസ്തകവുമെടുത്തു. അവന്റെ അമ്മക്കുള്ള രഹസ്യങ്ങൾ!!! വല്യമ്മ അവനെ ചുഴിഞ്ഞുനോക്കി. “ഇതൊക്കെയെന്തിനാ എടുക്കുന്നേ... ഉണ്ണ്യേ വീടെത്താറായീലോ ?”

അവർ കണ്ണട ഊരി കണ്ണു തുടയ്ക്കുന്നു. വല്യമ്മയുടെ കണ്ണട മാറ്റാറായിരിക്കുന്നു. അതോണ്ടാണവർ ഇടയ്ക്കെടുത്ത് തുടച്ചുവയ്ക്കുന്നത്. ഇതാണെങ്കിൽ അമ്മ വാങ്ങിക്കൊടുത്ത മൂന്നാമത്തെ കണ്ണടയാണ്.

രണ്ടു ദിവസമേ ആയുള്ളൂ ഇതൊക്കെ അവന് കിട്ടീട്ട്. പരീക്ഷാഫലത്തിനോടൊപ്പം അമ്മ പഠിപ്പിച്ച ഹെഡ്മാഷ്, രാധാകൃഷ്ണ്‍ മാഷ് ആറാം ക്ലാസ്സിലെ ഏറ്റവും നല്ല വിദ്യാർത്ഥിയായി അവന്റെ പേരു വിളിക്കുമ്പോൾ അവൻ മനസ്സിൽ ചൊല്ലുകയായിരുന്നു.

“സന്താപനാശകരായ...” കൂട്ടുകാരുടെ കൈയടികൾക്കിടക്കും അവന് സന്തോഷം തോന്നിയത് അമ്മ പറഞ്ഞത് അനുസരിക്കാനായതിലായിരുന്നു. ഇതമ്മയ്ക്കുള്ള ഒരു രഹസ്യ സമ്മാനം. മാഷ് പുസ്തകവും ട്രോഫിയും കൂടെ പോക്കറ്റിലുണ്ടായിരുന്ന പേനയും തന്നു. ഇതൊക്കെ അമ്മയെ കാണിക്കണം.

ശോച്ചിയാണ് വാതിൽ തുറന്നത്. അവൻ ചേച്ചിയെ ഒരു കൈകൊണ്ട് കെട്ടിപ്പിടിച്ചു. “ഇതെന്താ എല്ലാരും കുളിക്കാത്ത പോലെ, മുഖം വീർപ്പിച്ചിരിക്കുന്നേ ?” അമ്മായി വേഗം വല്യമ്മയെ അകത്തേക്കു കൊണ്ടുപോയി. അവൻ ശോച്ചിയോട് ചോദിച്ചു “അമ്മ” അവൾ കരയുന്നതപ്പോഴാണവൻ ശ്രദ്ധിച്ചത്. ചുറ്റും നോക്കി നിന്നവരെല്ലാവരും കണ്ണുതുടയ്ക്കുന്നു. അകത്തളത്തിൽ ഒരു മൂലയിൽ ചുകന്ന പട്ടിൽ പൊതിഞ്ഞ് ഒരു കലശത്തിനുമുന്നിൽ കത്തുന്ന നിലവിളക്ക്. ശോച്ചി അത് ചൂണ്ടിക്കാട്ടിയതും അവന്റെ കൈയിൽനിന്നും സമ്മാനങ്ങളൂർന്നു വീണതും ഒന്നിച്ചായിരുന്നു. അവൻ ആ കലശം നോക്കിനിന്നു. അവൻ ഇല്ലാതാവുകയാണ്. മരണമെന്ന വലിയ ഒരു നിഴൽ മനസ്സിനേയും ചിന്തകളേയും ഗ്രസിച്ചിരിക്കുന്നു കരച്ചിലില്ല... ഒരു നിമിഷം പുക പോലെ ആ കുടത്തിൽ നിന്നമ്മ ഉയർന്നു വന്ന് തന്നെ കെട്ടിപ്പുണരുമെന്നവനാശിച്ചു... അതൊന്നുമുണ്ടാവില്ല. ചന്ദനതൈലത്തിന്റെ മണം ഇനിയവന് ചുറ്റും ഉണ്ടാവില്ല. ആരേയും നോക്കാതെ അവൻ പുറത്തേക്ക് നടന്നു. മുറ്റത്ത് ശങ്കരൻ നായരും ഉണ്ണിമാമയും തമ്മിൽ എന്തോ പറയുന്നു. മതിൽക്കെട്ടിന് മുകളിൽ സൂര്യൻ... തണുത്ത കാറ്റടിക്കുന്ന ആ മൂകാന്തരീക്ഷത്തിൽ തലക്കുമീതെ ഒരു തണുത്ത സൂര്യൻ അവനെയുറ്റു നോക്കുന്നു. നിറകണ്ണുകളോടെ സൂര്യനെ നോക്കുമ്പോൾ ഉള്ളിലും, സൂര്യനിലും എന്തൊക്കെയോ തിളച്ചുമറിയുന്നു. അവൻ മനസ്സിലുറക്കെ ചൊല്ലി,

“...സന്താപനാശകരായ നമോനമഃ
...ശാന്തായ രൗദ്രായസൗമ്യായ ഘോരായ
...കാന്തിമതാം കാന്തിരൂപായ തേ നമ...”

●


**കവിത**

## കുരുടൻ

അൻസാർ കൊളത്തൂർ
9526601653

കടലാഴങ്ങളുടെ
ഇരമ്പുന്ന മൗനത്തിലും
നിലാപ്പെയ്ത്തിന്റെ
വെള്ളിവെളിച്ചത്തിലും
അന്ധകാരപ്പടർപ്പിലും
മരുഭൂവുൾച്ചൂടിലും
വിയർക്കാതെയലയുന്ന
കുരുടനായ നിന്നെ
ഭയമാണെനിക്ക്
നിന്റെ മൂകതയിൽ
പെയ്തൊഴിയാൻ കഴിയാതെ
തളംകെട്ടിയ മേഘക്കീറിൽ
വിങ്ങി നീറുന്നുണ്ടിപ്പോഴും
നിർവചനാതീതമായൊരു
മിടിപ്പിന്റെ തുടിപ്പ്.

**കഥ**



ടി. കെ. ഉണ്ണികൃഷ്ണൻ
0491 – 2578098

# പ്രണയം

മകൾ അമ്മയോട് : എന്താണമ്മേ ഈ പ്രണയം.

അമ്മ തന്റെ അനുഭവത്തിലൂടെ വിവരിച്ചു. പരന്നു കിടക്കുന്ന ഭൂമി ഉരുണ്ടതാണെന്നറിയാതെ, കറുത്തിരുണ്ട കാർമേഘങ്ങൾ മഴ തുള്ളിയാകുമെന്നറിയാതെ, പുഴയിൽ ഒലിച്ചുപോകുന്ന വെള്ളം സാഗറിൽ അലിയുമെന്നറിയാതെ, കത്തിപ്പടരുന്ന അഗ്നി പലതിനേയും ചാരമാക്കുമെന്നറിയാതെ മനസ്സ് ഒന്നിൽ മാത്രം സ്വപ്നം കണ്ട് പറക്കുന്ന ഭ്രാന്തിനെയാണ് പ്രണയം എന്നു പറയുന്നത്.

മകൾ : ഈ ഭ്രാന്തിന് മരുന്നില്ലേ ?

അമ്മ : ഭൂമി ചുറ്റി അവിടെത്തന്നെ എത്തുമ്പോൾ, കാർമേഘങ്ങൾ വെള്ളമായി വീണ് നനയുമ്പോൾ, സാഗറിൽ ലയിച്ച പുഴവെള്ളം ഉപ്പ് ചുവയ്ക്കുമ്പോൾ, കത്തിയാറിയ ചാരം അന്തരീക്ഷം ദുഷിപ്പിക്കുമ്പോൾ മാത്രമാണ് ഭ്രാന്താണെന്നറിയുന്നത്. അപ്പോഴേക്കും വൈകിയിരിക്കുന്നു. മരുന്നുകൊണ്ട് ലാഭമില്ല.

മകൾ : ആ സമയം എന്തുചെയ്യും ?

അമ്മ : മനുഷ്യൻ ക്ഷേത്രങ്ങളിലും പള്ളികളിലും ശരണം തേടുന്നു.


മകൾ : അതുകൊണ്ട് പരിഹാരമുണ്ടാകുമോ ?

അമ്മ : ഇല്ല. എങ്കിലും പരിഹാരം ഉണ്ടാകും എന്ന പ്രതീക്ഷ മനസ്സിൽ നിലനിൽക്കും.

യാഥാർത്ഥ്യങ്ങളെ ഗൗനിക്കാതെ മകൾ അലസമായി ഒന്നുചിരിച്ചു. ആ ചിരിയിൽ പ്രണയത്തിന്റെ ലഹരിയുണ്ടായിരുന്നു. ആ ലഹരി മകൾക്ക് ആനന്ദം കൊടുത്തു. അമ്മയ്ക്ക് ദുഃഖവും.

●

# കഥ



ദേവീപ്രസാദ് പീടിയ്ക്കൽ
9995253253

# മറുപുറം

**ആ** ബസ് അവിടെ നിർത്താത്തതാണ്. പക്ഷെ അന്ന് അവിടെ നിന്നു. ചുട്ടു പൊള്ളുന്ന വെയിലിൽ, ഒരു വയസ്സൻ, ഒരു കാലൻ കുടയും നിവർത്തിപ്പിടിച്ച്, കാലിൽ തേഞ്ഞു തീരാറായ ഹവായ് ചപ്പൽ, കണങ്കാൽ വരെ കഷ്ടിച്ചു നീളം എത്തുന്ന കരയില്ലാത്ത ഒരു വെള്ള മല്ലുമുണ്ട്, മുഴുക്കയ്യും അല്ല മുറിക്കയ്യും അല്ലാത്ത ഒരു വെളുത്ത ഷർട്ട്. കറുത്ത ഫ്രേം ഉള്ള കട്ടിക്കണ്ണട. കുറെയേറെ കഷണ്ടി കയറിയ തലയിൽ ബാക്കി ഭാഗത്ത് വെളുത്ത കുറ്റിമുടി ഉണ്ടെന്നും ഇല്ലെന്നും പറയാം. താടി, മീശ രോമങ്ങൾ ഒന്നും ഇല്ല. വലിയ ചെവി, ശരാശരി പൊക്കം. ഷർട്ടിന്റെ പോക്കറ്റിൽ ഒരു ഘടികാരത്തിന്റെ തല.

ഇയാൾ വന്നു കയറിയ ഉടനെ ബസ് എടുത്തു. പിടിച്ചുനിൽക്കാൻ ത്രാണി ഇല്ലാത്തതിനാലാവണം വീഴാൻ പോയി. കൈ വിറച്ചുകൊണ്ട്, മടക്കിയ കുട കുത്തിപ്പിടിച്ചു വീഴാതെ നിന്നു. വയസ്സായ കാലത്ത് ഇയാൾക്ക് വീട്ടിലിരുന്നൂടെ, മനസ്സിൽ തോന്നി എങ്കിലും പറഞ്ഞില്ല. കാലത്ത് ബസ്സിലെ തിരക്കിൽ ഇരിക്കാൻ ഇടം കിട്ടുന്നത് തന്നെ വലിയ കാര്യം. പോരാത്തതിന് ബാഗും, മനസ്സിൽ പ്രാകി കൊണ്ട് ഞാൻ എഴുന്നേറ്റ് അയാൾക്ക് ഇരിക്കാൻ സീറ്റ് ഒഴിഞ്ഞുകൊടുത്തു. കണ്ടക്ടർ വളരെ ഭവ്യതയോടെ വന്നു അയാളോട് കുശലാന്വേഷണം നടത്തി പോയി. കാശു വാങ്ങിയില്ല. എനിക്ക് അയാളിൽ ആകാംക്ഷ വർദ്ധിച്ചു. ഇതാരാണപ്പാ ഇത്ര വലിയ പുലി...!!

ഞാൻ പതുക്കെ സംഭാഷണം ആരംഭിച്ചു, "മുത്തശ്ശൻ എങ്ങോട്ടാ ഈ വയസ്സുകാലത്ത് തനിയേ യാത്ര ചെയ്തുപോകുന്നത്...? അത്ര അത്യാവശ്യം ആണെങ്കിൽ കൂടി ആരെയെങ്കിലും കൂടെ കൂട്ടരുതോ...?"

ആ വൃദ്ധൻ പതുക്കെ മിണ്ടിത്തുടങ്ങി... "കുഞ്ഞേ, ഞാൻ ഇപ്പോൾ തുടങ്ങിയതല്ല ഈ യാത്ര... ക്വിറ്റ് ഇന്ത്യ സമരം മുതൽ പലയിടത്തും നടന്നു, പോരടിച്ചു, ബ്രിട്ടീഷ് ഗവർമെണ്ടിന്റെ തല്ലുകൊണ്ടു, ജയിലിൽ കിടന്നു, സ്വാതന്ത്ര്യം നേടി, ഇപ്പോൾ സ്വന്തം രാജ്യത്തെ ഭരണകൂടത്തിനോട് പൊരുതുന്നു... അതും എനിക്കുവേണ്ടിയല്ല, പാവപ്പെട്ട കർഷകർക്ക് വേണ്ടി, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കിട്ടാൻ... ഇന്ന് കളക്ടർക്ക് ഒരു നിവേദനം കൊടുക്കണം. അതിനു പോവുകയാ..."

ഞാൻ തീരെ ചെറുതായിപ്പോയി... ആ വയസ്സൻ എന്റെ മുന്നിൽ വാനോളം വളരുകയായിരുന്നു... ആ ഒരു ദിവസം മുഴുവൻ ഞാൻ അദ്ദേഹത്തെക്കുറിച്ച് ആലോചിച്ചു.

വൈകുന്നേരം ആൽത്തറ സദസ്സിൽ ഇക്കാര്യം അവതരിപ്പിച്ചു... പലരും കളിയാക്കി, "എടാ ചെക്കാ, നീയൊക്കെ ജനിക്കുന്ന മുന്നേ ത്രിവർണ്ണ പതാക കയ്യിലേന്തിയ ആളാ... നിനക്ക് എണീറ്റ് കൊടുക്കാൻ ഒരു മടിയും വേണ്ട... കുറേ ചുറ്റിച്ചിട്ടാ ആ പാവത്തിന് നമ്മുടെ സർക്കാർ സ്വാതന്ത്ര സമരസേനാനി പെൻഷൻ പോലും കൊടുത്തത്... കഷ്ടം..."

അതുവരെ സീനിലില്ലാതിരുന്ന രാമേട്ടൻ അപ്പോഴാണ് കാവിൽ തൊഴുത് ആൽത്തറയിൽ എത്തിയത്...

"എടാ, നീ പറഞ്ഞത് ആ കൊശവന്റെ കാര്യമാണോ...?"

"രാമേട്ടാ, കേശവൻ..."


"ആ അത് തന്നെ... എടാ, അവൻ ജയിലിൽ കിടന്നിട്ടുണ്ട്, സത്യമാണ്... ബ്രിട്ടീഷുകാർക്ക് എതിരെ പോരാടിയതിനല്ല, തേങ്ങ മോഷ്ടിച്ചതിന്, തല്ലു കൊണ്ടിട്ടുണ്ട്, പെണ്ണുങ്ങളുടെ കുളിക്കടവിൽ ഒളിഞ്ഞുനോക്കിയതിന്... ആ പാവം നുണ പറയാത്ത രാഘവൻ നായരോട് ഇവൻ കഷ്ടപ്പാടും ബുദ്ധിമുട്ടും ഒക്കെ പറഞ്ഞ്, അന്വേഷണത്തിന് ആൾ വരുമ്പോൾ, അതെ ഇവനെ പോലീസ് പിടിച്ചുകൊണ്ടുപോണത് കണ്ടിട്ടുണ്ട് എന്ന് പറയിപ്പിച്ചു. അത് സത്യവും ആയിരുന്നു. ആ ഒരു ബലത്തിൽ ഇവൻ സ്വാതന്ത്ര സമരസേനാനി ആയി. പെൻഷനും പാസ്സായി. പ്രായം തോന്നിപ്പിക്കാൻ അണക്കലെ നാല് പല്ല് പറിച്ചുകളഞ്ഞു, മൊട്ട അടിച്ചു, നീ കണ്ടപ്പോൾ വിറച്ചു വിറച്ചു നടന്നിട്ടുണ്ടാവുമല്ലോ... ഇല്ലേ... വെറും അഭ്യാസം... ഒരു വിറയലും ഇല്ല... തനിനിറം കാണാൻ അവന്റെ വീട്ടിൽ പോണം, മാളിക മാതിരി വീടുണ്ട്. ഇവൻ മാത്രം ഉള്ളപ്പോൾ ഒരു വേലക്കാരിയും തനിച്ചു വീട്ടിൽ നിൽക്കില്ല...

ഈ ഒരു പേരിൽ കിട്ടുന്ന സൗജന്യം എന്തൊക്കെയാന്നു ഒരു കണക്കും ഇല്ല, മകൻ ആധാരം എഴുത്തുകാരനായത് സൗകര്യം ആയി. ആ പ്രദേശത്ത് ഇനി വാങ്ങിക്കൂട്ടാൻ ഭൂമി ബാക്കിയില്ല. കേസ് നടത്തി കുടുംബക്കാരുടെ ഒക്കെ സ്ഥലം കൈക്കലാക്കി. ആളുകളെ പറ്റിച്ചും, സ്വാധീനിച്ചും കർഷക കൂട്ടായ്മയുടെ തലപ്പത്ത് എത്തി. എന്തിനാ... ഇവന്റെ പറമ്പിൽ സൗജന്യമായി കിണറു കുത്താനും, മരുമോളുടെ പേരിൽ വാങ്ങിയ കുന്നിൻ ചെരിവിലുള്ള റബ്ബർ തോട്ടത്തിലേയ്ക്ക് സർക്കാർ ചെലവിൽ റോഡ് വെട്ടാനും. ഇതൊക്കെ എനിക്ക് അറിയും എന്നതുകൊണ്ട് എന്റെ അടുത്തും വന്നിരുന്നു, താമ്രപത്രം വാങ്ങിത്തരാം നിങ്ങൾക്കും പെൻഷൻ കിട്ടും എന്ന് പറഞ്ഞ്... അന്നേ ആട്ടി ഓടിച്ചതാ... പിന്നെ വന്നിട്ടില്ല ഈ വഴിക്ക്..."

മുണ്ടൊന്നു ആഞ്ഞു കുടഞ്ഞ്, ഒന്ന് നീട്ടിത്തുപ്പി രാമേട്ടൻ പോയി...

ഞാൻ വായ പൊളിച്ചു ഇരുന്നു. ഖദർ ധരിച്ച, തല നരച്ച, ആ മനുഷ്യൻ വെട്രിഫൈഡ് ടയിൽ പതിച്ച ആ അകത്തളങ്ങളിൽ ബർമൂഡ ഇട്ടു, കയ്യിൽ സ്കോച്ചും കൊണ്ട് പുതിയ മോഡൽ ഹോം തിയേറ്ററിൽ ഹോളിവുഡ് സിനിമ കാണുന്നത് ഞാൻ മനസ്സിൽ കണ്ടു...

## കവിത



# നഷ്ടം

കെ. പി. സായിപ്രഭ
7558986349

യാത്രയതു കഴിഞ്ഞു
പോകുമ്പോൾ
തിരിഞ്ഞുനോക്കില്ല
നമ്മെ,
നാം കാലത്തെയും



കെ.കേരളദാസനുണ്ണി
9495451280

# ഭാവി അറിയാൻ

“ഇന്ന് ഒഴിവല്ലേ കുട്ടി, എന്തെങ്കിലും പണീണ്ടോ ?” ഫോണിന്റെ മറുഭാഗത്ത് അമ്മായിയാണ്.

“പ്രത്യേകിച്ച് പണിയൊന്നുമില്ല. എന്താ വേണ്ടത് ?”

“ഒരു സ്ഥലം വരെ പോകാനുണ്ടായിരുന്നു.”

“എവിടേക്കാ ?”

“കുറച്ചു ദിവസമായി ഒരാൾക്കല്ലെങ്കിൽ ഒരാൾക്ക് എന്നും വയ്യായയും സുഖക്കേടും തന്നെ. ഒരു പണിക്കരെ കാണണമെന്നുണ്ട്.” അമ്മായി ആവശ്യമറിയിച്ചു.

“അതിനെന്താ, ഏട്ടന്റെ അടുത്ത് ചെന്നാൽ പോരെ ?” അമ്മായിയുടെ ആങ്ങള പേരെടുത്ത ജ്യോത്സ്യനാണ്.

“അപ്പോട്ടെന്റെ അടുത്ത് ചെന്നാൽ ഒന്നൂല്ല്യാടീ, സമാധാനമായിട്ടിരുന്നോ എന്നേ പറയൂ. അതോണ്ട് നമുക്ക് വേറെയാരേയെങ്കിലും കാണാം.”

“ആരുടെയടുത്താ പോണ്ടത് ?” ഞാനടുത്ത ചോദ്യം ചോദിച്ചു.

“ആരുടെയെങ്കിലും ഒരാളുടെയടുത്ത് പോകണം. ഇന്ന ആൾ തന്നെ വേണമെന്ന് നിർബന്ധം ഇല്ല.”

“മുൻപ് ഓപ്പോൾ തിരുവില്വാമലയുടെ അടുത്ത് ഒരാളുടെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയിട്ടുണ്ട്. അയാൾ നന്നായി പറയും. അതാ ഇഷ്ടംച്ചാല് അങ്ങനെയാവാം. ന്നന്നെ പോണോ ?”

“ശുഭസ്യശീഘ്രം ന്നല്ലേ ? ഇപ്പോൾ തന്നെ പോയാലോ ?”

“ശരി” എന്ന് ഞാൻ സമ്മതിച്ചു.

ഞങ്ങൾ രണ്ടാളോടൊപ്പം എന്റെ ഭാര്യയും കൂടി. ഒരു ഹാൻബാഗിനകത്ത് ജാതകക്കെട്ടുകളുടെ കൂമ്പാരം നിറച്ചു. എല്ലാവരുടേയും ഭാവി മനസ്സിലാക്കാമല്ലോ. മുപ്പതു കിലോമീറ്ററിന് താഴെ ദൂരമുള്ളുവെങ്കിലും രണ്ട് ബസ്സ് മാറി കേറിയാലേ സ്ഥലത്തെത്തു. പിന്നെ കുറച്ചുദൂരം നടക്കുകയും വേണം. ഞങ്ങൾ ചെന്ന് കയറുമ്പോൾ ജ്യോത്സ്യരുടെ വീടിന്റെ പരിസരത്ത് ആരേയും കാണാനില്ല. തിരക്ക് വരുന്നതേയുള്ളൂ എന്ന് സമാധാനിച്ചു.

“ആരുല്ല്യേ ഇവിടെ ?” ഞാൻ ശബ്ദമുയർത്തി.

വീടിന്റെ പുറകിൽ നിന്ന് ഒരു സ്ത്രീ വന്നു.

“ഗുരുനാഥനില്ലേ ?” ഞാൻ ചോദിച്ചു.

“ഇല്ലല്ലോ. മകളുടെ ഭർത്താവിന്റെ വീട്ടിലേയ്ക്ക് പോയിരിക്കയാണ്. തിരിച്ചെത്തുമ്പോൾ സന്ധ്യയാവും.” അവർ പറഞ്ഞു.

പുത്തരിയിൽ കല്ലുകടിച്ച വിഷമമായിരുന്നു പടി കടന്ന് പുറത്തെത്തിയപ്പോൾ ഞങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്നത്.

“ഇനിയെന്താ വേണ്ടത് ?” തിരിച്ചുപോരുമ്പോൾ ഞാൻ ചോദിച്ചു.

“അടുത്തുവേറെ ആരെങ്കിലും ഉണ്ടോ എന്ന് ചോദിച്ചു നോക്കൂ ?”

ഓട്ടോ ഡ്രൈവർമാരാണ് അടുത്ത ജ്യോത്സ്യന്റെ പേര് നിർദ്ദേശിച്ചത്. പത്ത് കിലോമീറ്റർ അകലെയാണ് സ്ഥലം. ഏതായാലും മിനക്കെട്ടിറങ്ങി. ചെന്നു നോക്കാമെന്നു കരുതി അങ്ങോട്ടു പുറപ്പെട്ടു. അവിടെയെത്തുമ്പോൾ ഒരു പൂരത്തിനുള്ള തിരക്കുണ്ട്.

“ഇന്നിനി പറ്റില്ല്യാട്ടോ.” എന്തെങ്കിലും പറയുന്നതിന് മുമ്പ് ജ്യോത്സ്യൻ ഇങ്ങോട്ട് പറഞ്ഞു.

“കുറച്ചുദൂരത്തുനിന്നാണ്.” ഞാൻ പറഞ്ഞുനോക്കി.

“നിക്കുന്നുച്ചാല് നിന്നോളൂ. നോക്കിക്കഴിയുമ്പോൾ രാത്രിയാവും.” അദ്ദേഹം പറഞ്ഞു.

അത് നടപ്പുള്ള കാര്യമല്ല. ഞങ്ങൾ പിൻവാങ്ങി.

“ഏത് കുരുത്തംകെട്ടോനെയാണോ നമ്മൾ കണികണ്ടിട്ടിറങ്ങിയത്.” വീട്ടുകാരിക്ക് കാര്യം മുടങ്ങിയതിലുള്ള നിരാശ ചെറുതല്ല. വേറൊരു ജ്യോത്സ്യനെ കണ്ട് കാര്യം സാധിച്ചേ പറ്റൂ എന്നൊരു വാശി എനിക്കും തോന്നി. ഒരു വയസ്സൻ ജ്യോത്സ്യരുടെ പേരാണ് പിന്നെ പരിഗണിച്ചത്. മുമ്പൊരിക്കൽ അവിടെ ചെന്ന കാര്യം അമ്മായി പറഞ്ഞു. പക്ഷെ വന്ന വഴി അത്രയും തിരിച്ചു ചെന്ന് വടക്കോട്ട് ആറ് കിലോമീറ്റർ ദൂരം സഞ്ചരിച്ചാലേ അയാളുടെ വീട്ടിലെത്തു.

“ബുദ്ധിമുട്ടാവ്വോ കുട്ടീ ?” അമ്മായി ചോദിച്ചു.

“എന്ത് ബുദ്ധിമുട്ട്. ഒന്നിൽ തൊട്ടാൽ മൂന്ന് എന്നല്ലേ. ഇത്തവണ കാര്യം നടക്കും.” ഞാൻ സമാധാനിപ്പിച്ചു.

നട്ടുച്ചയോടെയാണ് അവിടെയെത്തുന്നത്. എനിക്ക് വിശന്നിട്ടാണെങ്കിൽ തീരെ വയ്യ. എത്രയും പെട്ടെന്ന് കാര്യം ചോദിച്ചറിഞ്ഞ് വീടെത്തണം. പണിക്കരുടെ വീടും പരിസരവും നിറയെ ജനം. എന്തോ പന്തികേട് തോന്നിയെങ്കിലും ആ തിരക്കിനിടയിലൂടെ ഞങ്ങൾ നടന്നു.

“ആവു അവരെത്തി.” ആരോ ഉറക്കെ പറഞ്ഞു. ‘ഇനി എടുക്കുന്നത് വൈകിക്കേണ്ട.”

അതുകേട്ടതോടെ എന്റെ സംശയം ഇരട്ടിച്ചു.

“പണിക്കർ ?” ഞാനടുത്തു നിന്നയാളോട് ചോദിച്ചു.

“ഇന്നലെ രാത്രി യായിരുന്നു. ഊണ് കഴിഞ്ഞ് കിടക്കുമ്പോൾ ഒന്നൂല്ല്യ. കുറച്ചുകഴിഞ്ഞ് എന്തോ കബ്ദം കേട്ട് വീട്ടുകാർ ചെന്ന് നോക്കുമ്പോൾ പുറപ്പാടാണ്. തുളസിയിട്ട് വെള്ളം കൊടുത്തതും ജീവൻ പോയി.” മൃതദേഹം കാണാനൊന്നും ഞങ്ങൾ മിനക്കെട്ടില്ല. ഒന്നും പറയാതെ മൂവരും പടിയിറങ്ങി.

**അനുബന്ധം**

ഈ സംഭവത്തിനുശേഷം എട്ടോ പത്തോ കൊല്ലം കഴിഞ്ഞു കാണും. ജനുവരി മാസക്കാലമാണ്. മലമ്പുഴ വെള്ളം ഉള്ളതിനാൽ കൃഷിക്ക് ബുദ്ധിമുട്ടില്ല. കതിര് വരുന്നതേയുള്ളൂ. പാടത്ത് വളമിടാൻ പറ്റിയ സമയമാണ്. വല്ലപ്പോഴും വിതയ്ക്കാനും വളമിടാനും വരാറുള്ള ഒരു കുഞ്ഞിരാമനുണ്ട്. അയാൾ സ്ഥിരം പണിക്കാരനൊന്നുമല്ല. വളം വാങ്ങി വച്ച് ഞാൻ കുഞ്ഞിരാമനെ അന്വേഷിച്ചിറങ്ങി. പഞ്ചായത്ത് റോഡിന്റെ ഓരത്ത് ബൈക്ക് നിർത്തി ഞാനിടവഴിയിലേയ്ക്ക് കയറി. വഴിയിൽ നിൽക്കുന്ന ഒരാളോട് കുഞ്ഞിരാമനെ അന്വേഷിച്ചു.

“കുഞ്ഞിരാമന്റെ മകനാണ് ആ നില്ക്കുന്നത്.” അയാൾ കാണിച്ചുതന്ന ചെറുപ്പക്കാരന്റെ അടുത്ത് ചെന്ന് “കുഞ്ഞിരാമൻ” എന്ന് ഞാൻ പറഞ്ഞതേയുള്ളൂ “വരൂ” എന്ന് പറഞ്ഞ് അവൻ വീട്ടിനുള്ളിലേയ്ക്ക് നടന്നു. പുറകെ ഞാനും. അവിടെ നിലത്ത് കുഞ്ഞിരാമൻ മറവ് ചെയ്യുന്ന സമയവും കാത്ത് കിടക്കുന്നു. മൃതദേഹത്തിന്റെ അരികിലിരുന്ന നാലഞ്ച് സ്ത്രീകൾ “തമ്പ്രാനേ” എന്ന് വിളിച്ച് കരഞ്ഞു. ഒരുനിമിഷം നോക്കി നിന്ന് ഞാൻ പുറത്തേയ്ക്ക് നടന്നു.

# നോവൽ

**കഥ ഇതുവരെ...**

മുംബൈ മലയാളി വ്യവസായി ബാലചന്ദ്രമേനോന്റെ കമ്പനിയിലെ സ്റ്റാഫായി അനസൂയ എത്തുന്നു. വ്യക്തിജീവിതത്തിലെ ദുരന്തങ്ങൾക്കിടയിലും ജീവിതം മുമ്പോട്ട് കൊണ്ടുപോകുന്ന അനസൂയയെ ജീവിതസഖിയാക്കാൻ ബാലു തീരുമാനിച്ചു. അവർ ഒരുമിച്ച് മനാലിയാത്ര നടത്തി. അവിചാരിതമായി രോഗിയായി മാറിയ അനസൂയയുടെ ഭർത്താവ് വിനോദ് തിരിച്ചുവരുന്നു. അയാളെ തിരസ്ക്കരിക്കാൻ അവൾക്ക് മനസ്സ് വരുന്നില്ല. ഒടുവിൽ ചെന്നൈയിലേക്ക് താമസം മാറുന്നു. ബാലു ഇന്ദുമതിയെ വിവാഹം ചെയ്യുന്നു. വിനോദും അമ്മയും മരിക്കുന്നു. അനസൂയ ബാലുവിന്റെ മകന് (ശ്രേയസ്സിന്) ജന്മം നൽകുന്നു. അവൾ തന്റെ രണ്ടുമക്കളേയും നല്ല വിദ്യാഭ്യാസം കൊടുത്ത് വളർത്തുന്നു.

അനസൂയ ക്യാൻസർ ചികിത്സക്ക് വിധേയയാവുന്നു. തന്റെ മക്കൾ അനാഥരാകുമോ എന്ന ഭയം അവൾക്കുണ്ട്. ശ്രേയസ്സിനെ ജോലിക്കുവേണ്ടി മുംബൈയ്ക്ക് ബാലുവിനടുത്തേക്ക് അയക്കുന്നു. മകളോട് എല്ലാ രഹസ്യങ്ങളും പറഞ്ഞ് മനസ്സമാധാനം തേടുന്നു.

തുടർന്നുവായിക്കുക...




കൃഷ്ണ എഴക്കാട്

9847469166


# ഇത് അനസൂയയുടെ കഥ നിന്റേയും

(ഭാഗം -9)

## അസ്തമയത്തിനു മുൻപ്

**കാ**ലങ്ങൾ നീണ്ടുപോയെങ്കിലും ബാലുവിന് ഒരച്ഛനാകാൻ കഴിഞ്ഞില്ല. ബാലു വിശ്വസിച്ചു - ദൈവം തനിക്ക് തന്ന ശിക്ഷയാണിത്. ഇന്ദുമതിയ്ക്കല്ല. ഓരോ കുഞ്ഞും മൂന്നുമാസത്തിനപ്പുറം വളർച്ചയെത്താറില്ല. ഒടുവിൽ ഗർഭപാത്രം തന്നെ നീക്കം ചെയ്യേണ്ടിവന്നു. അന്നവൾക്ക് വാക്കുകൊടുത്തു. നീയും ഞാനും പരസ്പരം താങ്ങായി ജീവിക്കും. യാദവ് സഹോദരനെ പോലെയാണ്. അവന്റെ മക്കൾ നമ്മുടേതുമാണ്.

പ്രായം ഏറിയപ്പോൾ ബിസിനസ്സും മടുത്തു. ആർക്ക് വേണ്ടി സമ്പാദിക്കണം ? ഇനി ഇന്ദുമതിയുമൊത്ത് തീർത്ഥാടനത്തിന് പോകണം. പുറം കാഴ്ചകൾ മടുത്തു. അകക്കാഴ്ച്ചയിൽ ഒതുങ്ങണം - മനസ്സ് ശാന്തമായി. ബാലു അങ്ങിനെയാണ് തീരുമാനിച്ചത്.

### അവിചാരിതങ്ങൾ

അന്ന് രാവിലെ ഒരു കത്ത് ബാലുവിനെ തേടിവന്നു. ഒപ്പം സുന്ദരനായ ഒരു യുവാവിന്റെ ഫോട്ടോയും...

പ്രിയ ബാലു, ഇന്ന് ഡിസംബർ 15. ഓർമ്മയുണ്ടോ ഒരു മനാലി യാത്ര. അതെ ഞാൻ അനസൂയ. ഈ കാണുന്ന യുവാവ് അന്നത്തെ മനാലിയാത്ര തന്ന സമ്മാനം - ശ്രേയസ്സ്. MBA കഴിഞ്ഞു. ഞാൻ കീമോതെറാപ്പി കഴിഞ്ഞ് വിശ്രമത്തിലാണ്. എത്ര നാൾ ഉണ്ടെന്നറിയില്ല. വിനോദ് യാത്രയായിട്ട് പതിനഞ്ചു വർഷമായി.

അമ്മയുടെ പഴയ കമ്പനി എം. ഡി. ഇന്നും കരുത്തോടെയുണ്ട്. അവിടെ അവനും ഒരു ജോലി. മാത്രമല്ല ഇനി അവനെ ആ കൈകളിൽ ഏൽപ്പിക്കുകയാണ്. ഞാൻ അധികകാലമില്ല. സമ്മതമെങ്കിൽ മാത്രം താഴെ കാണുന്ന e-mail ൽ മറുപടി. സുഖമെന്ന് കരുതട്ടെ.

അനസൂയ.

ബാലു തളർന്നുപോയി. ഫോട്ടോയിലേക്ക് നോക്കി. തന്റെ മകൻ. ഇത്രയും വർഷം അനപത്യതാദുഃഖം പേറി ജീവിക്കുമ്പോഴും താൻ ഒരച്ഛനായിരുന്നു ! ഈശ്വരാ... താൻ ഭാഗ്യവാനോ ? ഇത്തരം ഭാഗ്യം എന്തിനായിരുന്നു ? പുത്രദുഃഖത്താൽ കാശിയിൽ ചെന്ന് സ്വപിണ്ഡം വെച്ചുവേണം വരുവാൻ എന്ന് തീരുമാനിച്ചതായിരുന്നു ഇന്നലെവരെ. അടുത്താഴ്ച യാത്ര പോകാം എന്ന് ഇന്ദുമതിയോട് പറയുകയും ചെയ്തു. ആത്മശാന്തിക്കായി ചെയ്യേണ്ടുന്ന കർമ്മങ്ങൾ അനുഷ്ഠിച്ച് ബാക്കിക്കാലം. അവളും അതാഗ്രഹിച്ചു.

എന്തു ചെയ്യണം ! യാദവിനെ എത്രയും പെട്ടെന്ന് കാണണം. അവനുമാത്രമേ തന്നെ മനസ്സിലാക്കാൻ കഴിയൂ. അനസൂയ എപ്പോഴും അത്ഭുതങ്ങൾ സമ്മാനിക്കുകയാണല്ലോ. അവൾക്കിപ്പോൾ എങ്ങനെയുണ്ട് ? മകൾ എന്തു ചെയ്യുന്നുവോ ?

കത്തു വായിച്ചതുമുതൽ എന്തോ ഒരു സുഖമില്ലായ്മ. യാദവിനെ വിളിച്ചു. ഉടനെ ഹോസ്പിറ്റലിൽ അഡ്മിറ്റാക്കി. അവിടെവച്ച് യാദവിനോട് എല്ലാം തുറന്നുപറഞ്ഞു. കത്ത് വായിച്ച് അയാൾ ബാലുവിന്റെ കൈകൾ കൂട്ടിപ്പിടിച്ചു.

“ബാലു, വിധി - അതിന്റെ പാവകളാണ് നാമെല്ലാവരും. നിനക്ക് സംഭവിച്ചത് തെറ്റായിരിക്കില്ല. അന്നൊരു പക്ഷെ വിനോദ് മടങ്ങിവന്നില്ലായിരുന്നെങ്കിൽ അനസൂയ നിന്റേതായേനെ. പക്ഷെ ആ സംഭവം - അയാൾ വീണുപോകുന്ന സന്ദർഭത്തിൽ ഒരു ഭാര്യ ചെയ്യേണ്ട കടമ അവൾ ഏറ്റെടുത്തു. അവളേയും കുറ്റം പറയാനാവില്ല.

നിന്റെ വിവാഹജീവിതം സുഖമായിത്തീരുവാൻ അവൾ ചെന്നൈയിലേയ്ക്ക് പോയി. മകനുണ്ടായതുപോലും അറിയിച്ചില്ല. അവൾ ഒറ്റയ്ക്ക് പ്രശ്നങ്ങളെ നേരിട്ടു. വിനോദിന്റെ മരണം, മകനെ വളർത്തൽ... ഇപ്പോൾ അവൾക്കും പോകാറായി... നോക്കൂ, ഇവന്റെ ഭാവി സുരക്ഷിതമാകാൻ യഥാർത്ഥ അവകാശിയുടെ അടുക്കൽ എത്തിക്കാൻ അവൾ ആഗ്രഹിക്കുന്നു. ആ നീതി നൽകാൻ നിനക്ക് ബാധ്യതയുണ്ട്. ഒരു സ്ത്രീയുടെ ശക്തി ഈ സഹനങ്ങളിലാണ് ബാലൂ. അവർ നമ്മെ പലപ്പോഴും തോൽപ്പിക്കുന്നതും ഇങ്ങനെത്തന്നെ...

അവസാനകൊള്ളിവയ്ക്കാൻ എനിക്കാരുമില്ലല്ലോ എന്ന് നീ സങ്കടപ്പെടാറില്ലേ. ഇന്നിതാ നിന്റെ രക്തം നിന്നോടുകൂടി ചേരാൻ അനുമതി കാത്ത് നിൽക്കുന്നു. നിനക്ക് ദൈവം തന്ന സമ്മാനം. അതിനായി വാതിൽ തുറക്കൂ...”

“പക്ഷെ ഇന്ദുമതി... അവളെ സങ്കടപ്പെടുത്തിയിട്ട് എനിക്ക് ഒരു സന്തോഷവും വേണ്ട. ഇത്രയും കാലം ഞാൻ മറ്റൊരു വിവാഹത്തെക്കുറിച്ച് ചിന്തിച്ചിട്ടില്ല. ദത്തെടുക്കാൻ പോലും മോഹിച്ചില്ല. അവൾക്കായി തന്നെ ജീവിച്ചു. ഇനി ഒരു വഞ്ചന വയ്യ.”

“പക്ഷെ, അവൾ അറിയുന്നില്ലെങ്കിൽ... പിന്നെന്തിന് വിഷമം ? മകനെ തള്ളി അനാഥനാക്കാനോ ഉദ്ദേശ്യം... അറിഞ്ഞസ്ഥിതിക്ക് ചെ

യ്യുന്നത് പാപം തന്നെ... ബാലൂ, നീതി എല്ലാവരോടും ചെയ്യണം. അനസൂയ പോയാൽ അവനാരുമില്ല എന്ന ഭീതിയാണവൾക്ക്. പ്രായം തികഞ്ഞ മകന്റെ സംരക്ഷണം മാറി നിന്നെങ്കിലും നിനക്ക് ഉണ്ടാകട്ടെ എന്നാണ് വിധി നിർണ്ണയം."

തന്റെ ജീവിതത്തിൽ യാദവിന്റെ സ്ഥാനം എന്താണ് ? കൗമാരം വിട്ട് യൗവ്വനകുതൂഹലത്തോടെ മഹാനഗരത്തിൽ നട്ടുനനച്ച് തുടങ്ങിയ ജീവിതത്തിന് എന്നും തുണയേകിയവൻ. തന്റെ നന്മയ്ക്കായി കൂടെ നിന്നവൻ... അവൻ പറയുന്നതിലും ശരിയുണ്ട്.

"യാദവ്... നീ തന്നെ ഉചിതം പോലെ പരിഹാരം പറയൂ... "

കത്ത് ചൂണ്ടി യാദവ് പറഞ്ഞു. ഇതിലെ ഇ-മെയിലിലേയ്ക്ക് ഞാൻ മറുപടി അയക്കുന്നു. MBA കഴിഞ്ഞ ശ്രേയസ്സിന് കമ്പനിയിൽ ജോലി നൽകുന്നു. ആരെ, എപ്പോൾ, ഏത് സ്ഥാനത്ത് നിയമിക്കാനും നമുക്കല്ലെ അധികാരം. സ്റ്റാഫിനോട് ഈ കാര്യം സൂചിപ്പിക്കുന്നു. പുതിയ ജോലിക്കാരനായി, പഴയ സ്റ്റാഫിനോടുള്ള കടമയായി നാം അതേറ്റെടുക്കുന്നു. നീ സമാധാനമായിരിക്ക്... ഞാൻ ഡോക്ടറോട് കൂടി സംസാരിച്ചിട്ട് പോകും. വൈകീട്ട് കാണാം... ബൈ"

യാദവിനെ ഉറ്റുനോക്കി ഡോക്ടർ പറഞ്ഞു – "സത്യം പറയട്ടെ, വളരെ വീക്കാണ് ഹാർട്ട്. രണ്ട് അറ്റാക്ക് തുടർച്ചയായി ഉണ്ടായതാണ്. ഇപ്പോൾ ഇവിടെ ഇങ്ങനെ കിടക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ഒരു കാര്യവുമില്ല. വീട്ടിൽ സ്വസ്ഥമായിരുന്ന് മരുന്ന് തുടരുക. ഒരു മാസം കഴിഞ്ഞ് നമുക്ക് ഇനിയെന്ത് ചെയ്യണമെന്ന് തീരുമാനിയ്ക്കാം... വൈകുന്നേരം ഡിസ്ചാർജ്ജാവാം..."

ഈ വിവരം യാദവ് അപ്പോൾത്തന്നെ ഇന്ദുമതിയെ വിളിച്ചു പറഞ്ഞു. അവരും സന്തോഷവതിയായി. പിന്നെ യാദവ് നേരെ ഓഫീസിൽ ചെന്നു. അനസൂയക്ക് മെയിലയച്ചു. വിവരങ്ങൾ ബാലുവിനോടും പറഞ്ഞു പക്ഷെ ശ്രേയസ്സ് മറ്റ് ജോലിക്ക് ശ്രമിച്ചിരിക്കുമോ ?

## കൂടുമാറ്റം

ചെന്നൈ – മുംബൈ വിമാനയാത്ര. അമ്മയെ പെങ്ങളുടെ അടുത്താക്കി മടങ്ങുമ്പോൾ ശ്രേയസ്സിന്റെ മനസ്സിനൊരു വിങ്ങൽ. മാസം തോറും ചെക്കപ്പ്. തന്റെ ജോലി പ്രശ്നം. അമ്മയ്ക്ക് അതായിരുന്നു ആധി. തന്റെ ശമ്പളമാണ് ഇനി രക്ഷ. "ഇവിടെത്തന്നെ നിന്നാൽ നിനക്ക് ചെറിയ ലോകമേ കിട്ടൂ. ഉറപ്പുമില്ല. ഇതെന്റെ പ്രതീക്ഷയാണ്. ആ കമ്പനിയുടെ വളർച്ചയ്ക്ക് ഞാനും ശ്രമിച്ചിട്ടുണ്ട്. അതിന്റെ മേലധികാരികളേയും പരിചയം. ഒന്ന് പോയി നോക്ക്. ഇഷ്ടപ്പെട്ടില്ലെങ്കിൽ ഇനിയും ശ്രമിക്കാം. അതിനും നല്ലത് മുംബൈ തന്നെ. ആ മഹാനഗരം ആരേയും ഉൾക്കൊള്ളും. പലരും രക്ഷപ്പെടും പലരും മുങ്ങിത്താഴും. ലക്ഷ്യബോധം... കഠിനശ്രമം...സ്വപ്നങ്ങൾ... അവയ്ക്ക് പറക്കാൻ ചിറകുണ്ടെങ്കിൽ ആ നഗരം നിനക്ക് ഭാവിതരും... അമ്മയ്ക്ക് ഉറപ്പുണ്ട്. ഈ കാണുന്ന അനസൂയ വളർന്ന നഗരമാണത്. വഴി തെറ്റാനും വഴി കാണാനും എളുപ്പം. എത്രയും വേഗം ചെന്ന് ജോലിയിൽ പ്രവേശിക്ക്. അനുഭവങ്ങൾ പാഠങ്ങളാണ്. നീ എന്നെ പ്രതി ബേജാറാകേണ്ട. ഇനി ജീവിതം വേണ്ടത് നിനക്കാണ്. ഞാനിനി അല്ലെങ്കിലും എത്രകാലം ? അത് നിയോഗമല്ലെ... സമാധാനമായി പോയിവരൂ..."

ശ്രേയസ്സ് ആലോചിച്ചു. ചെറുപ്പം മുതൽ അമ്മ പയറ്റുകയായിരുന്നു. ബന്ധുസഹായമില്ല. അച്ഛൻ രോഗിയായി. അമ്മയുടെ അമ്മയും മറവി രോഗം വന്ന് കിടന്നു. ചേച്ചിയായിരുന്നു അമ്മയ്ക്ക് തുണ. താൻ തീരെ ചെറുതും. വാത്സല്യത്തോടെയാണ് അവർ വളർത്തിയത്. ചേച്ചി രണ്ടാമത്തെ അമ്മ പോലെത്തന്നെയായിരുന്നു. പാവം – അമ്മയ്ക്ക് രോഗം തുടങ്ങിയതുമുതൽ ഒരു സ്ഥിരജോലി കിട്ടിയിട്ടും അവൾ സന്തോഷിച്ചിട്ടില്ല. താനിനിയും നോക്കുകുത്തി ആയിക്കൂടാ. അമ്മ പറഞ്ഞതിൽ കാര്യമുണ്ട്. ഇന്ന് ഒരു ജോലി അത്ര എളുപ്പമുള്ള കാര്യമല്ല. പഠനച്ചിലവ് തന്നെയായി കുറേയധികം. ഇനി താനൊരു തുണയാകണം.

ഉടനെ താൻ മറുപടി അയച്ചു. ഫ്ളൈറ്റ് ബുക്ക് ചെയ്തു. നാളെത്തന്നെ ജോയിൻ ചെയ്യണം. സാന്താക്രൂസ് വിമാനത്താവളത്തിൽ ഇറങ്ങുമ്പോൾ പുറത്ത് കമ്പനിയുടെ പ്രതിനിധി പേരെഴുതിയ കാർഡും പിടിച്ച് ഇരിക്കുന്നുണ്ടായിരുന്നു.

കൂടെ കാറിൽ കൊണ്ടുപോയി. മിസ്റ്റർ യാദവിനെ പരിചയപ്പെട്ടു. വളരെ ഊഷ്മളമായ സ്വീകരണം. ഒരു പുതിയ ജോലിക്കാരന് ഇത്രയേറെ പരിഗണന എന്തുകൊണ്ടാവാം...

"സീ ശ്രേയസ്സ്, ഈ കമ്പനി ഒരു കൂട്ടം ചെറുപ്പക്കാരുടെ സ്വപ്നഫലമാണ്. ഞാനും ബാലചന്ദ്രനും കൂടി തുടങ്ങിവെച്ചു. തുടക്കത്തിൽ ശക്തി നൽകിയ കൈകളിൽ ഒരാളായിരുന്നു നിന്റെ അമ്മ അനസൂയ പിന്നെ ദീപ സാഹ്നി. ഞാനവരെ പരിചയപ്പെടുത്താം. പിന്നീട് വന്നവരൊക്കെ വേഗം പോയി. പുതിയവർ വന്നു പക്ഷെ ഞങ്ങൾ നാലാളും കമ്പനിയുടെ തൂണുകളായി നിന്നു. അനസൂയ ചില കുടുംബ ബാധ്യത മൂലം മാത്രം ചെന്നൈയിലേയ്ക്ക് പോയതാണ്. അല്ലെങ്കിൽ അവർ ഒരു മുതൽക്കൂട്ടായേനേ. ഷീ വാസ് സോ സിൻസിയർ ആന്റ് ഹാർഡ് വർക്കിങ്.

എനിവെ, ആ കടപ്പാട് തീർക്കാൻ ഞങ്ങൾക്ക് കാലം ബാക്കി വച്ചു. ഇത്തരം ഒരു അവസരത്തിന് നന്ദി. ശ്രേയസ്സിന് നേരെ കൈ നീട്ടി – "ഓൾ ദ ബെസ്റ്റ്." ആശംസിച്ചു. റജിസ്റ്ററിൽ ഒപ്പിടാൻ മുന്നോട്ടുവച്ചു. ദീപ സാഹ്നിയെ വിളിപ്പിച്ചു.

ബോബ് ചെയ്ത നരച്ച മുടിയിഴകൾ തഴുകി ആഢ്യത്വത്തോടെ അവർ വന്നു. തൊഴുതു. ശ്രേയസ്സ് അറിയാതെ എഴുന്നേറ്റുപോയി. അവരുടെ കൈകൾ അവനെ തഴുകി. കണ്ണുനിറഞ്ഞു. "അനസൂയ...?"

"അമ്മ കീമോ കഴിഞ്ഞ് സിസ്റ്ററുടെ അടുത്താണ്. ചെന്നൈയിൽ തന്നെ."

"അനസൂയയുടെ ഫോൺ നമ്പർ തരണം. ശ്രേയസ്സ് ഇതാ നിന്റെ അപ്പോയിൻമെന്റ് ലെറ്റർ. യാദവ് സാർ, നമുക്ക് പിന്നെ കാണാം."

ദീപ പോയതോടെ യാദവ് അടുത്ത നടപടികളെക്കുറിച്ച് പറഞ്ഞു – "ഏതുകാര്യത്തിനും ദീപ മാഡത്തിന്റെ സഹായമുണ്ടാവും. എന്തും ചർച്ച ചെയ്ത് മാത്രം തീരുമാനിക്കുക. ഇനി ഇതിന്റെ ഡയറക്ടർമാരിൽ ഒരാളായ മിസ്റ്റർ ബാലചന്ദ്രനെ പരിചയപ്പെട്ട് വരാം. അതല്ലേ ശരി. അദ്ദേഹം ഹാർട്ട് അറ്റാക്കായി ആശുപത്രിയിലായിരുന്നു. ഇന്നലെ വീട്ടിലെത്തിയിട്ടുണ്ട്. നമുക്ക് ഉച്ചയൂണ് അവിടെ നിന്നാകാം എന്ന് പറഞ്ഞിട്ടുണ്ട്."

ശ്രേയസ്സ് അനുസരണയോടെ മിസ്റ്റർ യാദവിനൊപ്പം യാത്രയായി. കാത്തുനിന്നപോലെ ഇന്ദുമതി ഫ്ളാറ്റിനു പുറത്തുതന്നെ അക്ഷമയായി ഉണ്ടായിരുന്നു. പരിചാരിക വന്ന് തല കാണിച്ചുപോയി. അവരോട് തണുത്തതെന്തെങ്കിലും എടുക്കുവാൻ പറഞ്ഞ് യാദവ് ബാലുവിന്റെ മുറിയിലേയ്ക്ക് പോയി. വളരെ ഔപചാരികതയോടെ എന്നാൽ അടുപ്പം കുറയാതെ ബാലുവിനെ പരിചയപ്പെടുത്തി.

"ഇതാണ് അനസൂയയുടെ മകൻ ശ്രേയസ്സ്. കഴിഞ്ഞയാഴ്ച ഞാൻ പറഞ്ഞില്ലേ, പുതിയ ഒരു

# നോവൽ

അപ്പോയിൻമെന്റ്. നിങ്ങൾ സംസാരിക്കിൻ.''

ഇന്ദുമതിയോട് കുറച്ച് ജൂസ് കിട്ടുമോ എന്നന്വേഷിച്ചു. അവർ പോയതിന്റെ പിന്നാലെ യാദവും പുറത്തുപോയി. ബാലു കൺനിറയെ കാണട്ടെ തന്റെ മകനെ...

സംസാരിച്ചുതുടങ്ങിയത് ശ്രേയസ്സ് അറിഞ്ഞില്ല. തന്റെ അടുത്ത ആരോ മുന്നിലിരിക്കുന്ന പോലെ. ബാലു അവനെ നെഞ്ചോട് ചേർത്തു. ഉറ്റുനോക്കി. പെട്ടെന്ന് ഒരു ക്ഷീണം പോലെ തോന്നി. ബാലു അല്പം ചാരിക്കിടന്നു. ശ്രേയസ്സ് താങ്ങി ഒന്നു സഹായിച്ചു. അവന്റെ കൈകളിൽ നിന്നും തന്റെ കൈവിടുവിക്കാൻ അയാൾ ആഗ്രഹിച്ചില്ല. അതൊരിക്കലും വിട്ടുപോകരുതേ എന്നയാൾ വല്ലാതെ മോഹിച്ചു. ചുണ്ടുകൾ വരളുന്നപോലെ. തൊട്ടടുത്ത കൂജ ചൂണ്ടിക്കാണിച്ചു. ശ്രേയസ്സ് കൂജയെടുത്ത് വെള്ളം വായിലേക്കൊഴിച്ചുകൊടുത്തു. ആകെ ഒന്നു വിയർത്തു. ശ്രേയസ്സിന്റെ കൈകൾ തന്റെ നെഞ്ചോട് ചേർത്തി അയാൾ - പിന്നെ അതും അയഞ്ഞു. കണ്ണുകൾ താനെ അടഞ്ഞു...

"സർ, സർ എന്തുപറ്റി ?'' ശ്രേയസ്സ് പരിഭ്രമിച്ചു. ശബ്ദം കേട്ട് യാദവും ഇന്ദുമതിയും ഓടിവന്നു. യാദവ് കൈകൾ പിടിച്ചു. മുഖത്ത് വെള്ളം തളിച്ചു. കണ്ണുകൾ തുറന്നു നോക്കി. ഉടനെ ഡോക്ടർക്ക് ഫോൺ ചെയ്തു. ഇന്ദുമതി കാലുകൾ തൊട്ടുനോക്കി. തണുത്ത പാദങ്ങളിൽ പിടിച്ച് അവളിരുന്നു. ഡോക്ടർ വന്ന് ബാലുവിന്റെ മരണം ഉറപ്പാക്കി. "ഞാനന്നേ പറഞ്ഞില്ലേ... വളരെ വീക്കായിരുന്നു.''

(തുടരും)

കവിത



ജോസ് ചാലക്കൽ
9020147667

## ധനാഢ്യന്റെ വിവാഹസദ്യ

നവദമ്പതികളെ വന്ദിക്കാനായ്
കാത്തുനിന്നെന്റെ നടുവൊടിഞ്ഞു.
മദ്യശാലക്കുമുമ്പിൽ വരിനിൽക്കുന്നപോൽ
മണിക്കൂറൊന്നരയല്ലേ കാത്തുനിന്നത് ?

എം. പി. മാരുണ്ട്, എം. എൽ. എ. മാരുണ്ട്
ചോട്ടാരാഷ്ട്രീയക്കാരനുമുണ്ടവിടെ
സർക്കാരുദ്യോഗസ്ഥരും അദ്ധ്യാപകരുമുണ്ടവിടെ
പത്രപ്രവർത്തകരും ചാനലുകാരുമുണ്ടവിടെ.

നിന്നുമടുത്തു ഞാൻ
നടുവേദനയും മുട്ടുവേദനയും
സഹിക്കാതായി തളർന്നു
ചെന്നു ഞാൻ ഭോജന ശാലക്കുമുന്നിൽ

അവിടേയും തിക്കും തിരക്കുമാണേ-
അന്നം കാണാത്തവരാണോ ഇവരെന്നു തോന്നി
വിശക്കുന്നു - തല കറങ്ങുന്നു -
കാത്തുനിന്നാലൊരുപക്ഷെ താഴെ വീഴാം.

നടന്നു ഞാനടുത്തൊരു ഹോട്ടലിലേക്ക്.
വിശപ്പകറ്റി നടക്കുന്നേരം
ചിന്തിച്ചു ഞാനൊരുകാര്യം
എന്തിനാണിത്ര പേരെ ക്ഷണിച്ചത്...?
വിവിധ മേഖലകളിലെയുന്നതർ
മുവ്വായിരമെങ്കിലും കാണുമതിഥികളായ്
അവരും കാത്തുനില്പൂ അന്നത്തിനായ്
കഷ്ടം - ഹാ കഷ്ടം - മനുജരേ...
ദുർചിലവാണേ ഇത്തരം സദ്യ
അന്നത്തിനുവകയില്ലാത്തോർക്ക്
നൽകിയാലത് പുണ്യം തന്നെ-
യെന്നോർക്കുക ധനാഢ്യാ... നീ...

കവിത



വാസന്തി മോഹൻ
9142223960

## അഹോ ! കഷ്ടം, ലജ്ജാകരം

നാൽക്കാലിക്കും ന്യായമേകിയ നാട്ടിൽ
അലക്കുകാരന്നഭിപ്രായം മാനിച്ചനാട്ടിൽ
മാംസം വിൽക്കുവോനും മാന്യനാകിയ നാട്ടിൽ
കീരിതൻ ഗീർവാണം ചെവികൊണ്ടൊരീ നാട്ടിൽ
അഭിപ്രായം പറയാൻ പേടിച്ചൊതുങ്ങുന്നോ ?
അരുതുകൾക്കുമുന്നിൽ നിശ്ശബ്ദരായുഴലുന്നോ ?
ഓലപ്പാമ്പുകൾ കണ്ടുപേടിച്ചൊളിക്കുന്നോ
ഒടുവിലഭയം മരണമായ് കണ്ടിടുന്നോ ?
നാടിന്റെ പ്രതീക്ഷാമുകുളങ്ങളാം യുവത്വങ്ങൾ
നാളെയീരാജ്യത്തെ നയിക്കപ്പെടേണ്ടുന്നോർ
നാവടക്കിയെന്തും സഹിക്കാൻ തയ്യാറാകുകിൽ
നാണക്കേടിതിൽപ്പരമെന്തുണ്ടുഭാരതാംബേ
യൗവനരക്തത്തിന്റെ വീര്യത്തിലല്ലേ നമ്മൾ
വിദേശശക്തികളെ മുട്ടുകുത്തിപ്പിച്ചതും
അഹിംസയുമാത്മവീര്യവുമായുധമാക്കിയോർ
ആർക്കുമുന്നിലുമടിയറവെച്ചില്ലായഭിമാനം
അവരെവിടെപ്പോയ് ആരവർക്കുവിലങ്ങിട്ടു
ആത്മവീര്യം ചോർന്നുപോയതാർക്കുമുന്നിൽ
അർഥമോ, അധികാരമോ, അതിനുമപ്പുറമേ-
തനശ്വരസുഖത്തിനാണടിമകളായതവർ
രോഹിത്, ജിഷ്ണു, പട്ടിക നീണ്ടുപോകുന്നു
ആർക്ക് വേണ്ടി ബലിയാടുകളായീ കുട്ടികൾ
അനീതിക്കുമക്രമത്തിനുമന്ത്യം കുറിക്കാത്തോർ
ആരാകിലെന്തവരവഹേളനാപാത്രങ്ങൾ
തെറ്റുചെയ്യാൻ പ്രേരിപ്പിച്ച ഗുരുവിനുമുന്നിൽ
പറ്റില്ലെന്നുറപ്പോടെ മഹാബലി ചൊന്നതു
'പേരക്കിടാവാണു ഞാൻ പ്രഹ്ളാദന്റെ
സത്യം വെടിയുകില്ലൊരുകാലത്തുമെന്നത്രേ'
പിതാമഹരെയോർത്തഭിമാനിക്കാംപക്ഷേ
അഹങ്കരിക്കയാണവിവേകികളാം ചിലർ
അവർക്കുമുന്നിൽ, നാവടക്കുന്നോ ഭരണകൂടം
അതിൽപ്പരമധഃപ്പതനമെന്തഹോ, ലജ്ജാകരം.



തുളസി കേരളശ്ശേരി
9526144499

# താന്തോന്നി

**ഊ**ട്ടിയിലെ ഒരു ഹോട്ടലിൽ ഭക്ഷണം കഴിച്ച് കൈ കഴുകി വരുമ്പോഴാണ് മായ "ടീച്ചർ..." എന്നൊരു വിളി കേട്ടത്. അദ്ധ്യാപകർക്ക് മാത്രം ലഭിക്കുന്നൊരു ഭാഗ്യം. നിറഞ്ഞ ചിരിയോടെ തിരിഞ്ഞുനോക്കിയപ്പോൾ ഒരു യുവാവ്. എവിടോ കണ്ടുമറന്ന മുഖം.

"ഞാൻ ങ്ങടെയൊക്കെ താന്തോന്നിയാ, ഓർമ്മീണ്ടോ ?"

മായയുടെ കണ്ണുകൾ പെട്ടെന്ന് തളർന്നുതൂങ്ങി. മുഖം വാടി. "ഇവിടെ ?"

"ഞാനിവിടെയാ. അടുത്തൊരു അകന്ന ബന്ധുവുണ്ട്. അവരോടൊപ്പമാ താമസം. പല ചെറിയ ബിസിനസ്സും ഉണ്ട്. ഒപ്പം ഹോട്ടലുകളിൽ ന്റെ വല്യമ്മ ഉണ്ടാക്കുന്ന പത്തിരിയും ആപ്പവും ഒക്കെ എത്തിക്കും."

മായയുടെ മനസ്സിൽ എന്തുകൊണ്ടോ ആശ്വാസത്തിന്റെ ഒരു തണുത്ത തുള്ളി വീണു. അവൾ വിളറിയ ചിരിയോടെ പറഞ്ഞു... "നന്നായി... നന്നാവട്ടെ..."

യാത്ര പറഞ്ഞിറങ്ങാൻ തുടങ്ങവെ അവളുടെ മനസ്സ് ഒരു പത്ത് വർഷം പുറകിലേക്കോടി.

"എന്താ അവിടെ ?" അനീഷ് മാഷ് ഉച്ചത്തിൽ അലറിയിട്ടും 10 ഡി ക്ലാസ്സിനുവെളിയിൽ സംഘർഷാവസ്ഥ നിലച്ചില്ല.

"അവനാവും ആ താന്തോന്നി. അവനിവിടെ ഉള്ളിടത്തോളം ഈ സ്കൂളന്തരീക്ഷം ഇങ്ങനൊക്കെ ആവൂ." കല ടീച്ചർ പല്ലുകടിച്ചു.

അനീഷ് സംഭവസ്ഥലത്തേക്കോടി. പ്രയാസപ്പെട്ട് കുട്ടികളെ വകഞ്ഞുമാറ്റി നോക്കിയപ്പോൾ മാഷുടെ സമനില തെറ്റി. കൈയ്യിലൊരു കുഞ്ഞു കത്തിയുമായ് അവൻ, "താന്തോന്നി" എന്ന അപരനാമത്തിൽ സ്കൂളാകെ അറിയപ്പെടുന്ന ജയേഷ്. നേർക്കുനേർ നിന്ന് പതറാതെ പൊരുതുന്ന ഷൈജുവും. രണ്ടുപേരുടേയും ഉപചാപകവൃന്ദം ചുറ്റുമുണ്ട്. നിമിഷങ്ങൾക്കുള്ളിൽ അനീഷ് മാഷിന്റെ കൈ ജയേഷിന്റെ കരണത്ത് പലതവണ വീണു. കത്തി പിടിച്ചുവാങ്ങുമ്പോൾ മാഷുടെ ദേഹമാകെ വിറച്ചു.

"ഞാനല്ല മാഷേ... ഞാനല്ല അവനാ... അവനെന്നേയാ ആക്രമിച്ചേ. മാഷെന്താ ന്നെ മാത്രം തല്ലണേ... ചോച്ചേ എല്ലാവരോടും" ചുണ്ടുവിരൽ ചുണ്ടിൽ ചേർത്തുവച്ച്, ചുവന്ന കണ്ണുകളുരുട്ടി മിണ്ടരുത് എന്നാംഗ്യം കാണിച്ച്, മാഷവനെ വലിച്ചോണ്ടുപോയി. ഓഫീസിൽ ഹെഡ് മാഷുടെ മുമ്പിലേക്ക് തള്ളിയിട്ടുകൊണ്ട് സംഭവം വിവരിച്ചു.

സ്റ്റാഫിനിടയിലും വിദ്യാർത്ഥികൾക്കിടയിലും വാർത്ത കത്തിപ്പടർന്നു.

"താന്തോന്നി ഷൈജൂനെ കത്തി കൊണ്ട് കുത്താൻ പോയി. അനീഷ് മാഷ് സമയത്തെത്തിയതുകൊണ്ട് ആ ചെക്കന് കുത്തേറ്റില്ല."

പിന്നെ കഥകളനവധി അന്തരീക്ഷത്തിൽ നിലയ്ക്കാത്ത അലയൊലികളായി പടർന്നു. അദ്ധ്യാപകരിൽ ചിലർ വല്ലാത്ത ആശങ്ക പ്രകടിപ്പിച്ചു.

"നാളെ ഇവൻ നമുക്കെതിരെ കത്തി കാട്ടിയാൽ ?"

പി. ടി. എ. യോഗം അടിയന്തിരമായി കൂടേണ്ടിയും വന്നു. ഇങ്ങനൊരു കുട്ടി പഠിക്കണ സ്കൂളിൽ കുട്ടികളെ എങ്ങനെ വിടും ? കുട്ടിയെ ഉടൻ പുറത്താക്കണം. പതിവിനു വിപരീതമായി തീരുമാനം ഒറ്റക്കെട്ടായി തന്നെ എടുത്തു എന്നത് ശ്രദ്ധേയമായി. പിറ്റേന്ന് തൊട്ട് ക്ലാസ്സിൽ അവനുണ്ടായിരുന്നില്ല. മായ ടീച്ചറെ പോലെ കുറച്ച് സൗമ്യഹൃദയർ മാത്രം അൽപ്പം പരിഭ്രമത്തോടെയെങ്കിലും പറഞ്ഞു.

"നോക്കൂ... ഒന്നൂടൊന്ന് ആലോചിച്ചിട്ട്..." മുഴുവനാക്കും മുമ്പ് മറ്റദ്ധ്യാപകർ ശബ്ദമുയർത്തി "എന്താലോചിക്കാൻ ?"

"അല്ലാ... നമ്മളുകൂടി കൈവിട്ടാൽ... അവന്റെ ബാക് ഗ്രൗണ്ട്... ഒരുപക്ഷെ അവൻ ശരിക്കൊരു ഗുണ്ടയായി മാറിയാലോ...? രക്ഷപ്പെടുത്തണം പ്ലീസ്..."

"മായ ടീച്ചറുടെ മക്കളങ്ങ് ഇന്റർനാഷണൽ സ്കൂളിലല്ല്യോ ? നാട്ടാരുടെ മക്കൾ ഗുണ്ടകളുടെ കൂടെ പഠിച്ചോട്ടെ ല്ലേ...? കൊള്ളാം. !"

രക്ഷിതാക്കളിലൊരാൾ പരിഹസിച്ചു. മായയുടേയും കൂട്ടരുടേയും ദുർബലമായ പ്രതികാരം അങ്ങനെ അവസാനിച്ചു. സ്കൂൾ വീണ്ടും പഴയ ചിട്ടവട്ടങ്ങളിലേക്ക് മടങ്ങി. ജയേഷിനെ പിന്നീടാരും അന്വേഷിച്ചില്ല. ആ അദ്ധ്യായം അവർക്കെല്ലാം അന്നേ അവസാനിച്ചിരുന്നു. മായയും കൂട്ടരും ഇടയ്ക്കിടെ അതും പറഞ്ഞ് നെടുവീർപ്പിടുന്ന പതിവും പതിയെ നിലച്ചു.

"ടീച്ചർ..."

തിരിഞ്ഞുനടന്നുതുടങ്ങിയ മായ പെട്ടെന്നു നിന്നു. പതിയെ മുന്നിൽ വന്നുനിന്ന ജയേഷ് ചോദിച്ചു.

"ടീച്ചർ... അന്നെന്താണ് ഉണ്ടായത് എന്ന് ടീച്ചറെങ്കിലും എന്നോട് ചോദിക്കുമെന്ന് കരുതി. ന്റെ മുത്തി പിടി നേരാക്കാനായി തന്നു വിട്ടതാ ആ കത്തി. അവര് അടയ്ക്ക നേരാക്കണ കത്ത്യാർന്നു അത്. പിടി അയഞ്ഞിരുന്നു. ഷൈജുവുമായി തല്ലുകൂടിയപ്പോ ഞാൻ വെറുതെ പേടിപ്പിക്കാനായി പറഞ്ഞതാ കത്തീണ്ട് ഓടിക്കോന്ന്. അവനത് കാര്യാക്കി. ന്നാ കുത്തെടാ ന്നായി. രംഗം വഷളായി. ഞാൻ... മനപ്പൂർവ്വമല്ല ടീച്ചറെ...

ഷൈജൂന് പിന്നീടെന്നെ മനസ്സിലായതാ. സ്കൂളിലേക്ക് ന്റെ കൂടെ വന്ന് പരാതിയില്ലെന്ന് പറയാമെന്നും ഏറ്റതാ. ഞാൻ വേണ്ടെന്നു പറഞ്ഞു. എനിക്കവിടെ തുടർന്നു പഠിക്കാൻ തോന്നീല ടീച്ചറേ..."

നിറഞ്ഞ കണ്ണു തുടച്ചുകൊണ്ട് അവൻ തുടർന്നു. "പഠിക്കാൻ കഴിയാത്തേന് നിക്ക വിഷമൊന്നൂല്ല്യാ ടീച്ചറേ. പക്ഷേ... ന്നോടൊരു വാക്ക്... ഒരു വാക്ക് ആരും ചോച്ചില്ല്യാലോ ന്താണ്ടായ്യേന്ന്...? അതുമാത്രം മനസ്സിൽ നിന്ന് പോണില്ല...

മായയുടെ ഉള്ളിൽ ഒരു ഉരുൾപൊട്ടി. അകത്തെ അശാന്തിയുടെ കൊടുങ്കാറ്റിൽ ടീച്ചർ എന്ന ഈഗോ വീണുടഞ്ഞു. അവൾ തളർച്ചയോടെ കൈകൂപ്പി.

"പൊറുക്കൂ കുഞ്ഞേ, ക്ഷമിക്കൂ... നിന്റെ ഭാഗത്ത് സത്യം ഉള്ളോണ്ടാവും നീയിന്ന് നന്നായി ജീവിക്കണത്."

ടീച്ചറുടെ കൈകളിൽ പിടിച്ച് നെഞ്ചോട് ചേർത്ത് അവൻ പറഞ്ഞു. "അരുത്... ന്നോടിങ്ങനൊന്നും പറയരുത്. വളരെ വൈകിയിട്ടാണേലും ടീച്ചറെങ്കിലും ഇതറിഞ്ഞല്ലോ. അതുമതി, ഈ താന്തോന്നിക്ക്. അതുമാത്രം മതി..."

കഥ

# മറഞ്ഞുപോകുന്ന പുഴ

കടാതിഷാജി
9497791589

**രാ**ത്രി കനത്തു. തിളക്കുന്ന കാറ്റ് ആകാശത്തുനിന്നും മരക്കൊമ്പുകൾക്കിടയിലൂടെ മുറ്റത്താകെ നിറയുന്നു. മുറ്റവും തിളച്ചുമറിയുകയാണ്. കാലവർഷവും തുലാവർഷവും മഴ കാണാതെ കടന്നുപോയത് ഞെട്ടലോടെ ഓർത്തു. ആകാശവും ഭൂമിയും നിന്നുപുകയുന്നു. "നിങ്ങൾ അകത്തുകയറി കിടക്കുന്നില്ലേ"

"നീയും മോനും ഉറങ്ങിക്കൊള്ളൂ. തീക്കാറ്റിനു മുകളിലും ഉറങ്ങാൻ നിങ്ങൾക്കു കഴിയും."

"മഴ പെയ്തില്ലെങ്കിലും മനുഷ്യനു ജീവിക്കണം. മരണം വരെ."

സത്യം. അയാൾ മുറ്റത്തൂടെ നടന്നു. വിശറി കൈയിലുണ്ട്. വീശാൻ ഭയമാണ്. ഉറക്കം കണ്ണുകളിൽ ആഴ്ന്നിറങ്ങുന്നു. പുറത്തേക്കുള്ള വാതിൽ ചേർത്തടച്ചുകിടക്കുന്നു. ഉറങ്ങുന്നെങ്കിൽ ഉറങ്ങട്ടെ. ഉറങ്ങിയോ ? എന്തോ ?

വാതിൽ ആരോ മുട്ടുന്നതുകേട്ടാണ് കണ്ണുതുറന്നത്. തൊട്ടടുത്ത് ഭാര്യ. "ആരോ വിളിക്കുന്നു."

"ആരാണാവോ വെളുപ്പാൻ കാലത്ത്."

വാതിൽ തുറന്നു. തെളിഞ്ഞുവരുന്ന പുലർകാലത്ത് പോലീസുകാർ.

"എന്താണ് സർ ?"

"നിന്നെ പറ്റി ഒരു പരാതി. ഒരു മോഷണ കേസ്."

"മോഷണമോ ? ഞാൻ ആരുടെ ഒന്നും മോഷ്ടിച്ചിട്ടില്ല."

"ഇല്ലായിരിക്കാം. തെളിവുണ്ട്."

"തെളിവോ?"

"ഇന്നലെ പുഴയിൽ കുഴികുത്തി നാലു ബക്കറ്റ് വെള്ളം കൊണ്ടുവന്നില്ലേ ?"

"ഉവ്വ്."

"ശേഷം ആരും പുഴയെ കണ്ടിട്ടില്ല. അന്വേഷിക്കാൻ ഇനി ഒരിക്കലും ബാക്കിയില്ലെന്നാണ് നാട്ടുകാർ പറയുന്നത്. നീ പുഴയെ ബക്കറ്റിലാക്കി ഒളിപ്പിച്ചുവെന്നാണ് പരാതി. മാസ് പെറ്റീഷനാണ്. അന്വേഷിക്കാതെ പറ്റില്ല. പോരാത്തതിന് മോഷണ വസ്തു പുഴയും. ഞങ്ങൾക്ക് ഈ വീട് സെർച്ച് ചെയ്യണം."

സെർച്ച് നടന്നു.

"സത്യം പറഞ്ഞാൽ ഞങ്ങളുടെ പണി എളുപ്പമാകും. അല്ലെങ്കിൽ..."

"ഞാൻ മോഷ്ടിച്ചില്ല സർ."

"വേണ്ട. സ്റ്റേഷൻ വരെ ഒന്നുവരണം. വണ്ടിയിലോട്ട് കയറടോ"

അയാളെ ജീപ്പിലേക്ക് വലിച്ചുകയറ്റി. ജീപ്പ് നീങ്ങി. വീട്ടുമുറ്റത്തെ ചെടികളുടെ ചുവട്ടിലെ മൺതരികൾക്കിടയിൽ പുഴ ഒഴുകാൻ കഴിയാതെ ശ്വാസം മുട്ടി നിന്നു. •



# മഴ പെയ്ത് തീർന്ന ആകാശം

സിബിൻ ഹരിദാസ് . പി
9447997018

**ജാ**ലകങ്ങളില്ലാത്ത അടച്ചിട്ട മുറിക്കകത്തായിരുന്നു അയാളുടെ മനസ്സപ്പോൾ. ഒന്നും അറിയുന്നില്ല. ചുറ്റും കനം വച്ചുകൊണ്ടിരിക്കുന്ന ഇരുട്ട് മാത്രം. ദുഃഖം ഘനീഭവിച്ച കണ്ണുകളിൽ നിന്ന് പുറത്തേക്കൊഴുകാതെ കണ്ണുനീർ തളം കെട്ടിനിന്നു.

സമയത്തിന്റെ ദൈർഘ്യം കുറയുന്നു. കഴിഞ്ഞ രണ്ടുദിവസമായി ഡോക്ടർ അയാളുടെ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. നീണ്ട നാൽപ്പത്തിയഞ്ച് വർഷത്തെ പിരിയാ ബന്ധം മുറിച്ചുമാറ്റുവാനുള്ള തീരുമാനം സ്വന്തം മനസ്സിനെ ബോധ്യപ്പെടുത്തുവാനുള്ള തീവ്രശ്രമത്തിലായിരുന്നു അയാളപ്പോൾ.

പ്രതീക്ഷകൾ കൈവിട്ടെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയാത്ത മനസ്സായിരുന്നു അയാളുടെ വേദന. ഒരവസാന തീരുമാനത്തിനായി അയാൾ മനസ്സിനോട് യാചിച്ചുകൊണ്ടിരുന്നു. തീരുമാനം ഇനിയും വൈകരുതെന്ന് രാവിലെ കണ്ടപ്പോഴും ഡോക്ടർ അയാളെ ഓർമ്മിപ്പിച്ചിരുന്നു.

ആശുപത്രിയുടെ ഒഴിഞ്ഞ കോണിലുള്ള കസേരകളൊന്നിൽ അയാൾ ഇരുന്നു. അവിടെ തിരക്ക് വളരെ കുറവായിരുന്നു. പതുക്കെ അയാൾ ഓർമ്മകൾക്കൊപ്പം പിറകോട്ടു സഞ്ചരിക്കുവാൻ തുടങ്ങി.

ജൂൺ മാസത്തിലെ മഴയുള്ള ഒരു ദിവസമാണ് അവൾ അയാളുടെ ജീവിതത്തിലേക്ക് വന്നത്. വികാരങ്ങളുടെ എല്ലാ ഭാവങ്ങളിലും പരിഭവങ്ങളില്ലാതെ അയാളുടെ കൈപിടിച്ചുകൊണ്ടവൾ ഒപ്പം നടന്നു. അവർ എപ്പോഴും ഒരുമിച്ചായിരുന്നു. പക്ഷേ ഈ യാത്രയ്ക്ക് അവൾ തനിച്ചാണ്. ഏറെ വൈകിയാണ് അവളുടെ അസുഖത്തെക്കുറിച്ചറിഞ്ഞത്. കാര്യങ്ങൾ പ്രതീക്ഷകൾക്കുമപ്പുറത്തേക്ക് പോയത് പെട്ടെന്നായിരുന്നു. ഇനി ഒന്നും പ്രതീക്ഷിക്കാനില്ല എന്ന് ഡോക്ടർ പറഞ്ഞ നിമിഷം അയാൾ ജീവിതത്തെ വല്ലാതെ ശപിച്ചു. പിന്നെ യാഥാർത്ഥ്യത്തിലേക്കെത്തുവാനുള്ള ശ്രമമായിരുന്നു.

പുറത്ത് മഴ പെയ്യുവാൻ തുടങ്ങി. ഒപ്പം അയാളുടെ കണ്ണിൽ നിന്ന് കണ്ണുനീരും. ഏറെനേരം അങ്ങനെയിരുന്നു. പതുക്കെ അയാളുടെ മനസ്സിലെ ഇരുട്ട് നിർവ്വികാരികതക്ക് വഴിമാറി. മഴ തോർന്നുതുടങ്ങി. അവസാന തീരുമാനവുമായി അയാൾ ഡോക്ടറുടെ കാബിനിലേക്ക് കയറി സമ്മതം അറിയിച്ചു.


ഒന്നും പറയാതെ ഡോക്ടർ അയാളെയും കൂട്ടി വെന്റിലേറ്ററിനുള്ളിലേക്ക് ചെന്നു. കൃത്രിമ ജീവനുമായി കിടക്കുന്ന അവളെ അയാൾ കുറച്ചുസമയം നോക്കിനിന്നു. മുടിയിഴകളിൽ പതുക്കെ തലോടി. അയാളുടെ ഹൃദയമിടിപ്പ് കൂടിവന്നു. മൗനത്തിലൂടെ യാത്ര പറഞ്ഞു.

"മക്കളാരും വരില്ലേ ?" ഡോക്ടർ അയാളുടെ കൈ പിടിച്ചുകൊണ്ട് ചോദിച്ചു.

"ഇല്ല. അവരിപ്പോഴും തിരക്കിലാണ്." പതിഞ്ഞ സ്വരത്തിൽ മറുപടി പറഞ്ഞുകൊണ്ടയാൾ തിരിച്ചുനടന്നു.

പെയ്ത് തോർന്ന മഴയുടെ തണുപ്പുമായി ഇളംകാറ്റ് അയാളിലേയ്ക്ക് വന്നു. ഇപ്പോഴയാളുടെ മനസ്സ് ശൂന്യമാണ്. എല്ലാം നഷ്ടപ്പെട്ടവന്റേതുപോലെ തികച്ചും ശൂന്യം. •

# മൂന്നു കഥകൾ



**സുരേഷ് തെക്കീട്ടിൽ**
9446330957

## ആഗ്രഹവും സങ്കടവും

**എ**ല്ലാവരാലും ആദരിക്കപ്പെടുന്ന വലിയ പദവിയിലെത്തണം. അതായിരുന്നു അയാളുടെ ഏറ്റവും വലിയ ആഗ്രഹം. അങ്ങനെ എത്തുമ്പോൾ അഭിമാനത്തോടെ വിളിച്ചു പറയാനും, വാർത്തയാക്കാനും ദാരിദ്ര്യവും പട്ടിണിയും അനുഭവിച്ച ഒരു ബാല്യകാലം തനിക്കില്ലല്ലോ എന്നതായിരുന്നു അയാളുടെ ഏറ്റവും വലിയ സങ്കടം.

## പരാതിക്കാരൻ

**അ**ച്ഛന് എന്നും പരാതിയാണ്. ഞാൻ ചെല്ലുന്നില്ല, കാര്യങ്ങൾ അന്വേഷിക്കുന്നില്ല, രോഗ വിവരങ്ങൾ തിരക്കുന്നില്ല, ആശുപത്രിയിൽ കൊണ്ടുപോകുന്നില്ല തുടങ്ങി നൂറുകൂട്ടം പരാതികൾ.

വരുന്നവരോടും, പോകുന്നവരോടുമൊക്കെ ഈ പരാതികൾ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും. ഇപ്പഴായിട്ടല്ല അച്ഛൻ പണ്ടും അങ്ങനെയാണ്. എന്നും പരാതികൾ തന്നെയായിരുന്നു. ഞാൻ കുട്ടിക്കാലം മുതൽ കേൾക്കുന്നതല്ലേ. അന്നൊക്കെ പാവം അച്ഛനെക്കുറിച്ചാണ് പരാതി. എന്നും സൂക്കേടാണ്, അവിടെ വേദന, ഇവിടെ വേദന ഒക്കെ വെറുതെ കാട്ടിക്കൂട്ടുകയാണ്. മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ വയസ്സായാൽ ഒരിടത്ത് അടങ്ങിയിരിക്കണം, അല്ലാതെ ഇങ്ങനെ മറ്റുള്ളോർക്ക് സമാധാനം തരാതെ, നൂറുകൂട്ടം കാര്യങ്ങൾക്കിടയിൽ നമുക്കീ കളിക്കുനിൽക്കാൻ നേരമുണ്ടോ... എന്നിങ്ങനെ പരാതികൾ പറഞ്ഞുകൊണ്ടേയിരിക്കും.

## കാലം

**സ്**കൂളുവിട്ടു വരുമ്പോൾ ചായക്കൊപ്പം എന്തെങ്കിലുമൊരു കടി അതായത് പലഹാരം അതിനായിരുന്നു എന്റെ കുട്ടിക്കാലത്തെ സമരങ്ങൾ. വീടിന്റെ ഇറയത്ത് തിരുകിവെച്ച ഒരു കടലാസു ചെടിയുടെ വടി അതായിരുന്നു അതിനു പരിഹാരം. അതായത് അടി.

സ്കൂളുവിട്ട് എത്താൻ വൈകിയാൽ, ഇരുട്ടിയിട്ടും കാണാതിരുന്നാൽ ആകുലപ്പെടുകയോ അന്വേഷിച്ചുവരികയോ ഇല്ല. നേരം വൈകി എന്നതല്ലാതെ സ്കൂളിലേക്കുള്ള ദൂരമോ, മഴയോ, തോടോ, പാടമോ ഒരിക്കലും ചർച്ച ചെയ്യപ്പെടാറുമില്ല. മറിച്ച് അതിനുള്ള പരിഹാരവും കടലാസു ചെടിയുടെ ആ വടി. അതുകൊണ്ടുള്ള അടി. അടിക്ക് ശേഷമാണ് പലപ്പോഴും ചോദ്യമെന്നതുകൊണ്ട് ഞാൻ മിക്കപ്പോഴും ഉത്തരം പറയാറുമില്ല. കിട്ടാനുള്ളത് കിട്ടിയില്ലേ പിന്നെ വെറുതെയെന്തിന്... അങ്ങനെയങ്ങനെയാണ് ഞങ്ങളെപ്പോലുള്ളവർ ചോദ്യങ്ങൾക്കു ചെവി കൊടുക്കാതായത്. പലർക്കും പിൽക്കാലത്തും ഉത്തരങ്ങൾ ഇല്ലാതായത്.

## അറിയിപ്പ്

രചനകളിലെ
ആശയം
മാസികയുടേതോ
എഡിറ്ററുടേതോ
ആവണമെന്നില്ല.
മാസികയിലുള്ള
രചനകളിലെ
ആശയങ്ങളുടെ
ഉത്തരവാദിത്വം
ലേഖകരുടേതു
മാത്രമായിരിക്കും.

**എഡിറ്റർ**


**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ**
**അയച്ചുതരിക.**

**വരിസംഖ്യ എടുത്തും**
**വരിസംഖ്യ യഥാസമയം**
**പുതുക്കിയും**
**സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

## സുരേഷ് തെക്കീട്ടിലിന്റെ കഥകളുടെ കവിൾത്തുടുപ്പ്

ഇന്ദുജൻ ഇന്ദീവരം
9567128513



**ജീ**വിതത്തിന്റെ കൺമിഴിക്കലൊക്കെയും കഥകളാക്കി മാറ്റിയ കഥാകാരനാണ് ശ്രീ. സുരേഷ് തെക്കീട്ടിൽ. നിത്യജീവിതത്തിലെ വഴിയോരക്കാഴ്ചകൾ കടും നിറം ചാർത്താതെ വരച്ചുകാണിക്കുന്ന കഥാകാരൻ. ചിരിക്കുന്ന കാര്യത്തിൽ പിശുക്കു കാണിക്കുന്ന മലയാളിക്ക് ചിരിയുടെ പൂത്തിരി നൽകുന്ന അനുഭവമാണ് ഓരോ കൊച്ചുകഥകളും വായിക്കുമ്പോൾ അനുവാചകന് തോന്നുന്നത്. ദൈനംദിന ജീവിതത്തിലെ എരിവും പുളിയും എന്നല്ല സുഗന്ധവും ഓരോ കഥയിലും മിന്നിനിൽക്കുന്നു. ജീവിതമെന്ന ക്ഷുദ്രവനത്തിലെ കുറെ പാഴ്മരങ്ങൾ വെട്ടിമാറ്റാനെങ്കിലും തെക്കീട്ടിലിന്റെ കഥകൾ ഉപകരിക്കുമെങ്കിൽ നമ്മൾ കൃതാർത്ഥരാണ്. അദ്ദേഹത്തിന്റെ കഥകളിലൂടെ ഊളിയിട്ടു പോകുമ്പോൾ ഒരു നിറനിലാവിന്റെ പുഞ്ചിരി ഒളിഞ്ഞും തെളിഞ്ഞും നമുക്ക് അനുഭവപ്പെടും.

അർജ്ജുനന്റെ ആവനാഴിയിലെ ഒടുങ്ങാത്ത അമ്പുകൾ പോലെ ശ്രീ. തെക്കീട്ടിലിന്റെ ഹാസ്യതൂണീരത്തിലെ രസനിഷ്യന്ദികളായ വിശിഖങ്ങൾ തീരാതിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

# കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

1) ഒരു തെറ്റു തിരുത്തൽ

ഏക തത്ത്വ പുസ്തകം 6 ലക്കം 8 ൽ "Midas രാജാവിന്റെ കഥ" എന്ന ലേഖനം ഉണ്ടായിരുന്നു. പേരിന്റെ ഉച്ചാരണം "മൈഡസ്" എന്നതിന്റെ സ്ഥാനത്ത് മിഡാസ് എന്ന് തെറ്റായിക്കൊടുത്തു. പുസ്തകം 7 ലക്കം 1 ൽ വീണ്ടും പേജ് 8 ൽ ആവർത്തിച്ച എന്റെ തെറ്റിന് ഇത് ഒരു ക്ഷമായാചനയാണ്.

2. ഏക തത്ത്വ പുസ്തകം 7 ലക്കം 2 പേജ് 34 ൽ "ആർക്കാണ് ഭ്രാന്ത് ?" എന്ന ശ്രീ പ്രമോദിന്റെ (ലേഖനം) കഥ ഓർമ്മപ്പെടുത്തിയത് ഡോ. മേരി വിതയത്തിലിന്റെ "ഏർവാടി യാത്ര" എന്ന ലേഖനത്തേയാണ്. (ഏക തത്ത്വ പുസ്തകം 3 ലക്കം 7 ജൂൺ 2013). ഏർവാടിയിലും അതുപോലെ അന്യ ചില സ്ഥലങ്ങളിൽ വസിക്കാൻ നിർബന്ധിതരായ മനുഷ്യരുടെ നില അതിദയനീയമാണ്. ഇത്തരം സ്ഥലങ്ങളിലേക്ക് മന്ദബുദ്ധിയോ ബുദ്ധിഭ്രമമോ ബാധിച്ച അറിയുന്നവരെ/ബന്ധുക്കളെ അയക്കാൻ നിർബന്ധിതരായവരുടെ സങ്കടം ഒരുപക്ഷെ ഇതിലും അധികമാണ്. ഇവരുടെ മനോവേദന അറിയാൻ ക്രമിക്കാതെ "എല്ലാം വിധിയോ മുജ്ജന്മ കർമ്മഫലമോ ആണ്" എന്നുപറഞ്ഞു ന്യായീകരിക്കാനുള്ള ശ്രമത്താൽ കാര്യമായ ആശ്വാസം ലഭിക്കുമോ എന്നത് സംശയമാണ്. എന്നാൽ ഈ നിർഭാഗ്യർ/അസഹായർ എന്നിവരെക്കുറിച്ച് വാസ്തവ ദയ, അനുതാപം, സഹതാപം എന്നിവയുണ്ടെങ്കിൽ ഗുണം നമുക്കാണുണ്ടാവുക ! നമുക്കറിയാത്ത എത്രയോ വിഷയങ്ങളുള്ള ഈ ലോകത്തിൽ മൗലിക മാനവ മൂല്യങ്ങളുടെ ആധാരത്തിൽ താഴ്മയോടെ, സഹായ/സഹകരണ മനസ്ഥിതി വളർത്തിയെടുക്കേണ്ടത് നമ്മളേവരുടേയും ധർമ്മമാണ്. നമുക്ക് ലഭിച്ചതിനെക്കുറിച്ച് നന്ദിയുള്ള മനസ്ഥിതി (Count your blessings), നമ്മളെ നകാരാത്മികതയിൽ നിന്നു സകാരാത്മീക ചിന്തയിലോട്ടു നയിച്ചു, അടുത്ത പരിസരത്തിൽ തന്നെ ഒരു ചെറു സ്വർഗ്ഗത്തെ സൃഷ്ടിക്കാൻ നമ്മളേവർക്കും കഴിയുമാറാകട്ടെ !

എം. എം. മേനോൻ
0491 6451469

പ്രിയ മുരളി,

നവവൽസര ആശംസകൾ ! ആ ധന്യ നിമിഷം ! അതേ, 17- 12-2016 ലെ പരസ്പര കണ്ടുമുട്ടൽ. നാലു വർഷത്തിലേറെ ശബ്ദത്തിലൂടെ സംവാദിക്കുകയും, സ്നേഹം കൈമാറുകയും ചെയ്തിരുന്ന നമ്മൾ, മുഖാമുഖം കാണാനും, പരിചയപ്പെടാനും കഴിഞ്ഞ ആ ധന്യ മുഹൂർത്തം എന്തുകൊണ്ടും അവിസ്മരണീയമാക്കിയ അവിചാരിത സമാഗമം, അതിനിടയാക്കിയ സന്ദർഭം. പിന്നെ മുരളി, ഇതിൽ ഏതിനാണ്, ആർക്കാണ് നന്ദി പറയേണ്ടതെന്ന് ഒരുപിടിയും കിട്ടുന്നില്ല.

വെളിപ്പെടുത്തൽ ഇഷ്ടപ്പെടാത്ത, പ്രശംസകളിൽ താല്പര്യമില്ലാത്ത, വലതുകൈ നൽകുന്നത് ഇടതുകൈ അറിയാൻ പാടില്ല എന്ന മനോഭാവമുള്ള, തന്നാലാവുന്നത്ര സഹായങ്ങൾ, സാമൂഹ്യസേവനങ്ങൾ (പരോപകാരാർത്ഥം ഇദം ശരീരം) ചെയ്തുവന്നിരുന്ന എന്നെ വെളിപ്പെടുത്തിയതിൽ കൃതാർത്ഥനാണ് പ്രപഞ്ചം മുഴുവൻ കാത്തുസൂക്ഷിക്കുന്ന അദൃശ്യ ശക്തിക്കുമുന്നിൽ നമ്മളെക്കൊണ്ട് എന്തുചെയ്യാൻ കഴിയും? എന്നാലും അറിവിൽപ്പെടുന്ന ചിലരെയെങ്കിലും കഷ്ടതകളിൽ സഹായിക്കാനുള്ള സന്ദർഭങ്ങളും, സന്മനസ്സും ഉണ്ടായിത്തീർന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അല്ലാതെ മുരളി വിവരിച്ചിരുന്നതുപോലെയുള്ള പ്രശംസകൾക്കൊക്കെ പാത്രീഭൂതനാണോ? എന്നൊന്നും എനിക്കറിയില്ല. സൽക്കർമ്മങ്ങൾ ചെയ്ത് സായൂജ്യം നേടുമ്പോൾ ഉണ്ടാകുന്ന ആത്മനിർവൃതി, അത് വേറൊന്നുതന്നെയാണ്. പറഞ്ഞറിയിക്കേണ്ടതിനേക്കാൾ അനുഭവിച്ചറിയേണ്ട ഒരുകാര്യമാണ്.

മരുഭൂമിയിൽ ഉഴലുന്നവർക്കുപോലും ആശ്വാസം നല്കാൻ അവിടവിടെ ജലകണങ്ങൾ (Oasis) ഉള്ളതുപോലെ, ചുട്ടുപൊള്ളുന്ന, തിന്മകൾ നിറഞ്ഞ ഈ ഭൂമുഖത്തും, സ്നേഹവും, ആശ്വാസവും നല്കാൻ കുറെ സന്മനസ്സുകൾ ലഭ്യമാണ്. പക്ഷേ അന്വേഷിക്കണമെന്നുമാത്രം. എന്നിട്ടും അറിയപ്പെടാത്തവർ എത്രയോ ബാക്കിയുണ്ടുതാനും. എങ്കിലും അതിലൊരു ചെറുകണികയായിത്തീരാൻ സാധിച്ചു എന്നത് സംതൃപ്തിക്കു വക നൽകുന്നു.

ജീവിതത്തിൽ ഓരോരുത്തരും എന്തൊക്കെയോ സമ്പാദിച്ചുകൂട്ടി എന്ന് അഭിമാനിക്കുന്നവരാണ്. യഥാർത്ഥത്തിൽ അത് കേവലം മിഥ്യാധാരണ മാത്രമാണ്. നാലക്ഷരം പഠിച്ചതുകാരണം (ജീവിതത്തിൽ ഒരുപാട് പഠിക്കാൻ ശ്രമിക്കുകയും, മുഴുമിപ്പിക്കാൻ കഴിയാത്ത സാഹചര്യങ്ങളാൽ വിട്ടുപോരേണ്ടിവരികയും ചെയ്തിട്ടും) ഈയുള്ള വയസ്സുകാലത്ത് വായനയിലൂടെ ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ സാധിച്ചതിൽ അത്യന്തം സന്തോഷമുണ്ട്. ജീവിതത്തിലെ വിലപ്പെട്ട സമ്പാദ്യവും ഈ സുഹൃദ്ബന്ധങ്ങൾ തന്നെയാണ്. സ്വന്തബന്ധങ്ങളേക്കാൾ കൂടുതൽ അടുപ്പവും, സ്നേഹവും നേടാൻ സാധിച്ചത്, സാധിക്കുന്നത് ഇത്തരം സുഹൃദ്ബന്ധങ്ങളിലൂടെയാണെന്നതിൽ യാതൊരു സംശയവുമില്ല !

അഭിനന്ദനങ്ങൾ അറിയിച്ചിട്ടും, തിരിച്ചുവിളിക്കാനോ, ക്ഷേമാന്വേഷണം നടത്താനോ തയ്യാറാവാത്തവരെക്കുറിച്ചുള്ള മുരളിയുടെ പരാമർശവും എന്നിൽ ഒരു പരിഭവവും ഉണ്ടാക്കിയില്ല. പക്ഷെ കുറിപ്പിലെ കാതലായ ഭാഗം ഒരുചിലരെയെങ്കിലും സ്വാധീനിച്ചിരിക്കുന്നു എന്നതിന്റെ ഉറ്റ തെളിവാണ് കുറെപേരെങ്കിലും എന്നെ വിളിച്ച് സംസാരിക്കുന്നു എന്നത്. ആ അന്വേഷണങ്ങൾ മനസ്സിന് പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷവും ഉന്മേഷവും നൽകുന്നുണ്ട് !

അങ്ങിനെ അന്വേഷിച്ചവർക്ക് പ്രത്യേകിച്ചും, പരിചയപ്പെട്ടവർക്കും, പരിചയപ്പെടാനിരിക്കുന്നവർക്കും - ഏക തത്ത്വയിലൂടെ, മുരളി മുഖാന്തിരം എന്റെ ഹൃദയം നിറഞ്ഞ സ്നേഹാദരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് വിനീതൻ,

ജെ. സുബ്രഹ്മണ്യൻ, ചെന്നൈ
09940647206, 044 65290606

ദി എഡിറ്റർ,

വായിച്ചവർ എല്ലാം തന്നെ ലേഖനങ്ങളും കഥകളും മറ്റും വളരെ നിലവാരമുള്ളതാണെന്ന് പറഞ്ഞു. എന്നാൽ എഴുതുന്ന ആളുടെ ഫോട്ടോവിന് ഇത്ര വലിപ്പം വേണ്ടെന്നൊരു അഭിപ്രായവും പറഞ്ഞു.

വിനോദ് കുമാർ ദാമോദർ
കോഴിക്കോട്
9446352141

# കത്തുകൾ

പ്രിയ മുരളി മാഷിന്

ഏക തത്ത്വ വഴി പരിചയപ്പെട്ടതും പല സന്ദർഭങ്ങളിലും പരസ്പരം ഫോൺ വഴി സജീവ സൗഹൃദം പങ്ക് വയ്ക്കുന്നതും എന്നാൽ ഒരിക്കലും നേരിൽ കണ്ടിട്ടില്ലാത്തതുമായ സുബ്രഹ്മണ്യൻ സാറിന്റെ (ചെന്നൈ) സ്വരവും വ്യത്യസ്തമായ ചിരിയും ഏറെ പരിചിതമാണെങ്കിലും രൂപം കണ്ടിട്ടുണ്ടായിരുന്നില്ല. ധന്യ നിമിഷത്തിലൂടെ അദ്ദേഹത്തിന്റെ ഫോട്ടോ കാണാൻ സാധിച്ചതിൽ സന്തോഷം ഉണ്ട്.

സാധാരണ ഗതിയിൽ മുസ്ലിം സ്ത്രീകൾ കൂട്ടിലടച്ച തത്തയെപ്പോലെയാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. മതത്തിന്റെയും ആണുങ്ങളുടേയും ദയാദാക്ഷണ്യത്താൽ ചില പദവിയിൽ എത്തപ്പെട്ട ചില മുസ്ലിം സ്ത്രീകൾ അന്ധമായ വിശ്വാസത്താൽ ആണുങ്ങൾക്ക് വേണ്ടി വക്കാലത്ത് പിടിക്കുന്നത് പലപ്പോഴും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് വേണ്ടിയാണ് കടുത്ത നിയമങ്ങൾ ഇസ്ലാമിലുള്ളതെന്ന വാദഗതികളെ ശരിവച്ചുകൊണ്ടാണ് പലപ്പോഴും ഇത്തരം സ്ത്രീരത്നങ്ങൾ സംസാരിച്ച് കണ്ടിട്ടുള്ളത്. പുരുഷപ്രജകൾക്കെതിരേയും മതത്തിനെതിരേയും സംസാരിച്ചാൽ തുമ്മിയാൽ തെറിക്കുന്ന അധികാര കസേര നഷ്ടപ്പെടുമെന്ന് അവർ ഭയപ്പെടുന്നുണ്ടാവാം. മുസ്ലിം വനിതാവേദികളിൽ പുരുഷന്മാരുടെ അതിപ്രസരവും പഞ്ചായത്ത് തല ഇലക്ഷനുകളിൽ സ്ഥാനാർത്ഥിയായ മുസ്ലിം വനിതയ്ക്ക് പകരം അവരുടെ ഭർത്താവിന്റെ ഫോട്ടോ വയ്ക്കുന്നതും അതിന്റെ ഭാഗമായി കാണാം. എന്നാൽ മതത്തിന്റെ ചട്ടക്കൂട്ടിൽ നിന്ന് തന്നെ മുത്തലാഖിന്റെ സത്യാവസ്ഥ വിളിച്ച് പറഞ്ഞ കെ. പി. നൂർജിഹാൻ ടീച്ചർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. അതേപോലെ, ഭക്ഷണത്തിന്റെ വില മനസ്സിലാക്കാതെ അത് വലിച്ചെറിയുന്നവർക്ക് ഒരു താക്കീത് കൊടുത്തുവിട്ട ശ്രീ. മംഗളൻ തൈയ്ക്കലിനെപ്പോലെയുള്ളവരുടെ ആശയം വളർത്തിക്കൊണ്ടു വരേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ശ്രീ. പി. രാധാകൃഷ്ണൻ നായരുടെ മുൻലക്കങ്ങളിലെ ലേഖനങ്ങൾ കാലിക പ്രസക്തിയുള്ളതാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ പ്രായത്തേയും ആശയങ്ങളേയും ബഹുമാനിച്ചുകൊള്ളുന്നതോടൊപ്പം തന്നെ, അദ്ദേഹത്തിന്റെ ശബരിമലയും സ്ത്രീകളും എന്ന ലേഖനത്തോട് ഒട്ടും യോജിക്കുവാൻ കഴിയുന്നില്ല എന്ന് ഖേദപൂർവ്വം അറിയിച്ചുകൊള്ളട്ടെ. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സംബന്ധം എന്ന പേരിൽ നമ്പൂതിരിമാരുടെ നായർ ഭവനങ്ങളിലെ രാപ്പാർപ്പും ഒക്കെ നമ്മുടെ നാട്ടിലെ ആചാരവും അനുഷ്ഠാനവും ഒക്കെ ആയിരുന്നു. ക്ഷേത്രത്തിന്റെ പ്രവേശന കവാടം അയിത്ത ജാതിക്കാർക്ക് മുമ്പിൽ കൊട്ടിയടയ്ക്കപ്പെടുന്നത് നമ്മുടെ നാട്ടിലെ ആചാരമായിരുന്നു. എന്തിന് ക്ഷേത്രത്തിന്റെ ചുറ്റുമതിലിന് വെളിയിലുള്ള നടപ്പാതയിലൂടെ പോലും അവർണ്ണർക്ക് യാത്ര പാടില്ലായിരുന്നു. നായ്ക്കളുടേയോ മറ്റ് മൃഗങ്ങളുടെ സ്ഥാനം പോലും അയിത്ത ജാതിക്കാർക്ക് കൊടുക്കാഞ്ഞത് തലമുറയായി കൈമറിഞ്ഞു വന്ന കീഴ്വഴക്കം കൊണ്ടായിരുന്നു. മേൽശില കലാപവും കല്ലുമാല സമരങ്ങളും ഒക്കെ ആചാരങ്ങൾക്ക് മേലെ മനുഷ്യത്വം നേടിയ വിജയം ആയിരുന്നു. സതിയും ശൈശവ വിവാഹവും മറ്റും നിയമം മൂലം നിരോധിച്ചപ്പോൾ അതിനെതിരെ ശബ്ദം ഉയർത്താൻ ഇവിടുത്തെ ആചാരക്കാർ രംഗത്തിറങ്ങിയെങ്കിലും പിടിച്ചുനിൽക്കാനായില്ല. ബ്രാഹ്മണ്യം ജന്മം കൊണ്ടല്ല, മറിച്ച് കർമ്മം കൊണ്ടാണ് നേടേണ്ടതെന്നും തന്ത്രവിദ്യ പഠിച്ച ഏവർക്കും ക്ഷേത്രത്തിലെ ശാന്തികർമ്മങ്ങൾ ചെയ്യാമെന്ന സുപ്രീം കോടതിവിധി, പല ജാതിക്കും മതങ്ങൾക്കും ഏറ്റ കരണത്തടി ആയിരുന്നു. പല ജാതിമേലാളൻമാർക്കും ഇത് മനസ്സുകൊണ്ട് അംഗീകരിക്കാൻ പറ്റുന്നില്ലെങ്കിലും പുറമെ കാണിക്കുന്നില്ല എന്നതാണ് വാസ്തവം. ക്രൈസ്തവ പുരോഹിതവൃത്തിക്ക് പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും അവകാശം ഉണ്ട് എന്ന് വാദിക്കുന്ന ഈ കാലഘട്ടത്തിൽ, ശബരിമലയിലെ സ്ത്രീപ്രവേശം ഒരു ബാലികേറാമല അല്ല എന്ന് വിശ്വസിക്കാനും മർക്കടമുഷ്ടിക്കാരെ നിലയ്ക്ക് നിർത്താനും അതിന് മുമ്പിലുള്ള മഞ്ഞുമലകൾ ഉരുകിത്തീരും എന്നും സുപ്രീം കോടതി വിധി അതിനുള്ള വഴിയായിത്തീരുമെന്നും ഒരു കൂട്ടം ആളുകൾ വിശ്വസിക്കുന്നു. മഹാരാഷ്ട്രയിലെ ശനിക്ഷേത്രത്തിൽ വർഷങ്ങളായി നില നിന്നിരുന്ന സ്ത്രീ നിരോധനം കോടതിവിധിയുടെ വെളിച്ചത്തിൽ ആചാരക്കാർ മടക്കിവെച്ചത് ഈയവസരത്തിൽ സ്മരണീയമാണ്. പുരോഗമനാശയങ്ങൾക്ക് വേണ്ടി നില കൊള്ളുന്നവർക്ക് വേണ്ട പിന്തുണ ഏക തത്ത്വ പോലെയുള്ള പ്രസിദ്ധീകരണങ്ങളിൽ നിന്ന് പ്രതീക്ഷിച്ചുകൊണ്ട്, സ്നേഹപൂർവ്വം,

ഡോ. ഒ. സി. പ്രമോദ്
9446071421

പ്രിയപ്പെട്ട മുരളീധരൻ സാറിന്,

2017 ജനുവരി ലക്കം മാസിക ലഭിച്ചു. ശ്രീ. ജെ. സുബ്രഹ്മണ്യൻ സാറിനെ കാണുവാൻ പോയതിനാൽ അദ്ദേഹത്തേയും അതോടൊപ്പം സാറിന്റെ കുടുംബചിത്രവും പ്രസിദ്ധീകരിച്ച് കാണുവാനിടയായതിൽ സന്തോഷിക്കുന്നു. ഈ കുടുംബ ഫോട്ടോ എനിക്ക് ലഭിച്ച ന്യൂ ഇയർ സമ്മാനമായി കണക്കാക്കുകയാണ്. വിവിധതരത്തിലൂടെ രചനകളാലും അറിവുകളാലും ഉപദേശങ്ങളാലും ചിത്രങ്ങൾ കൊണ്ടും മാസിക സമ്പുഷ്ടമായിക്കൊണ്ടിരിക്കുന്നതിനാൽ അഭിമാനിക്കുന്നു. ഏക തത്ത്വ കുടുംബത്തിനും സാരഥികൾക്കും നന്മയുടേയും വിജയത്തിന്റെയും പുതുവത്സരാശംസകൾ അറിയിക്കുന്നു. പ്രാർത്ഥനയോടെ.

അന്ന ജോസഫ് കോരുത്തോട്
9048614387

മാസിക കിട്ടി. ആദ്യം വായിച്ചത് എഡിറ്റോറിയൽ (എനിക്ക് പറയാനുള്ളത്) ആണ്. അതിൽ ചില പേരഗ്രാഫുകൾ എടുത്തു പറയേണ്ടതുണ്ട്. സ്നേഹം അടിച്ചേൽപ്പിക്കാനോ പിടിച്ചുവാങ്ങാനോ കഴിയില്ല. അതുപോലെത്തന്നെ ദേശസ്നേഹവും, കള്ളപ്പണം പിടിക്കാൻ നോട്ടുകൾ അസാധുവാക്കി പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്നത് മുതലയെ പിടിക്കാൻ തടാകം വറ്റിച്ച കഥയിലൂടെ വിവരിച്ചത് ഉചിതമായി. അതിലെത്തന്നെ ഒമ്പതാമത്തെ പേരഗ്രാഫ് എല്ലാ മാതാപിതാക്കളും വായിക്കേണ്ടതുണ്ട്. 'പിൻഗാമി' ചെറുത് എങ്കിലും ലളിതവും വായനാസുഖമുള്ളതുമായി. ഒരു കുടുംബത്തിൽ (ചില കുടുംബങ്ങളിലെങ്കിലും) ധാരാളം വായനക്കാരുണ്ടാവും. കുട്ടികൾക്ക് പ്രിയങ്കരമായ കാർട്ടൂണുകൾ, വനിതകൾ വായിക്കുന്നതോടൊപ്പം പ്രയോജനമാകുന്ന പാചകക്കുറിപ്പുകൾ എന്നിവ കൂടുതലായി ഉൾക്കൊള്ളിക്കുമ്പോൾ ഏക തത്ത്വയുടെ സ്വീകാര്യത ഇനിയും വർദ്ധിക്കുമെന്ന് കരുതുന്നു.

കമർ അഷ്ക്കർ
8891551508

# കത്തുകൾ

മുരളി സാറിന്,

സാർ, ഏക തത്ത്വയുടെ 2017 ജനുവരി ലക്കത്തിൽ ശ്രീ. എം. എം. മേനോൻ സാർ എഴുതി, സുരേഷ് തെക്കീട്ടിലിന്റെ രചനകൾ ഏവരുടേയും ഹൃദ്യമായ അഭിനന്ദനങ്ങൾ അർഹിക്കുന്നവയാണെന്ന്. എത്രയും കുറഞ്ഞ വാക്കുകളാൽ മഹത്തായ വിഷയങ്ങളിലേക്ക് ശ്രദ്ധയെ തിരിക്കാൻ ഉള്ള പ്രവണതയും കൗശലവും ആ രചനകൾക്കുണ്ടെന്ന്. ആനുകാലികവും പ്രധാനവുമായ വിഷയങ്ങൾ ലാഘവത്തോടെ ചിത്രീകരിക്കുന്നത് പ്രശംസനീയമാണെന്ന്. മാത്രവുമല്ല ആധുനിക കുഞ്ചൻ നമ്പ്യാരെന്നുവരെ അദ്ദേഹം എന്നെ വിശേഷിപ്പിച്ചു.

നല്ല വാക്കുകൾ പറഞ്ഞവരേയും, നന്മകൾ നേർന്നവരേയും മാത്രമല്ല സ്നേഹത്തിന്റെ ഒരേ പുഞ്ചിരി സമ്മാനിച്ചവരെ പോലും ഞാനെന്റെ നെഞ്ചോട് ചേർത്തുവെക്കാറുണ്ട്. ഇവിടെ എന്റെ സന്തോഷം എങ്ങനെയാണ് പ്രകടമാക്കേണ്ടത് എന്നെനിക്കറിയില്ല. അനുഭവവും അറിവും ഏറെയുള്ള മേനോൻ സാറിനോട് ആ വാക്ക് തന്നെ ഞാൻ പറയട്ടെ, മൂല്യം തേഞ്ഞുപോകാത്ത ആ വാക്ക് - നന്ദി സാർ, ഹൃദയത്തിന്റെ ഭാഷയിൽ നന്ദി. സവിനയം,

സുരേഷ് തെക്കീട്ടിൽ
പെരിന്തൽമണ്ണ, 9446330957

പ്രിയപ്പെട്ട മുരളി,

2016 ഡിസംബർ 27 ചൊവ്വാഴ്ചത്തെ മാതൃഭൂമി കോഴിക്കോട് എഡീഷനിലും ചില ചാനലുകളിലും വന്ന കൗതുകകരമായ ഒരു വാർത്തയാണ് ഈ കത്തിന്നാധാരം. വാർത്തയുടെ തലക്കെട്ട് ഇങ്ങിനെ "മാളുവിനെ കൈവെടിയാതെ നവീൻ തിരിച്ചെത്തി; അവിശ്വസനീയം ഈ യാത്ര !"

കോഴിക്കോട് ബേപ്പൂർ സ്വദേശി നവീൻ രണ്ടാഴ്ച മുമ്പ് ശ്രീ. മൂകാംബിക ക്ഷേത്രത്തിൽനിന്ന് ശബരിമലയ്ക്ക് കാൽനടയായി യാത്ര ആരംഭിച്ചു. കുറച്ചുദൂരം നടന്നു തിരിഞ്ഞുനോക്കുമ്പോൾ അതാ ഒരു പട്ടി നവീനെ അനുധാവനം ചെയ്യുന്നു. നവീൻ നിൽക്കുമ്പോൾ പട്ടി നിൽക്കും. നടക്കുമ്പോൾ നടക്കും; വിശ്രമിയ്ക്കുമ്പോൾ വിശ്രമിയ്ക്കും! നവീനോട് മാത്രം വലിയ മമത !

ചുരുക്കിപറയട്ടെ. നവീൻ സന്നിധാനത്തിലെത്തുന്നതുവരെ പട്ടിയുണ്ട് കൂടെ ! നവീൻ അയ്യപ്പസന്നിധിയിൽ തൊഴുത് വരുമ്പോൾ പട്ടിയെ കാണാനില്ല ! പതിനെട്ടാം പടി കയറാൻ ഒരുപക്ഷെ പോലീസുകാർ പട്ടിയെ അനുവദിച്ചില്ലായിരിക്കാം.

തിരിച്ച് പമ്പയിലെത്തിയപ്പോൾ പട്ടിയുണ്ട് KSRTC ബസ് സ്റ്റാന്റിൽ കാത്തിരിക്കുന്നു. നവീനെ കണ്ടപ്പോൾ വാലാട്ടി മണത്ത് നവീന്റെ ഒപ്പം കൂടി !

രണ്ട് ടിക്കറ്റെടുത്ത് KSRTC യിൽ കയറി അവർ നവീന്റെ വീട്ടിലെത്തി. പട്ടിയും നവീനും സന്തോഷമായി, സുഖമായി വീട്ടിൽ കഴിയുന്നു !

അത്ഭുതമല്ലെ ഈ വാർത്ത! നവീനെ ധർമ്മപുത്രരുടെ സ്ഥാനത്തേയ്ക്ക് പ്രമോഷൻ കൊടുക്കാൻ എനിയ്ക്ക് തോന്നുന്നു.

ഈ റിപ്പോർട്ട് കണ്ടപ്പോൾ മുരളിയുടെ "ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ" എന്ന പുസ്തകത്തിലെ 'ഒളിച്ചോടിയിട്ടും...' എന്ന കഥ ഓർമ്മ വന്നു. ആത്മഹത്യ ചെയ്ത അച്ഛൻ നായയായി പുനർജ്ജനിയ്ക്കുന്നതും മകൻ അച്ഛൻ എന്നറിയാതെ നായയെ വാങ്ങി പരിപാലിയ്ക്കുന്നതുമൊക്കെ !

ഞാൻ വളരെ പാടുപെട്ട് നവീനുമായി ബന്ധപ്പെട്ടു. തനിയ്ക്ക് ഏറ്റവും പ്രിയപ്പെട്ട മരിച്ചുപോയവരുടെ പുനർജ്ജന്മമായിരിക്കുമോ ഈ പട്ടി എന്നു ചോദിച്ചപ്പോൾ ഞാനുമങ്ങനെ സംശയിക്കുന്നു എന്നാണയാൾ എന്നോട് പറഞ്ഞത്.

21 വർഷമായി നവീൻ ശബരിമല സന്നിധാനത്തിൽ ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ വയസ്സ് 38. 4 വർഷം തുടർച്ചയായി കാൽനടയായി പോകുന്നു. 15 ദിവസത്തെ കാൽനടയാത്ര. അച്ഛൻ മരിച്ചുപോയി. കൂടെ അമ്മയും സഹോദരിയും മാത്രം ! ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരൻ.

മുരളിയുടെ കഥയും ഈ സംഭവവും കൂട്ടി വായിക്കുമ്പോൾ പുനർജന്മത്തിന്ന് പ്രസക്തിയുണ്ടോ എന്ന് സംശയിച്ചുപോകയാണ്. പൂന്താനം പറയുന്നതുപോലെ മരണാനന്തരം മനുഷ്യൻ ഈച്ചയായും പൂച്ചയായുമൊക്കെ പുനർജ്ജനിയ്ക്കുമോ ?

നവീന്റെ ഫോൺ നമ്പർ – 9656773399.

സ്നേഹത്തോടെ
മുക്കം ഭാസി
9846138693

പ്രിയ മുരളി,

പുതുവർഷപ്പുലരിയിലിറങ്ങിയ ഏക തത്ത്വ ഉന്നയിച്ച തിരകൾ തീർക്കുന്നതാര് എന്ന ചോദ്യം ചിന്താദ്യോതകം. അത്തരം എത്രയോ ചോദ്യങ്ങളും അവനവന്റെ യുക്തിക്കും ബുദ്ധിക്കും അനുസരിച്ച് സ്വയം കണ്ടെത്താവുന്ന നിരവധി ഉത്തരങ്ങളും നിരത്തിവെച്ച പത്രാധിപക്കുറിപ്പ് ഗംഭീരം. അഭിനന്ദനങ്ങൾ! ധന്യ നിമിഷത്തിലൂടെ പരിചയപ്പെടുത്തിയ സുബ്രഹ്മണ്യനെന്ന മഹാവ്യക്തിയെ ഞാൻ നേരിട്ടു കണ്ടിട്ടില്ലെങ്കിലും വർഷങ്ങളായി അദ്ദേഹം എന്റെ മിത്രമാണ്. നവകം, മലപ്പുറം വോയ്സ്, ധിഷണ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ മുഖം കാട്ടിയിരുന്ന എന്റെ കഥകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അറിയിച്ചുകൊണ്ടായിരുന്നു ഞങ്ങളുടെ ബന്ധത്തിന്റെ തുടക്കം. ഒട്ടേറെ മലയാള പ്രസിദ്ധീകരണങ്ങളുടെ വരിക്കാരനായ സുബ്രഹ്മണ്യൻ ഇപ്പോഴും ഏക തത്ത്വ, ചില്ല, ജീവരാഗം തുടങ്ങിയ മാസികകളിൽ പ്രത്യക്ഷപ്പെടാറുള്ള എന്റെ കഥകളെ വിലയിരുത്തി ഫോൺ ചെയ്യാറുണ്ട്. ഞങ്ങൾ തമ്മിൽ മറ്റൊരടുപ്പം കൂടിയുണ്ട്. ഞാനും അദ്ദേഹവും റിസർവ്വ് ബാങ്കിൽ പ്രവർത്തിച്ചിരുന്നവരാണ്. അദ്ദേഹം റിസർവ്വ് ബാങ്കിൽ നിന്ന് റിട്ടയറായപ്പോൾ ഞാൻ നബാർഡിൽ നിന്നാണ് റിട്ടയറായത് എന്ന വ്യത്യാസമേയുള്ളൂ. എന്റെ സുഹൃത്തായ സുബ്രഹ്മണ്യന്റെ ചിത്രം ഞാൻ ആദ്യമായി ഏക തത്ത്വയിലൂടെ കണ്ട സന്തോഷം. അദ്ദേഹത്തിന് ദീർഘായുസ്സും ആരോഗ്യവും നൽകാൻ ദൈവത്തോട് പ്രാർത്ഥിക്കട്ടെ.

മാസികയിലെ വിഭവങ്ങളെല്ലാം ആകർഷകം. കവിതകളിൽ പ്രസാദ് വാസുദേവന്റെ ജീവിതം എന്ന കടമ്പ, മുരളീധർ കൊല്ലത്തിന്റെ ജയമൊഴി, ആർ. കെ. വള്ളീച്ചിറയുടെ രണ്ടാം ബാല്യം, അബ്ദുറബ്ബ് പറളിയുടെ വികസനം, ജൂലിയ തിയോഡോർ ആർത്തങ്കലിന്റെ അമ്മക്കിളി, അനി സോപാനത്തിന്റെ അച്ഛന്റെ മായാത്ത പുഞ്ചിരി, സൈനുദ്ദീൻ മുണ്ടക്കയത്തിന്റെ കുട്ടിക്കവിതകൾ എന്നിവ ഹൃദയത്തെ സ്പർശിച്ചു. എന്റെ താലിച്ചെയിൻ എന്ന കഥ ഈ ലക്കത്തിലുള്ളതുകൊണ്ട്, മറ്റു കഥകളെക്കുറിച്ച് അഭിപ്രായം പറയുന്നത് ശരിയല്ലെന്ന് തോന്നുന്നു. എങ്കിലും സുരേഷ് തെക്കീട്ടിലിന്റെ പിൻഗാമി നമ്മുടെയെല്ലാം കഥയല്ലേ എന്നെനിക്കുതോന്നി.

# കത്തുകൾ

ആരോഗ്യപംക്തി ഉപകാരപ്രദമാണ്. ഇക്കാലത്ത് ഏറ്റവും കൂടുതൽ മനുഷ്യരെ ബുദ്ധിമുട്ടിപ്പിക്കുന്ന ഫംഗസിനെ ഉന്മൂലനം ചെയ്യാൻ പറ്റുന്ന ചികിത്സാവിധികളെക്കുറിച്ച് ആരോഗ്യപംക്തിയിൽ എഴുതാൻ ഡോ. സി. രാമകൃഷ്ണനോടഭ്യർത്ഥിക്കട്ടെ. ഫംഗസിന് എന്നും ലേപനങ്ങൾ പുരട്ടുക എന്നതിൽ കവിഞ്ഞ് അലോപ്പതിയിൽ ചികിത്സയില്ല.

സ്റ്റെല്ലാ ഡൺസ്റ്റൻ ടീച്ചറുടെ പാടാനറിയാത്ത പാട്ടുകാരി എന്ന സ്മരണ ഹൃദയസ്പർശിയായി. ടീച്ചറുടെ പാട്ടുകേൾക്കാനും കൂടെ പാടാനും ഏക തത്ത്വയിലെ എഴുത്തുകാരും വായനക്കാരും കാത്തിരിക്കുന്നു.

ഇനിയും പലതും എഴുതുവാനുണ്ട്. പക്ഷെ പ്രതികരണം വളരെ നീണ്ടുപോകുന്നത് ഉചിതമല്ലല്ലോ. പത്രാധിപർക്കും എഴുത്തുകാർക്കും മാസികയെ അണിയിച്ചൊരുക്കാൻ സഹായിച്ചവർക്കും ഐശ്വര്യപൂർണ്ണവും സന്തോഷപ്രദവുമായ പുതുവത്സരം നേർന്നുകൊണ്ട്, തത്ക്കാലം നിർത്തട്ടെ.

അരവിന്ദൻ
0494-2682899, 9745935385

പ്രിയപ്പെട്ട മുരളി

പുതുവത്സരാശംസകൾ. ഈ വർഷവും ശക്തിയേറിയ എഡിറ്റോറിയൽ വായിക്കുവാൻ കിട്ടുമെന്ന് കരുതുന്നു. ഏക തത്ത്വ ഇത്രയും നല്ല നിലയിൽ കൊണ്ടുപോകുന്നതിൽ താങ്കൾ തികച്ചും പ്രശംസയ്ക്ക് അർഹൻ തന്നെ. പക്ഷെ അതിലും മേലേത്തട്ടിൽ ഞാനൊന്നു കണ്ടു. താങ്കളെ വളരെയധികം സഹകരിക്കുന്ന താങ്കളുടെ കുടുംബാംഗങ്ങൾ. അതിൽ താങ്കൾ ഭാഗ്യവാനാണ്. വളരെക്കുറച്ചുപേർക്കേ ഈ ഭാഗ്യമുണ്ടാവൂ. മാസികയിൽ എഴുതുന്നവർക്കും വായനക്കാർക്കും എന്റെ സ്നേഹം നിറഞ്ഞ പുതുവത്സരാശംസകൾ.

ടി. കെ. ഉണ്ണികൃഷ്ണൻ
0491 - 2578098

## മറുപടി

കഴിഞ്ഞലക്കത്തിൽ "ധന്യനിമിഷം" എന്ന തലക്കെട്ടിൽ ഞാനെഴുതിയ അനുഭവക്കുറിപ്പിൽ ഒരു ചെറിയ തെറ്റ് പറ്റിപ്പോയി. സുബ്രഹ്മണ്യൻ സാറെ കാണാൻ പോയ തിയതി 17-12-2016 എന്നതിനു പകരം 17-2-2016 എന്ന് തെറ്റായി അച്ചടിച്ചു. ക്ഷമിക്കുക. കഴിഞ്ഞ ഫെബ്രുവരിയിലല്ല ഡിസംബറിലാണ് ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നത്. അതൊരു നല്ല ഓർമ്മയായി ഇന്നും മനസ്സിൽ തുടരുന്നു. ഇനിയും അദ്ദേഹത്തെ ചെന്നുകാണാനും അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കാനും ഒരവസരം കാത്തിരിക്കുകയാണ് ഞാൻ. എം. എം. മേനോൻ സാർ, മുക്കം ഭാസി സാർ, സുബ്രഹ്മണ്യൻ സാർ എല്ലാവരും എന്റെ മാർഗ്ഗദർശികളും ഗുരുതുല്യരുമാണ്. എനിക്കൊരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകളാണ്, സംഭവങ്ങളാണ് ഇവർ എനിക്ക് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. ഇവർക്കേവർക്കും ആയുരാരോഗ്യസൗഖ്യങ്ങൾ നേരുന്നു.

നായയായി പുനർജ്ജനിച്ച ശേഷവും മനുഷ്യനായി ജീവിച്ച് തീർത്ത ഒരു പൂർവ്വ ജന്മവും അതിന്റെ ഓർമ്മകളും പിന്നെ പുതിയ ജന്മത്തിലെ വേവലാതികളിലൂടേയും സഞ്ചരിക്കുന്ന ഒരു ജീവന്റെ യാത്രയായിരുന്നു "ഒളിച്ചോടിയിട്ടും". എന്റെ കഥാസമാഹാരമായ "ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ" എന്ന പുസ്തകത്തിലെ രണ്ടാമത്തെ കഥയാണിത്. അതിന് സമാനമായ അതുമല്ലെങ്കിൽ ഒരു സ്ഥിതീകരണമോ, തെളിവോ പോലെയൊരു സംഭവം നടന്നതായി മുക്കം ഭാസി സാറുടെ കത്ത് വായിച്ചപ്പോൾ അറിയാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പുനർജ്ജന്മസങ്കൽപ്പത്തിലൂടെ മനുഷ്യരേവരും ഒന്നാണ് എന്നുപറയാനും ഏവരിലും സ്നേഹവും സാഹോദര്യവും വളർത്താനും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഭാസി സാറിന് നന്ദി.

കഥ, കവിത, ലേഖനം, പുസ്തകപരിചയം തുടങ്ങി പലവിധത്തിലുള്ള രചനകൾ എല്ലാ മാധ്യമങ്ങളിലും കാണാം. എന്നാൽ ഡോ. വിജയകുമാരൻ സാർ ഏക തത്ത്വയിലൂടെ പുതിയൊരു പദം കൊണ്ടുവന്നിരിക്കുകയാണ് അതാണ് ലേഖഥ. ഏക തത്ത്വ പുസ്തകം 5 ലക്കം 12 നവംബർ 2015 പേജ് 28ൽ ലേഖഥ എന്ന പ്രയോഗം ആദ്യം നടന്നു. ലേഖനവും കഥയും സമന്വയിപ്പിച്ച ഒരു രചനാരീതിയാണ് ലേഖഥ. ഇത്തവണ ലേഖഥയിൽ ശ്രീ. ചൂലനൂർ രാമചന്ദ്രൻ എഴുതിയ 'പാലം പണിയുന്നവർ' വായിക്കുക. ലേഖഥ എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാവും.

ഏക തത്ത്വ മാസിക തുടർന്ന് വായിക്കുക എന്നിട്ട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതി അറിയിക്കുവാൻ മറക്കാതിരിക്കുക.കത്തുകളയച്ച ഏവർക്കും നന്ദി. എല്ലാ അഭിപ്രായങ്ങളും ഉൾക്കൊള്ളുന്നു. ഏക തത്ത്വയെ കൂടുതൽ മികവുറ്റതാക്കാൻ നമുക്കേവർക്കും ചേർന്ന് പരിശ്രമിക്കാം. എല്ലാവർക്കും നല്ലത് വരട്ടെ, നന്മ വരട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

എഡിറ്റർ.

## കാർട്ടൂൺ

കെ. വിജയകുമാരൻ
9448312631 9444540631

### മോഡിഫൈഡ് ഭിക്ഷക്കാരൻ





മുഹമ്മദ് കനി 9605604406

# സ്ത്രീ ശാക്തീകരണം

**ആ**രും ആരുടേയും അടിമകളല്ല. ഭാര്യ ഭർത്താവിന്റെയോ, ഭർത്താവ് ഭാര്യയുടേയോ, മക്കൾ മാതാപിതാക്കളുടെയോ, മാതാപിതാക്കൾ മക്കളുടേയോ, തൊഴിലാളികൾ മുതലാളിമാരുടേയോ, മുതലാളിമാർ തൊഴിലാളികളുടേയോ അടിമകളല്ല. എന്നാൽ എല്ലാവരും തന്നെ ജഗദീശ്വരന്റെ (അല്ലാഹുവിന്റെ) അടിമകളായിത്തീരുവാനാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നതും പ്രവാചകന്മാർ നമ്മെ പഠിപ്പിച്ചതും.

ഭർത്താക്കന്മാർക്ക് ഭാര്യമാരോടും, ഭാര്യമാർക്ക് ഭർത്താക്കന്മാരോടും, മാതാപിതാക്കൾക്ക് മക്കളോടും, മക്കൾക്ക് മാതാപിതാക്കളോടുമുള്ള അവകാശങ്ങളും, ചുമതലകളും എന്തെല്ലാമാണെന്ന് പ്രവാചകൻമാർ (മഹർഷിമാർ) നമ്മെ പഠിപ്പിച്ചിട്ടുള്ള കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കി തങ്ങളുടെ ജീവിതത്തെ ചിട്ടപ്പെടുത്താത്തതുകൊണ്ട് പലരുടേയും കുടുംബജീവിതം ദുഃസ്സഹമായിത്തീരുകയും, ശിഥിലമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ നിയമനിർദ്ദേശങ്ങൾക്ക് പുല്ലുവിലയും കൽപ്പിക്കാതെ തന്നിഷ്ടപ്രകാരം ജീവിക്കുന്നതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. സദാസമയവും നമ്മെ വഴിപിഴപ്പിയ്ക്കാൻ തക്കം പാർത്തുകൊണ്ടിരിക്കുന്ന ചെകുത്താന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങാതെ നാം ജാഗ്രത പാലിക്കുകയാണെങ്കിൽ ശാന്തിയും, സമാധാനവും, സന്തോഷവും നിറഞ്ഞ ഒരു കുടുംബജീവിതം നയിക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല തന്നെ. നമ്മുടെ സംസ്കാരം കുടുംബബന്ധത്തിനും, സ്നേഹത്തിനും, സാഹോദര്യത്തിന്നും പ്രാധാന്യം കൽപ്പിക്കുന്ന സംസ്കാരമായതുകൊണ്ട് ഭാര്യാഭർത്താക്കന്മാരുടെ ബന്ധം വളരെ ഊഷ്മളമാവേണ്ടതുണ്ട്, ദൈവസാമീപ്യം നേടിയെടുക്കേണ്ടതുണ്ട്.

സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് പെൺകുട്ടികൾ അവരുടെ ആത്മരക്ഷയ്ക്കുവേണ്ടി ജൂഡോ, കുങ്ഫൂ, കരാട്ടെ തുടങ്ങിയ അഭ്യാസമുറകൾ സ്വായത്തമാക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. പ്രതികരണശേഷി ഇല്ലാതാവുമ്പോൾ അതിക്രമങ്ങൾ വർദ്ധിക്കുന്നു. ജനങ്ങളിൽ ധാർമ്മികബോധം വളർത്തുവാനുള്ള സംവിധാനങ്ങളും, കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷയുമുണ്ടെങ്കിലേ എല്ലാറ്റിനും പരിഹാരമുണ്ടാവുകയുള്ളൂ. "സ്വയം പരിവർത്തനത്തിനു വിധേയമാകാത്ത ജനതയെ അല്ലാഹു (ജഗദീശ്വരൻ) പരിവർത്തനം ചെയ്യുന്നതല്ല" എന്ന ദൈവവചനം ഇവിടെ പ്രസക്തമാവുന്നു. കടുത്ത ശിക്ഷ ലഭിക്കുമെന്ന ഭയവും, ധാർമ്മികബോധവും കുറ്റവാസനയില്ലാതാക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

പുരുഷനേയും സ്ത്രീയേയും ഒരേ പ്രകൃതമുള്ളവരായിട്ടാണ് ഈശ്വരൻ (അല്ലാഹു) സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽത്തന്നെ ലിംഗവിവേചനത്തെ ഒരർത്ഥത്തിലും ന്യായീകരിക്കുവാൻ സാധ്യമാകുന്നതല്ല. ദൈവീകനിയമത്തെ ശരിയായ രീതിയിൽ നാം വിലയിരുത്തുന്നതായാൽ സ്ത്രീക്കും, പുരുഷനും തുല്യ അവകാശം നൽകിയിരിക്കുന്നതായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ സ്ത്രീക്കില്ലാത്ത അവകാശം പുരുഷനും പുരുഷനില്ലാത്ത അവകാശം സ്ത്രീക്കുമുണ്ട്. അതിനാൽത്തന്നെ അവ പരസ്പര പൂരകം എന്നർത്ഥത്തിൽ തിരിച്ചറിയപ്പെടണം. രണ്ടുപേരും സ്വാതന്ത്ര്യവ്യക്തിത്വങ്ങളാണ്. അതുകൊണ്ടാണ് ഖുർആൻ പറയുന്നത് "രണ്ടു പേരും പരസ്പരം വസ്ത്രങ്ങളാണ്" എന്ന്. അതായത് അവർ പരസ്പരം പൂരകമാവുംവിധം അങ്ങോട്ടുമിങ്ങോട്ടും പൂർണ്ണത കൈവരിക്കുവാൻ സഹായികളാകേണ്ടവരാണ് എന്നർത്ഥം.

സ്ത്രീകളെ നിങ്ങളുടെ സൗന്ദര്യം നിങ്ങളുടെ ഭർത്താക്കൻമാർക്കുള്ളതാണ്. അത് മറ്റുള്ളവർ കാണാനിടയാക്കരുത്. (പരിശുദ്ധ ഖുർആൻ) ഈ ദൈവവചനത്തെ പ്രാവർത്തികമാക്കുമ്പോൾ ഭർത്താവിന് ഭാര്യയോടുള്ള സ്നേഹം വർദ്ധിക്കുവാനിടവരുന്നു. അതുകൊണ്ടും കൂടിയാണ് മുഖമൊഴികെയുള്ള ശരീരഭാഗങ്ങൾ മൂടി മറച്ചുകൊണ്ടുള്ള വസ്ത്രങ്ങൾ ധരിക്കുവാൻ സ്ത്രീകളെ ഉപദേശിച്ചത്. യേശുക്രിസ്തുവും ഇങ്ങിനെ പറഞ്ഞതായി കന്യാസ്ത്രീകളുടെ വസ്ത്രധാരണരീതിയിൽ നിന്നും നമുക്ക് മനസ്സിലാക്കാം. കുലീനതയും, മാന്യതയും നിറഞ്ഞ ഈ വസ്ത്രധാരണരീതി പരിചയുടെ ഗുണം ചെയ്യുന്നു. കറുത്ത നിറമാണ് വേണ്ടത് എന്ന് പ്രവാചകൻ പറഞ്ഞിട്ടില്ല. ആകർഷണീയത കൂടുതൽ ഉണ്ടാവരുത് എന്നു പറഞ്ഞതല്ലാതെ. പുരുഷന്മാരോട് പൊക്കിളും, കാൽമുട്ടും മറയത്തക്ക വിധത്തിൽ വസ്ത്രം ധരിയ്ക്കുവാൻ നിർബന്ധിച്ചു. അശ്ലീലവും, അനാവശ്യവുമായ കാഴ്ചകളിൽ നിന്നും രക്ഷപ്പെടുവാൻ "ദൃഷ്ടികളെ താഴ്ത്തുവിൻ" എന്നുപദേശിച്ചു.

നബി തിരുമേനി തന്റെ നിശാപ്രയാണ വേളയിൽ (ഇസ് റാഹ്, മിഅറാജ്) സ്വർഗ്ഗവും നരകവും സന്ദർശിച്ചതിനെക്കുറിച്ച് വിവരിച്ച വേളയിൽ ഇങ്ങിനെ പറഞ്ഞു, "നരകത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളെയാണ് കണ്ടത്." അദ്ദേഹം പറഞ്ഞ ഇക്കാര്യത്തിൽ നിന്നും മനസ്സിലാവുന്നത് സ്ത്രീകളിലാണ് അസുരൻ (ചെകുത്താൻ) കൂടുതൽ പ്രവർത്തിക്കുന്നത് എന്നാണ്. അതുകൊണ്ട് സ്ത്രീകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് പറയാതിരിക്കുവാൻ കഴിയുന്നില്ല. എന്നാൽ പുരുഷന്മാർ കൂടുതൽ ശ്രദ്ധിയ്ക്കേണ്ടതില്ല എന്നാണിതിനർത്ഥം എന്ന് കണക്കാക്കരുത്.

ശിഷ്യന്മാരോട് ഒരിയ്ക്കൽ നബി തിരുമേനി ഇങ്ങിനെ പറഞ്ഞു "ഇന്നുവരെ ഭൂമിയിൽ ജനിച്ച, ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന, ഇനിയും ജനിയ്ക്കാനിരിക്കുന്ന സ്ത്രീകളിലെല്ലാം വച്ച് ഏറ്റവുമേറ്റവും ഉത്തമയായ സ്ത്രീ യേശുവിന്റെ അമ്മ മറിയമാണ്". പരിശുദ്ധങ്ങളായ തന്റെ

പത്നിമാരും, പെൺമക്കളുമുണ്ടായിരിക്കെ അവരെയൊന്നും ഇങ്ങനെ വിശേഷിപ്പിയ്ക്കാതെ മറിയമിനെ പുകഴ്ത്തിപ്പറഞ്ഞതിൽ ശിഷ്യന്മാർക്കെല്ലാവർക്കും നബിതിരുമേനിയുടെ നിഷ്പക്ഷതയുടെ മഹത്വം കൂടുതൽ മനസ്സിലായി.

ലോകം മുഴുവനും സ്ത്രീകളെ വെറും ഒരു ഭോഗവസ്തുമാത്രമായി കണക്കാക്കുകയും ആത്മാവില്ലാത്തവരാണ് സ്ത്രീകൾ എന്ന് വാദിച്ചുകൊണ്ട് നിന്ദിയ്ക്കുകയും അടിമകളെപ്പോലെ കണക്കാക്കി പെരുമാറുകയും ചെയ്തുകൊണ്ടിരുന്ന കാലത്ത് അവരെ ഉന്നതസ്ഥാനത്തിലെത്തിയ്ക്കുവാനുള്ള പ്രവർത്തനം നടത്തിക്കൊണ്ട് അവർക്ക് മാന്യസ്ഥാനം നൽകുകയുണ്ടായി. "മാതാവിന്റെ കാൽക്കീഴിലാണ് സ്വർഗ്ഗമുള്ളത്" എന്ന ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മാതാവിന്റെ മഹത്വം ജനങ്ങളെ പഠിപ്പിച്ചു. സ്ത്രീകൾക്ക് സ്വത്തവകാശമേർപ്പെടുത്തി. വിവാഹവേളയിൽ സ്ത്രീക്ക് പുരുഷൻ ധനം നൽകുവാൻ നിർബന്ധിച്ചു. പെൺകുഞ്ഞ് ജനിച്ചാൽ അത് അപമാനമായി കരുതിക്കൊണ്ട് ആ കുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ജനങ്ങളെ അതിൽനിന്നും പിന്തിരിപ്പിച്ചുകൊണ്ട് പെൺകുഞ്ഞു ജനിയ്ക്കുന്നത് ഭാഗ്യമായിക്കരുതുന്ന ഒരവസ്ഥയിലേയ്ക്ക് അവരെ പരിവർത്തിപ്പിച്ചു. പുരുഷന്മാർ ചെയ്യുന്ന ഏതുജോലിയും സ്ത്രീകളുടേതായ അച്ചടക്കത്തോടെ ചെയ്യുവാൻ അവർക്ക് പ്രോത്സാഹനം നൽകി. തെറ്റുകളിലേക്കും, കുഴപ്പങ്ങളിലേക്കും അനാശാസ്യത്തിലേക്കും പോകുവാൻ ചാൻസുള്ള എല്ലാ രംഗങ്ങളിൽനിന്നും വിട്ടുനിൽക്കുവാൻ അവരോട് ഉപദേശിച്ചു. ശാരീരിക ഘടനയിലെ മാറ്റങ്ങൾക്കനുസരിച്ച് ചില വിട്ടുവീഴ്ച്ചകളല്ലാതെ സ്ത്രീപുരുഷന്മാരുടെ ആരാധനയുടെ കാര്യത്തിൽ യാതൊരു വ്യത്യാസവുമില്ലായെന്ന് പഠിപ്പിച്ചു. പുരുഷന്മാർക്ക് വിവാഹം കഴിയ്ക്കുവാൻ പാടില്ലാത്ത സ്ത്രീകൾ ആരെല്ലാമാണ് എന്ന് വ്യക്തമായും പഠിപ്പിച്ചത് ഇന്നത്തെ ശാസ്ത്രജ്ഞന്മാർക്ക് അത്ഭുതം ജനിപ്പിക്കുന്ന ഒരു സംഭവമാണ്. "സ്ത്രീകൾക്ക് യഥായോഗ്യം ആദരവു നൽകിക്കൊണ്ടാണ് എല്ലാ രാഷ്ട്രങ്ങളും മഹത്വം നേടിയത്, സ്ത്രീകളെ ആദരിയ്ക്കാത്ത രാജ്യമോ രാഷ്ട്രമോ മഹത്തായിത്തീരില്ല" എന്ന വിവേകാനന്ദ സ്വാമികളുടെ വചനം 1450 സംവത്സരങ്ങൾക്കുമുമ്പ് നബി തിരുമേനി നടപ്പാക്കിക്കാണിച്ചു.

കഴിഞ്ഞലക്കത്തിൽ മുത്തലാഖിനെക്കുറിച്ച് നൂർജിഹാൻ ടീച്ചർ എഴുതിയ ലേഖനത്തിൽനിന്നും വിവാഹമോചനത്തെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ മാന്യവായനക്കാർക്ക് മനസ്സിലായിരിക്കുമെന്ന് കരുതുന്നു. അവർ എഴുതിയതോടൊപ്പം ഇതുകൂടി ചേർത്തുവായിക്കുവാൻ താല്പര്യപ്പെടുന്നു. ഒരിയ്ക്കലും തീരാത്ത വഴക്കുകൾ, അനാശാസ്യ പ്രവർത്തനങ്ങൾ, ആത്മഹത്യ, കൊലപാതകം തുടങ്ങിയവയിലേക്ക് കാര്യങ്ങൾ എത്തിപ്പെടുമെന്ന അവസ്ഥ സംജാതമാവുകയാണെങ്കിൽ മാത്രമെ "ദൈവം അനുവദനീയമാക്കപ്പെട്ടതിൽ ഏറ്റവും വെറുക്കപ്പെടുന്ന" കാര്യമാകുന്ന വിവാഹമോചനം എന്ന പോംവഴിയെക്കുറിച്ച് ചിന്തിക്കുവാൻ പാടുള്ളൂ. അപ്പോഴും ദൈവം യോജിപ്പിച്ച പവിത്രമായ ബന്ധത്തെ ഒറ്റയടിക്ക് ഇല്ലായ്മചെയ്യുവാൻ ദൈവം അനുവാദം നൽകിയിട്ടില്ലാത്ത പ്രവാചകന്റെ കാലത്തോ, ശിഷ്യന്മാരുടെ കാലത്തോ ഒറ്റയടിയ്ക്ക് ആരുടെയെങ്കിലും ബന്ധം വേർപെടുത്തപ്പെട്ടതായി ഒരു ചരിത്രഗ്രന്ഥകാരന്മാരും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അങ്ങിനെ ബന്ധം വേർപെടുത്തിയെന്നു പറഞ്ഞുകൊണ്ട് ഖേദം പ്രകടിപ്പിച്ച ഒരു ശിഷ്യനെ നബി തിരുമേനി ശാസിച്ചതായും, കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി, വിവാഹബന്ധം വേർപെട്ടിട്ടില്ല എന്നുപറഞ്ഞുകൊണ്ട് ആശ്വസിപ്പിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും വിവാഹബന്ധം ഒറ്റയടിക്ക് വേർപെടുത്തുന്നത് ദൈവീക നിയമമല്ലായെന്നും സ്വാർത്ഥ താല്പര്യങ്ങളിൽ നിന്നുമുടലെടുത്ത ഒരു കിരാതപ്രവൃത്തിയാണെന്നും മനസ്സിലാവുന്നു.


മുത്തലാഖുകാരണം മുസ്ലീം സ്ത്രീകൾ പ്രയാസമനുഭവിയ്ക്കാനിടവരരുത് എന്ന ആത്മാർത്ഥത നിറഞ്ഞ നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രസ്താവനയെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. മുസ്ലീം സ്ത്രീ പുരുഷന്മാരോട് നബി തിരുമേനി കാണിച്ച മാതൃകയിൽ ജീവിക്കുവാൻ ആഹ്വാനം ചെയ്യുകയും അതിന്നുള്ള പ്രോത്സാഹനം നൽകുകയുമാണെങ്കിൽ തീർച്ചയായും അദ്ദേഹം ആഗ്രഹിയ്ക്കുന്ന കാര്യം സംജാതമാവുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭാരതത്തിൽ ജനിച്ച ആബാലവൃദ്ധം ജനങ്ങളും ഭാരതമാതാവിന്റെ സന്താനങ്ങളാണ്. എല്ലാ സന്താനങ്ങളും, ശാന്തിയിലും സമാധാനത്തിലും, സാഹോദര്യത്തിലും ആരോഗ്യത്തോടെ ജീവിയ്ക്കുവാനാണ് ഏതൊരു മാതാവും ആഗ്രഹിക്കുക. നമ്മുടെ ഭാരതാംബയും അതുതന്നെയാണാഗ്രഹിക്കുന്നത്. മറിച്ചാണെങ്കിൽ നമ്മുടെ മാതാവിന്റെ ഹൃദയത്തിന് മുറിവേൽക്കുമെന്ന കാര്യം നാം വിസ്മരിക്കരുത്. അതുസംഭവിയ്ക്കാതെ സൂക്ഷിച്ചുകൊണ്ട് നമ്മുടെ മാതൃഭൂമിയെ ഒരു സ്വർഗ്ഗമാക്കി മാറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാടിന്റെ അമരക്കാരന്റെ പ്രവർത്തനങ്ങളിൽ നാമും പങ്കാളികളാവാം. ഭാരതത്തെ അമ്മയോടുപമിച്ചുകൊണ്ട് സ്ത്രീകൾക്ക് മാന്യസ്ഥാനം കൽപ്പിച്ചിരിക്കുന്നു നമ്മുടെ പൂർവ്വീകർ.

"രാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്" - മുഹമ്മദ് നബി.

ജയ്ഹിന്ദ്.

സ്തുതി മുഴുവൻ ജഗദീശ്വരന്

## അനുഭവം



ടി. ജെ. നായർ
9446630412

# പിടി അരി

മകളും മരുമകനും കഴിഞ്ഞ വർഷം ഫിലഡൽഫിയയിൽ നിന്ന് ഒരു മാസത്തെ ലീവിൽ വന്നിരുന്നു. പെരിന്തൽമണ്ണയിലും മഞ്ചേരിയിലുമായി ഒഴിവുദിവസങ്ങൾ തള്ളിനീക്കിയ അവരേയും കുട്ടികളേയും കൊണ്ട് ഞാൻ മുത്തശ്ശി താമസിക്കുന്ന തറവാട്ടു വീട്ടിലേയ്ക്ക് പോയി - പടിഞ്ഞാറ്റും മുറിയിലേക്ക്.

പിറ്റേന്ന് ഉച്ചയ്ക്ക് ഭക്ഷണമുണ്ടാക്കാൻ അരിയെടുക്കുമ്പോൾ മുത്തശ്ശി അതിൽ നിന്ന് രണ്ടുപിടി അരിയെടുത്ത് വേറെ ഒരു പാത്രത്തിലേക്ക് മാറ്റിവെയ്ക്കുന്നത് മകൾ കണ്ടു. അവൾക്കും കുട്ടികൾക്കും അതൊരു അത്ഭുതസംഭവമായിരുന്നു, എനിക്ക് ഒരു പഴയ കാല ഓർമ്മയുടെ അയവിറക്കലും...

പാചകം ചെയ്യാനുള്ള അരിയിൽ നിന്ന് ഇങ്ങിനെ അല്പാല്പമായി മാറ്റിവെയ്ക്കുന്ന അരിയ്ക്കാണ് പിടിയരി എന്നു പറയുക. അത് ശേഖരിയ്ക്കുന്ന പാത്രത്തിന് പിടിയരി പാത്രമെന്നും. അരി തീരെ ഇല്ലാതാകുമ്പോൾ പിടിയരിപാത്രം ഒരു അക്ഷയപാത്രമാണ് അന്നത്തെ വീട്ടമ്മമാർക്ക്. മഴക്കാലത്തും മറ്റും നെല്ലുണക്കി കുത്താൻ വൈകുമ്പോൾ ഉണ്ടാകുന്ന വെപ്രാളമുണ്ടോ പുത്തൻ തലമുറ അറിയുന്നു...

ഇന്ന് അരിയില്ലെങ്കിലെന്താ ഹോട്ടലിൽ ചോറുണ്ടല്ലോ...

# സ്വപ്നഭൂമിയിലൂടെ...

**ജോ**ൺ എന്ന പ്രകൃതി സ്നേഹിയുടെ ഫലവൃക്ഷത്തോട്ടത്തിൽ അൽപ്പസമയം ചിലവഴിക്കാൻ ഭാഗ്യം ലഭിച്ച എന്റെ ചെറിയ ഒരു അനുഭവക്കുറിപ്പ്.

പാലക്കാടിന്റെ മണ്ണിൽ സ്വർഗ്ഗസമാനമായ ഫലവൃക്ഷത്തോട്ടം. പാലക്കാട് ജില്ലയിൽ പൂടൂർ എന്ന സ്ഥലത്താണ് ഈ പറഞ്ഞ മനോഹരമായ ഫലവൃക്ഷത്തോട്ടമുള്ളത്. എങ്ങനെ തുടങ്ങണം അഥവാ എങ്ങനെ വിവരിയ്ക്കണം എന്നറിയാതെ വിഷമിക്കുകയാണ് ഞാൻ. പൂക്കളേയും ചെടികളേയും അങ്ങേയറ്റം ഇഷ്ടപ്പെടുന്ന എനിയ്ക്ക് വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു ശ്രീ. ജോണിന്റെ ഫലവൃക്ഷത്തോട്ടത്തിൽ നിന്നും ലഭിച്ചത്. എന്റെ മനസ്സിലെ മുഴുവൻ ഭാവങ്ങളേയും പുറത്തുകൊണ്ടുവരാൻ എന്റെ തൂലികയ്ക്കാവുമോ എന്ന് എനിയ്ക്ക് സംശയമുണ്ട്. എന്തായാലും എന്നാലാവത് ഞാൻ ശ്രമിക്കാം. ഒരു നല്ല ചിത്രകാരൻ വരച്ച ചിത്രം പോലെയാണ് എനിയ്ക്കാ തോട്ടം കണ്ടപ്പോൾ തോന്നിയത്. പുഴയോടു ചേർന്നുകിടക്കുന്ന ഈ പ്രദേശത്തെ വിവരിയ്ക്കാൻ എനിയ്ക്കിപ്പോഴും ധൈര്യം കിട്ടുന്നില്ല കാരണം എന്റെ മനസ്സിലുണ്ടായ വിവിധ ഭാവങ്ങളും വികാരങ്ങളും ഈ ലേഖനത്തിലൂടെ പ്രകടമാക്കാനാവുമോ എന്ന സംശയം ഇനിയും ബാക്കി നിൽക്കുന്നു.

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം കായ്ച്ച മരങ്ങൾ മാത്രം. കവിയുടെ വരികളെ അല്പം മാറ്റിക്കൊണ്ട് ഞാൻ തുടങ്ങട്ടെ. ഞാൻ സന്ദർശിച്ച ഫലവൃക്ഷത്തോട്ടത്തിന്റെ മുന്നിൽത്തന്നെയാണ് ഇദ്ദേഹത്തിന്റെ വീട്. ഗേറ്റ് തുറന്ന് അകത്ത് കടന്നതും ആദ്യം കണ്ട കാഴ്ച വീടിനുമുന്നിൽ തന്നെ നിൽക്കുന്ന ഒരു അത്തിമരം. അതിലാവട്ടെ നിറയെ അത്തിപ്പഴങ്ങളും. ഓരോ അത്തിപ്പഴവും ശ്രദ്ധയോടെ പറിച്ചെടുത്ത് തൊലികളഞ്ഞ് സ്നേഹത്തോടെ കൈവെള്ളയിൽ വെച്ചുതന്ന ശ്രീ. ജോൺ പ്രകൃതിസ്നേഹി മാത്രമല്ല ഒരു നല്ല മനുഷ്യസ്നേഹി കൂടിയാണെന്ന് തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. വീടിനുമുന്നിൽ തന്നെ നല്ല തണലുള്ള മാവ് കണ്ടു. അതിൽ ഒരു ഊഞ്ഞാലും. ഒന്ന് ആടുവാൻ വല്ലാതെ മനസ്സ് വെമ്പി. പക്ഷേ ആ ഊഞ്ഞാലിന് എന്നെ താങ്ങാൻ തക്കവണ്ണം ഉറപ്പില്ലെന്നു തോന്നിയതുകൊണ്ടും മറ്റുള്ളവർ എന്തു കരുതുമെന്നു വിചാരിച്ചതുകൊണ്ടും ഞാൻ ആ ശ്രമം പാടെ ഉപേക്ഷിച്ചു. അത്തിമരത്തിനപ്പുറത്ത് മുള്ളാത്തച്ചെടിയും സർവ്വസുഗന്ധിയും കറുവപ്പട്ടയും ലക്ഷ്മീതരുവും റംബൂട്ടാൻ ചെടിയും നിൽപ്പുണ്ടായിരുന്നു. ഓരോ ചെടിയും ചൂണ്ടിക്കാണിച്ച് അതിലെ പഴങ്ങളെപ്പറ്റിയും അദ്ദേഹം പറഞ്ഞുകൊണ്ടേയിരുന്നു. ഒരേ ചെടിയുടെ തന്നെ പേര് വീണ്ടും വീണ്ടും ഞാൻ ചോദിച്ചപ്പോഴും മടുപ്പോ വിഷമമോ പ്രകടമാക്കാതെ സന്തോഷത്തോടെ തന്നെ അതിന്റെ പേര് അദ്ദേഹം പറഞ്ഞുതന്നു. മൾബറിച്ചെടിയും കാപ്പിച്ചെടിയും കൊക്കോ ചെടിയും എല്ലാം ഞാൻ ആദ്യമായി കാണുകയാണ്. മൾബറിക്കായും കൊക്കോക്കായും കഴിച്ചു നോക്കുകയും ചെയ്തു. അപൂർവ്വ ഇനമായ കണ്ണൻ കുന്നൻ എന്നീ വാഴകളും പലതരം മാവുകളും അവിടെ ഞാൻ കണ്ടു. വളർന്നു വലിയ വൃക്ഷമാകുന്ന ഞാവലും വളരെ ചെറിയ കായ്കളോടുകൂടിയ ഓർണമെന്റൽ ഞാവലും അവിടെയുണ്ട്. ചെറിയ ചെറിയ ഞാവൽപ്പഴങ്ങൾ കഴിച്ചുനോക്കുകയും ചെയ്തു. നമ്മുടെ മാവിലയോടു സാദൃശ്യമുള്ള ഇലകളുള്ള ലീച്ചിമരവും അവിടെയുണ്ട്. പക്ഷേ അത് ഇവിടെ കായ്ക്കില്ലത്രേ. ഏതായാലും ചെടിയെങ്കിലും കണ്ടല്ലോ എന്ന് ഞാനാശ്വസിച്ചു. സ്റ്റാർ ഫ്രൂട്ട് എന്ന ഒരിനം ഫലവൃക്ഷം അവിടെയുണ്ട്. ചെറിയ പുളിയും മധുരവും കലർന്ന മഞ്ഞ നിറത്തിലുള്ള പഴങ്ങൾ നിറയെ കാണാമായിരുന്നു. ഒന്നു കഴിച്ചുനോക്കി ഒരു പ്രത്യേകതരം സ്വാദ്. ലൂയിയ്ക്ക, അമ്പഴം എന്നീ ഫലവൃക്ഷങ്ങളും അവിടെയുണ്ട്. ഇതിന്റെയെല്ലാം ഇടയ്ക്ക് ഇഞ്ചിയും മഞ്ഞളും കപ്പയും ഒക്കെ കൃഷി ചെയ്തിട്ടുണ്ട്. ധാരാളം തെങ്ങും കവുങ്ങും പപ്പായച്ചെടിയും പേരച്ചെടികളും എവിടെ നോക്കിയാലും കാണാമായിരുന്നു. കടപ്ലാവിന്റെ ചെടിയും പ്ലാവുകളും അവിടെ കണ്ടിരുന്നു. പതിമുഖവും മാഞ്ചിയവും അവിടെ കണ്ടു ഞാൻ. ചില തരം ഓറഞ്ചുചെടികളും നാരകവും നെല്ലിയും അവിടെ ഉണ്ടായിരുന്നു. പുഴയിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന രണ്ട് കാക്കയത്തിമരങ്ങളും കണ്ടു. (നാൽപ്പാമരത്തിലെ ഒരിനം) അവയിൽ നിറയെ അത്തിക്കായ്കളും കണ്ടു. പഴുത്തിട്ടില്ലാത്തതിനാൽ അതൊന്ന് രുചിച്ചുനോക്കാൻ കഴിഞ്ഞില്ല. പിന്നെ ഇരുമ്പൻപുളി, വാളൻ പുളി, അരിനെല്ലി, കശുമാവ്, മുന്തിരി തുടങ്ങിയവയും അവിടെയുണ്ട്. കാലങ്ങളായി പേരുകേട്ടുമാത്രം പരിചയമുള്ള മുത്തിൾ എന്ന ചെടിയും അദ്ദേഹമെനിയ്ക്ക് കാണിച്ചുതന്നു. ഇതിനെല്ലാം പുറമേ എത്രയോ തരം സ്വദേശിയും വിദേശിയും ആയ ചെടികൾ കാണിച്ച് പേര് പറഞ്ഞുതന്നു. പക്ഷേ എനിയ്ക്ക് കേട്ടുപരിചയം പോലുമില്ലാത്തതിനാൽ പലതും എന്റെ ഓർമ്മയിലില്ല. തോട്ടത്തിലൊരു ഭാഗത്ത് ഒരു ഉയരമുള്ള മരത്തിൽ ഒരു തേനീച്ചക്കൂട് കണ്ടു. ഒന്നു രണ്ടു തവണ തേനീച്ചയുടെ ആക്രമണത്തിന് വിധേയനായിട്ടുള്ള കഥ ജോൺ പറഞ്ഞതുകേട്ടപ്പോൾ ഒരല്പം പേടിയോടെയാണ് പിന്നീടത് നോക്കിയത്. ഈ തോട്ടത്തിലെ ഏറ്റവും ആകർഷണീയ കാര്യം ഞാൻ പറയാൻ മറന്നുപോയി. തോട്ടത്തിന്റെ ഇടയിലൂടെ തിട്ടകൾ കെട്ടിയിട്ടുള്ളതിനാൽ ഇതിലൂടെ നടക്കാൻ വളരെ സുഖകരമാണ്. അതുമാത്രമോ ഇടതിങ്ങി ചെടികൾ നിൽക്കുമ്പോഴും അതിനിടയിൽ ഒരു പാഴ്ച്ചെടിപോലും കണ്ടില്ല. അത്രയ്ക്ക് ശ്രദ്ധയോടെയാണ് അദ്ദേഹം ആ തോട്ടം പരിപാലിയ്ക്കുന്നത്. ആ തോട്ടത്തിനിടയിലേയ്ക്ക് വെയിൽ വരുന്നേയില്ല. വള്ളിക്കുടിലിനടിയിൽ നിൽക്കുന്ന പ്രതീതിയാണ് മിക്കയിടങ്ങളിലും നിൽക്കുമ്പോൾ തോന്നിയിരുന്നത്. പലയിടങ്ങളിലായി കറിവേപ്പിലച്ചെടികൾ നിൽക്കുന്നത് കണ്ടു. എന്റെ ആഗ്രഹപ്രകാരം കുറെയധികം ഇലകളും എനിയ്ക്ക് പറിച്ചുതന്നു. അതുമാത്രമല്ല സർവ്വസുഗന്ധിയുടെ ഇലകളും ഒരുതരം പ്രത്യേക ചീരയുടെ കമ്പും അദ്ദേഹമെനിയ്ക്ക് തന്നിരുന്നു. →



ജലജ മേനോൻ
9497358223



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001










## സ്വപ്നഭൂമിയിലൂടെ ... (42ാം പേജിന്റെ തുടർച്ച...)

പിന്നീട് ഞങ്ങൾ തോട്ടത്തിനരികിലൂടെയൊഴുകുന്ന പുഴയിലേയ്ക്ക് പോയി. തടയണ കെട്ടിയിട്ടുള്ളതിനാൽ ആ ഭാഗത്ത് ഇപ്പോഴും നിറയെ വെള്ളമുണ്ട്. തടയണയിൽ പായൽ പിടിച്ചിരിയ്ക്കുന്നതിനാൽ അൽപ്പം വിഷമിച്ചാണ് പുഴയുടെ തീരത്തുള്ള പാറപ്പുറത്തെത്തിയത്. അൽപ്പനേരം അവിടെയിരുന്ന് തിരിച്ച് വീട്ടിലേയ്ക്ക് മടങ്ങി. അതിനുമുൻപ് അദ്ദേഹത്തിന്റെ തോട്ടത്തിലെ തന്നെ പഴങ്ങൾ കൊണ്ടുണ്ടാക്കിയ ഒരു ജ്യൂസും അദ്ദേഹം ഞങ്ങൾക്കുതന്നു. എന്തായാലും തിരിച്ച് വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ ഒരുകാര്യം എനിക്കുറപ്പായിരുന്നു. എന്റെ സങ്കൽപ്പത്തിലെ തോട്ടം തന്നെയായിരുന്നു ഞാനവിടെ കണ്ടത്. എന്റെ സങ്കൽപ്പത്തിൽ നിന്നും അൽപ്പം പോലും വ്യത്യാസം അതിനുണ്ടായിരുന്നില്ല എന്നതാണ് എന്നെ ഏറ്റവും അതിശയിപ്പിച്ച വസ്തുത. അന്ന് രാത്രി ഉറക്കത്തിൽ രാവിലെയാകുംവരെ ഞാനാ മായികലോകത്തിൽ ഒഴുകിനടക്കുകയായിരുന്നു, ഉറക്കത്തിനും സ്വപ്നത്തിനും ഇടയ്ക്കുള്ള ഏതോ ഒരു ലോകത്തിലൂടെ... ലേഖനത്തിന്റെ ഭംഗിയ്ക്കുവേണ്ടി ഒരൽപ്പമെങ്കിലും അതിശയോക്തി ഞാനിതിൽ കലർത്തിയിട്ടില്ല എന്ന് അത്മാർത്ഥമായി പറയട്ടെ. എന്റെ ഭാവതീവ്രതയ്ക്ക് വിരാമമിടാൻ ഈ ലേഖനത്തിന് കഴിഞ്ഞു എന്ന് ദയവുചെയ്ത് പ്രിയപ്പെട്ട വായനക്കാർ കരുതരുത്. എങ്കിലും എനിയ്ക്ക് ഇത്രയെ എഴുതാൻ കഴിഞ്ഞുള്ളു എന്നുമാത്രം പറഞ്ഞുകൊണ്ടും ജോൺ എന്ന ആ നല്ല മനുഷ്യനും അദ്ദേഹത്തിന്റെ ഫലവൃക്ഷത്തോട്ടത്തിനും ഒരായിരം നന്മകൾ നേർന്നുകൊണ്ട് ഞാൻ എന്റെ വരികൾ അവസാനിപ്പിക്കട്ടെ. ⊙

**ഈ സ്വപ്നഭൂമിയുടെ സ്വന്തക്കാരനെ നിങ്ങൾക്കും പരിചയപ്പെടാം.**

**തങ്കച്ചൻ ജോൺ**
**ആതിര വില്ല,**
**പൂടൂർ, പാലക്കാട്.**
**മൊബൈൽ – 9447034614**











Published on 15/01/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 3, February 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

Kitchens/Bedrooms/Interiors













ആകർഷണീയമായ ഓഫറുകളോടെ...

**Multi Brand Appliance**

KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com